**ധനകാര്യം**

## 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2016-2017, 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണകൂടവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരവികസനമെന്ന XXXII-ാം ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്):

സർ, വ്യവസായങ്ങൾ എന്ന XXXVII-ാം ധനാഭ്യർത്ഥനയുടെ പേരിൽ 1,51,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തുറമുഖങ്ങൾ എന്ന XL-ാം ധനാഭ്യർത്ഥനയുടെ പേരിൽ 12,0001,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഈ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ചർച്ച

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ച ഉപക്ഷേപങ്ങളെ ഞാൻ പിന്തുണയ്ക്കുന്നു. ആദരണീയനായ മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തിയതോടുകൂടി പ്രതിപക്ഷത്തിന്റെ എല്ലാ വീര്യവും നഷ്ടപ്പെട്ട ഒരു ചിത്രമാണ് നമ്മൾ ഇപ്പോൾ കാണുന്നത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഇത് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ നോക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാവം, ചില ആംഗ്യങ്ങൾ കാണിക്കുന്നു, പരമപുച്ഛത്തോടുകൂടി സഭയെ നോക്കുന്നു, ബഹുമാന്യരായ മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും നോക്കുന്നു. ഇവിടെ പലപ്പോഴും ചർച്ച ചെയ്യപ്പെടുന്ന ധാർഷ്ട്യമെന്ന വികാരം നിയമസഭയ്ക്കകത്ത് ആരുടെ മേൽ ചാർത്താനാണ് നമുക്ക് സാധിക്കുന്നത്? ധാർഷ്ട്യം മാത്രമാണോ, തികഞ്ഞ അഹങ്കാരത്തോടുകൂടിയല്ലേ പ്രതിപക്ഷനേതാവ് ഈ സഭയ്ക്കകത്ത് പെരുമാറുന്നത്. അഹങ്കാരം മാത്രമാണോ, അദ്ദേഹം ഏതാണ്ട് സർവ്വജ്ഞപീഠം കയറിയ ഒരാളെപ്പോലെയാണ് പെരുമാറുന്നത്. സാക്ഷാൽ ശ്രീശങ്കരാചാര്യർ കഴിഞ്ഞാൽ താൻ മാത്രമാണ് ഈ ലോകത്ത് എല്ലാമറിയുന്നവൻ എന്ന മട്ടിലല്ലേ പ്രതിപക്ഷനേതാവ് ഇവിടെ പെരുമാറുന്നത്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്.......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രതിപക്ഷനേതാവിനെ പറഞ്ഞാൽ നിങ്ങൾക്ക് വിഷമം വരും. മുഖ്യമന്ത്രിയെ പറഞ്ഞാൽ ഞങ്ങൾക്കും വിഷമം

വരും. ഞാൻ പറഞ്ഞത്, ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റോടുകൂടി നിങ്ങൾ കെട്ടിപ്പൊക്കി കൊണ്ടുവന്നിട്ടുള്ള ഒരു വലിയ സൗധം തകർന്നടിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റ് നമ്മുടെ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ്. നിങ്ങളുടെ ഗവൺമെന്റുകൾ പോലെയാണോ? നമ്മുടെ സംസ്ഥാനം രൂപപ്പെട്ടിട്ട് അറുപത്തിയെട്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. പഴയ കഥകളിലേയ്ക്കൊന്നും ദീർഘമായി പോകാൻ ഞാനാഗ്രഹിക്കുന്നില്ല. അറുപത്തിയെട്ട് വർഷങ്ങൾക്കിടയിൽ ഈ എട്ട് വർഷം ഉൾപ്പെടെ കേവലം ഇരുപത്തിയെട്ട് വർഷമാണ് ഞങ്ങൾ സംസ്ഥാനം ഭരിച്ചിട്ടുള്ളത്. സംസ്ഥാന രൂപീകരണത്തിനുശേഷം വളരെ കുറഞ്ഞ കാലയളവ് മാത്രമാണ് ഇടതുപക്ഷ ഗവൺമെന്റുകൾ നമ്മുടെ സംസ്ഥാനത്ത് അധികാരത്തിലുണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ നടപ്പാക്കിയ പരിഷ്കരണ നടപടികളും വികസന നടപടികളുമല്ലാതെ നിങ്ങളുടെ കാലത്ത് എന്താണുണ്ടായിട്ടുള്ളത്? കുടിയൊഴിപ്പിക്കൽ അവസാനിപ്പിച്ചതും കർഷകബന്ധ ബിൽ കൊണ്ടുവന്നതും വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ കൊണ്ടുവന്നതും തൊഴിൽ

സമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന നയം രൂപീകരിച്ചതും അധികാര വികേന്ദ്രീകരണത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയതും 1957-ലെ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഒന്നാം സർക്കാരാണ്. വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഇടതുപക്ഷ ഗവൺമെന്റുകളാണ് നടപടികൾ സ്വീകരിച്ചത്. അതുകൊണ്ടാണ് ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായി, ധാരാളമായി കേരളത്തിൽനിന്നുള്ള വിദ്യാർഥികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നത്. സാധാരണക്കാരുടെ മക്കൾക്കുപോലും വിദ്യാഭ്യാസം ലഭിക്കുന്ന തരത്തിൽ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണ നടപടി പൂർത്തീകരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. കേരളത്തിന്റെ സമ്പദ് ഘടനയിൽ പ്രവാസികളുടെ പങ്ക് എത്രമാത്രം വലുതാണെന്ന് ഞാൻ നിങ്ങളോട് പറയേണ്ട കാര്യമില്ല. അത് തിരിച്ചറിയുമ്പോഴാണ് ഇടതുപക്ഷ ഗവൺമെന്റുകൾ വിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ച നടപടികളുടെ പ്രാധാന്യം ബോധ്യമാകുന്നത്. ന്യൂനപക്ഷ സമുദായങ്ങൾക്ക് ചില മേഖലകളിലുണ്ടായിരുന്ന നിയന്ത്രണം എടുത്തുമാറ്റിയതും

ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ്. പിന്നാക്ക പ്രദേശമായ മലബാറിന്റെ വികസനത്തിനും ഒന്നാം ഇ.എം.എസ്. ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്നുള്ള കാര്യം വസ്തുതാപരമല്ലേ?

1957-ലെ സർക്കാർ നയങ്ങളുടെ തുടർച്ചയായി രണ്ടാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പത്ത് വർഷങ്ങൾക്കുശേഷം 1967-ലാണ് അധികാരത്തിൽ വന്നത്. കാർഷിക പരിഷ്കരണ ബിൽ, അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ വൽക്കരണവും സാർവ്വത്രികവൽക്കരണവും കൂടുതൽ ശക്തിപ്പെടുത്തുക, അതിനെല്ലാം ഊന്നൽ നൽകുക തുടങ്ങിയവയെല്ലാം ആ ഗവൺമെന്റ് കൊണ്ടുവന്ന കാര്യങ്ങളാണ്. 1957-ൽ കുടിയൊഴിപ്പിക്കൽ അവസാനിപ്പിച്ചെങ്കിൽ, കിടന്നുറങ്ങാൻ ഒരുതുണ്ട് ഭൂമി ലഭിക്കുന്ന നയസമീപനം രണ്ടാം ഇ.എം.എസ്. ഗവൺമെന്റിന്റെ സംഭാവനയാണ്. വിദ്യാലയങ്ങളിലെ പാർലമെന്ററി സംവിധാനം കൊണ്ടുവന്നതും സർവ്വകലാശാലകളിൽ സെനറ്റുകളും സിൻഡിക്കേറ്റുകളും രൂപീകരിച്ചതും ആരുടെ കാലത്താണ്? ഇതെല്ലാം വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള മൗലികമായ മാറ്റങ്ങളാണ്.

കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ചിട്ടയായ രീതിയിൽ നടപ്പാക്കിയതും അന്നത്തെ സപ്തകക്ഷി ഗവൺമെന്റ് തന്നെയാണ്. പിന്നാക്ക പ്രദേശമെന്ന നിലയിൽ മലപ്പുറം ജില്ലയുടെ രൂപീകരണവും കാലിക്കറ്റ് സർവ്വകലാശാലയുടെ ആരംഭവും ഏത് ഗവൺമെന്റിന്റെ കാലത്താണുണ്ടായത്? ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്ന ആ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രി. ശ്രീ. പി. കെ. ബഷീർ, ആ ഗവൺമെന്റിന്റെ പങ്കൊന്നും നിഷേധിക്കല്ലേ. സീറ്റ് മാറിയിരുന്നിട്ട് കാര്യമൊന്നുമില്ല. അങ്ങനെ നിഷേധിക്കരുത്.

പിന്നീട് 1980-82-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്താണ് നമ്മുടെ സംസ്ഥാനത്തിന് പല നേട്ടങ്ങളുമുണ്ടായത്. ആദ്യമായി കർഷക തൊഴിലാളികൾക്ക് പെൻഷൻ നടപ്പിലാക്കിയതും മാവേലി സ്റ്റോറുകൾ എന്ന ആശയം നടപ്പിലാക്കിയതും അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ കൗൺസിലുകൾ രൂപീകരിച്ചതും ആ കാലത്താണ്. കമ്മ്യൂണിസ്റ്റ് സർക്കാരുകൾ അതിനുമുമ്പ് കൊണ്ടുവന്ന നയസമീപനം മുറുകെ പിടിക്കുന്ന കാര്യത്തിലും കേവലം രണ്ട് വർഷക്കാലം

മാത്രം അധികാരത്തിലുണ്ടായിരുന്ന ആ ഗവൺമെന്റ് ശക്തമായ നടപടികളാണ് സ്വീകരിച്ചത്.

1987-91 കാലഘട്ടത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് പ്രത്യേകതയുണ്ടായിരുന്നു. എല്ലാ വർഗ്ഗീയ ശക്തികളെയും മാറ്റിനിർത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സംവിധാനം അധികാരത്തിൽ വന്നൊരു കാലമാണത്. ആ സന്ദർഭത്തിലാണ് തൊഴിലാളി വിഭാഗങ്ങൾക്ക് പെൻഷനും ക്ഷേമനിധിയുമെല്ലാം നടപ്പാക്കിയത്. വിദ്യാഭ്യാസ മേഖലയിലെ കച്ചവടവൽക്കരണ നയങ്ങളെ പ്രതിരോധിക്കുന്ന കാര്യത്തിൽ ആ ഗവൺമെന്റ് കാണിച്ച ജാഗ്രത എടുത്തുപറയേണ്ടതാണ്. വികസനപ്രവർത്തനത്തിൽ ജനങ്ങളെ വൻതോതിൽ കണ്ണിയാക്കുന്ന വികസനശൈലി ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ്. ആ ഗവൺമെന്റാണ് ഈ രാജ്യത്തിനുതന്നെ അഭിമാനമായിട്ടുള്ള ടെക്നോപാർക്ക് സ്ഥാപിച്ചത്. സമ്പൂർണ്ണ സാക്ഷരതാ പരിപാടി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയതും ആ ഗവൺമെന്റാണ്.

പിന്നീട് 1996-2001 കാലത്താണ് കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വരുന്നത്. ജനകീയാസൂത്രണമെന്ന പേരിൽ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ നടക്കുന്നത് ആ കാലഘട്ടത്തിലാണ്. ഇന്ന് നാം അഭിമാനത്തോടുകൂടി ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടുന്ന 'കുടുംബശ്രീ' എന്ന സ്ത്രീ ശാക്തീകരണ പ്രസ്ഥാനം ഈ കാലഘട്ടത്തിലാണ് നിലവിൽ വന്നത്. പുത്തൻ വികസന മേഖലകളായിട്ടുള്ള ബയോടെക്നോളജിക്കും ഇൻഫർമേഷൻ ടെക്നോളജിക്കും ആ കാലത്തെ ഗവൺമെന്റ് നല്ലരീതിയിലുള്ള പ്രാധാന്യം നൽകി. ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി. സാമൂഹ്യ ക്ഷേമ പദ്ധതികളും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകളും ശക്തിപ്പെടുത്തി.

2006-11-ലെ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ളതാണ് അടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നത് ആ സമയത്തെ വി.എസ്. ഗവൺമെന്റാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നമ്മുടെ

സംസ്ഥാനത്ത് കൊണ്ടുവന്നതും കൊച്ചി മെട്രോയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചതും തിരുവനന്തപുരം എയർപോർട്ടിന്റെ രണ്ടാം ടെർമിനലിന്റെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചതും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല സ്ഥാപിച്ചതും ശ്രീ. വി.എസ്.അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. പ്രവാസി കേരളീയർക്കും പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരികെ വരുന്നവർക്കുമായി കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് രൂപീകരിച്ച് പ്രവാസി പെൻഷൻ പദ്ധതി നടപ്പിലാക്കിയത് ആ ഗവൺമെന്റിന്റെ കാലത്താണ്.

അതിനുശേഷം, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ എട്ട് വർഷക്കാലമായി അധികാരത്തിലിരിക്കുന്ന ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയത് എന്നതുസംബന്ധിച്ച് ഞാനിവിടെ പറയേണ്ടതുണ്ടോ? ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച, നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രശ്നങ്ങൾ കൃത്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തന്നെയാണ്. നിങ്ങൾക്കത് സഹിക്കില്ല, വിഷമമാണെന്നറിയാം.

അധിക വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടന്നാൽ നിങ്ങൾക്കത് പ്രയാസമുണ്ടാക്കും. അതുകൊണ്ടാണ് നിങ്ങൾ കെ-റെയിലിനെ എതിർത്തത്. വന്ദേഭാരത് വന്നാൽ മതിയെന്ന് നിങ്ങൾ പറഞ്ഞു. ഇപ്പോൾ വന്ദേഭാരതിന്റെ പാതയുടെ വളവ് നിവർത്താൻ ശ്രമിച്ചപ്പോൾ, കുടിയൊഴിപ്പിക്കാതെ വളവ് നിവർത്തണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സ്റ്റേറ്റ്മെന്റ് കേട്ട് ഞാൻ ഞെട്ടിപ്പോയി. റെയിൽവേ സ്റ്റേഷന്റെ പരിസരത്തോ മറ്റേതെങ്കിലും സ്ഥലത്തോ ആയാലും ഒരാളെപ്പോലും ഒഴിപ്പിക്കാതിരിക്കാൻ കഴിയില്ല. കുടിയൊഴിപ്പിക്കുകയെന്ന് പറഞ്ഞാൽ ആളുകളെ ഇറക്കിവിടുകയാണോ ചെയ്യുന്നത്? അവരെ പുനരധിവസിപ്പിക്കുകയാണ് ചെയ്യുന്നത്. അതുമാത്രമല്ല, അവർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നുമുണ്ട്. ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ ഇതെല്ലാം നാം കണ്ടതല്ലേ. ഇവിടെനിന്ന് അങ്ങേയറ്റംവരെ ദേശീയപാത വികസിച്ചപ്പോൾ എവിടെയെങ്കിലും തർക്കമുണ്ടായോ? ഒരു തർക്കവുമുണ്ടായില്ല. ജനങ്ങൾക്ക് അർഹതപ്പെട്ടത് മുഴുവൻ നൽകാൻ ഒരു ഗവൺമെന്റ് തയ്യാറായതുകൊണ്ടാണ് ഒരു തർക്കവുമുണ്ടാകാത്തത്. സന്തോഷത്തോടുകൂടിയാണ് ദേശീയപാത

വികസനത്തിന് ഭൂമി വിട്ടുനൽകാൻ ജനങ്ങൾ തയ്യാറായത്. കുടിയൊഴിപ്പിക്കാതെയും ആരെയും മാറ്റിപ്പാർപ്പിക്കാതെയും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകി അവരെ അവിടെനിന്ന് മാറ്റാതെയും എങ്ങനെയാണ് നമ്മുടെ നാട്ടിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നത്? നിങ്ങൾ ഒന്നും ചെയ്യാൻ സമ്മതിക്കില്ല. ഇതൊന്നും ചെയ്യേണ്ട കാര്യമില്ലെന്നാണ് നിങ്ങൾ പറയുന്നത്. അങ്ങനെ ചെയ്താൽ സ്വാഭാവികമായും നിങ്ങൾക്ക് പ്രയാസമുണ്ടാകും.

മലയോര ഹൈവേ നിങ്ങൾ സ്വപ്നം കണ്ടതാണോ; ഈ രാജ്യത്ത് ആരെങ്കിലും അതുസംബന്ധിച്ച് സ്വപ്നം കണ്ടതാണോ? കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്തെ ജനങ്ങൾ എത്രമാത്രം സന്തോഷാലുക്കളാണെന്നറിയാമോ? 793 കിലോമീറ്റർ ദൈർഘ്യമുള്ള ഹൈവേയുടെ 149 കിലോമീറ്റർ റോഡിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. 297 കിലോമീറ്റർ റോഡിന്റെ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

തീരദേശ ഹൈവേ സംബന്ധിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമായിരുന്നോ? 474 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ ഹൈവേയുടെ നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. പുനരധിവാസ പാക്കേജിന് ഗവൺമെന്റ് 194 കോടി രൂപയുടെ ധനാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം ഡിസംബർ മാസത്തോടുകൂടി 150 കിലോമീറ്റർ ദൈർഘ്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

ദേശീയ ജലപാത വികസിപ്പിക്കുകയെന്നത് എത്രയോ കാലമായി നമ്മുടെ സ്വപ്നമായിരുന്നു. കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര കനാലിന്റെ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. മുപ്പത്തിയാറ് ബോട്ട്ജെട്ടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ട് പാലങ്ങളുടെയും ഒരു ഡോക്കിന്റെയും നിർമ്മാണവും അഞ്ച് റീച്ചുകളിലായി നടന്നുവരുന്ന വടകര-മാഹി കനാലിന്റെ മൂന്ന് റീച്ചുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചിരിക്കുകയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെക്കുറിച്ച് പറയുമ്പോൾ ചിലർ ചാടിയെഴുന്നേൽക്കാറുണ്ട്. ഈ തുറമുഖത്തിന് 8,867 കോടി രൂപ ആകെ

ചെലവുണ്ട്. കേന്ദ്ര ഗവൺമെന്റ് നൽകുന്നത് 818 കോടി രൂപയാണ്. അദാനി ഗ്രൂപ്പ് ചെലവാക്കുന്നത് 2,454 കോടി രൂപയാണ്, ഇത് നിശ്ചയമായും ബാങ്ക് വായ്പയായിരിക്കും. സംസ്ഥാന ഖജനാവിലെ നികുതിപ്പണത്തിൽനിന്ന് നാം കൊടുക്കുന്നത് 5,595 കോടി രൂപയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി, വിഴിഞ്ഞം പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ട് വർഷക്കാലം ദൈർഘ്യമുള്ള തുടർസമരം നടത്തിയിട്ടുണ്ട്. ഏകദേശം എഴുന്നൂറ് ദിവസത്തിലധികം നീണ്ടുനിന്ന സമരമായിരുന്നു അത്. തിരുവനന്തപുരത്തെയും കേരളത്തിലെയും പ്രമുഖരായ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരുമെല്ലാംതന്നെ ആ സമരത്തിന്റെ ഭാഗമായി. നിങ്ങൾക്ക് ആലോചിക്കാൻ കഴിയാത്തൊരു കാര്യമാണത്, നിങ്ങൾ മറന്നുപോകുന്നൊരു കാര്യമാണിത്. തിരുവനന്തപുരത്തെ രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ ഒരു വലിയ ഷെഡ് കെട്ടി, വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നടന്ന രണ്ട് വർഷക്കാലത്തെ സമരം ഈ രാജ്യത്ത് സൃഷ്ടിച്ച

ഓളം ചെറുതല്ല. അതിന്റെയെല്ലാം ഫലമായാണ് വിഴിഞ്ഞം പദ്ധതി യാഥാർഥ്യമായത്. ഈ മാസം 12-ാം തീയതി ആ പദ്ധതി പൂർണ്ണതോതിൽ യാഥാർഥ്യമാകുകയാണ്. അവിടെ വലിയ കപ്പൽ നങ്കൂരമിടുന്ന സാഹചര്യമുണ്ടാകുകയാണ്. അതിനായുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചു. തുറമുഖത്ത് ആദ്യ കപ്പൽ വന്നുചേരുന്ന ഈ സന്ദർഭത്തിൽ നിങ്ങൾ ഓർക്കേണ്ട ഒരു കാര്യമുണ്ട്. നിങ്ങളാണ് ഈ വിഴിഞ്ഞം പദ്ധതി കൊണ്ടുവന്നതെന്ന് അവിടവിടെ ഇപ്പോൾ ബോർഡുകൾ വയ്ക്കുന്നുണ്ട്. നിങ്ങളുടെയെല്ലാം പിന്തുണയോടുകൂടി, നിങ്ങൾ തകർത്ത വിഴിഞ്ഞം പോലീസ് സ്റ്റേഷനുമുന്നിൽക്കൂടി അത്തരത്തിലുള്ള ഒരു ബോർഡ് വയ്ക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർഥിക്കുകയാണ്. നിങ്ങൾ തല്ലിച്ചതച്ച പോലീസുകാർക്ക് മധുരം നൽകാൻ നിങ്ങൾ തയ്യാറാകണം.

പി.എസ്.സി.-യെ മോശപ്പെടുത്തി ചിത്രീകരിക്കാനുള്ള ശ്രമമാണ് ഇന്നലെ നടന്നത്. രാജ്യത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഏറ്റവും കൂടുതൽ നിയമനം നടത്തുന്ന സംസ്ഥാനം നമ്മുടേതാണ്. അതിൽ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുള്ള പ്രസ്ഥാനമാണ് കേരള പി.എസ്.സി.

2016 മേയ് മാസം മുതൽ നാളിതുവരെ 250120 നിയമന ശിപാർശകൾ പി.എസ്.സി. നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ, പ്ലീസ്.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടേത് ഒരു ചെറിയ സംസ്ഥാനമാണെങ്കിലും ഇത്രയും നിയമനം ഇവിടെ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കേരളത്തിനുണ്ടായ മാറ്റം ലോകശ്രദ്ധ ആകർഷിച്ച് കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ നടക്കുന്ന ഡിജിറ്റൽ വിദ്യാഭ്യാസ പരിപാടിയായ ലിറ്റിൽ കൈറ്റ് ഈ അടുത്ത കാലത്ത് ലോക ശ്രദ്ധയിൽ വന്ന കാര്യമാണ്. ജൂലൈ 6-ന് യൂനിസെഫ് പ്രസിദ്ധീകരിച്ച Empowering Adolescents with Future-Ready Skills: the inspiring story of 'Little KITEs'

എന്ന പഠന റിപ്പോർട്ട് കേരളത്തിലെ കുട്ടികൾക്ക് നൽകുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസ രീതിയെ വാനോളം പുകഴ്ത്തുന്നതാണ്. കേരളത്തിൽ നടക്കുന്ന ഈ വിദ്യാഭ്യാസ പദ്ധതി വികസിത രാജ്യങ്ങൾക്കുപോലും അനുകരണീയമായി മാറിയിട്ടുണ്ട്. ഫിൻലാന്റുപോലെ

ലോകത്തെ ഏറ്റവും വികസിത രാജ്യംപോലും ഈ പാഠ്യപദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കേരളം ഒരു നോളഡ്ജ് ഇക്കോണമിയായി വളരുന്നുയെന്നതിന്റെ ഏറ്റവും വലിയ സൂചനയാണത്. ഞാൻ ദീർഘമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ആമുഖമായി പറഞ്ഞ കാര്യം ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു നരേറ്റീവ് ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. അദ്ദേഹത്തിന് ധാർഷ്ട്യമാണെന്ന് സ്ഥാപിക്കാനുള്ള പരിശ്രമമാണ്. മാധ്യമങ്ങളെല്ലാം അതിനകത്ത് തരാതരം ചേരുന്നുണ്ട്. പക്ഷെ യഥാർഥ ധാർഷ്ട്യം കാണിക്കുന്ന കേരളത്തിന്റെ രാഷ്ട്രീയ നേതാവ് ആരാണെന്നുള്ള ചോദ്യം ഈ സഭയിൽ നമ്മൾ പരസ്പരം നോക്കിയാൽ കാണാൻ കഴിയും. കേരളത്തിന്റെ മുഖ്യമന്ത്രി ധാർഷ്ട്യത്തോടുകൂടി എവിടെയെങ്കിലും സംസാരിക്കുന്നത് നമ്മൾ കേട്ടിട്ടുണ്ടോ? പക്ഷെ എത്രമാത്രം ധാർഷ്ട്യത്തോടും അഹങ്കാരത്തോടുംകൂടിയാണ് കേരളത്തിന്റെ പ്രതിപക്ഷനേതാവ് ഓരോ വിഷയങ്ങളെയും സമീപിക്കുന്നത് എന്നുള്ളത് നമ്മൾ കാണേണ്ട കാര്യമാണ്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല.

ധാർഷ്ട്യം എന്ന് പറയുന്ന, അഹങ്കാരമെന്ന് പറയുന്ന വികാരത്തിന് കൈയും കാലും വയറും തലയും മുഖവുമെല്ലാം വച്ചാൽ അത് കേരളത്തിന്റെ പ്രതിപക്ഷനേതാവായ സാക്ഷാൽ ശ്രീ. വി. ഡി. സതീശനായിരിക്കുമെന്നുള്ള കാര്യം അദ്ദേഹം ഓർക്കുന്നത് നല്ലതാണ്. (....ബഹളം....) എല്ലാ കാലവും അങ്ങനെയിങ്ങനെ പറഞ്ഞ് പോകാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ് പ്ലീസ് കൺക്ലൂഡ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാനൊരു സത്യം പറഞ്ഞുയെന്നേയുള്ളൂ. കള്ളം പറഞ്ഞും വ്യാജ വാർത്ത ചമച്ചും ജനങ്ങൾക്കിടയിൽ തെറ്റിധാരണയുണ്ടാക്കി വിജയിക്കാമെന്ന് നിങ്ങൾ എക്കാലവും കരുതരുത്. സത്യം വെളിച്ചമാണ്. അതിനെ ഏറെക്കാലം നിങ്ങൾക്ക് മറച്ചുവയ്ക്കാൻ കഴിയില്ല. അധികം വൈകാതെ ജനങ്ങൾ നിങ്ങളുടെ ധാർഷ്ട്യത്തെ തിരിച്ചറിയും. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ് പ്ലീസ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പിണറായി വിജയൻ സർക്കാരിനുകീഴിൽ വീണ്ടും ഈ സംസ്ഥാനത്തിലെ ജനങ്ങൾ അണിനിരക്കും എന്നതിൽ സംശയമില്ല. (....ബഹളം....) ഞാൻ പറഞ്ഞത് പറഞ്ഞതുതന്നെയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കുറിച്ച് വളരെ മോശമായും അപകീർത്തിപരമായ രീതിയിലും.... നിയമസഭയിൽ ഉപയോഗിക്കേണ്ട വാക്കുകളുണ്ട് അത് നമുക്കെല്ലാവർക്കും അറിയാം. അതിന് വിരുദ്ധമായാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ പറഞ്ഞത്. അത് ഒരു കാരണവശാലും സഭാ രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. സ്പീക്കർ</u>: പരിശോധിച്ച് ചെയ്യാം.+

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുകയാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 12036/ഇ.ബി./2024/നി.സെ തീയതി 11-07-2024) സഭാരേഖയിൽ നിലനിർത്തി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ ഞാൻ ശ്രദ്ധിക്കുകയായിരുന്നു. അദ്ദേഹം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ബന്ധപ്പെടുത്തി ചില അസഭ്യവാക്കുകൾ പറയുകയാണ്. ഈ സഭയിൽ ക്രമപ്രശ്നം ഉന്നയിക്കാൻ ആർക്കും അധികാരവും അവകാശവുമുണ്ട്. ധാർഷ്ട്യത്തോടുകൂടിയാണ് അദ്ദേഹം (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സംസാരിച്ചത്. കഴിഞ്ഞ ദിവസം ഈ സഭയിൽ പി.ഡബ്ല്യു.ഡി.-ടൂറിസം വകുപ്പുകൾക്കെതിരെ അദ്ദേഹം സംസാരിക്കുകയും അതിന് എൽ.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി യോഗം അദ്ദേഹത്തെ വിളിച്ച് ശാസിച്ചതായും പത്രങ്ങളിൽ കണ്ടു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയും ഗുഡ് ബുക്കിൽ കയറുന്നതിനുവേണ്ടിയുമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാതെ അദ്ദേഹം മനപ്പൂർവ്വം അത് പറയില്ല.

ഇന്ന് ഉപധനാഭ്യർത്ഥനകളുടെ ചർച്ച നടക്കുമ്പോൾ വളരെ സന്തോഷമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന മലയോര ഹൈവേ അടക്കമുള്ള പദ്ധതി അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഞങ്ങൾക്ക് വലിയ അഭിമാനം തോന്നുകയാണ്. മലയോര ഹൈവേ എന്ന പദ്ധതി ആരംഭിച്ചത് യു.ഡി.എഫ്.-

ന്റെ കാലത്താണ്. ശ്രീ. ജി. സുധാകരൻ മന്ത്രിയായി വന്നപ്പോൾ അതിനെ സ്റ്റേ ചെയ്യുന്ന നടപടിയുണ്ടാക്കിയപ്പോൾ പ്രതിപക്ഷം വളരെ ശക്തമായി ആ നടപടിയെ എതിർത്തു. അദ്ദേഹത്തിനെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ന് ആരോഗ്യ മേഖലയിലെ സ്ഥിതിയെന്താണ്? ഞാൻ കഴിഞ്ഞ ആഴ്ച ജനറൽ ആശുപത്രിയിൽ പോയിരുന്നു. നിയമസഭയുടെ മുമ്പിലുള്ള ജനറൽ ആശുപത്രിയിൽ ആയിരക്കണക്കിന് ആളുകൾ ഒ.പി.-യിൽ വരികയാണ്, മഴ പെയ്യുന്നു, അവിടെ വൃത്തിഹീനമായി കിടക്കുന്നു.... ഇതെല്ലാം കാണേണ്ട കാഴ്ചയാണ്. രോഗികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടംപോലും ഒരുക്കാതെ ഇന്നത്തെ പ്രസ്താവന കേൾക്കുമ്പോൾ.... ഞാൻ ഈ ബജറ്റിലെ കുറേ ഭാഗങ്ങൾ ശ്രദ്ധിച്ചു. ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പാക്കാതെ പ്രസ്താവനയിൽ പറയേണ്ട കാര്യമുണ്ടോ? എന്തായാലും ഇത്തരത്തിലുള്ള പൊള്ളയായ രാഷ്ട്രീയവുമായി മുന്നോട്ടുപോകുമ്പോൾ ഞാൻ മനസ്സിലാക്കുന്നത് വരാൻപോകുന്ന ഉപതിരഞ്ഞെടുപ്പിന്റെ ഷെഡ്യൂൾ ഇന്ന് ഈ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്നു എന്നാണ്. വന്യമൃഗശല്യത്തിന്റെ കാര്യം സൂചിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച വിവിധ പദ്ധതികളുണ്ട്. വന്യമൃഗ

ആക്രമണത്തിൽ മരണപ്പെട്ട ആളുകളുടെ കുടുംബത്തിന്റെ സമാശ്വാസ പദ്ധതികളെ സംബന്ധിച്ചൊക്കെ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ സൂചിപ്പിച്ചു. ഞങ്ങൾ അന്നും ഇന്നും ആ പദ്ധതികളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇന്ന് വിദ്യാർഥികൾ, വിധവകളായ സഹോദരിമാർ ഈ ഗവൺമെന്റിനോട് യാചിക്കുകയാണ്. എന്നാൽ ഒരു നടപടിയുമുണ്ടായിട്ടില്ല. ഇന്ന് കർഷകരുടെ സ്ഥിതിയെന്താണ്? ഇന്ന് വയനാട് പാക്കേജിനെക്കുറിച്ച് പറഞ്ഞു. വയനാട് പാക്കേജ് പ്രഖ്യാപിച്ചതെപ്പോഴാണ്? 2021-ലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി എൽ.ഡി.എഫ്.-ന്റെ വയനാട് ജില്ലാ കൺവെൻഷനിൽ പങ്കെടുത്തപ്പോൾ പ്രസ്തുത പാക്കേജ് പ്രഖ്യാപിച്ചു. എത്ര വർഷം കഴിഞ്ഞു; ഇന്നും വയനാട്ടിലെ കർഷകരുടെ സ്ഥിതിയെന്താണ്? ഞാൻ കഴിഞ്ഞ ദിവസം ഇവിടെ ചോദ്യം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഒറ്റവാക്കിൽ മറുപടി പറഞ്ഞു. കർഷകരോട് എന്ത് ആത്മാർത്ഥതയാണുള്ളത്? കാൻസർ, കിഡ്നി, ഹാർട്ട് രോഗികൾ ഇന്ന് പ്രയാസപ്പെടുകയാണ്. കാൻസർ രോഗം പിടിപെട്ട കർഷകൻ മെഡിക്കൽ

കോളേജിൽ ട്രീറ്റ്മെന്റിനായി കിടക്കുമ്പോൾ ആ കർഷകന്റെ വീടിന് ജപ്തി നോട്ടീസ് എത്തിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ കടം ഗവൺമെന്റ് ഏറ്റെടുക്കണ്ടേ? തൊട്ടടുത്തുള്ള സംസ്ഥാനങ്ങളിലൊക്കെ അങ്ങനെ നടക്കുന്നുണ്ട്. കർഷകരോട് എന്ത് പ്രതിബദ്ധതയാണ് ഈ ഗവൺമെന്റിനുള്ളത്? കർഷകരോട് ഈ ഗവൺമെന്റിന് ഒരു പ്രതിബദ്ധതയുമില്ല. ഇന്ന് പട്ടികവർഗ്ഗ മേഖലയിലെ സ്ഥിതിയെന്താണ്? ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 3 ശതമാനമാണ് ബജറ്റ് വിഹിതമെങ്കിൽ അത് രണ്ടായി കുറച്ചത് ഈ ഗവൺമെന്റാണെന്ന് ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. പറഞ്ഞു. അപ്പോൾ പട്ടികവർഗ്ഗക്കാരോട് എന്ത് പ്രതിബദ്ധതാണ് ഇവർക്കുള്ളത്? '1000 കോടി രൂപ ഗ്രാമീണ റോഡുകളുടെ വികസനത്തിന് ' എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറഞ്ഞ വിഷയം കഴിഞ്ഞ ദിവസം ദേശാഭിമാനി പത്രത്തിൽ ഒരു വാർത്തയായി വന്നു. ഈ ഫണ്ട് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം ചെയ്തതുപോലെയാകുമോ; എങ്ങനെയാണ് 1000 കോടി രൂപ ഗ്രാമീണ

റോഡുകൾക്ക് ചെലവഴിക്കുന്നത്? നിങ്ങളുടെ പാർട്ടി കേന്ദ്രങ്ങളിൽ നിന്നെടുത്ത തീരുമാനമാണ്, റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങൾ ഉപയോഗപ്പെടുത്തിയെങ്കിൽ, 1000 കോടി രൂപയുടെ ഈ പദ്ധതി എം.എൽ.എ.-മാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അഭിപ്രായങ്ങൾ തേടി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ യുവജന, വിദ്യാർത്ഥി സംഘടനകളെ നന്നായി ബഹുമാനിക്കുന്ന വ്യക്തിയാണ്. കഴിഞ്ഞ ദിവസം എസ്.എഫ്.ഐ.-യുടെ ജില്ലാ സമ്മേളനം വയനാട് ജില്ലയിൽ നടന്നു. സംഘടനാപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുമാണ് ആ ജില്ലാ സമ്മേളനം നടന്നത്. അടുത്ത ദിവസത്തെ പത്രത്തിൽ കണ്ടൊരു വാർത്ത, 'സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് കോളേജ് അനുവദിച്ചു. പക്ഷെ എം.എൽ.എ.-യുടെ അനാസ്ഥകൊണ്ട് ആ ഗവൺമെന്റ് കോളേജ് തുടങ്ങാൻ കഴിഞ്ഞില്ല ' എന്നാണ്. ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയോ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ പറയട്ടേ..... ഈ സഭയിൽ ഒന്നാം പിണറായി ഗവൺമെന്റിന്റെ

കാലത്തും രണ്ടാം പിണറായി ഗവൺമെന്റിന്റെ കാലത്തും ഞാൻ രണ്ട് സബ്മിഷനുകൾ ഉന്നയിച്ചു. ആ സബ്മിഷന്റെ മറുപടി ഇവിടത്തെ എസ്.എഫ്.ഐ. നേതാക്കൾ പരിശോധിക്കണം. സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് ഗവൺമെന്റ് കോളേജ് തുടങ്ങാനുള്ള പോളിസി ഗവൺമെന്റിന്റെ ഭാഗത്തില്ലെന്നാണ് എനിക്ക് ലഭിച്ച മറുപടി. പിന്നെ എങ്ങനെയാണ് ഗവൺമെന്റ് കോളേജ് അനുവദിച്ചു, പക്ഷെ എം.എൽ.എ.-യുടെ അനാസ്ഥകൊണ്ട് ആ ഗവൺമെന്റ് കോളേജ് തുടങ്ങാൻ കഴിയുന്നില്ലെന്ന് പറയുന്നത്; ആ ജി.ഒ. എസ്.എഫ്.ഐ. നേതാക്കൾക്ക് കാണിച്ചുകൊടുക്കാൻ പറ്റുമോ; അവരോട് നിങ്ങൾ പറഞ്ഞുമനസ്സിലാക്കി കൊടുക്കണ്ടേ? ഇതൊക്കെ ജനങ്ങൾ കാണുന്നതല്ലേ. ഒരു ഉത്തരവാദപ്പെട്ട ഗവൺമെന്റിന്റെ ഭാഗമായി നിൽക്കുന്ന എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടന സമ്മേളനം നടത്തുമ്പോൾ ആ സമ്മേളനവുമായി ബന്ധപ്പെട്ട പ്രമേയം ജനപ്രതിനിധികൾക്ക് എതിരായിട്ടാണോ വരേണ്ടത്; അവരെയൊക്കെ സത്യസന്ധതയുടെ വഴിയിൽക്കൂടി നയിക്കണ്ടേ? ഇന്നത്തെ ഡയാലിസിസ് സെന്ററുകളുടെ സ്ഥിതിയെ സംബന്ധിച്ച് ഗവൺമെന്റിന് അറിയാം. ഗവൺമെന്റ്

നൽകേണ്ട ഇൻഷ്വറൻസ് പദ്ധതിയുടെ തുക നൽകാത്തതിനാൽ പ്രൈവറ്റായി പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററുകൾ അടച്ചുപൂട്ടാൻ പോകുകയാണ്. നിരവധി കിഡ്നി രോഗികൾ ഡയാലിസിസ് ചെയ്യുന്നതിനുവേണ്ടി വിവിധ സെന്ററുകളെ സമീപിക്കുകയും ഡയാലിസിസ് ചെയ്യാൻ കഴിയാതെ തിരിച്ചുവരികയും ചെയ്യുന്നു. ഇതെല്ലാം ചർച്ച ചെയ്യേണ്ടതും പരിശോധിക്കേണ്ടതുമല്ലേ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുകാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു അതോടൊപ്പം അക്കാര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. കാരണം, 2011-ലാണ് ഞാൻ ഈ സഭയിൽ അംഗമായി വന്നത്. ആ സമയത്ത് ഞങ്ങൾക്ക് ലഭിച്ച ഉത്തരവനുസരിച്ച് 75,00,000 രൂപയാണ് ഒരു എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്. എന്നാൽ 2012-ൽ യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടിക്കകത്ത് ഇവിടെയിരിക്കുന്ന നേതാക്കളുൾപ്പെടെയുള്ള ഞങ്ങൾ ടി ഫണ്ടിനെ ക്രമമായി വർധിപ്പിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ട് 1,00,00,000 രൂപയാക്കുകയും ചെയ്തു. അതിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? എട്ട് വർഷമായിട്ടും പ്രാദേശിക വികസന ഫണ്ട്

വർധിപ്പിക്കാൻ കഴിഞ്ഞോയെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. അതിനുശേഷം നിലവിലെ വികസന ഫണ്ടായ ഒരു കോടി രൂപകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് ഞങ്ങൾ പറഞ്ഞു. ഗ്രാമീണ മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന പ്രിയപ്പെട്ട ഉമ്മൻ ചാണ്ടിയോട് എങ്ങനെയെങ്കിലും ഫണ്ട് കണ്ടെത്തണമെന്ന് പാർലമെന്റ് പാർട്ടിയിൽ ഞങ്ങൾ പറഞ്ഞു. അതിന്റെ ഫലമായി 5,00,00,000 രൂപയാണ് ആസ്തി വികസന ഫണ്ടിൽ ഗവൺമെന്റ് അനുവദിച്ചത്. അത് യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർക്കുമാത്രമല്ല അന്നത്തെ 141 എം.എൽ.എ. (ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയുൾപ്പെടെ)-മാർക്കുംകൂടി അനുവദിച്ചു.......

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... കൺക്ലൂഡ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇത്രയും വർഷമായിട്ടും 5 കോടി രൂപയെന്നത് വർധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചോ; ടി ഫണ്ട് പത്ത് കോടി രൂപയെങ്കിലുമാക്കണം. ഗവൺമെന്റിന് ജനങ്ങളോടും ജനപ്രതിനിധികളോടും പ്രതിബദ്ധതയുണ്ടെങ്കിൽ പ്രാദേശിക വികസന ഫണ്ടും

ആസ്തിവികസന ഫണ്ടും നാടിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി 10 കോടി രൂപയാക്കി മാറ്റണമെന്ന നിർദേശം മുന്നോട്ടുവച്ചുകൊണ്ട് ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും പിന്തുണയ്ക്കുന്നു. വളരെ പ്രധാനപ്പെട്ട വകുപ്പുകളിലായിട്ടാണ് ഈ ഉപധനാഭ്യർത്ഥനകളുടെ പ്രമേയം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ ഒരു ആദരാഞ്ജലിയോടെ ഈ പ്രസംഗം ആരംഭിക്കണമെന്നാണ് വിചാരിക്കുന്നത്. നൈന സാഹ്നി എന്ന ഒരു വീട്ടമ്മയുടെ ദാരുണാന്ത്യം ഇന്ത്യൻ രാഷ്ട്രീയം പൊതുവിൽ ചർച്ച ചെയ്തതാണ്. സുശീൽ ശർമ്മ എന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ നേതാവിന്റെ ഭാര്യയായിരുന്ന നൈന സാഹ്നി. പുതിയ രീതിയിൽ സ്ത്രീകളെ കൈകാര്യം ചെയ്യുന്നതിനെകുറിച്ച് ഇവിടെ വാതോരാതെ പ്രസംഗിച്ച പ്രതിപക്ഷത്തിന്റെ മനസ്സിൽനിന്ന് അവർ താൽക്കാലികമായിട്ടെങ്കിലും വിട്ടുപോയിട്ടുണ്ടാകും. അവരുടെ സ്മരണകളിലേയ്ക്ക് ഞാൻ പ്രതിപക്ഷത്തെ

കൊണ്ടുവരികയാണ്. ആ സ്ത്രീയെ കൊലപാതകം ചെയ്ത് ഒരു തന്തൂരി അടുപ്പിൽ ക്ഷണങ്ങളാക്കി അവസാനിപ്പിച്ചതിന് സുശീൽ ശർമ്മ എന്ന കോൺഗ്രസ്സുകാരന് ഡൽഹി കോടതി തൂക്കുകയർ വിധിച്ചകാര്യം കോൺഗ്രസ് വിസ്മരിച്ചോ? പിന്നീട് ഡൽഹി ഹൈക്കോടതി അദ്ദേഹത്തിന്റെ വധശിക്ഷയിൽ ഇളവ് ചെയ്തു. " അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" എന്ന കുമാരനാശാന്റെ കാവ്യവരികളും ആലോചിച്ചാണ് ഇന്ന് റൂൾ 50 ആയി പ്രതിപക്ഷം വന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും പരിരക്ഷയെക്കുറിച്ചാണ് അവർ സംസാരിച്ചത്. എൻ.എസ്.യു.ഐ.-യുടെയും അഖിലേന്ത്യാ യൂത്ത് കോൺഗ്രസ്സിന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ദേശീയ നേതാവിന്റെ ഈ പ്രവർത്തിയെങ്കിലും മനസ്സിലുണ്ടെങ്കിൽ കേരളത്തിൽ ഇടതുപക്ഷത്തിന്റെ കൈകളെക്കുറിച്ച് നിങ്ങൾക്ക് ഉത്തമ ബോധ്യമുണ്ടാകും. എന്റെ സുഹൃത്തായ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയിലെ ചില വരികൾ ഞാൻ ചൊല്ലാം:

മനുഷ്യന്റെ കൈകൾ, മരിക്കാത്ത കൈകൾ

മനുഷ്യന്റെ കൈകൾ മരിക്കാത്ത കൈകൾ

ഇരുമ്പത്ത് ഊതിപഴപ്പിച്ച കൈകൾ

കൊഴക്കുന്ന ചേറിൽപ്പുളയ്ക്കുന്ന കൈകൾ

ഒരുപ്പൂവിൽ മോഹം വിടർത്തുന്ന കൈകൾ

മദംകൊണ്ടുപെണ്ണിൻ മടിക്കുത്തഴിപ്പോന്റെ

നെഞ്ചം പിളർക്കുന്ന കൈകൾ  മനുഷ്യന്റെ കൈകൾ

മനുഷ്യന്റെ കൈകൾ മനുഷ്യന്റെ കൈകൾ മരിക്കാത്ത കൈകൾ

ഇടതുപക്ഷത്തിന്റെ കൈകൾ അങ്ങനെയുള്ളതാണ്. മദംകൊണ്ട് പെണ്ണിന്റെ മടികുത്തഴിപ്പോന്റെ നെഞ്ചം പിളർക്കുന്ന കൈകളാണ്.  അത് കേരളത്തിന്റെ ചരിത്രമാണ്, നിങ്ങൾ പരിശോധിക്കണം. അത് പരിശോധിച്ചാൽ നിങ്ങൾക്ക് ഉത്തരം ലഭിക്കും. കേരളത്തിൽ ഇന്ന് സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക സുരക്ഷിതത്വത്തിന്റെ ഒരു ജീവിത കവാടം ഈ ഭാർഗവ ക്ഷേത്രത്തിന്/കേരളത്തിന് തുറന്നുകിട്ടിയത് ഏതുകാലഘട്ടങ്ങളിലാണെന്ന് കേരളത്തിലെ ഭരണസംവിധാനം സസൂക്ഷ്മം നിരീക്ഷിക്കുന്നവർക്ക് അറിയാം. സ്ത്രീ ശാക്തീകരണത്തിനും കുട്ടികളുടെ സുരക്ഷയ്ക്കും വിദ്യാഭ്യാസ പദ്ധതികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികൾക്കുംവേണ്ടി ഈ ഗവൺമെന്റ് ബദ്ധശ്രദ്ധമായി പരിശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ച് സമയംമുമ്പ് ചട്ടം 300

അനുസരിച്ച് വായിച്ച ദീർഘമായ വസ്തുതകളിൽ പറഞ്ഞിട്ടുള്ളത് എന്താണ്? കേരളത്തിന്റെ സർവ്വതോന്മുഖമായ വികാസത്തിന് ഐക്യ കേരളപ്പിറവിക്കുശേഷമുള്ള 68 വർഷങ്ങളിൽ ഭരണാധികാരം കയ്യാളിയപ്പോഴൊക്കെ ഒരു കേരള മോഡൽ എന്നുള്ള സങ്കൽപ്പം മുന്നോട്ടുവയ്ക്കാനും പാവപ്പെട്ടവനെ അതിലൂടെ വഴിനടത്താനും പ്രേരിപ്പിച്ച ഇടതുപക്ഷമാണ് കേരളത്തിലുള്ളത്. കേരളം ഇന്ന് വിഴിഞ്ഞം പദ്ധതിവരെയും മൂന്ന് ദേശീയപാതകൾവരെയും ഗെയിൽ പൈപ്പ് സംവിധാനംവരെയും എത്തിനിൽക്കുമ്പോൾ കേരളത്തിലെ എല്ലാ വീടുകളിലേയ്ക്കും കുട്ടികൾക്ക് പഠിക്കുന്നതിനുള്ള ഉയർന്ന സംവിധാനവും ആധുനിക കേരളീയ ജീവിതത്തെ സമഗ്രമായി സമുദ്ധരിക്കുന്നതിനുംവേണ്ടി കെ-ഫോൺ വരെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും കേരളത്തിന്റെ കഴുത്തിന് കുത്തിപ്പിടിച്ച്, കേരളത്തിന്റെ സാമ്പത്തിക പുരോഗതിയെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി എല്ലാവിധത്തിലും കേരളത്തിന്റെ മുന്നിൽ ഒരു തടസ്സമായി നിൽക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ അഖിലേന്ത്യാടിസ്ഥാനത്തിൽ നിങ്ങൾക്ക് എന്തെങ്കിലും സംസാരിക്കാൻ കഴിയുന്നുണ്ടോ; ബി.ജെ.പി. ഗവൺമെന്റിന്റെ കേരള വിരുദ്ധ

സമീപനത്തെ ചൂണ്ടിക്കാണിക്കാൻ അടിസ്ഥാനപരമായി ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇത് കേരളത്തിന്റെ പ്രശ്നമാണ്/മലയാളിയുടെ പ്രശ്നമാണ് എന്ന തരത്തിൽ ഈ വിഷയത്തെ അഭിസംബോധന ചെയ്യാൻ എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന് സാധിക്കാത്തത്? ഈ രാജ്യത്തിലെ വർത്തമാന പത്രങ്ങൾ ആദർശപരമായ പത്രപ്രവർത്തനത്തിന്റെ പാതവിട്ട് ഒരു മഞ്ഞപത്രത്തിന്റെ നിലവാരത്തിൽ ഈ രാജ്യത്തെ രാഷ്ട്രീയ സംഘടനകളെ പഴിചാരുന്നതിനും ആ സംഘടനകൾക്കുള്ളിൽ പ്രശ്നങ്ങൾ ഉത്ഭവിപ്പിക്കുന്നതിനുംവേണ്ടി പരിശ്രമിക്കുന്ന സമയത്ത് ആ വാർത്തകൾ പെരുപ്പിച്ച് കേരളത്തിന്റെ സാമൂഹിക ജീവിതം അപകടത്തിലാണെന്ന് വരുത്തിത്തീർക്കുന്നതിനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായേക്കാം. അതിനെ പർവ്വതീകരിച്ചുകൊണ്ട് ഈ കേരളീയ സമൂഹത്തിന്റെ സുരക്ഷിതത്വമാകെ അപകടത്തിലാണെന്ന് വരുത്തുന്ന പ്രതിപക്ഷത്തിന്റെ ഇരട്ടത്താപ്പ് കേരളത്തിന് മനസ്സിലാകും. വിഴിഞ്ഞം തുറമുഖം അടുത്തദിവസം അന്താരാഷ്ട്ര രീതിയിൽ ശ്രദ്ധനേടാൻ പോകുകയാണ്. ഈ തുറമുഖം ഇന്ത്യയിലെ ഏറ്റവും വലിയ സ്വാഭാവിക തുറമുഖമാണ്. 18-20 മീറ്റർ

താഴ്ചയുള്ള പ്രകൃതിദത്തമായ ഒരു തുറമുഖത്തിന് കേരളം ചെലവഴിച്ചത് എത്രയാണ്; സ്വകാര്യ-സർക്കാർ പങ്കാളിത്തത്തോടുകൂടി 5,539 കോടി രൂപ പ്രാഥമികമായി ചെലവ് ചെയ്തുകൊണ്ട് ഇനി വരുംനാളുകളിൽ അത് 18,000 കോടി രൂപയായി വികസിപ്പിച്ചുകൊണ്ട് ലോകത്താകെയുള്ള കപ്പൽ സംവിധാനങ്ങൾക്ക് മദർപോർട്ടായി ഉപയോഗിക്കാൻ കഴിയുന്ന ഒരു സംവിധാനം ഭാവിയിൽ വരികയാണ്. അതിന്റെ പിതൃത്വം ഏറ്റെടുക്കാൻ എട്ടുകാലി മമ്മൂഞ്ഞുമാരായ പ്രതിപക്ഷത്തെ ചില നേതാക്കൾ ഇപ്പോൾ ഉയർന്നുവരികയാണ്. എട്ടുകാലി മമ്മൂഞ്ഞിന്റെ കഥ ഈ നിയമസഭയിൽ പലതവണ പല നിയമസഭാ സാമാജികരും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ എട്ടുകാലി മമ്മൂഞ്ഞ്, മനയ്ക്കലെ പാറുക്കുട്ടിക്കും വയറ്റിലുണ്ടായപ്പോൾ അത് ഞാനാണ് എന്ന് ചായക്കടയിലിരുന്ന് പറയുന്ന എട്ടുകാലി മമ്മൂഞ്ഞുമാരുടെ നിലവാരത്തിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം തരംതാഴരുത്. ആ കഥ അവർക്കറിയാം എന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. കേരളത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള നീക്കത്തിന്റെ പാതയിൽ നിങ്ങളുണ്ടെങ്കിൽ,

കേന്ദ്രത്തിന്റെ ഉപരോധത്തിനെതിരെ, മനുഷ്യരാശിയുടെ പുരോഗതിയിലേയ്ക്കുള്ള പാതയിൽ കേന്ദ്ര ഉപരോധമെന്ന ഉമ്മാക്കി കാട്ടിക്കൊണ്ടുനിൽക്കുന്ന സംഘ്പരിവാർ ഗവൺമെന്റിനെ മനുഷ്യപക്ഷത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള സമരമുഖങ്ങളിൽ ഞങ്ങളോടൊപ്പം ചേരാൻ നിങ്ങൾ തയ്യാറുണ്ടോ; നിങ്ങൾക്ക് നിയമസഭാ സീറ്റുകൾ അല്ലെങ്കിൽ പാർലമെന്റ് സീറ്റുകളായിരിക്കും പ്രധാനം. അതുകൊണ്ട് തിരഞ്ഞെടുപ്പുകളുടെ ഉപായങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്..... മഞ്ഞുപെയ്യുന്ന ഇന്ദ്രപ്രസ്ഥത്തിൽ (ഡൽഹിയുടെ പഴയ പേരാണ് ഇന്ദ്രപ്രസ്ഥം) ഞങ്ങളുടെ ദേശീയ നേതൃത്വത്തിന്റെ കുടെകുത്തിയിരുന്ന് ഈ കേരളത്തെ സംരക്ഷിക്കണം, സാമ്പത്തിക ഉപരോധം അവസാനിപ്പിക്കണം. ഗ്രാമീണതലങ്ങളിലും നമ്മുടെ പട്ടണങ്ങളിലും സാമൂഹിക ജീവിതത്തിന്റെ എല്ലാ ഘടനകളിലും വികസനം കൊണ്ടുവരുന്നതിനുവേണ്ടി, മനുഷ്യപക്ഷത്തേയ്ക്ക് കേന്ദ്ര സർക്കാരിനെ കൊണ്ടുവരുന്നതിനുവേണ്ടി മുദ്രാവാക്യമുയർത്തിയപ്പോൾ വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞങ്ങളോട് ചേർന്നുനിന്നാൽ കേരളത്തിൽ വോട്ടുകിട്ടില്ലായെന്ന് കണ്ടുകൊണ്ടാണ് നിങ്ങൾ അതിൽനിന്ന് വഴിമാറിനിന്നത്. എന്നിട്ടെന്തായി; കേരളത്തിൽ താൽക്കാലികമായുണ്ടായ

പരാജയം, അത് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ആ വിലയിരുത്തപ്പെട്ട ഘട്ടത്തിലെല്ലാം.... ഇവിടെ നടക്കുന്ന സാമുദായിക ധ്രുവീകരണങ്ങളിൽ ഏറ്റവും കൂടുതൽ മുതലെടുക്കുന്നത് സംഘ്പരിവാറും ബി.ജെ.പി.-യുമാണെന്ന് കോൺഗ്രസുംകൂടി നല്ലതുപോലെ മനസ്സിലാക്കേണ്ടതാണ്. അത് മനസ്സിലാക്കിക്കൊണ്ട് നിങ്ങൾ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്ന് ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെ സഭയിലുള്ളപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്താൻ പോകുന്നുവെന്നറിഞ്ഞപ്പോൾ, ഒരു പ്രത്യേക വിഷയത്തെക്കുറിച്ചോ മറ്റോ പ്രധാനപ്പെട്ട പ്രസ്താവന നടത്താൻ പോകുകയാണെന്ന് ഞങ്ങളും കരുതി. അങ്ങനെയാണല്ലോ പതിവ്. ചട്ടം 300 അനുസരിച്ച് പ്രധാനപ്പെട്ടൊരു വിഷയം പറയുകയാണ് പതിവ്. ക്ഷേമപെൻഷൻ നൽകാൻ എന്തെങ്കിലും പ്രത്യേക വഴി കണ്ടിട്ടുണ്ടാകുമെന്നും അതനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ അത് കൊടുത്തുതീർക്കുമെന്നും മറ്റും

പറയുമെന്നാണ് കരുതിയത്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയുണ്ട്. എന്നാൽ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന കേട്ടപ്പോൾ യാതൊന്നും നടക്കാൻ പോകുന്നില്ലെന്ന കാര്യം മനസ്സിലായി. ഒരു പ്രസ്താവനയുംകൂടി ചെയ്താൽ കേരളത്തിന് സമാധാനമായി എന്നുണ്ടെങ്കിൽ, അതുകേട്ട് സായൂജ്യമടയാൻ ഈ പ്രസ്താവന ഉതകും. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അവതരിപ്പിച്ചപ്പോൾ, അതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടം.... ഇത്ര ദീർഘമായ പ്രസ്താവനയായതുകൊണ്ട്, ബജറ്റുപോലെ കാര്യങ്ങൾ പറഞ്ഞുപോയപ്പോൾ, ഇത് എവിടെനിന്ന് കൊടുക്കുമെന്ന് അവസാനമെങ്കിലും പറയുമെന്ന് വിചാരിച്ചു. അരിമണി കൊറിക്കാനില്ലാത്ത കാലത്ത്, കരിവളയിട്ട് കിലുക്കാൻ മോഹമുണ്ടായിട്ട് കാര്യമില്ലല്ലോ; ധാരാളം മോഹങ്ങൾ അതിൽ പറയുന്നുണ്ട്. പക്ഷേ എവിടെനിന്ന് എടുത്തുകൊടുക്കും എന്നുമാത്രം പറഞ്ഞില്ല. ഞാൻ ശ്രദ്ധാപൂർവം പിന്നെയും കേട്ടിരുന്നു. ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് അവസാനം പറഞ്ഞത്. ഞാനും കുറെനാൾ മന്ത്രിസഭയിൽ ഉണ്ടായിരുന്നയാളാണ്. മറ്റൊരു വഴിയുമില്ലാതാകുമ്പോൾ ഒന്നുകിൽ ചീഫ് സെക്രട്ടറി...... ഒന്നും നടക്കില്ലെങ്കിൽ 'കാളൻ നെല്ലായി'

എന്നുപറഞ്ഞതുപോലെ, ചീഫ് സെക്രട്ടറിയെയോ സെക്രട്ടറിമാരെയോ മറ്റോ ഇതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് പറഞ്ഞത്. ഇങ്ങനെയൊരു പ്രസ്താവന ചെയ്തതിൽനിന്ന് മനസ്സിലാകുന്ന ധാരാളം കാര്യങ്ങളുണ്ട്. അടുത്ത തിരഞ്ഞെടുപ്പ് വരുന്നതുകൊണ്ടായിരിക്കാം അല്ലെങ്കിൽ മറ്റ് കാര്യങ്ങൾ കൊണ്ടായിരിക്കാം, പക്ഷേ അതൊന്നും നടക്കില്ല; ഇനിയത് നടക്കുമെങ്കിൽ അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറഞ്ഞ് മനസ്സിലാക്കിയാൽ കൊള്ളാം. നടക്കില്ലായെന്ന് മനസ്സിലായിട്ടുണ്ട്; കാരണമെന്തെന്നാൽ പണമില്ലാത്തതുകൊണ്ടാണ്. പണമുണ്ടാക്കാൻവേണ്ടിയുള്ള ഒരു മാർഗ്ഗം കണ്ടെത്താൻ ധനകാര്യ വകുപ്പുമന്ത്രിക്കും സർക്കാരിനും സാധിക്കുന്നില്ല. അങ്ങനെ സാധിക്കാത്തപ്പോൾ വീണ്ടും ഒരു ബജറ്റ് അവതരിപ്പിക്കുന്നതുപോലെ സകല കാര്യങ്ങളും ഒരിക്കൽക്കൂടി ആവർത്തിച്ച് പ്രഖ്യാപിച്ചതുകൊണ്ടുമാത്രം വല്ല കാര്യവുമുണ്ടോ; കാശ് ഏതുവഴിയാണ് പോകുന്നത്; എങ്ങനെയാണ് ഉണ്ടാക്കുന്നത്; എന്നുവല്ലതും നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

കിഫ്ബി വലിയ പ്രശ്നമായി മാറും, കിഫ്ബിക്ക് ബജറ്റിൽനിന്നും എടുത്തുകൊടുക്കേണ്ടിവരും, കിഫ്ബി ഒരു റെമ്യൂണറേറ്റീവ് പരിപാടിയല്ല, റെമ്യൂണറേറ്റീവ് അല്ലാത്ത ഒരു പദ്ധതി കൊണ്ടുവന്നാൽ ബജറ്റിൽനിന്നും എടുത്തുകൊടുക്കേണ്ടിവരും എന്നെല്ലാം കിഫ്ബി കൊണ്ടുവന്നപ്പോൾ ഞങ്ങൾ പറഞ്ഞതാണ്. ബജറ്റിൽനിന്നെടുത്ത് കൊടുക്കും, അതിനെന്താ; കൊടുക്കാൻ നമുക്ക് കഴിയുമല്ലോ എന്നെല്ലാം നിങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പറഞ്ഞു. മാത്രമല്ല, ഇത് ബജറ്റിൽനിന്നെടുത്ത് കൊടുക്കേണ്ടിവരും. റെമ്മ്യൂണറേറ്റീവല്ലാത്തപ്പോൾ നമുക്കത് സാധിക്കാതെവരും. ബജറ്റിന്റെ സിംഹഭാഗവും അങ്ങനെപോകും. അവസാനം കടമെടുപ്പ് പരിധിയെ നിയന്ത്രിക്കുന്ന സാഹചര്യത്തിൽ ഇത് വരുമെന്ന് അന്നേ ഞങ്ങൾ പറഞ്ഞതാണ്. ആ സാഹചര്യം വന്നു. വലിയ തകരാറ് പറ്റിയ ഒരുകാര്യം അതാണ്. ഇപ്പോഴത് നിങ്ങളുടെ തലയ്ക്കുമീതെവന്നു. എന്ത് ചെയ്യും; നിങ്ങളുടെ കഴിഞ്ഞ സർക്കാർ ഉണ്ടാക്കിവച്ച ആ വല ഇപ്പോൾ എവിടെ എത്തി? കേന്ദ്ര ഫണ്ട് കിട്ടുന്നില്ലെന്ന് നിങ്ങൾ പറയുന്നു. ഫണ്ട് കിട്ടുന്നില്ലെന്ന് പറയുമ്പോൾ, സമരം ചെയ്യാൻ ഞങ്ങളുടെകൂടെ കൂടണമെന്ന് നിങ്ങൾ രാഷ്ട്രീയമായി പറയുന്നു.

വാദത്തിനുവേണ്ടി നിങ്ങളുടെകൂടെ കൂടാമെന്ന് വയ്ക്കുക. കേന്ദ്രം നൽകുന്ന ഫണ്ടുകൾക്ക് മാച്ചിംഗ് ഗ്രാന്റ് കണ്ടുപിടിക്കാനെങ്കിലും നമുക്ക് കഴിയണ്ടേ; അത് കൊടുത്തിട്ട് വർത്തമാനം പറയണ്ടേ; 'ജൽ ജീവൻ മിഷൻ' കുടിവെള്ള പദ്ധതി കേന്ദ്രം പ്രഖ്യാപിച്ചു. ആ പദ്ധതിക്ക് കേന്ദ്ര സർക്കാർ ആവശ്യത്തിന് ഫണ്ട് നൽകുന്നുണ്ട്. എന്നാൽ അതിന് ഫണ്ട് കൊടുക്കാതെ, പഞ്ചായത്ത് നൽകും, സ്പോൺസർ നൽകും എന്നൊക്കെ പറഞ്ഞ് കാലം കഴിച്ചുകൂട്ടുകയാണ്. വലിയ ഭാവനയോടുകൂടി വന്ന പദ്ധതി ഇപ്പോൾ മുടങ്ങി. വരുമാനം എവിടെ നിന്നെങ്കിലും കണ്ടുപിടിക്കാൻ കഴിയണ്ടേ; നമ്മൾ പരിശ്രമിച്ചാൽ വരുമാനം ചോരുന്ന വഴികൾ മനസ്സിലാക്കാൻ സാധിക്കും. കിഫ്ബിയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. നിങ്ങൾ കൺസ്ട്രക്ടീവായി ചിന്തിക്കുന്നതേയില്ല. പണം ചോരുന്ന വഴികളെക്കുറിച്ച് ഞങ്ങൾ പറയാം, ഇവന്റുകളുടെ ഘോഷയാത്രയാണ്. ഇതിന് എത്രയധികം പണമാണ് പോകുന്നത്; എന്തിനാണ് ഇത്രയധികം ഇവന്റുകൾ? പണം പലവഴിക്ക് ചോരുകയാണ്. അതാണ് നിങ്ങൾക്ക് തികയാതെ വരുന്നത്. അതുപോലെ മിഷൻ മോഡ് പദ്ധതികൾ. എന്റെ ഓർമ്മയിൽ ഞങ്ങളുടെ സർക്കാരിന്റെ കാലത്ത്

പ്രധാനപ്പെട്ട വിഷയങ്ങൾ അതായത്, ഐ.ടി.-യുമായി ബന്ധപ്പെട്ട് അതിന് മിഷൻ മോഡ് പ്രോജക്ടുണ്ടാക്കി. എന്നാൽ ഇപ്പോൾ തൊട്ടതിനൊക്കെ മിഷൻ മോഡാണ്. ലക്ഷ്യം നേടാൻവേണ്ടി പ്രത്യേക സംവിധാനമുണ്ടാക്കി വർക്ക് ചെയ്യാനാണ് മിഷൻ മോഡ് പ്രോജക്ട്, നിങ്ങളുണ്ടാക്കുന്ന മിഷൻ മോഡുകളിൽ ഡിപ്പാർട്ടുമെന്റ് അവിടെ ഉണ്ടാകും, എന്നാൽ പ്രവൃത്തി നടക്കുകയുമില്ല. അതിലെല്ലാം കരാറുകാരെ നിയമിക്കുകകയും ചെയ്യും. അതുപോലെ എത്ര കമ്മീഷനുകളാണുള്ളത്. ഇപ്പോൾ പി.എസ്.സി. ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്കായി വീണ്ടുമൊരു റിക്രൂട്ട്മെന്റ് ബോർഡിന്റെ ആവശ്യമെന്താണ്; ഇങ്ങനെ അനവധി പാഴ്ചെലവുകൾ വരുത്തി ഇപ്പോൾ പണമില്ല. എന്നിട്ടിപ്പോൾ പ്രഖ്യാപനങ്ങൾ പറയുകയാണ്. ഇതിന്റെ ഫലമെന്താണ്; നിങ്ങൾ കേരളം ഭരിക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് പത്തുകൊല്ലമായി. നിങ്ങൾക്ക് എടുത്തുപറയാൻ കഴിയുന്നതെന്താണ്? നേരത്തെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ ടെക്നോപാർക്കിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ടെക്നോപാർക്ക് ആരംഭിച്ച് സമയബന്ധിതമായി ഉദ്ഘാടനം ചെയ്തതിന്റെ ഫോട്ടോഗ്രാഫ് മുഴുവൻ ഞാൻ ശ്രീ. കടകംപള്ളി

സുരേന്ദ്രൻ നൽകാം. നരസിംഹറാവു വന്ന് ഉദ്ഘാടനം ചെയ്തതാണ്. ടെക്നോപാർക്ക് ഞങ്ങളുണ്ടാക്കിയതാണ്. നിങ്ങൾ എന്ത് നിലയ്ക്കാണ് പറയുന്നത്; അതിന്റെ ഒരു ഐഡിയ ഗൗരിയമ്മയുടെ കാലത്തുണ്ടായിരുന്നു.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്ന കാര്യങ്ങൾ ചെറുതായൊന്ന് റിവ്യൂ ചെയ്ത് നോക്കുകയാണ്. ശ്രീ. ടി. വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അക്കാലത്ത് കുറെ പ്രൈവറ്റ് വ്യവസായങ്ങളുണ്ടായിരുന്നു. അതിനുശേഷം കേരളത്തിൽ വ്യവസായ രംഗത്ത് നടന്ന ഏറ്റവും വലിയ റെവല്യൂഷൻ ഏതാണെന്ന് ചോദിച്ചാൽ അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വന്ന കിൻഫ്രയാണ്. കിൻഫ്ര എന്ന പരീക്ഷണമാണ്. കെ. കരുണാകരൻ ഗവൺമെന്റിന്റെ കാലത്തെ അന്നത്തെ ഞങ്ങളുടെ ഇൻഡസ്ട്രിയൽ പോളിസിയുടെ ഭാഗമായി ആവശ്യത്തിന് ലാൻഡുള്ളൊരു ഇൻഫ്രാസ്ട്രക്ചർ സംവിധാനമുണ്ടാകണമെന്ന നിലയിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി എറ്റെടുത്ത് ആരംഭിച്ചതാണ് കിൻഫ്ര. പിന്നീട് വന്ന എല്ലാ ഗവൺമെന്റുകളുടെ കാലത്തും കേരളത്തിൽ കാര്യമായ വ്യവസായം വന്നിട്ടുണ്ടെങ്കിൽ അത് കിൻഫ്ര പാർക്കുകളിലാണ്. ഫസ്റ്റ് യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്തുണ്ടായൊരു സംവിധാനം. പിന്നീട് ടെക്നോപാർക്ക് വന്നു. അതിനുശേഷം കൊച്ചിയിൽ വന്ന ഐ.ടി. വികസനം ഇന്ന് തല ഉയർത്തി നിൽക്കുകയാണ്. കൊച്ചിയെ ഒരു ഡെസ്റ്റിനേഷനാക്കി അവിടെ ഇൻഫോ പാർക്കും സ്മാർട്ട് സിറ്റിയും എയർപോർട്ടും മെട്രോയുമുണ്ടാക്കി. ഇതുമുഴുവൻ ചെയ്തത് യു.ഡി.എഫ്. ഗവൺമെന്റുകളാണ്. ഏതെങ്കിലുമൊരു മൈൽസ്റ്റോൺ നിങ്ങൾ എടുത്ത് കാണിക്കൂ. ഇപ്പോൾ വന്നിട്ടുള്ള വലിയ റോഡുകളെക്കുറിച്ചാണ് നിങ്ങൾ പറയുന്നു. ഞങ്ങളുടെ കാലത്ത് കൊണ്ടുവന്ന എക്സ്പ്രസ് ഹൈവേ ഇത്രയും ചെലവും ദുരിതവുമില്ലാതെ വേണമെങ്കിൽ പൂർത്തിയാക്കാമായിരുന്നു. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ, ഞാൻ ഒരു കാഷ്വൽ ടോക്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അതിനെക്കുറിച്ച് സംസാരിച്ചിരുന്നു. നിങ്ങൾക്ക് ഇപ്പോഴുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിൽ ഒന്ന് റീ-സ്ട്രക്ചർ ചെയ്താൽ കൊള്ളാമെന്നുണ്ട്. പക്ഷേ, സാധിക്കുന്നില്ല, കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ പറ്റുന്നില്ല. അതുപോലെ ധാരാളം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുമ്പ് ഫണ്ട് നൽകിയതുപോലെ ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല. ശമ്പളവും

ആനുകൂല്യങ്ങളുമെല്ലാം മുടങ്ങി. ഒരു വർഷമായി ശമ്പളമില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ ലാഭം തന്നെയില്ല. 20 എണ്ണം ലാഭത്തിലാണെന്ന് പറയുന്നത് വളരെ ചെറിയ പൊതുമേഖലാ സ്ഥാപനങ്ങളാണ്. വലിയ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേക്ക് പോയിക്കഴിഞ്ഞു. ഞങ്ങൾ പണ്ട് ചൗധരി കമ്മീഷനെ നിയോഗിച്ച് റീ-സ്ട്രക്ച്ചറിംഗ് കൊണ്ടുവന്നപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ നിർത്താനായിരുന്നില്ല പരിപാടി. അതിനെ ഫ്ലീസിബിളാക്കി നിലനിർത്തിക്കൊണ്ടുപോകുന്നതിനായി കൊണ്ടുവന്ന നല്ലൊരു പരിപാടിയായിരുന്നു, അന്ന് നിങ്ങളതിനെ എതിർത്തു. സമയാസമയങ്ങളിലെ നല്ല പരിഷ്കാരങ്ങളെ മുഴുവൻ എതിർത്തിട്ട്, മധ്യമാർഗ്ഗങ്ങളിലൂടെ ഞങ്ങൾ കൊണ്ടുവന്ന പല പരിഷ്കാരങ്ങളെയും എതിർത്തിട്ട്.... സ്വാശ്രയ കോളേജുകൾ, നിങ്ങളുടെ എതിർപ്പിനെ മറികടന്ന് ഞങ്ങൾ കൊണ്ടുവന്നതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് പ്രൊഫഷണൽ കോളേജുകൾ എത്രയെണ്ണം വന്നു, അത് നിർത്തിയിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി? ഒന്നോ രണ്ടോ എഞ്ചിനീയറിംഗ് കോളേജുണ്ടായേനേ....

<u>മി. സ്പീക്കർ</u>: യെസ്... പ്ലീസ്.... പ്ലീസ്...

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അവസാനിപ്പിക്കുകയാണ്. ഒന്നോ രണ്ടോ എഞ്ചിനീയറിംഗ് കോളേജുകളും ഒന്നോ രണ്ടോ മെഡിക്കൽ കോളേജുകളുമായി കാലംകഴിക്കേണ്ടി വരുമായിരുന്നു. ഇപ്പോൾ പോയിപ്പോയി അവസാനം നിങ്ങൾ എക്സ്ട്രീം വലതുപക്ഷ ഗവൺമെന്റ് ചെയ്യുന്നതുപോലെ എവിടെനിന്ന് കിട്ടിയാലും കടമെടുക്കുന്നു. ലണ്ടനിൽ പോയി മണിഅടിച്ചാലും തരക്കേടില്ല പണം കിട്ടിയാൽ മതി എന്ന സ്ഥിതിയിലായി. ദുർവ്യയങ്ങളും അതുപോലെത്തന്നെ ഭാവനയില്ലാത്ത പരിപാടികളും ഫിനാൻസ് മാനേജ്മെന്റൊക്കെ തെറ്റി അവസാനം ഇപ്പോൾ എത്തിപ്പെട്ടിരിക്കുന്ന അപകടം മനസ്സിലായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ വീണ്ടുമൊരു പ്രസ്താവനകൂടി ചെയ്ത് കാര്യങ്ങളൊന്നും നടക്കില്ലെന്ന് ഒരിക്കൽക്കൂടി...... ഫണ്ട് എവിടെനിന്ന് കിട്ടുമെന്ന് ആ പ്രസ്താവനയിൽ കാണിച്ചിട്ടേയില്ല. പെൻഷൻ കുടിശ്ശികയ്ക്കായി പെൻഷൻ ഫണ്ട് ബോർഡുണ്ടാക്കി അത് കടമെടുത്ത് കൊടുക്കുമെന്ന് പറഞ്ഞതാണ്. അതിപ്പോൾ പുലിവാലായി അവശേഷിക്കുകയാണ്. ആ സമയത്താണ് പെൻഷൻ ഈ വർഷം രണ്ട് ഗഡു,

അടുത്ത വർഷം രണ്ട് ഗഡു, പിന്നീട് എല്ലാമാസവും കൃത്യമായി കൊടുക്കുമെന്നാണ് പറയുന്നത്. എന്താണിത്? അതുകൊണ്ടുതന്നെ ഇന്നത്തെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയുടെ അർത്ഥമെന്ന് പറയുന്നത് കാര്യമായിട്ടൊന്നും നടക്കാൻ പോകുന്നില്ല. അതിന് നിങ്ങൾക്ക് സാധിക്കുകയുമില്ല, നടക്കില്ലെന്ന് നാട്ടുകാരെ അറിയിക്കാനായി ഒരു വൈറ്റ് പേപ്പർ ഇറക്കിയെന്നേ പറയാനുള്ളൂ. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇവിടെ വളരെ മുതിർന്ന ആദരണീയനായ പ്രതിപക്ഷ ഉപനേതാവ് അടക്കമുള്ള പ്രതിപക്ഷാംഗങ്ങളുടെ സംസാരം കേട്ടപ്പോൾ എനിക്ക് വളരെ നിരാശ തോന്നി. അത് മറ്റൊന്നും കൊണ്ടല്ല. ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗൗരവകരമായ പ്രശ്നമെന്താണ്? കേന്ദ്രം വൈരനിര്യാതന ബുദ്ധിയോടെ നമ്മളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട ധനകാര്യ വിഹിതം ഭരണഘടനാ വിരുദ്ധമായി എല്ലാ വ്യവസ്ഥകളെയും ലംഘിച്ചുകൊണ്ട് നമുക്ക് നിഷേധിക്കുകയാണ്. അവർ

നടത്തുന്ന സാമ്പത്തിക ഉപരോധം ഈ ഗവൺമെന്റിനെയോ, എൽ.ഡി.എഫ്.-നോ എതിരായിട്ട് മാത്രമല്ല. ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും എതിരായിട്ടുള്ളതാണ്, ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരായിട്ടുള്ളതാണ്. ആ ഘട്ടത്തിൽ ഒരുമിച്ച് നിൽക്കേണ്ടതിനുപകരം ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ബലികഴിക്കുന്ന കോൺഗ്രസ്സ് കേന്ദ്രസർക്കാരിന്റെ നയങ്ങൾക്ക് ഓശാന പാടുന്ന സമീപനമാണ് പ്രതിപക്ഷം ഇപ്പോഴും സ്വീകരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭയ്ക്ക് തൊട്ടുമുമ്പുണ്ടായിരുന്ന സഭാസമ്മേളനത്തിൽ കേന്ദ്ര അവഗണനയ്ക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജന്തർ മന്തറിൽ സമരം നടത്തിയപ്പോഴും ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചപ്പോഴും ആ ഘട്ടത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിച്ചപ്പോൾ ഈ തിരഞ്ഞെടുപ്പ് വേളയിലാണോ സഹകരണം, അതുകഴിഞ്ഞ് നമുക്കാലോചിക്കാമെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവുതന്നെ ഈ സഭയിൽ സൂചിപ്പിച്ചതാണ്. പക്ഷേ ഇപ്പോൾ അവർ അതിൽനിന്നും പിന്നാക്കം പോകുകയാണ്. 'എന്നെ തല്ലണ്ട അമ്മാവാ ഞാൻ

നന്നാവൂലാന്ന് പറയുന്ന നയത്തിലേക്ക് അവർ പൊയ്ക്കൊണ്ടിരിക്കുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് അക്കാര്യം. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിലൂടെ ഈ സംസ്ഥാനത്ത് ശ്രദ്ധേയമായ ചില പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ സുവ്യക്തമായി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയപ്പോൾ അതിനെ സ്വാഗതം ചെയ്യുന്നതിനുപകരം അതൊന്നും നടക്കില്ല, നടക്കില്ലെന്ന് മുൻവിധിയുമായി വരുന്ന ഇവരുടെ വികലമായ മനസ്സിന്റെയും വികസന വിരോധത്തിന്റെയും പ്രതിഫലനമാണ് അവർ പ്രകടിപ്പിക്കുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നാളെ കഴിഞ്ഞ് ഒരു  ദിവസം കഴിഞ്ഞാൽ വിഴിഞ്ഞം തുറമുഖത്ത് ലോകത്തെ ഏറ്റവും വലിയ കപ്പൽ അടുക്കുകയാണ്. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം നടന്നിട്ടുള്ള ഏറ്റവും വലിയ വികസനമല്ലേ? മറ്റ് എത്രയോ കാര്യങ്ങൾ, ഇവിടെ ദേശീയ പാത വികസനത്തിന്റെ കാര്യം..., നമ്മുടെ പൊതുമരാമത്ത് റോഡുകളുടെ വികസനം, ആശുപത്രികളുടെ വികസനം, സ്കൂളുകൾ സ്മാർട്ട് സ്കൂളുകളായി മാറ്റിയത്, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കിയത്, കൊച്ചി വാട്ടർ മെട്രോ നടപ്പിലാക്കിയത്,  കെ-ഫോൺ നടപ്പിലാക്കിയത്,

മലയോര പാതകൾക്ക് അടക്കം, മെഡിസെപ്പ് അടക്കം ലൈഫ് പദ്ധതിയിലൂടെ നാല് ലക്ഷത്തിലധികം വീടുകൾ പൂർത്തീകരിച്ചതടക്കം സംസ്ഥാനത്തിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്താവുന്ന എത്രയോ അതുല്യമായ നേട്ടങ്ങളാണ് ഈ ഗവൺമെന്റ് സാമ്പത്തിക ഉപരോധത്തിൽപ്പെട്ട് ഞെരുങ്ങുമ്പോഴും നടത്തുന്നത്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ ഒരു പത്മവ്യൂഹത്തിലാക്കാനുള്ള ശ്രമമല്ലേ കേന്ദ്ര ഗവൺമെന്റും സംസ്ഥാനത്തെ ബി.ജെ.പി.-യും പ്രതിപക്ഷവുമെല്ലാം ചേർന്ന് നടത്തുന്നത്. ആ പത്മവ്യൂഹം ഭേദിച്ചുകൊണ്ട്, കേരളത്തിലെ ജനങ്ങളെ മുന്നോട്ട് നയിച്ചുകൊണ്ട് അജയ്യമായി ഈ ധനകാര്യ വകുപ്പും ഈ ഗവൺമെന്റും മുന്നോട്ട് പോകുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യ കമ്മീഷൻ അവാർഡിന്റെ കാര്യത്തിലടക്കം നമ്മൾ നേരിടുന്ന വിവേചനങ്ങൾ എന്നുപറയുന്നത് ജനാധിപത്യ വ്യവസ്ഥയോടും ഫെഡറൽ തത്വങ്ങളോടും ഭരണഘടനയുടെ 202-ാം വകുപ്പ് പ്രകാരമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക അവകാശങ്ങളിന്മേലൊക്കെയുള്ള കടന്നുകയറ്റമാണ്. അതിനെതിരെ പ്രതിരോധിക്കാൻ നമ്മൾ ഒറ്റക്കെട്ടായി നിൽക്കേണ്ടത് ഈ സംസ്ഥാനത്തിന്റെ

ഭാവികാല താൽപ്പര്യങ്ങൾക്ക് ഏറ്റവുമധികം അനുഗുണമായ ഒരു വലിയ പൊതുആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗ്രാന്റുകളുടെ കാര്യത്തിൽ ഇപ്പോൾ വലിയൊരു വെട്ടിക്കുറവ് നാം അഭിമിഖീകരിക്കുകയാണ്. അതുപോലെ സംസ്ഥാനത്തിന്റെ കുടിശ്ശികകൾ-യു.ജി.സി. ശമ്പള പരിഷ്കരണം 750 കോടി രൂപ കുടിശ്ശിക, നഗര വികസന ഗ്രാന്റിന്റെ കുടിശ്ശിക 546.45 കോടി രൂപ, ഗ്രാമവികസന ഗ്രാന്റിന്റെ കാര്യത്തിൽ 1008 കോടി രൂപ കുടിശ്ശിക, ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് 790 കോടി രൂപ കുടിശ്ശിക, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ലഭ്യമാകേണ്ട തുകയിൽ 138 കോടി രൂപ കുടിശ്ശിക, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ടിൽ 69 കോടി രൂപ കുടിശ്ശിക, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസിന് 1925 കോടി രൂപ കുടിശ്ശിക, ജി.എസ്.ടി. നഷ്ടപരിഹാരം 511 കോടി രൂപ കുടിശ്ശിക. ഇങ്ങനെ എത്രയോ കാര്യങ്ങളിൽ കേരളത്തിന് അർഹതപ്പെട്ടത് നിഷേധിക്കുന്ന സ്ഥിതിയാണ് ഇവിടെ അഭിമുഖീകരിക്കുന്നത്. അതിനെതിരെ ഒരുമിച്ചുനിന്ന് ശബ്ദമുയർത്തുകയും ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയുമല്ലേ ഉത്തരവാദിത്വമുള്ള ക്രിയാത്മകമായ

പ്രതിപക്ഷത്തിന്റെ ദൗത്യം. കാർഷികമേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികളും സംരക്ഷണ പ്രവർത്തനങ്ങളും ആവിഷ്ക്കരിക്കരിക്കേണ്ടതുണ്ടെന്ന കാര്യം ഇവിടെ ഉന്നയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രധാനമായും, കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ ഒരു നട്ടെല്ലായി വിശേഷിപ്പിക്കാൻ കഴിയുന്ന ഒന്നാണ് റബ്ബർ കൃഷി. ആ കൃഷിയെ ഇന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് പറിച്ചുനടാൻ ബോധപൂർവമായ ശ്രമം കേന്ദ്ര സർക്കാരിന്റെ ഒത്താശയോടുകൂടി നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിൽ നമുക്ക് വിരോധമില്ല, സന്തോഷമുള്ള കാര്യമാണ്. പക്ഷേ കേരളത്തിലെ റബ്ബർ കാർഷികമേഖലയെ തകർത്തുകൊണ്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അഞ്ചുലക്ഷത്തിൽപ്പരം ഹെക്ടർ സ്ഥലത്ത് പുതുതായി റബ്ബർ കൃഷി നടത്തുന്നതിനായി റബ്ബർ പ്രൊഡ്യൂസേഴ്സായ ടയർ ഉല്പാദക കമ്പനികളുടെ സി.എസ്.ആർ. ഫണ്ടുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊടുത്തുകൊണ്ട് കേരളത്തിലെ റബ്ബർ കാർഷിക മേഖലയെയടക്കം കാർഷിക മേഖലയെ തകർക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ അതിനെ സംരക്ഷിക്കുന്നതിനുള്ള നയങ്ങളുമായി

നമ്മൾ കഴിയുന്നതൊക്കെ ചെയ്യുന്നുണ്ട്. വെള്ളൂരിൽ സ്ഥാപിച്ചിട്ടുള്ള കേരള റബ്ബർ ലിമിറ്റഡ് നല്ല രീതിയിൽ മുന്നോട്ടുകൊണ്ട് പോകുന്നതിനും അതിന്റെ ഉല്പാദനവും മൂല്യവർധിത ഉല്പന്നനിർമ്മാണവും ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ബജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ ഞാൻ ആവശ്യപ്പെട്ടൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കുടുംബ കോടതികളിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്യുന്നതിനുള്ള ഫീസും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾക്കുള്ള ഫീസും വർദ്ധിപ്പിച്ച നടപടി പിൻവലിക്കണമെന്ന അഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണക്കുകയാണ്.

'ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം' എന്ന മഹാകവി വള്ളത്തോളിന്റെ വാക്യങ്ങൾ നമ്മളെല്ലാവരും നെഞ്ചേറ്റി, നെഞ്ചിൽ പേറികൊണ്ട്, സംസ്ഥാന താല്പര്യങ്ങൾക്കുവേണ്ടി ഒരുമിച്ച് നിൽക്കേണ്ട ഒരു ഘട്ടമാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി

പിന്തുണയ്ക്കുന്നതായി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ, ആ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനുള്ള കാര്യക്ഷമമായ ഒരു പരിശ്രമവും സംസ്ഥാന ഗവൺമെന്റിന് നടത്താൻ കഴിയുന്നില്ലെന്ന പ്രധാനപ്പെട്ട കുറ്റപ്പെടുത്തലാണ് പ്രതിപക്ഷം നടത്തിയിട്ടുള്ളത്. അതിന് തൃപ്തികരമായ പരിഹാരം ഗവൺമെന്റിന് ഇതുവരെ മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. ഇങ്ങനെയൊരു ഗുരുതരമായ സ്ഥിതിവിശേഷത്തിൽ നിൽക്കുമ്പോൾ വികസനരംഗത്ത് വലിയ സ്തംഭനാവസ്ഥ നമ്മൾ കാണുകയാണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച ചട്ടം 300 അനുസരിച്ച സ്റ്റേറ്റ്മെന്റിൽ, ഇത്തരത്തിലുള്ള കാര്യങ്ങൾക്കെല്ലാം ഒരു ആശ്വാസമുണ്ടാകുമെന്നും കുറെ കാര്യങ്ങളൊക്കെ കൊടുക്കുമെന്നും

നമ്മളെല്ലാവരും പ്രതീക്ഷിച്ചു. ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ നല്ലതാണ്. എന്നാൽ ഇതെങ്ങനെ ചെയ്യും, എങ്ങനെ നടപ്പാക്കുമെന്ന പ്രശ്നം പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ചിരുന്നു. പ്രതിപക്ഷത്തിന് വികസന വിരോധം, മുൻവിധിയോടെ എതിർക്കുന്നു എന്നെല്ലാം എനിക്ക് തൊട്ടുമുമ്പ് ഇവിടെ സംസാരിച്ച ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞു. അങ്ങനെയല്ല, അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പാളിച്ചകൾ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നൽകിയ സ്റ്റേറ്റ്മെന്റിൽ പതിമൂന്നാമത്തെ ഐറ്റമായി പറയുന്നത്, വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകൾ നടപ്പാക്കും എന്നാണ്. ഇത് 2017-18 കാലഘട്ടം മുതൽ കേട്ടുകൊണ്ടിരിക്കുകയാണ്. ഈ പാക്കേജിന്റെ പേരിൽ ഒറ്റ പൈസപോലും കേരളത്തിൽ ചെലവഴിച്ചിട്ടില്ല. വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകളിൽ തുക ചെലവഴിച്ചിട്ടുണ്ടോ? ഒന്നാം പാക്കേജ് വേറെയാണ്, ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തെ ഒന്നാം പാക്കേജിനെക്കുറിച്ച് ഇപ്പോൾ പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്;.... എല്ലാ ബജറ്റുകളിലും ഈ

പാക്കേജുകൾ ആവർത്തിച്ച് പറയുകയാണ്. സത്യത്തിൽ ഈ മേഖലയിലുള്ള ജനങ്ങളെ ഗവൺമെന്റ് കബളിപ്പിക്കുകയും അപമാനിക്കുകമാണ്. ഇങ്ങനെ ചെയ്യുന്നതിൽ എന്തർത്ഥമാണെന്നാണ് ഞങ്ങൾ ചോദിക്കുന്നത്; ഇതിന് ഒരു വിശ്വാസ്യത വേണം. ആ വിശ്വാസ്യതയ്ക്കുവേണ്ടിയാണ് പറയുന്നത്, ഒരു ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം വച്ചിരുന്നെങ്കിൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമായിരുന്നു. പക്ഷേ അങ്ങനെയുണ്ടായിട്ടില്ല. ഒരുപക്ഷെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അത് ചൂണ്ടിക്കാണിച്ചേക്കാം. അത് ചൂണ്ടിക്കാണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതെങ്ങനെ നടക്കുമെന്നതും വിശദമാക്കേണ്ടതായിട്ടുണ്ട്.

കേരളത്തിലെ കർഷകരെ മറന്നുകൊണ്ടാണ് ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് വന്നിരിക്കുന്നത് എന്നതിൽ ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കർഷകർക്കുവേണ്ടി എന്താണുള്ളത്; റബ്ബറിന്റെ കാര്യത്തിൽ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ കേന്ദ്രസർക്കാരിന്റെ കാര്യം സൂചിപ്പിച്ചു. വടക്കേ ഇന്ത്യയിലേയ്ക്ക് റബ്ബർ കൊണ്ടുപോകുന്ന തുടങ്ങിയ വിവിധ

കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. റബ്ബർ കൃഷിക്കാർക്കുവേണ്ടി എൽ.ഡിഎഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച 250 രൂപയുടെ വിലസ്ഥിരതാ ഫണ്ടുണ്ട്. റബ്ബറിന് 60 രൂപയും 70 രൂപയും വിലയുള്ള സമയത്ത് യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപ പ്രഖ്യാപിച്ചപ്പോൾ വലിയ ആശ്വാസമായി. അന്ന് ഏതാണ്ട് 80 രൂപയോളം സംസ്ഥാന ഗവൺമെന്റ് കൊടുക്കുകയാണ് ചെയ്തത്. റബ്ബറിന്റെ ഇന്നത്തെ മാർക്കറ്റ് വില 206 രൂപയാണ്. ഗവൺമെന്റിന്റെ വിലസ്ഥിരതാ ഫണ്ട് 160/170 രൂപയാണ്. 170 രൂപ പ്രഖ്യാപിച്ചെങ്കിലും കൊടുത്തിട്ടില്ല. കൃഷിക്കാർക്ക് സർക്കാരിന്റെ ഈ സഹായംകൊണ്ട് ഒരു പ്രയോജനവുമില്ല. കാരണം, 206 രൂപ മാർക്കറ്റിൽ റബ്ബർ കൊടുത്താൽ ലഭിക്കും. റബ്ബറിന്റെ വില 250 രൂപയാക്കി അടിയന്തരമായി വർധിപ്പിക്കണമെന്ന ആവശ്യം നിരന്തരമായി ഞങ്ങൾ സഭയിൽ ഉന്നയിക്കുകയാണ്. കഴിഞ്ഞ സഭാസമ്മേളനത്തിൽ ഈ വിഷയം സംബന്ധിച്ച് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ ഇന്നലെ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിൽ കാർഷികമേഖലയുടെ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. കാർഷിക മേഖലയുടെ തകർച്ച കണക്കിലെടുത്ത് ഒരു

കാർഷിക പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നാണ് ഞങ്ങൾ പ്രധാനമായും ഉന്നയിച്ച വിഷയം. അത് ഈ സ്റ്റേറ്റ്മെന്റിലുണ്ടായോ; ബഹുമാനപ്പെട്ട കേരള കോൺഗ്രസ്സ് അംഗങ്ങളെങ്കിലും ഈ വിഷയത്തിൽ ഇടപെടേണ്ടതല്ലേ; ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല. നിങ്ങൾ ഇനി ഇടപെട്ടിട്ട് ഒരു കാര്യവുമില്ലെന്ന് പാലയിൽവച്ച് മുഖ്യമന്ത്രി തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു കാര്യവുമില്ലെന്ന് ജനങ്ങളും തെളിയിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി റബ്ബറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ നിലപാടും സർക്കാരിന്റെ നയവും ഞങ്ങൾക്കെല്ലാം ബോധ്യപ്പെട്ടിട്ടുണ്ട്. അത് കുഴപ്പമില്ല, അക്കാര്യങ്ങൾ അവിടെ നിൽക്കട്ടെ; പക്ഷേ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ..... (മൈക്ക് ഓഫ്)......റബ്ബറിന് 170 രൂപയായി വർദ്ധിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എനിക്ക് സംസാരിക്കാൻ ആകെ രണ്ടുമിനിട്ട് സമയം മാത്രമാണ് ബാക്കിയുള്ളത്. 170 രൂപയായി വർധിപ്പിച്ചതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്; യു.ഡി.എഫ്.

ഗവൺമെന്റിന്റെ ഭരണകാലത്താണ് 150 രൂപ കൊണ്ടുവന്നത്. 160 രൂപയുണ്ടായിരുന്നത് 170 രൂപയായി വർദ്ധിപ്പിച്ചുവെന്ന് നിങ്ങൾ പറഞ്ഞു. എപ്പോഴാണ് കൂട്ടിയത്; മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി സർക്കാരിൽ നമ്മളെല്ലാവരുമുള്ളതാണ്.... റബ്ബറിന് 250 രൂപ കൊടുക്കുമെന്ന് പറഞ്ഞ എൽ.ഡി.എഫ്.-ന്റെ വാഗ്ദാനം നിറവേറ്റണം. എങ്കിൽ മാത്രമെ ആളുകൾക്ക് പ്രയോജനമുള്ളൂ. കാർഷിക മേഖലയ്ക്കുവേണ്ടി കാർഷിക പാക്കേജ് കൊണ്ടുവരണമെന്ന ആവശ്യം ഗവൺമെന്റിന്റെ മുമ്പിൽ വീണ്ടും ഞങ്ങൾ വയ്ക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ വീണ്ടും കെ-റെയിലിനെക്കുറിച്ച് പറയുകയാണ്. കെ-റെയിൽ പദ്ധതിയുമായി ഇനി കേരളത്തിലിറങ്ങേണ്ട വല്ല കാര്യവുണ്ടോ; നമ്മുടെ ഭൂരിപക്ഷം എം.എൽ.എ.-മാരും വന്ദേ ഭാരത് ട്രെയിനിൽ യാത്ര ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ഈ ട്രെയിനിൽ യഥാർത്ഥത്തിൽ എത്ര സൗകര്യമാണ്. ഞാൻ കോട്ടയത്തുനിന്ന് 8.10-ന് ട്രെയിനിൽ കയറുന്നു,

10.30-ന് തിരുവനന്തപുരത്ത് വന്നിറങ്ങുന്നു. കാസർഗോഡ് മുതലുള്ള എം.എൽ.എ.-മാർ ആ ട്രെയിനിലാണ് വരുന്നത്. നമ്മുടെ സംസ്ഥാനത്തിന് ഒരു തുകപോലും മുടക്കില്ലാതെ, വളരെ ചുരുങ്ങിയ സമയംകൊണ്ട് തിരുവനന്തപുരത്ത് എത്താൻ കഴിയും. ഇപ്പോഴുള്ള റെയിൽപാളത്തിലൂടെയാണ് ഈ ട്രെയിൻ ഓടുന്നത്. ഇതുപോലെ സൗകര്യപ്രദമായും ലാഭകരമായ ഒരു സാധ്യതയുള്ളപ്പോൾ സംസ്ഥാന ഗവൺമെന്റ് കെ-റെയിലിന് പുറകെ പോകുകയാണോ ചെയ്യേണ്ടത്; കേരളത്തിൽ വന്ദേ ഭാരത് ട്രെയിൻ കൂടുതലായി ഓടിക്കാനുള്ള സാഹചര്യമുണ്ടാകണം. നിലവിലുള്ള ട്രെയിനുകൾ കൃത്യമായി ഓടിക്കാൻ കഴിയുന്ന വിധത്തിൽ സിഗ്നൽ സിസ്റ്റവും റെയിൽവേ പാളങ്ങളുമെല്ലാം മെച്ചപ്പെട്ടതാക്കി മാറ്റണം. അതിനുവേണ്ടി ഒരു ഇടപെടലല്ലേ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടത്; അതിനുപകരം രണ്ടുലക്ഷം കോടി രൂപ സ്വപ്നം കണ്ടുകൊണ്ട്, 'കെ-റെയിൽ, കെ-റെയിൽ' എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത് ഇനിയെങ്കിലും നിർത്താനുള്ള ജനാധിപത്യ മര്യാദ എൽ.ഡി.എഫ്. ഗവൺമെന്റ് കാണിക്കണമെന്ന് ഞാൻ

വിനയപൂർവം അഭ്യർത്ഥിക്കുകയാണ്. കാരണം, പാവപ്പെട്ട ആളുകൾ ഉറക്കമില്ലാതെ ഭൂമിപോകുമെന്ന് കരുതി ഇപ്പോഴും സങ്കടപ്പെട്ട് കിടക്കുകയാണ്. ഇതിന് വല്ല കാര്യവുമുണ്ടോ; അവരെ മുൾമുനയിൽ നിർത്തി അവരെ കഷ്ടപ്പെടുത്തേണ്ട കാര്യമില്ല. അതുകൊണ്ട് അവർക്കൊരു ശാപമോക്ഷം കൊടുക്കണം. കെ-റെയിൽ പദ്ധതി ഉപേക്ഷിക്കുന്നതായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കണം. വന്ദേ ഭാരത് പോലുള്ള സാധ്യതകൾ കേന്ദ്ര ഗവൺമെന്റുമായി ചേർന്നുനിന്നുകൊണ്ട് പരമാവധി കേരളത്തിൽ നടപ്പാക്കാൻ വേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണം. പ്രായോഗികമായി കേരളത്തിൽ ഗുണകരമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. കുടിശ്ശിക പിരിക്കുന്ന കാര്യത്തിലുൾപ്പെടെ ഗവൺമെന്റിന് ഒരു കാഴ്ചപ്പാടും സമീപനവുമുണ്ടല്ലോ; 2016-17 മുതൽ കുടിശ്ശിക ഇനത്തിലെ കണക്കുപ്രകാരം 11866.96 കോടി രൂപയുടെ കുടിശ്ശികയുള്ള സ്ഥാനത്ത് ഇപ്പോൾ 20000 കോടി രൂപ കഴിഞ്ഞിരിക്കുകയാണ്. കുടിശ്ശിക പിരിക്കാൻ കഴിയുന്നില്ല. ധനകാര്യ

മാനേജ്മെന്റിന്റെ കാര്യത്തിൽ വരുന്ന പാളിച്ചകളാണ് ഇവിടെ സംഭവിക്കുന്നത്. ഇതുകൊണ്ട് വികസന പ്രവർത്തനങ്ങൾ മുഴുവൻ സ്തംഭനത്തിലാകുന്നു. ജൽ ജീവൻ മിഷനിൽ കോടിക്കണക്കിന് രൂപയുടെ കടബാധ്യത. പൊതുമരാമത്ത് വകുപ്പിൽ റോഡ് നന്നാക്കാൻ കാരറുകാർ തയ്യാറാകുന്നില്ല. കോടികണക്കിന് രൂപയുടെ കുടിശ്ശിക. ആദ്യം പരിഹരിക്കേണ്ടത് ഇത്തരത്തിലുള്ള പ്രശ്നങ്ങളാണ്. അത് പരിഹരിക്കാൻവേണ്ടി, മുൻഗണന കൊടുക്കണം, ഗവൺമെന്റിന്റെ പ്രയോരിറ്റി അതാണ്. ഞങ്ങൾ പല പ്രാവശ്യം അക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. അടിസ്ഥാനവികസന കാര്യങ്ങളിൽ മുടങ്ങിക്കിടക്കുന്ന പ്രതിസന്ധിയുള്ള കാര്യങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് മുൻഗണന നൽകാൻ തയ്യാറാകണം. ആ നിലയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തയ്യാറാകാത്ത നിലപാട് സ്വീകരിക്കുന്ന ധനാഭ്യർത്ഥനകൾ കൊണ്ടുവരുന്നതിനാൽ അതിനെ ശക്തമായി എതിർക്കുന്നു.

ശ്രീമതി ദെലീമ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും പൂർണ്ണമായി പിന്തുണയ്ക്കുന്നു. കർഷകരോടുള്ള

ആത്മാർത്ഥത കാരണം അപ്പുറത്തെ സൈഡിൽ കുറച്ച് അംഗങ്ങൾ മാത്രമേ ഇപ്പോഴുള്ളൂ. കുറച്ചുപേർകൂടി ആകാമായിരുന്നു. എല്ലാവരും ഇറങ്ങിപ്പോയി. "അകത്തു നിറഞ്ഞു നിൽക്കുന്ന സ്വാർത്ഥത മറ്റൊരാളെ ഭയക്കുന്നു; കയ്പനുഭവങ്ങളിലൂടെ കടന്നുപോയതുകൊണ്ടുമാത്രം നിങ്ങളുടെ നിലപാടുകൾക്ക് ചവർപ്പുണ്ടാകണമെന്നില്ല; പരിക്കേറ്റിട്ടും പ്രണയിക്കുന്നവരാണ് നമ്മൾ." ഈ വരികൾ ഫാദർ ബോബി ജോസ് കട്ടിക്കാടിന്റേതാണ്. ഞാൻ ബോബി ജോസ് അച്ചന്റെ വാക്കുകളെ എന്നും പ്രണയിക്കുന്നവളാണ്. അകത്ത് നിറഞ്ഞുനിൽക്കുന്ന സ്വാർത്ഥത മറ്റൊരാളെ ഭയക്കുന്നു എന്നത് ഞാൻ ഇവിടെ ചിന്തിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് പ്രതിപക്ഷത്തെയാണ്. ഇവർ എന്തിനാണ് ഇത്രയേറെ നമ്മളെ ഭയക്കുന്നത്? പ്രകൃതി ദുരന്തങ്ങൾ നമ്മുടെ കയ്പനുഭവങ്ങളല്ലായിരുന്നു. ആ ആപത്തുകാലത്ത് തണലായിത്തീർന്നതല്ലേ ഇടതുപക്ഷ പിണറായി സർക്കാർ. അതൊരു അസാധാരണ സംരക്ഷണത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയല്ലേ? നന്ദിയുള്ളവർ എന്നും ആപത്തിൽ തണലായിരുന്നവരെ തിരഞ്ഞെടുക്കുമെന്നതിനാൽ ജനങ്ങൾ നന്ദിയുള്ളവരാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

എന്റെ നാട്ടിൽ ഒരു അന്തോണി ചേട്ടനുണ്ടായിരുന്നു. തീരെ നിർദ്ധനനായിരുന്നുവെങ്കിലും എന്ത് ഭക്ഷണം മക്കൾക്കുണ്ടാക്കിയാലും അതിൽനിന്നും കുറച്ചെടുത്ത് കൊച്ചിനെന്ന് പറഞ്ഞ് എനിക്ക് കൊണ്ടുതരുമായിരുന്നു. 10 സെന്റ് സ്ഥലവും അതിൽ ജീവിക്കാൻ ഒരു കൂരയും ഉണ്ടായെങ്കിൽ അത് ഇടതുപക്ഷ സർക്കാർ ഭരണത്തിലേറിയശേഷം നൽകിയതായതിനാൽ ഞാൻ ശക്തനായ സഖാവാണെന്ന് നെഞ്ചിൽ കൈവച്ച് ആ മനുഷ്യൻ എന്നോട് പറയുമായിരുന്നു. പണമുള്ളവന്റെ പിന്നാമ്പുറങ്ങളിൽ ഞെരുക്കുന്ന ജീവിതം പേറുന്നവരായിരുന്നു എന്റെ സഖാക്കൾ. അന്ന് ഞാൻ എഴുതിയ ഒരു കവിതയിൽ,

"ബന്ധങ്ങളേറെ പ്രതാപികളെങ്കിലും
കണ്ടനുകമ്പ ചൊരിഞ്ഞില്ലൊരുത്തനും
ബന്ധം പറയുവാൻ വല്ലാതെ ക്ലേശിച്ചു
കണ്ടില്ലായെന്നു നടിച്ചുനടന്നവർ
എച്ചിലുപോലും കൊടുക്കുവാൻ ശുഷ്കിച്ച
അത്ര ധനാഢ്യരാണേറെയും ബന്ധങ്ങൾ"

അന്ന് ഞാൻ ഇപ്രകാരം എഴുതിവച്ചത് ഈ ചേട്ടന്റെ ദുഃഖം കണ്ടിട്ടാണ്. ഈ ഭൂമിയിലെ അവകാശങ്ങൾ തുല്യമായി അനുഭവിച്ച് കടന്നുപോകേണ്ടവരാണ് നമ്മൾ ഓരോരുത്തരും. പക്ഷേ കുറേ മനുഷ്യരെ പാവങ്ങളെന്നുതള്ളി അവരുടെ അവകാശങ്ങൾക്ക് തടയിട്ട് കുറേയാളുകൾ വളർന്നുപൊങ്ങുന്നു. പക്ഷെ ഇടതുപക്ഷ സർക്കാർ ഈ പാവങ്ങളെ ചേർത്തുനിർത്തിയതിനാൽ അവരാണ് യഥാർത്ഥ മനുഷ്യർ. ഒരു സംസ്ഥാനത്തിന്റെ വികസനം എങ്ങനെയായിരിക്കണമെന്ന് സർക്കാർ ഏകപക്ഷീയമായി തീരുമാനിക്കുകയല്ല ചെയ്തത്; മറിച്ച് ജനങ്ങളുടെ പ്രശ്നങ്ങളും വിഷമതകളും ആഗ്രഹങ്ങളും അറിഞ്ഞുകൊണ്ട് അതിനൊരു രൂപരേഖ തയ്യാറാക്കുവാനാണ് നമ്മുടെ സർക്കാർ തുനിഞ്ഞത്. അതായിരുന്നു നമ്മുടെ 'നവകേരള സദസ്സ്. അതിലൊരു തെറ്റിദ്ധാരണ പ്രതിപക്ഷത്തിനുണ്ടെങ്കിലും ജനങ്ങൾക്ക് ആ ധാരണയില്ല. കാരണം, ഒട്ടനവധി പ്രകൃതിദുരന്തങ്ങൾ നമ്മെ വേട്ടയാടുന്നതിനുമുമ്പേ സുസ്ഥിരമായ വികസനപ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നത്. ഇത് സത്യമായ ഒരു കാര്യമാണ്. ഇത്രയേറെ പ്രതിസന്ധികളുണ്ടായിരുന്നിട്ടും സമസ്തമേഖലയിലും ഇന്നും വികസന

പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലും ധാരാളം വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വികസന ക്ഷേമപ്രവർത്തനങ്ങളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കാകെ മാതൃകയാകുംവിധം മുന്നേറുകയാണ് നമ്മുടെ കേരളം. കേന്ദ്ര സർക്കാരിന്റെ 'നീതി ആയോഗ്' സൂചികയിൽ, ഇന്ത്യയിൽ ജനജീവിത നിലവാരത്തിൽ ഒന്നാം സ്ഥാനത്താണ് കേരളം നിലകൊള്ളുന്നത്. മറ്റു സംസ്ഥാനങ്ങളുമായി കേരളത്തെ താരതമ്യം ചെയ്താൽ നമ്മുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിവ എത്രയോ ഉയരങ്ങളിലാണ് നിൽക്കുന്നത്.

ആരോഗ്യമേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ ലോകശ്രദ്ധ നേടിയവയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ എത്ര പുരോഗതികളാണ് ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ളതെന്നതിന്റെ തെളിവായി ഓരോ മണ്ഡലങ്ങളിലുമുള്ള ആശുപത്രികളുടെ വികസനം മാത്രമെടുത്താൽ മതി. ഞാൻ ഒരു സ്കാനിംഗിനായി നമ്മുടെ ജനറൽ ആശുപത്രിയിൽ പോയി; എത്രയോ മനുഷ്യരാണ് അവിടെ വരുന്നത്. ഇതൊന്നും വികസനപ്രവർത്തനമല്ലേ?

എത്രയോ മഹത്തായ പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. അവിടെ ആരോഗ്യപ്രവർത്തനങ്ങളിലേർപ്പെടുന്ന ഓരോ മനുഷ്യർക്കും ആരെയും നോക്കാൻ സമയമില്ല; അത്രയ്ക്ക് തിക്കും തിരക്കുമാണ്. മനുഷ്യർ വരിയായി മരുന്നുവാങ്ങാൻ നിൽക്കുന്നതും മറ്റും എല്ലാവരും കാണുന്നില്ലേ? ഏതായാലും ഈ സർക്കാർ വലിയ മാറ്റമാണ് നമ്മുടെ നാട്ടിലുണ്ടാക്കിയത്. ആരോഗ്യമേഖലയിൽ ഇനിയും മാറ്റങ്ങൾ നമുക്ക് കൊണ്ടുവരാൻ കഴിയും.

അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ താലൂക്കാശുപത്രിയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കെട്ടിട ഉദ്ഘാടനത്തോടനുബന്ധിച്ച് കൂടുതൽ ഡോക്ടർമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും അവിടെ വേണ്ടിവരുന്നതിനാൽ ഇതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

മറ്റുള്ള സംസ്ഥാനങ്ങളിൽ ദേശീയപാതാ വികസനം പിന്നാക്കമായപ്പോൾ കേരളത്തിൽ സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ദേശീയപാത വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിന്റെ 25% നൽകി

നാടിന്റെ വികസനം സാധ്യമാക്കിയതിൽ ഞാൻ അഭിമാനിക്കുന്നു. ഒരിക്കലും കേരളത്തിൽ നടക്കില്ലെന്ന് പറഞ്ഞ വികസനമാണ് ദേശീയപാതയിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും ദേശീയപാത വികസന അതോറിറ്റിയുടെ ശ്രദ്ധക്കുറവുമൂലം അരൂർ മുതൽ തുറവൂർ വരെയുള്ള പ്രദേശത്തെ ജനങ്ങൾ വളരെ ബുദ്ധിമുട്ടിലാണ്. ഇക്കാര്യം ഞാൻ സബ്മിഷനിലൂടെ മുമ്പ് അവതരിപ്പിച്ചതാണ്. ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാകണമെന്നുകൂടി പറയുകയാണ്.

അതുപോലെ, ജലഗതാഗതമേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വേമ്പനാട്ടുകായലും അതിന്റെ കൈവഴികളും നിറഞ്ഞതാണ്. ഈ പ്രദേശങ്ങളിലെ ജനങ്ങൾ വർഷങ്ങളായി ആശ്രയിക്കുന്നത് ജലഗതാഗതത്തെയാണ്. ജലഗതാഗതത്തെ ടൂറിസവുമായി ബന്ധപ്പെടുത്തിയാൽ മണ്ഡലത്തിൽ വലിയ വികസനസാധ്യത കൈവരിക്കാൻ കഴിയും. കാരണം, കൊച്ചിയുടെയും എറണാകുളത്തിന്റെയും കോട്ടയത്തിന്റെയും ഏറ്റവും അടുത്ത് കിടക്കുന്ന പ്രദേശമാണ് അരൂർ. ദേശീയപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വലിയ ട്രാഫിക് ബ്ലോക്കുകൾ

ഉണ്ടാകുന്നതിനാൽ അതിന് പരിഹാരമായി മണ്ഡലത്തിലെ കിഴക്കൻ ഭാഗങ്ങളെ ജലഗതാഗതത്തിനുവേണ്ടി ഉപയോഗിച്ചാൽ എറണാകുളത്തേയ്ക്കുപോകേണ്ട ജനങ്ങൾക്ക് വലിയ ആശ്വാസമാകും. കൂടാതെ ടൂറിസം കേന്ദ്രീകരിച്ചുകൊണ്ട് പെരിമ്പളം, അരൂർ, അരൂക്കുറ്റി പ്രദേശങ്ങളിലൂടെ എറണാകുളത്തേയ്ക്കും കൊച്ചിയിലേക്കും യാത്ര ചെയ്യുന്നത് ടൂറിസം രംഗത്തിന് പുത്തൻ ഉണർവായിരിക്കും.

അരൂർ മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും പൊക്കാളി പാടശേഖരങ്ങളും കൈത്തോടുകളും നിറഞ്ഞതാണ്. ഒരു കാലഘട്ടത്തിൽ നെല്ലും തെങ്ങും കവുങ്ങുമായിരുന്നു ഞങ്ങളുടെ കൃഷി. ഇന്ന് കാർഷിക മേഖലയിലെ മറ്റ് പ്രദേശങ്ങളെപ്പോലെ അരൂരും പിന്നാക്കം പോയിരിക്കുകയാണ്. അവിടെ ഫാം റോഡുകൾ ആവശ്യമായി വരുന്നതിനോടൊപ്പം അവിടെയുള്ള പാടശേഖരങ്ങളും ബണ്ടുകെട്ടി സംരക്ഷിക്കണം. കൂടാതെ ഈ പ്രദേശത്ത് ധാരാളം ദേശാടനക്കിളികൾ വരുന്നതിനാൽ ടൂറിസത്തിന്റെ വളർച്ചയ്ക്ക് അനുയോജ്യമായ പ്രദേശമാണ്.

ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികളിൽ സംസ്ഥാന സർക്കാർ എത്രയോ മുന്നിലാണെന്നുള്ള കാര്യം അഭിനന്ദനാർഹമാണ്. പക്ഷേ ഇടക്കിടയ്ക്ക് ജപ്പാൻ കുടിവെള്ള പദ്ധതി റോഡുപണികളുമായി ബന്ധപ്പെട്ട് പൈപ്പ് പൊട്ടുന്നതിനാൽ തീരദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്താത്ത സാഹചര്യമുണ്ട്. തുറവൂർ പോലെയുള്ള പഞ്ചായത്തുകളിൽ ടാങ്ക് നിർമ്മിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ വളരെയധികം മാറ്റമുണ്ടാക്കാൻ കഴിയും.

കേരളത്തെ ഒരു ശത്രുരാജ്യമെന്ന നിലയിലാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ പരിഗണിക്കുന്നത്. കേരളത്തിനെതിരായി നിരന്തരം ശത്രുതാപരമായ സമീപനമാണ് അവർ സ്വീകരിക്കുന്നത്. ഈ സാമ്പത്തിക പ്രതിസന്ധിയിലും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുകയെന്ന ചിറ്റമ്മ നയമാണ് കേന്ദ്രസർക്കാർ ഗവർണ്ണറെ ഉപയോഗപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാപരമായ കാഴ്ചപ്പാടുകളെ കാറ്റിൽപ്പറത്തി നിയമസഭ പാസാക്കുന്ന ബില്ലുകൾ ഒപ്പിടാതെ കാലതാമസം വരുത്തുന്ന നടപടികളാണ് കേരളത്തിൽ അരങ്ങേറുന്നത്.

സംസ്ഥാന സർക്കാരിനെ രാഷ്ട്രീയതാല്പര്യത്തോടുകൂടി കണ്ട് ദുർബലപ്പെടുത്തുന്നതിന് സാമ്പത്തികപ്രതിസന്ധി സൃഷ്ടിച്ച് ഇടതുപക്ഷ സർക്കാർ പ്രതിസന്ധിയിലാണെന്ന് പറഞ്ഞുപരത്തുന്ന തന്ത്രമാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം സ്വീകരിക്കുന്നത്. ഇതൊരു ഫെഡറൽ സംവിധാനത്തിനോടുള്ള വെല്ലുവിളിയല്ലേ? കേന്ദ്ര വികസന പദ്ധതികളിൽ കേരളം തുടർച്ചയായി അവഗണിക്കപ്പെടുന്നു. നിയമാനുസൃതമായും ഭരണഘടനാപരമായും സംസ്ഥാനത്തിന് ലഭിക്കേണ്ടതെല്ലാം നിഷേധിക്കപ്പെടുകയാണ്. ഈ അവഗണനയെല്ലാം മറികടന്നുകൊണ്ട് ജനങ്ങളോടുള്ള കടമകൾ നിർവഹിക്കുന്നതിൽ, സമസ്തമേഖലയിലും വികസനപ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ നിർവഹിച്ച് മുന്നേറുന്ന സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ

കാഴ്ചപ്പാടിനെയും സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നടത്തിയ പ്രസംഗത്തിൽ വസ്തുതകൾ നിരത്തിവച്ച് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തെപ്പറ്റി ഓർക്കുമ്പോൾ കേരളീയരായ നമുക്ക് അഭിമാനിക്കാം. എന്തുകൊണ്ടെന്നാൽ, ഇന്ത്യയിൽ ഒരു സംസ്ഥാനവും ഇതുപോലെ പുരോഗതിയാർജ്ജിച്ച, മതസൗഹാർദ്ദതയുള്ള, വർഗ്ഗീയ ലഹളയില്ലാത്ത, പാടത്ത് പണിയെടുത്താൽ വരമ്പത്ത് കൂലി കിട്ടുന്ന, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ, കുടികിടപ്പവകാശം നൽകിയ, 62 ലക്ഷം പേർക്ക് പെൻഷൻ 1,600/- രൂപ വീതം നൽകുന്ന ഏത് സംസ്ഥാനമാണ് ഇന്ത്യയിലുള്ളത്; കേരളം കൈവരിച്ച നേട്ടം ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങൾ കൈവരിച്ചു? ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങളിലും ഞാനും ഇവിടെയിരിക്കുന്ന എല്ലാവരും പോയിട്ടുണ്ട്. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നാടായ യു.പി. ഉൾപ്പെടെ എത്രയോ സംസ്ഥാനങ്ങളിൽ പോയിട്ടുള്ളവരാണ് നമ്മൾ.

കേരളം കൈവരിച്ച ഇത്രയധികം നേട്ടങ്ങൾക്ക് സംഭാവന ചെയ്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. 1957-ലെ ഒന്നാം ഇ.എം.എസ്. ഗവൺമെന്റും രണ്ടാം ഇ.എം.എസ്. ഗവൺമെന്റും പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളും ഇപ്പോൾ അധികാരത്തിലിരിക്കുന്ന സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റും ചെയ്തത് അതിമഹത്തായ സംഭാവനയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

1957-ലെ ഇ.എം.എസ്.-ന്റെ ഗവൺമെന്റിന് 28 മാസം മാത്രമേ അധികാരത്തിൽ തുടരാൻ കഴിഞ്ഞുള്ളൂ. ജനാധിപത്യത്തെപ്പറ്റി വലിയ അപ്പോസ്തലന്മാരായി പ്രസംഗിച്ചിരുന്ന ബഹുമാനപ്പെട്ട കോൺഗ്രസിന്റെ അന്നത്തെ നേതാക്കന്മാരും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസുമെല്ലാം ഇവിടെ നടത്തിയ വിമോചന സമരത്തിലൂടെ നേടിയ ആ ഗവൺമെന്റിനെ പിരിച്ചുവിട്ടത് ഈ രാജ്യത്തെ ഇന്ത്യൻ ജനാധിപത്യത്തിനേറ്റ ഏറ്റവും വലിയ ആഘാതമാണെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. സാമൂഹ്യ പുരോഗതിക്ക്,

കർഷക തൊഴിലാളി പെൻഷന്, കുടികിടപ്പ് അവകാശം നൽകുന്നതിന്, ഭൂപരിഷ്കരണ നിയമം കൊണ്ടുവരുന്നതിന്, കൈവശം വയ്ക്കുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചത്, ദുർബല ജനവിഭാഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തിയതുമെല്ലാം നമ്മുടെ സംസ്ഥാനത്ത് മാറിമാറി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സംഭാവനയാണ്. ആധുനിക കേരളം രൂപപ്പെടുത്തുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വഹിച്ച പങ്ക് മഹത്തരമാണെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ഒരു വസ്തുത അംഗീകരിക്കുകയാണ്. കാരണം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലുള്ളപ്പോൾ ആ ഗവൺമെന്റിന്റെ കാഴ്ചപ്പാടനുസരിച്ച് പ്രവർത്തിക്കാതെ അതിന് വിഘാതം ഉണ്ടാക്കുകയാണ് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ചെയ്യുന്നത്. ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത് ബഹുമാനപ്പെട്ട നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. മുമ്പ് കോൺഗ്രസിന്റെ ഗവൺമെന്റാണ് ഭരിച്ചിരുന്നത്. കോൺഗ്രസ് ഗവൺമെന്റ് ഭരിക്കുമ്പോൾ 1947 മുതൽ ഇത:പര്യന്തം പരിശോധിച്ചാൽ ഈ സംസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സമുണ്ടാക്കുന്ന

കാര്യം, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റായ ഒന്നും രണ്ടും ഇ.എം.എസ്.-ന്റെ ഗവൺമെന്റും പിന്നീട് അധികാരത്തിൽവന്ന സഖാവ് നായനാരാടെയും സഖാവ് വി. എസ്. അച്യുതാനന്ദന്റെയും സഖാവ് പിണറായി വിജയന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ ആവിഷ്കരിച്ച കർമ്മ പരിപാടികൾക്ക് എന്നും തുരംഗം വയ്ക്കുന്ന നിലപാടാണ് കേന്ദ്രത്തിൽ കോൺഗ്രസ്സിന് അധികാരമുണ്ടായിരുന്നപ്പോൾ സ്വീകരിച്ചതെങ്കിൽ ഇപ്പോൾ ആ പങ്ക് ബി.ജെ.പി.-യാണ് കേന്ദ്രത്തിൽ ഇരുന്നുകൊണ്ട് സംസ്ഥാനങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബി.ജെ.പി.-യുടെ വഞ്ചനയും അവഗണനയും നേരിട്ടുകൊണ്ട് സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത്. അതിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. നമ്മളെല്ലാവരും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പോയിട്ടുള്ളവരാണ്. ഭരണപക്ഷത്തുള്ള എന്റെ സുഹൃത്തുക്കളും പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാരും പോയിട്ടുള്ളതാണ്.

പ്രിയപ്പെട്ടവരെ, ഈ കേരളം കൈവരിച്ച നേട്ടം മറ്റേത് സംസ്ഥാനം കൈവരിച്ചുവെന്ന് നെഞ്ചിൽ കൈവച്ച് ചോദിച്ചാൽ കേരളീയരായ നമുക്ക് നിശ്ചയമായും അഭിമാനിക്കാനുള്ള വകയുണ്ട്. ഈ പുരോഗതി ജവഹർലാൽ നെഹ്റുവിന്റെ നാടായ ഉത്തർപ്രദേശിൽ പോലും കൈവരിക്കാനായിട്ടില്ല. ഇന്നത്തെ പ്രധാനമന്ത്രിയുടെ നാടായ ഗുജറാത്തിൽ എന്തെല്ലാമാണ് നടന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അവിടെ നടന്ന മനുഷ്യ കശാപ്പെല്ലാം നമ്മൾ കണ്ടതും മനസ്സിലാക്കിയതുമാണ്. നമ്മുടെ തൊട്ടടുത്ത കർണ്ണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളെല്ലാം പരിശോധിച്ചാൽ ഈ കേരളം വേറിട്ടതാണെന്ന് മനസ്സിലാകും. കേരളീയരായ നമ്മുടെ ജീവിതം കരുപിടിപ്പിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗവൺമെന്റ്, എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റ് എന്നിവരെല്ലാം മഹത്തായ സംഭാവനകളാണ് നൽകിയത്. ഞങ്ങൾ ഈ സംഭാവന ചെയ്യുന്നതുകൊണ്ട് നിങ്ങൾക്കും യു.ഡി.എഫ്.-നും എന്തെങ്കിലും ചെയ്യാതെ പോകാനാകില്ലെന്ന അവസ്ഥ കേരളത്തിലുണ്ടെന്ന കാര്യം ഈ

അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സ്വാതന്ത്ര്യത്തിനുശേഷം കേരളത്തിൽ കോൺഗ്രസ് ഗവൺമെന്റുകൾ ഒന്നും ചെയ്തില്ലെന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. ഞങ്ങൾ ഇങ്ങനെ നിൽക്കുന്നതുകൊണ്ടുതന്നെ എന്തെങ്കിലും ചെയ്യാതെ നിങ്ങൾക്ക് പോകാൻ സാധിക്കില്ല. 1957-ൽ ഇ.എം.എസ്.-ന്റെ ഗവൺമെന്റിന്റെ കാലം മുതൽ അധികാരത്തിൽ വന്ന ഗവൺമെന്റ്, പിൽക്കാലത്ത് നായനാരുടെയും സഖാവ് വി.എസ്.-ന്റെയും സഖാവ് പിണറായി വിജയന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ പ്രവർത്തിക്കുന്നിടത്തോളം കാലം നിങ്ങൾ ഇടയ്ക്ക് അധികാരത്തിൽ വന്നാൽ നിങ്ങൾ എന്തെങ്കിലും ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് ഇവിടെ നിന്നുപിഴയ്ക്കാനാവില്ല. രാഷ്ട്രീയമായി തിരിച്ചടി നേരിടുമെന്നതുകൊണ്ട് നിങ്ങൾ ചിലതെല്ലാം ചെയ്യാൻ നിർബന്ധിതരായി എന്ന കാര്യവും ഞാൻ ഈ അവസരത്തിൽ പറയുകയാണ്. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശക്തമായി തുടരുന്നിടത്തോളം, ഇത് നിലനിൽക്കുന്നിടത്തോളം കാലം, ഐക്യജനാധിപത്യ മുന്നണിക്കും കോൺഗ്രസ്സിനും ഏതെങ്കിലും സാഹചര്യത്തിൽ അധികാരത്തിൽ വന്നാൽ

എന്തെങ്കിലും ചെയ്യാതെ പോകാനാവില്ല. അത്തരമൊരു സാമൂഹ്യ അന്തരീക്ഷം ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മഹാനായ ഇ.എം.എസ്. അടക്കമുള്ള ഗവൺമെന്റുകളും ഇവിടെ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ വർഗ്ഗീയ ലഹളയോ വർഗ്ഗീയ അസ്വസ്ഥതകളോ ഇല്ല. നിങ്ങൾ ഭരിക്കുമ്പോഴാണ് വർഗ്ഗീയ അസ്വസ്ഥത ഉണ്ടായിരിക്കുന്നത്. ഞങ്ങൾ ഭരിക്കുമ്പോൾ വർഗ്ഗീയ അസ്വസ്ഥതയില്ല. അത് നിസാരമായ കാര്യമല്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഒന്ന് വഴങ്ങാമോ?

ശ്രീ. എം. എം. മണി: സർ, ആവശ്യമില്ലാതെ ഇടപെടൽ നടത്തേണ്ട, ഞാൻ വഴങ്ങുകയില്ല. എനിക്ക് പറയാനുള്ളതെല്ലാം പറഞ്ഞതിനുശേഷം മാത്രമേ ഞാൻ പോകുകയുള്ളൂ. ഞാൻ പ്രസംഗിക്കുന്ന അവസരത്തിൽ എന്തിനാണ് നിങ്ങൾ കയറി ഇടപെടുന്നത്; ഞാൻ അതിനൊന്നും വഴങ്ങുന്ന ആളല്ലെന്ന് നിങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് എന്റെ അവസരം എനിക്കു തരണം. ഞാൻ വസ്തുതാപരമായി മാത്രമാണ് പറയുന്നത്.

1957 മുതലുള്ള കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം അതാണ്. നിങ്ങൾ അധികാരത്തിൽ ഇരിക്കുമ്പോൾ ചില വർഗ്ഗീയ അസ്വസ്ഥതകൾ ഉണ്ടാക്കിയിട്ടുണ്ട്. മാറാട് സംഭവങ്ങളെല്ലാം. പക്ഷേ ഞങ്ങൾ അധികാരത്തിലിരിക്കുമ്പോൾ ഒരിക്കലും വർഗ്ഗീയ ശക്തികൾ തലപൊക്കുകയില്ല. ഒരിക്കലും അതിന് ഞങ്ങൾ അനുവദിച്ചിട്ടില്ലെന്ന കാര്യം ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കർമ്മ പരിപാടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അദ്ദേഹം നടത്തിയ പ്രസംഗം നിസ്സാരകാര്യമല്ല. ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങൾ വ്യക്തമായി ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. അതിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ ബജറ്റ് സംസ്ഥാനത്തിന്റെ സർവതോമുഖമായ പുരോഗതിക്ക് വലിയ പങ്കുവഹിക്കുമെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തിയാക്കുന്നതുവരെ ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും.

അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതരായ കോൺഗ്രസ്സ്/യു.ഡി.എഫ്. നേതാക്കന്മാർ നമ്മുടെ കേരളത്തിൽ സമാധാനപരമായ ഒരു അന്തരീക്ഷമുണ്ടെന്ന് മനസ്സിലാക്കണം. അസമാധാനമെന്നുമുണ്ടാക്കാൻ ഞങ്ങൾ നോക്കുന്നില്ല. എല്ലാവരും ഐക്യത്തോടുകൂടി നല്ല പുരോഗതിയുണ്ടാക്കാനാണ് ആഗ്രഹിക്കുക. അതിന് തടസ്സമുണ്ടാക്കേണ്ട. നമുക്കെതിരെ ഒരു വലിയ പ്രശ്നം ഡൽഹിയിൽ ഇരിക്കുകയാണ്. നിങ്ങളും ഞങ്ങളും ഭയപ്പെടേണ്ട ശക്തി ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിനെയാണ്. അവർ എന്തൊക്കെയാണ് ഈ രാജ്യത്ത് നടപ്പാക്കാൻ പോകുന്നതെന്ന് ഒരു ഉറപ്പുമില്ല. അത് വ്യക്തമാക്കാൻ സാധിക്കില്ല. അത്തരമൊരു ആപത്താണ് നമ്മുടെ തലയ്ക്കുമുകളിൽ നിൽക്കുന്നത്. അതിനെ നേരിടുന്ന കാര്യത്തെപറ്റി ആലോചിക്കാതെ, ഈ ചെറിയ കേരളത്തിൽ ഞങ്ങൾ ഭരിക്കുമ്പോൾ അതും നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഞങ്ങളുടെ ഗവൺമെന്റിനെതിരെ ഉപചാപം നടത്താതെ നിങ്ങൾ കോൺഗ്രസ്സ് അഖിലേന്ത്യാ തലത്തിൽ ശക്തിപ്പെടണം. ശ്രീ. രാഹുൽ ഗാന്ധിയോ ശ്രീമതി സോണിയ ഗാന്ധിയോ നേതൃത്വം നൽകുന്ന ഇന്നത്തെ സാഹചര്യത്തിൽ,

ഞങ്ങൾ ഇതൊന്നും നിഷേധിക്കുന്നില്ല. കാരണം എല്ലാവരുംകൂടി ഇതിനെ നേരിടുകയല്ലാതെ വേറെ പോംവഴിയൊന്നും നമ്മുടെ മുമ്പിലില്ല. അതുകൊണ്ട് ഈ കൊച്ചു കേരളത്തിൽ നമ്മൾ ഗുസ്തിപിടിച്ചിട്ട് കാര്യമില്ല. നിങ്ങൾ ഞങ്ങളെ അംഗീകരിക്കുകയല്ലാതെ, ഉൾക്കൊള്ളുകയല്ലാതെ യാതൊരു പോംവഴിയും ഇപ്പോഴില്ല. ഞങ്ങൾക്ക് തുടർഭരണം ലഭിച്ചിരിക്കുന്നു. ഈ കാലാവധി പൂർത്തിയാക്കിയാൽ വീണ്ടും തുടർഭരണം ലഭിക്കും. അതിനുള്ള കർമ്മപരിപാടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും പിന്തുണയ്ക്കുന്നു. ബ്രിട്ടണിലും ഫ്രാൻസിലും നടന്ന തിരഞ്ഞെടുപ്പിൽ നവഫാസിസ്റ്റ് ശക്തികളെ പിന്തള്ളി വിജയം കൈവരിച്ച ജനതയെ ഞാൻ ആദ്യം അഭിവാദ്യം ചെയ്യുകയാണ്. ഫ്രാൻസിൽ നവഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വരുമെന്നാണ് മാധ്യമങ്ങളുടെ സർവേയിൽ

പറഞ്ഞിരുന്നത്. എന്നാൽ ജനങ്ങളുടെ ഹൃദയം കാണാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഫ്രാൻസിലെ അവസ്ഥകൾ വിലയിരുത്തിക്കൊണ്ട് 'ദി ഗാർഡിയൻ' പത്രം അവിടത്തെ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ നടന്ന ജനങ്ങളുടെ ജീവത്പ്രശ്നങ്ങൾ ഏറ്റെടുത്ത സമരങ്ങളെ സംബന്ധിച്ച് മുമ്പ് ചൂണ്ടിക്കാണിച്ചിരുന്നു. ആ പോരാട്ടത്തിൽ ഒരു പുതിയ മുന്നണി രൂപം കൊള്ളുമെന്ന് അവർ അന്നുതന്നെ പ്രതീക്ഷിച്ചിരുന്നു. അത് ചെറിയ പാർട്ടിയാണെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്ക് എടുത്തുപറയാവുന്നതാണ്. ഇന്ത്യയിലെ ബി.ജെ.പി. പരാജയത്തിലും നോക്കിയാൽ ഇതുകാണാം. കാർഷിക മേഖലയിലെ പ്രക്ഷോഭങ്ങളിലും തൊഴിലാളി പ്രക്ഷോഭങ്ങളിലും ഇടതുപക്ഷത്തിന്റെ പങ്ക് നിങ്ങൾക്കാർക്കും നിഷേധിക്കാൻ സാധിക്കില്ല.

സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്പിന്റെയും സോഷ്യലിസ്റ്റ് ഗവൺമെന്റുകളുടെ തകർച്ചയിൽ ആഹ്ലാദം കൊണ്ടവരാണ് ഇവിടത്തെ പ്രതിപക്ഷം. കിഴക്കൻ യൂറോപ്പിലെയും ഇറാഖിലെയും അഫ്ഗാനിസ്ഥാനിലെയും ഗവൺമെന്റുകൾ അട്ടിമറിച്ച് മുഹമ്മദ് നജീബുള്ളയെ

അടക്കം തൂക്കിക്കൊന്നപ്പോൾ ആഹ്ലാദ പ്രകടനം നടത്തിയവരാണ് ശ്രീ. നജീബ് കാന്തപുരത്തിന്റെയും ശ്രീ. റഹമത്തുള്ളയുടെയും പാർട്ടിക്കാരെന്നകാര്യം മറക്കേണ്ട. ജനങ്ങൾ ഇതൊന്നും മറന്നിട്ടില്ല. നിങ്ങളുടെ അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം എവിടെയെത്തിക്കുമെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി. നിങ്ങൾക്കിപ്പോൾ വന്ന മാറ്റങ്ങളെക്കുറിച്ച് ഞങ്ങൾക്കറിയാം.

ഞങ്ങൾ എന്നും അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കൊപ്പമാണ്. സാമ്രാജ്യത്വം അവികസിത രാജ്യങ്ങളിന്മേൽ കൈവയ്ക്കാൻ ശ്രമിച്ചപ്പോൾ അതിനെ തടയിടാൻ സോവിയറ്റ് യൂണിയനുണ്ടായിരുന്നു. ഈജിപ്റ്റിൽ സൂയസ് കനാൽ ആക്രമിക്കാൻ വന്നപ്പോൾ ആറാം കപ്പൽപ്പട ഒരിഞ്ച് മുന്നോട്ടുനീങ്ങിയാൽ മുക്കുമെന്ന് പറഞ്ഞത് സോവിയറ്റ് യൂണിയന്റെ പ്രധാനമന്ത്രിയായിരുന്നു. ശ്രീ. നജീബ് കാന്തപുരം അന്ന് ജനിച്ചിട്ടില്ല. അദ്ദേഹത്തിന് ആ കഥയുമറിയില്ല. ഇപ്പോൾ ഞങ്ങളുടെ മേലെ കയറാൻ നടക്കുകയാണ്. ലോകത്തെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകാർ അടിച്ചമർത്തപ്പെട്ടവരുടെയും പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളുടെയും ഒപ്പമാണ് നിൽക്കുന്നത്. ഇപ്പോഴും അതുതന്നെയാണ്

തുടരുന്നതും. ഞങ്ങളെന്നും അടിച്ചമർത്തപ്പെട്ടവരുടെ ഒപ്പമാണെന്നും സാമ്രാജ്യത്വ ഭീഷണിയിൽ നിൽക്കുന്ന രാജ്യങ്ങളെ സഹായിക്കുമെന്നും പറയുമ്പോൾ, ഇപ്പോൾ സോവിയറ്റ് യൂണിയന്റെ പതനശേഷമുള്ള അവസ്ഥ നിങ്ങളൊന്ന് പരിശോധിച്ചുനോക്കണം. എന്താണ് ഗാസയിൽ നടക്കുന്നത്; പശ്ചിമേഷ്യയിൽ റൗഡിയായ ഇസ്രായേലിനെ ഉപയോഗപ്പെടുത്തി അമേരിക്കൻ സാമ്രാജ്യത്വം കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ നമ്മൾ കാണുന്നില്ലേ; അവിടെ ചോദ്യം ചെയ്യാൻ ഇന്ന് സോവിയറ്റ് യൂണിയനുണ്ടെങ്കിൽ അവർക്ക് ധൈര്യമുണ്ടാകില്ലായെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പൊട്ടക്കിണറിൽ കിടക്കുന്ന തവളയെപ്പോലെ ഇതാണ് ലോകമെന്ന് പറയുന്നവരോട് എന്തുപറയാനാണ്; നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥയെ സംബന്ധിച്ച് വലിയ ചർച്ചകളൊക്കെ നടന്നതാണ്. ആഗോള സമ്പദ്ഘടനയും ഇന്ത്യൻ സമ്പദ്ഘടനയുമൊക്കെ ഇന്ന് പരിശോധിച്ചുകൊണ്ടുമാത്രമേ കേരളത്തിന്റെ അവസ്ഥയെ കാണാൻ സാധിക്കുകയുള്ളൂ. കേരളത്തിനുമാത്രം ഒറ്റപ്പെട്ടുനിൽക്കാൻ കഴിയുമെന്ന ധാരണ ആർക്കെങ്കിലുമുണ്ടെങ്കിൽ അവരെപ്പറ്റി ഞാനൊന്നും പറയുന്നില്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഇപ്രകാരമാകാൻ കാരണം ധനകാര്യ മാനേജ്മെന്റിന്റെ കുറവും കെടുകാര്യസ്ഥത കൊണ്ടുമാണെന്നാണ് പ്രതിപക്ഷം പറയുന്നത്. അത് സ്ഥിരമായി അവർ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും ആവർത്തിക്കും. നിർത്തുമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. കോൺഗ്രസ് ഭരിക്കുന്ന തെലുങ്കാനയിലെ മുഖ്യമന്ത്രി ശ്രീ. എ. രേവന്ത് റെഡ്ഡി സത്യപ്രതിജ്ഞ ചെയ്ത് നേരെ ഓടിയത് ഹൈക്കമാൻഡിനെ കാണാനല്ല, ശ്രീ. നരേന്ദ്രമോദിയെ കാണാനാണ്. അദ്ദേഹത്തെ കണ്ട് സാഷ്ടാംഗം വീണ് ആന്ധ്രയിലെ സാമ്പത്തികാവസ്ഥ ചൂണ്ടിക്കാണിച്ച് സഹായവും കടമെടുക്കാനുള്ള പരിധിയും കൂട്ടാൻ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയത് എല്ലാ പത്രങ്ങളിലും വാർത്ത വന്നതാണ്. ഇതാണ് നമ്മുടെ സംസ്ഥാനങ്ങൾക്കകത്തുള്ള അവസ്ഥ. ഇന്ന് ഇന്ത്യയിലെ എല്ലാ പ്രതിപക്ഷകക്ഷികളും ഈ ആവശ്യമുന്നയിച്ചുകൊണ്ട് മുന്നോട്ടുവരുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കകത്തുപോലും പറഞ്ഞതാണ്. കേരളം വരുമാനം വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. ഇങ്ങനെ ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ പാടില്ല. വരുമാന

സ്രോതസ്സുകളെല്ലാം കേന്ദ്ര സർക്കാരിന്റെ കൈവശമാണ്. കേന്ദ്ര സർക്കാർ കൈവശം വച്ചുകൊണ്ട് സംസ്ഥാനങ്ങളോട് പറയുകയാണ്, വരുമാനം വർദ്ധിപ്പിക്കണമെന്ന്. എന്താണ് ഇന്ത്യയിലെ അവസ്ഥ; ഇന്ത്യയുടെ അവസ്ഥയെന്താണെന്ന് പരിശോധിച്ചാൽ നമുക്ക് അറിയാവുന്ന കാര്യമാണല്ലോ. കോർപ്പറേറ്റുകളുടെ സമ്പത്ത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ സാധാരണക്കാരന്റെ അവസ്ഥ ദുരിതപൂർണ്ണമാകുന്നു. സമൂഹത്തിൽ അടിത്തട്ടിൽ കിടക്കുന്ന 20 ശതമാനത്തിന്റെ ജീവിതം ദുസ്സഹമാകുന്നു. ഗ്രാമീണ ദുരിതാവസ്ഥ കൂടിക്കൊണ്ടിരിക്കുന്നു. ഗ്രാമീണ ദരിദ്രാവസ്ഥ 68 ശതമാനത്തിൽനിന്നും 80 ശതമാനമായും മാറിയെന്നാണ് കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. തൊഴിലാളികളുടെ യാഥാർത്ഥ കൂലി 20 ശതമാനം ഇടിഞ്ഞു. ജനങ്ങളുടെ വാങ്ങാനുള്ള കഴിവ് കുത്തനെ ഇടിഞ്ഞുകൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷതയിലാണ്. വിലക്കയറ്റം വൻതോതിലാണ്. ഇന്ത്യയിലാകെ കുടുംബങ്ങളുടെ കടം പെരുകിക്കൊണ്ടിരിക്കുകയാണ്. കുടുംബങ്ങളുടെ കടം പെരുകുന്നത് ഒരു ആഗോള പ്രതിഭാസമാണെന്നാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു ദശകത്തിനകം രാജ്യത്തിന്റെ യഥാർത്ഥ

വരുമാനം 50 ശതമാനം കൂടിയെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പറഞ്ഞത്. അത് ശരിയാണ്. കോർപ്പറേറ്റുകൾക്കും ധനികർക്കും സമ്പത്തുകൂട്ടാൻ കഴിഞ്ഞു. പുതിയ ബജറ്റ് വരാൻ പോകുകയാണ്. അതിൽ എന്തൊക്കെയാണ് വരാൻ പോകുന്നതെന്ന് നമുക്ക് പ്രവചിക്കാൻ കഴിയില്ല. കഴിഞ്ഞ ബജറ്റിൽ ഭക്ഷ്യ വസ്തുക്കൾക്കും വളത്തിനും വാതകത്തിനുമുള്ള സബ്സിഡികൾ വെട്ടിക്കുറച്ചു. തൊഴിലുറപ്പ് പദ്ധതിക്കുപോലും തുക വർദ്ധിപ്പിച്ചില്ല. പത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ വേണ്ടെന്നുവച്ചു. കോർപ്പറേറ്റുകളുടെ നികുതി കുറയ്ക്കുകയും ചെയ്തു. ഇത് തുടരുമെന്നാണ് നാം കാണേണ്ടത്. നമ്മുടെ പ്രതിപക്ഷത്തിന് ഇതൊന്നും പ്രശ്നമല്ല. കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരായി, നവലിബറൽ നയത്തിനെതിരായി പോരാട്ടത്തിൽ എവിടെ നിൽക്കുമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് ചോദിക്കാനുള്ളത്. പഴയ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ ശക്തമായി ആവശ്യപ്പെട്ടതാണ് നവലിബറൽ നയത്തിനെതിരായ പോരാട്ടമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്ന്. ഒരക്ഷരം പ്രതികരിക്കാൻ ഇന്നേവരെ നിങ്ങൾക്ക്

കഴിഞ്ഞിട്ടില്ല. നമ്മുടെ കോൺഗ്രസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായും എൽ.ഡി.എഫ്.-നെതിരായുമുള്ള പ്രസ്താവന രാവിലെയും വൈകുന്നേരവും രാത്രിയും പുറപ്പെടുവിക്കുക എന്നുമാത്രമാണ് കോൺഗ്രസിന്റെ കൈയിലുള്ളത്. മാത്രമല്ല, നമ്മുടെ കോൺഗ്രസിന്റെ അവസ്ഥ ഇപ്പോൾ കൂടോത്ര പണിയാണ്. കെ.പി.സി.സി. പ്രസിഡന്റിന്റെ വീട്ടിൽ തകിടും തെയ്യുരൂപവും കണ്ടെടുത്തു. അത് കൂടോത്രമാണെന്ന് മാതൃഭൂമി ജൂലൈ 4-ന്റെ ഓൺലൈൻ പത്രത്തിൽ അടിച്ചുവന്നിരിക്കുന്നു. എന്തൊരു ഗതികേടാണ്; ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം നാണക്കേടുണ്ടാക്കുന്നതാണ്. ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെയും ശ്രീ. കെ. സുധാകരന്റെയും സാന്നിധ്യത്തിൽ മന്ത്രവാദ വസ്തുക്കൾ കണ്ടെടുത്തെന്നാണ് ഓൺലൈൻ പത്രവാർത്ത. അതുമായി ബന്ധപ്പെട്ട വീഡിയോയുമുണ്ട്. തന്റെ കാലിന് ബലം കുറഞ്ഞുവരികയാണ്, അതിനുകാരണം കൂടോത്രമാണോയെന്ന് സംശയം, ജീവന് ഒന്നും സംഭവിക്കാതിരുന്നത് ഭാഗ്യമായിപ്പോയി എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. കൂടോത്രം കാരണം ജീവന് അപകടമൊന്നും

സംഭവിക്കാതിരുന്നത് വലിയ ഭാഗ്യമായിപ്പോയെന്ന്. വീഡിയോയിൽ വന്നതാണിത്. ഇത് വായിച്ചപ്പോൾ എനിക്ക് ഓർമ്മ വന്നത് എം. ടി. വാസുദേവൻ നായരുടെ 'മന്ത്രവാദി' എന്ന ഒരു പഴയ കഥയാണ്. അത് ഇവിടത്തെ കോൺഗ്രസുകാർ വായിച്ചുനോക്കണം. മന്ത്രവാദി ശങ്കുപ്പണിക്കരുടെ കഥയാണത്. നാട്ടിൽ രാശിയും മന്ത്രവാദവുമായി നടന്ന പണിക്കർക്ക് കേസ് കുറഞ്ഞു. മന്ത്രവാദംകൊണ്ട് ഗുണം കിട്ടില്ലെന്ന് നാട്ടുകാർക്ക് മനസ്സിലായതാണ് കാരണം. അപ്പോൾ പണിക്കരുടെ മന്ത്രവാദംകൊണ്ട് ഒരു കാര്യവുമില്ലെന്ന് നാട്ടിലൊരു ചൊല്ലുണ്ടായി. അദ്ദേഹത്തിന്റെ കുടുംബം പട്ടിണിയായി. എങ്ങനെ മുന്നോട്ടുപോകുമെന്ന് പണിക്കർ ആകെ ആശങ്കാകുലനായി. അദ്ദേഹത്തെ വീട്ടിൽപോലും ബഹുമാനിക്കാത്ത അവസ്ഥ വന്നു. പുറത്തിറങ്ങിയാൽ ഭക്ഷണം കഴിക്കാൻപോലും വരുമാനമില്ല. അപ്പോഴാണ് ഒരുദിവസം ആ ഗ്രാമത്തിലെ വടക്കേപ്പാട് തറവാട്ടിലെ ഒരു കാര്യസ്ഥൻ പണിക്കരുടെ മുമ്പിലേക്കുവരുന്നത്. വടക്കേപ്പാട് തറവാട്ടിൽ ബാധയുണ്ടെന്ന് പറഞ്ഞു. വടക്കേപ്പാട് തറവാട് പ്രസിദ്ധമായ തറവാടായതിനാൽ ആ തറവാട്ടിനെക്കുറിച്ച് പണിക്കർക്ക്

അറിയാം. തനിക്ക് നല്ലകാലം വരികയാണെന്നും വരുമാനം വർദ്ധിക്കാൻ പോകുകയാണെന്നും പണിക്കർ ഉടനെ കണക്കുകൂട്ടി. അദ്ദേഹത്തിന്റെ ഉള്ളിൽ ആഹ്ലാദം പൊങ്ങി. നമ്മൾ രക്ഷപ്പെട്ടുവെന്നും ജീവിക്കാൻ പോകുകയാണെന്നും കാര്യസ്ഥൻ പോയപ്പോൾ അദ്ദേഹം കുടുംബത്തോട് പറഞ്ഞു. കാരണം എനിക്ക് കേസുകൾ വന്നുകൊണ്ടിരിക്കുകയാണ്. വടക്കേപ്പാട് തറവാടിൽനിന്നുമാണ് ഇപ്പോൾ കേസ് വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഭാര്യയോട് പറഞ്ഞു, ഇനി നമ്മുടെ പട്ടിണി മാറുമെന്ന്. അപ്പോൾ 17 വയസ്സുള്ള മകൾ പറഞ്ഞു, എനിക്കൊരു കമ്മൽ വാങ്ങിത്തരണമെന്ന്. അതും പരിഗണിക്കാമെന്ന് പറഞ്ഞു. മന്ത്രവാദം നടന്നു. ആവശ്യമായ വസ്തുക്കളെല്ലാം എഴുതിക്കൊടുത്തു. അതിൽ പണിക്കർ പ്രത്യേകമെഴുതി തങ്കത്തകിട് സ്വർണ്ണത്തകിടിലാക്കി കുഴിച്ചിടണമെന്ന്. അത് വടക്കേടത്ത് മുറ്റത്ത് മൺപാത്രത്തിൽ അടക്കം ചെയ്തു. പണിക്കർ സ്വപ്നം കണ്ടതുപോലെ കാര്യങ്ങളെല്ലാം നടന്നു. ബാധ ഒഴിപ്പിക്കൽ കർമ്മവും നടന്നു. എല്ലാവരും കിടന്നുറങ്ങുകയാണ്. ഇങ്ങനെ ഉറങ്ങിയതുകൊണ്ട് കാര്യമില്ലല്ലോ; എന്റെ വീട്ടിലെ കാര്യം നടക്കണമെങ്കിൽ ഈ സാധനം കിട്ടണമെന്ന് പണിക്കർ

പറഞ്ഞു. എല്ലാവരും ഉറങ്ങിയപ്പോൾ പണിക്കർ മെല്ലെ പുറത്തിറങ്ങി ആ കുഴിച്ചിട്ട സ്ഥലത്തെ, വടക്കേപ്പുറത്തെ വാതിലിൽനിന്നുകൊണ്ട് തങ്കത്തകിട് കുഴിച്ചെടുക്കാൻ ശ്രമം നടത്തി. ഈ ശ്രമം നടത്തുമ്പോൾ ശബ്ദം കേട്ട് കാര്യസ്ഥനുൾപ്പെടെയുള്ള ആളുകൾ ഉണർന്നുവന്ന് കൈയോടെ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി. അങ്ങനെയാണ് കഥ അവസാനിക്കുന്നത്. നാട്ടിലുണ്ടായിരുന്ന അവസ്ഥ, ദാരിദ്ര്യം, മന്ത്രവാദം, അന്ധവിശ്വാസത്തെയൊക്കെ തുറന്നുകാണിക്കുന്നതിനുവേണ്ടിയാണ് എം. ടി. വാസുദേവൻ നായർ 1952-ൽ ഈ കഥയെഴുതിയത്. എന്നാൽ ഇപ്പോൾ കൂടോത്രം ചെയ്യുന്നത് അധികാരത്തിനുവേണ്ടിയാണ്. കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനത്തിനും മുഖ്യമന്ത്രി സ്ഥാനത്തിനും പ്രതിപക്ഷ സ്ഥാനത്തിനും വേണ്ടിയാണ്. അതിനാണ് ഇപ്പോഴത്തെ ഈ കൂടോത്രം ചെയ്തതെന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്. ചന്ദ്രനിലേക്ക് ആളുപോയി മടങ്ങിവരുന്ന കാലഘട്ടമാണ് നമ്മുടേത്. നിർമ്മിതബുദ്ധി അത്ഭുതം സൃഷ്ടിക്കുന്ന കാലം. അപ്പോഴാണ് കെ.പി.സി.സി. പ്രസിഡന്റും കോൺഗ്രസുകാരും കൂടോത്രവുമായി നടക്കുന്നത്. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമുള്ള

പാർട്ടിയെന്നാണ് കോൺഗ്രസിനെക്കുറിച്ച് പറയുന്നത്. ജവഹർലാൽ നെഹ്റു ഉത്പതിഷ്ണുവായിരുന്നു, അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും ഒരു മതത്തിലും വിശ്വാസമില്ലാത്ത വ്യക്തിയുമായിരുന്നു. കൂടോത്രം സംബന്ധിച്ച് പാളയം പോലീസ് സ്റ്റേഷനിൽ കേസുണ്ടെന്ന് പറഞ്ഞു. അവർ എവിടെയൊക്കെയാണ് പരിശോധിക്കാൻ വരുന്നതെന്ന് എനിക്കറിയില്ല. അങ്ങ് ഇവിടേയ്ക്കുവരാൻ സമ്മതിക്കരുത്. തൊട്ടടുത്തുള്ള ആൾവരെ കാലുവാരാൻ ശ്രമിക്കുന്നുവെന്നെല്ലാം പത്രവാർത്തയുണ്ട്. ഇവിടെ എന്തെങ്കിലും കുഴിച്ചിട്ടിട്ടുണ്ടെന്ന് പറഞ്ഞ് ഇവിടേയ്ക്കുവന്നാൽ അത് നമുക്ക് അപമാനമാണ്. അതുകൊണ്ട് അത്തരമൊരു അവസരമുണ്ടാക്കരുതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും പിന്തുണച്ചുകൊണ്ടും എന്റെ ചെറുപ്രസംഗം എം.ടി. കഥയിലെ മന്ത്രവാദിയായ ശങ്കുണ്ണിപ്പണിക്കർക്ക് സമർപ്പിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കൊല്ലം അസീസിയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയ എല്ലാ കുട്ടികളും ഹൗസ്

സർജൻസിക്ക് പോകുമ്പോൾ അഹീല ഹസൻ എന്ന കുട്ടിയെമാത്രം പുറത്തുനിർത്തിയിരിക്കുകയാണ്. ഈ കുട്ടിയുടെ പേരടക്കം പറയാനുള്ള കാരണം ഇത് ഒരു കുട്ടിയുടെമാത്രം കാര്യമല്ല; കേരളത്തിലെ തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ ആയിരക്കണക്കിന് കുട്ടികളിൽ ഒരാൾമാത്രമാണ്. എന്താണ് കാരണമെന്ന് ചോദിച്ചാൽ; വിദ്യാതീരം പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നൽകേണ്ട ഫിഷറീസ് ഗ്രാന്റ് സർക്കാർ നൽകാത്തതുകൊണ്ടാണ് ഈ കുട്ടി ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾ പുറത്തുനിൽക്കേണ്ടിവരുന്നത്. ഉമ്മൻചാണ്ടി സാറിന്റെ ഓർമ്മ ദിനം ഈ മാസം 18-ാം തീയതിയാണ്. അദ്ദേഹമാണ് കേരളത്തിൽ വിദ്യാതീരം പദ്ധതി ആവിഷ്കരിക്കുകയും വിദ്യാർത്ഥികൾക്ക് പഠിച്ച് വളരാനുള്ള എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്യാനാവശ്യമായ നടപടികൾക്ക് നേതൃത്വം നൽകുകയും ചെയ്തത്. എസ്.സി./എസ്.ടി., ഒ.ഇ.സി., ഒ.ബി.സി. വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാൻഡ്, സ്റ്റൈപ്പന്റ് ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നൽകാത്ത അവസ്ഥയാണുള്ളത്.

കേരളത്തിൽ കുറഞ്ഞ തുകയുടെ മുദ്രപത്രങ്ങൾ (50 രൂപ മുതൽ 500 രൂപ വരെയുള്ള മുദ്രപത്രങ്ങൾ) 14 ജില്ലകളിലും ഇന്ന് ലഭ്യമല്ല. 1,000 രൂപയുടെ മുദ്രപത്രങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. ഇത് സർക്കാരിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായുണ്ടാകുന്ന നടപടിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. നഗരസഭയുടെ അനുമതിക്ക് 100 രൂപയുടെ മുദ്രപത്രവും വിദേശത്ത് ലോൺ എടുത്ത് പഠിക്കാൻ പോകാൻ 200 രൂപയുടെ മുദ്രപത്രവും സർക്കാരിന്റെ നയമനുസരിച്ച് വാടക കരാറിന് ഇപ്പോൾ വർധിപ്പിച്ചതുൾപ്പെടെ 500 രൂപയുടെ മുദ്രപത്രവും ഒരു പവർ ഓഫ് അറ്റോർണിക്ക് 600 രൂപയുടെ മുദ്രപത്രവും മതിയെന്നിരിക്കെ 1,000 രൂപയിൽ താഴെയുള്ള ഒരൊറ്റ മുദ്രപത്രംപോലും ലഭ്യമല്ല. 1,000 രൂപയുടെ മാത്രം മുദ്രപത്രം ലഭ്യമാക്കിക്കൊണ്ട് സർക്കാർ ജനങ്ങളെയാകെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ഇന്ന് ഇ-സ്റ്റാമ്പിംഗ് നടക്കുന്നില്ല. ഒരു ലക്ഷം രൂപയ്ക്ക് മുകളിലെ തുകയ്ക്കുള്ള ഇ-സ്റ്റാമ്പിംഗ് മാത്രമാണ് കേരളത്തിൽ നടക്കുന്നത്.

എന്റെ നിയോജകമണ്ഡലത്തിലെ മുട്ടിൽ പഞ്ചായത്തിലെ എടത്തിൽ കോളനി ഏറ്റവും ദുർബലരായ പണിയ വിഭാഗക്കാർ താമസിക്കുന്ന ട്രൈബൽ

കോളനിയാണ്. ആ കോളനിയിലെ സന്തോഷ് എന്നുപറയുന്ന ഒരു കുട്ടി മരിച്ചപ്പോഴാണ് ഞാൻ അവിടെ പോകാനിടയായത്. 2022 മുതൽ ആ വീട്ടിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയുണ്ട്. വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം വയനാട് ജില്ലയിൽമാത്രം 1514 ആണ്. എന്തിനാണ് ഈ സർക്കാർ ഭരിക്കുന്നത്? രണ്ട് വർഷമായി പാവപ്പെട്ട ആദിവാസി കുടുംബങ്ങളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക മാത്രമല്ല, ഇ-ഗ്രാന്റ് ഇനത്തിൽ 203 കോടി രൂപയാണ് നൽകാനുള്ളത്. പട്ടികവർഗ വിദ്യാർത്ഥികൾക്ക് 14.59 കോടി രൂപയും പിന്നാക്ക വിഭാഗങ്ങൾക്ക് 295 കോടി രൂപയും നൽകാനുണ്ട്. സമാനമായ രീതിയിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വൈദ്യുതി ചാർജ്ജ് നൽകാത്തതുകൊണ്ട് അവരുടെ വാട്ടർ സപ്ലൈ കണക്ഷനുൾപ്പെടെ വിച്ഛേദിച്ചിരിക്കുകയാണ്. അതീവഗുരുതരമായ സാഹചര്യത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് റൂൾ 285 അനുസരിച്ച് സർക്കാരിന് എതിരായുള്ള അഴിമതി ആരോപണം എഴുതി നൽകിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: അതിൽ ചെയർ മനസ്സിലാക്കുന്ന ഒരു കാര്യം, അത് സബ്ജ്ജുഡീസ് ആണെന്നാണ്. കോടതിക്ക് മുമ്പിൽ പെൻഡിംഗായ കേസ്സാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ അദ്ദേഹം ഇപ്പോൾ സഭയിൽ ഇല്ല; നാളെ ക്ലാരിഫൈ ചെയ്യാമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ പ്രസ്തുത വിഷയം നാളെ ഉന്നയിക്കാം. റൂൾ 285 പ്രകാരം ശ്രീ. ടി. സിദ്ദിഖ് കത്ത് നൽകിയിരുന്നു. അതിന്റെ കോപ്പി മന്ത്രിക്ക് നൽകിയിട്ടുണ്ട്. But he is not here.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിലും അങ്ങേയ്ക്കും ഞാൻ നോട്ടീസ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യം സൂചിപ്പിക്കാതിരിക്കാൻ നിർവാഹമില്ലാത്തതുകൊണ്ടാണ്. സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖല സ്ഥാപനമായ കോഴിക്കോട് ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ലക്സ് ഇപ്പോൾ പ്രവർത്തിക്കുന്നത് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും സ്റ്റീൽ കോപ്ലക്സ് ലിമിറ്റഡും ഒരുമിച്ച് ചേർന്നുകൊണ്ടാണ്. നാഷണൽ ഹൈവേയുടെ ചേർന്നുള്ള 30 ഏക്കർ ഭൂമിയിലാണിത് പ്രവർത്തിക്കുന്നത്. അതിന്റെ മതിപ്പുവില 300 കോടിയിൽപ്പരം

രൂപയാണ്. ഇത്രയും രൂപ വിലവരുന്ന സ്റ്റീൽ കോംപ്ലക്സിന്റെ ഈ സ്ഥാപനം ഛത്തിസ്ഗഢ് ഔട്ട് സോഴ്സിംഗ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് പറയുന്ന ഒരു സ്ഥാപനത്തിന് 30 കോടി രൂപയ്ക്ക് കൈമാറിയിരിക്കുകയാണ്. അതീവഗുരുതരമായ ഒരു സാഹചര്യമാണിത്. സർക്കാർ ഇക്കാര്യം അറിഞ്ഞില്ലെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത്. ഈ വിഷയം പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ പ്രസ്താവനയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വ്യവസായ വകുപ്പിലെ ഐ.എ.എസ്. ഉദ്യാഗസ്ഥയാണ് കമ്പനിയുടെ ചെയർമാൻ. ഈ തീരുമാനമെടുക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോ? കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസിൽ ചെയർമാന്റെ കീഴിലുള്ള മാനേജിംഗ് ഡയറക്ടർ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്. ഈ രണ്ടുപേരും പ്രവർത്തിച്ചത് സർക്കാർ അറിയാതെയാണോ? 23-03-2023-ന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനം പാപ്പരായി പ്രഖ്യാപിക്കപ്പെട്ടത് ഈ സർക്കാർ അറിഞ്ഞിട്ടില്ലേ; എൻ.സി.എൽ.ടി.-യുടെ പാപ്പരത്വ പരിഹാര പ്രക്രിയ ആരംഭിക്കാൻ ഉത്തരവിട്ടതും റെസൊല്യൂഷൻ .....

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ചെയർ റൂളിംഗ് നൽകിയതിനുശേഷവും അതുമായി ബന്ധപ്പെട്ട വിഷയം ഇവിടെ ഉന്നയിക്കുന്നത് ചെയറിന്റെ റൂളിംഗിന് വിരുദ്ധമാണ്. അത് ശ്രദ്ധിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ചെയറിന്റെ റൂളിംഗ് പാലിച്ച് പോകുന്ന ആളാണ്. അതിൽ ഒരു തർക്കവുമില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കയറി വരുന്ന സമയത്ത് അങ്ങ് പറയുന്നത് കേട്ടതേയുള്ളൂ. തുടക്കത്തിൽ പറഞ്ഞത് കേട്ടില്ല. ഇത് സബ്ജ്യൂഡീസ് ആണെന്ന് അങ്ങ് പറയുന്നത് കേട്ടു. സബ്ജ്യൂഡീസായ ഒരു കാര്യം സഭയിൽ പറയാമോ എന്നത് ഒന്നാമത്തെ കാര്യമാണ്. അതിനേക്കാളുപരി ഒരു കാര്യംകൂടി ചെയർ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടില്ല; നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. നാളെ ബഹുമാനപ്പെട്ട മന്ത്രിയുണ്ടാകും. അന്നേരം ഇതേകാര്യംതന്നെ വേണമെങ്കിൽ ഉന്നയിക്കാമല്ലോ; ചെയർ അത് പറഞ്ഞതാണല്ലോ? അത്തരം കാര്യങ്ങളിലൊക്കെ സാമാന്യമായ ഒരു മര്യാദയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിനും ഇന്ന് വൈകിട്ട് എറണാകുളത്ത് ഒരു

പരിപാടിയിൽ പങ്കെടുക്കേണ്ടതുകൊണ്ട് പോയതാണ്. അത് ഒരു മര്യാദയുടെ പ്രശ്നമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഒരു റൂളിംഗ് നടത്തിയാൽ അതിനെ ധിക്കരിച്ച് ഞങ്ങളാരും ഒന്നും ചെയ്യുകയില്ല. ഇത്, ഒരു അഴിമതി ആരോപണം റൂൾ 285 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്കും ബഹുമാനപ്പെട്ട മന്ത്രിക്കും എഴുതി നൽകിയതാണ്. മന്ത്രി സ്ഥലത്തില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയല്ലേ? ഏതെങ്കിലും ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാവുന്നതാണ്. അല്ലെങ്കിൽ നാളെവന്ന് അദ്ദേഹത്തിന് മറുപടി പറയാവുന്നതാണ്. ശ്രീ. ടി. സിദ്ദിഖിന് ഇന്നാണ് അവസരമുള്ളത്; നാളെ അദ്ദേഹത്തിന് ഇത് പറയാനുള്ള അവസരമില്ല. കോഴിക്കോട് ജില്ലക്കാരൻകൂടിയായ അദ്ദേഹം ഈ വിഷയം പരാമർശിക്കുന്നതുകൊണ്ട് എന്താണ് പ്രശ്നം? ഇവിടെ അഴിമതി ആരോപണമായി ഉന്നയിക്കപ്പെട്ടിട്ടുള്ള മുഴുവൻ കേസ്സുകളും കോടതിയിലെ പെൻഡിംഗ് കേസ്സുകളാണ്. ബാർ കോഴ കേസ് കോടതിയിൽ പെൻഡിംഗിൽ

ഇരിക്കുമ്പോഴല്ലേ ഇവിടെ അഴിമതി ആരോപണം ഉന്നയിച്ചത്. There are so many precedence so.. എനിക്ക് അങ്ങയോടുള്ള അപേക്ഷ... Let him talk.

മി. സ്പീക്കർ: Someone has to break that precedence. Yes.... please..

ശ്രീ. ടി. സിദ്ദിഖ്: സർ, എൻ.സി.എൽ.ടി.-യുടെ പാപ്പരത്വ പരിഹാര പ്രക്രിയ ആരംഭിക്കാൻ ഉത്തരവിട്ടതും ആർ.പി.-യെ നിയമിച്ചതും സർക്കാർ അറിഞ്ഞിട്ടല്ലേ? 30-12-2023-ൽ കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ്-ന്റെ റെസൊല്യൂഷൻ പ്ലാൻ 100 ശതമാനം വോട്ടോടുകൂടിയാണ് അംഗീകരിച്ചത്. അതും ഈ സർക്കാർ അറിഞ്ഞിട്ടല്ലേ? സർക്കാരിനുവേണ്ടി 33 കോടി രൂപയുടെ ക്ലെയിമുണ്ട്. ആ ക്ലെയിം 22 കോടി രൂപയ്ക്ക് അഡ്മിറ്റ് ചെയ്തു. സർക്കാരിന്റെ പ്രതിനിധി 33 കോടി രൂപയുടെ ക്ലെയിം 15 ലക്ഷം രൂപയ്ക്ക് സെറ്റിൽ ചെയ്തിരിക്കുകയാണ്. ഇതൊന്നുംതന്നെ ഈ സർക്കാർ അറിഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ... ഇത് റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലായിരുന്നു. പക്ഷേ ചെറുത്തുനിൽപ്പും സമരവുംമൂലം സർക്കാരിന് അവസാനം എൻ.സി.എൽ.ടി.-യിലേയ്ക്ക് നിയമ നടപടികളുമായി പോകാനും ഇന്ന് തയ്യാറാകേണ്ടിവന്നു. എൻ.സി.എൽ.ടി.-യിൽ ഇന്നെടുത്ത ശ്രമം

അന്നെടുത്തിരുന്നെങ്കിൽ ഈ പ്രശ്നം ഇന്നുണ്ടാകുമായിരുന്നില്ല. അതീവ ഗൗരവതരമായ ഈ ആരോപണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സത്യം ചെരുപ്പിടാൻ തുടങ്ങുമ്പോഴേയ്ക്കും നുണ ലോകം ചുറ്റിയിരിക്കുമെന്നത് ഈ സഭയിലും പുറത്തും പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്ന ഓരോ പ്രചരണങ്ങളുമെടുത്ത് പരിശോധിച്ചാൽ കൃത്യമായി ബോധ്യപ്പെടുന്നതാണ്. ഇപ്പോൾ ഏറ്റവും അവസാനം സംസാരിച്ച ശ്രീ. ടി. സിദ്ദിഖ് ഉൾപ്പെടെയുള്ള അംഗങ്ങൾക്കും യഥാർത്ഥ വസ്തുത എന്താണെന്നറിയാമെങ്കിലും ഉണ്ടയില്ലാത്ത ഒരു വെടി പൊട്ടിച്ചിട്ട് പോകുന്നു എന്നുമാത്രം. കേരളത്തിലെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർ ഓരോ സന്ദർഭത്തിലും ചില മാധ്യമങ്ങളെയും വാർത്തകളെയും പ്രചരണങ്ങളെയും ഏറ്റെടുത്തുകൊണ്ട് തങ്ങളുടെ ചുമതല നിർവഹിച്ചുകൊണ്ടേയിരിക്കുകയാണ്. ശൂന്യതയിൽനിന്ന് ഭസ്മത്തെ തൊട്ട്

ആപ്പിൾ വരെ സൃഷ്ടിക്കുന്ന ചില ആൾദൈവങ്ങളെക്കുറിച്ച് നമ്മൾ സാധാരണഗതിയിൽ സൂചിപ്പിക്കാറുണ്ട്. സത്യംപറഞ്ഞാൽ ഇത്തരം ആൾദൈവങ്ങളുടെ മെയ്‌വഴക്കത്തോടും വായ്‌മുഴക്കത്തോടും കൂടിയാണ് ഈയടുത്ത കാലത്ത് കേരളത്തിൽ മാധ്യമങ്ങൾ പല വാർത്തകളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. വാർത്തകൾ അതേപടി വിഴുങ്ങി അത് ഓരോ ദിവസവും സഭയിൽ അവതരിപ്പിച്ച് കൃതാർത്ഥരായിക്കൊണ്ടിരിക്കുന്ന ചുമതലയാണ് കേരളത്തിലെ പ്രതിപക്ഷം ഇപ്പോൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രചാരവേലകളുടെയും മാധ്യമങ്ങളുടേയും സഹായമില്ലെങ്കിൽ ഇവർ കേരളത്തിലെങ്ങനെ പിടിച്ചുനിൽക്കുമെന്ന് ആലോചിക്കണം. സി.പി.ഐ.(എം.)-നും കേരളത്തിലെ മുഖ്യമന്ത്രിക്കും ഗവൺമെന്റിനും എതിരായി ഏതെല്ലാം തരത്തിലുള്ള വാർത്തകളാണ് അവർ പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ചില മാധ്യമങ്ങൾ അവരുടെ തെറ്റ് തിരുത്താൻ തയ്യാറാകുന്നെന്ന നിലയിൽ ചില വാർത്തകൾ വരുന്നുണ്ട്. അത് ആശ്വാസകരമാണ്. എന്നാൽ ഇതെല്ലാം ഏറ്റെടുത്തുകൊണ്ടുനടക്കുന്ന പ്രതിപക്ഷം തങ്ങൾക്ക് പറ്റിയ തെറ്റ് ഏതെങ്കിലും

സമയത്ത് തിരുത്താൻ തയ്യാറായിട്ടുണ്ടോ? ഇന്ന് രാവിലെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ വിഷയം യഥാർഥത്തിൽ എന്തായിരുന്നു; ഞാൻ ആലപ്പുഴ ജില്ലക്കാരനാണ്. അരൂരിലുണ്ടായ സംഭവുമായി ബന്ധപ്പെട്ടുകൊണ്ട്.. അത് ഞാൻ ആവർത്തിക്കുന്നില്ല. അതിലെവിടെയാണ് രാഷ്ട്രീയമുള്ളത്; അവിടെ പോലീസ് എന്തുകാര്യമാണ് ചെയ്യാതിരുന്നത്? കേസ്സെടുത്ത് കുറ്റവാളികളെ അറസ്റ്റ് ചെയ്തില്ലേ; ഇതിൽ സി.പി.ഐ.(എം.)-ന് എന്തു ബന്ധമാണുള്ളത്? പക്ഷെ എന്തൊക്കെയോ പർവതീകരിച്ചുകൊണ്ടാണ് പ്രതിപക്ഷം ഈ വിഷയം ഇവിടെ അവതരിപ്പിച്ചത്. ഇവിടെ ഇരുന്നവർക്കറിയാം ഒന്നുമില്ലെന്ന്. പക്ഷെ മാധ്യമങ്ങളിൽക്കൂടി ഇത് വീക്ഷിക്കുന്നവർക്ക് എന്തോ വലിയൊരു സംഭവമുണ്ടായിരിക്കുന്നു എന്നുതോന്നാം. ഇവിടെ ഈ സർക്കാരിന് കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലെന്ന പ്രതീതിയുണ്ടാക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പ്രചരണമല്ലേ അവർ നടത്തുന്നത്. അതുപോലെ ഇന്നലത്തെ അടിയന്തരപ്രമേയം എന്തായിരുന്നു; ഇതുപോലൊരു വിഷയമായിരുന്നു. അതിനുശേഷമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പി.എസ്.സി.-യുമായി

ബന്ധപ്പെട്ട വിഷയം സബ്മിഷനായി അവതരിപ്പിച്ചത്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൃത്യമായാണ് സഭയിൽ മറുപടി പറഞ്ഞത്. പക്ഷെ അവിടെയും ഒരു ഉന്നമുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അനാവശ്യമായി ഇതിലേയ്ക്ക് വലിച്ചിഴയ്ക്കുകയാണ് ചെയ്യുന്നത്. ഇതൊക്കെയാണ് കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയെ ലക്ഷ്യമാക്കി നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളുടെ ഭാഗമായാണ് ഇത്തരം പ്രചരണങ്ങൾ നടക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ടെന്ന കാര്യം അവർ ഓർക്കണം. സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിലുള്ള ഏതെങ്കിലും ഒരാൾ നയാപൈസ വാങ്ങിയെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; പക്ഷെ ഇവിടെ വന്ന് അത്തരത്തിൽ സംസാരിക്കുന്നു, വൈകുന്നേരം ചാനൽ ചർച്ച, പിന്നെ പത്രത്തിൽ വാർത്ത ഇതൊക്കെകൊണ്ട് അവർ കൃതാർത്ഥരായി പോകുകയാണ്. എന്തെല്ലാം പ്രചാരവേലകളാണ് മാധ്യമങ്ങൾ നടത്തിയിട്ടുള്ളത്. എട്ട് വർഷക്കാലമായി കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നിരന്തരം വേട്ടയാടുകയാണ്. ഇ.ഡി.യും അതുപോലെയുള്ള എല്ലാ

ഏജൻസികളും ഇവിടെ ചുറ്റിക്കറങ്ങിയില്ലേ; ഏതെങ്കിലും രീതിയിൽ ഒരു തുരുമ്പെങ്കിലും അവർക്ക് പിടിച്ചെടുക്കാൻ സാധിച്ചോ? കേരളത്തിന്റെ മുഖ്യമന്ത്രിയെ ഉന്നംവച്ച് എട്ട് വർഷക്കാലമായി അവർ നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളൊന്നും വിജയിച്ചിട്ടില്ല. ഒരു കേസും എടുത്തിട്ടില്ല; അതിന് കഴിയുകയുമില്ല. ഈ സഭയുടെ മുന്നിൽ രണ്ട് കൈകളും ഉയർത്തിയാണ് 'എന്റെ കൈകൾ ശുദ്ധമാണെന്ന്' അദ്ദേഹം പറഞ്ഞത്. അതുകൊണ്ടുതന്നെ അദ്ദേഹത്തെ തൊടാൻ സാധിക്കില്ല. നിങ്ങൾ എത്രയൊക്കെ ശ്രമിച്ചാലും കേരള സർക്കാരിനെയും മുഖ്യമന്ത്രിയെയും അപകീർത്തിപ്പെടുത്താമെന്ന് ധരിക്കേണ്ട. നിങ്ങൾ മാധ്യമങ്ങളുടെ പിന്നാലെ പൊയ്ക്കോളൂ. ബാർക്കോഴ വിവാദത്തെക്കുറിച്ച് ഓർക്കുന്നുണ്ടല്ലോ; ഇപ്പോൾ എന്താണ് അതേക്കുറിച്ചൊന്നും മിണ്ടാത്തത്? ടൂറിസം വകുപ്പുമന്ത്രി എന്തിനാണ് അതിൽ ഇടപെട്ടതെന്നല്ലേ നിങ്ങൾ ചോദിച്ചത്; അതിനുമുമ്പുള്ള ചരിത്രങ്ങളെല്ലാംവച്ച് ബാർകോഴ സംബന്ധിച്ച നടപടികൾ സൂചിപ്പിക്കപ്പെട്ടപ്പോൾ ആ പ്രശ്നം തീർന്നു. യൂത്ത് കോൺഗ്രസ്സിന്റെ സമരം എവിടെപ്പോയി? ഒരു കാര്യവുമില്ലാതെ ഇല്ലാത്ത പഴയകാല

ബാർക്കോഴയുമായി ബന്ധപ്പെട്ട വിവാദത്തെ പരാമർശിച്ച് കേരളത്തെ ആളിക്കത്തിക്കാനാണ് അവർ ശ്രമിക്കുന്നത്. അതല്ലേ ഇവിടെ നടക്കുന്നത്? കഴിഞ്ഞ ദിവസം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ വൈദ്യുതി വിച്ഛേദിച്ചതുമായി ബന്ധപ്പെട്ട ഒരു സംഭവമുണ്ടായി. അക്കാര്യം മാധ്യമങ്ങളിലും വലിയ ചർച്ചയായിരുന്നു. എന്നാൽ അവിടെ അക്രമം നടത്തിയതാരാണ്; അക്രമം നടത്തിയ യൂത്ത് കോൺഗ്രസ്സുകാരുടെ ചെയ്തികളെക്കുറിച്ച് ഇവിടെ ചർച്ചയുണ്ടോ? എസ്.എഫ്.ഐ. പ്രവർത്തകരായ കുട്ടികൾക്ക് സംഭവത്തിൽ ബന്ധമില്ലെങ്കിലും അതിലൊരു എസ്.എഫ്.ഐ. അനുഭാവിയുണ്ടെങ്കിൽ അത് വലിയ വാർത്തയാകും. ഡി.വൈ.എഫ്.ഐ. ആണെങ്കിലും അങ്ങനെ തന്നെയാണ്. എന്നാൽ യൂത്ത് കോൺഗ്രസ്സാണ് അത് കാട്ടിക്കൂട്ടുന്നതെങ്കിൽ ആ അക്രമത്തെക്കുറിച്ച് നമ്മുടെ നാട്ടിൽ ചർച്ചയില്ല; വൈകുന്നേരങ്ങളിലെ ചാനൽ ചർച്ചയുമില്ല. ചില മാധ്യമങ്ങളുടെ വാർത്തകൾക്കും നിർദേശങ്ങൾക്കും അനുസരിച്ച് പ്രതിപക്ഷം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന എന്നതാണ് വസ്തുത. എ.കെ.ജി. സെന്ററുമായി ബന്ധപ്പെട്ട വിഷയം എത്രദിവസമാണ് സഭയിൽ പല രീതിയിൽ അവതരിപ്പിക്കപ്പെട്ടത്. പ്രതിയെ കിട്ടിയോ;

പിടിക്കുമോ? എന്നെല്ലാം ചോദ്യങ്ങളായിരുന്നു. ഒടുവിൽ പ്രതിയെ കിട്ടിയല്ലോ; കിട്ടിയിട്ടെന്തായി? ഇപ്പോൾ ചർച്ചയുണ്ടോ; അതിനെക്കുറിച്ച് മിണ്ടുന്നുണ്ടോ? അടിയന്തരപ്രമേയമായും മറ്റു നടപടികളുടെ ഭാഗമായും ഏതെല്ലാം രീതിയിലാണ് ഇക്കാര്യത്തിൽ കേരളസർക്കാരിനെ ആക്ഷേപിക്കാൻ നോക്കിയിട്ടുള്ളത്. ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിച്ചത് മറ്റൊന്നുമല്ല. ഇവിടെ വസ്തുതകളിലേയ്ക്ക് കടക്കുന്നില്ല. കേന്ദ്രസർക്കാർ കേരളത്തിന് ഒരു അർഹതപ്പെട്ട വിഹിതം നൽകാനുണ്ട്. മലയാളികൾ എന്ന നിലയിൽ നമ്മൾ ഓരോരുത്തർക്കും അവകാശപ്പെട്ടതാണത്. കേന്ദ്രം അത് തരാതിരിക്കുന്ന സാഹചര്യത്തിൽ, നമുക്ക് അർഹതപ്പെട്ട വിഹിതം വാങ്ങിയെടുക്കാൻ ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. ആ സമയത്ത് അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരളത്തിന്റെ വികസനത്തേയും പുരോഗതിയേയും തടസ്സപ്പെടുത്താനല്ലേ നോക്കിക്കൊണ്ടിരിക്കുന്നത്. കേരളം കടമെടുത്ത് മുടിഞ്ഞെന്നും ഇനി കേരളത്തിന് കടമെടുക്കാൻ കഴിയില്ലെന്നും എല്ലായ്പ്പോഴും ഒരു പ്രചരണമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വളരെ കൃത്യതയോടുകൂടി ഇന്നലെ കാര്യങ്ങൾ സംസാരിച്ചു. ഇതേക്കുറിച്ച് ഇനിയും

അദ്ദേഹം സംസാരിക്കും. നമുക്ക് അർഹതപ്പെട്ട 13,609 കോടി രൂപയുടെ വായ്പാ അനുമതി കേന്ദ്രം നിഷേധിക്കുകയും അതേസമയം മറ്റ് സംസ്ഥാനങ്ങൾക്ക് വായ്പാ അനുമതി നൽകുകയും ചെയ്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത തുക കടമെടുക്കാൻ കഴിയാത്തതിന്റെ ഫലമായി പല പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ശ്രീ. ടി. സിദ്ദിഖ് അടക്കമുള്ള അംഗങ്ങൾ ഇക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ചില തുകകൾ കുടിശ്ശികയാണ്. 19,800 കോടി രൂപ കഴിഞ്ഞ വർഷം കടമെടുത്തതിൽ 7200 കോടി രൂപ തിരിച്ചടച്ചു. എന്നാൽ മറ്റുസംസ്ഥാനങ്ങളുടെ കടം എത്ര രൂപയാണ്; തമിഴ്നാട് 87,000 കോടി രൂപ, മഹാരാഷ്ട്ര 72,000 കോടി രൂപ, ബംഗാൾ 63,000 കോടി രൂപ, ആന്ധ്രാപ്രദേശ് 57,478 കോടി രൂപ, യു.പി. 55612 കോടി രൂപ, രാജസ്ഥാൻ 46,057 കോടി രൂപ, ഹരിയാന 45,188 കോടി രൂപ, ഗുജറാത്ത് 43,000 കോടി രൂപ. ഇതെല്ലാം മറച്ചുവയ്ക്കുകയല്ലേ? ഈ സംസ്ഥാനങ്ങളെല്ലാം കടമെടുത്തുതന്നെയാണ് കാര്യങ്ങൾ മുന്നോട്ടുനീക്കുന്നത്. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ആരെങ്കിലും കേന്ദ്രത്തിൽനിന്നും നമുക്ക്

കിട്ടേണ്ട 4000 കോടിയോളം രൂപയെക്കുറിച്ച് സൂചിപ്പിച്ചിരുന്നോ? ഇന്നത്തെ സ്ഥിതിയെന്താണ്; NHM-ൽ പ്രവർത്തിക്കുന്നവർക്ക് ശമ്പളമില്ല. പ്രസ്തുത തുക സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി ഒരു കാലത്ത് തൊണ്ണൂറ് ശതമാനം വരെ കേന്ദ്രത്തിൽ നിന്ന് വായ്പ ലഭിച്ചിട്ടുണ്ട്. എന്നാൽ കേവലം അറുപത് ശതമാനം മാത്രമാണ് ഇന്ന് ലഭിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം വെട്ടിക്കുറയ്ക്കുകയല്ലേ ചെയ്യുന്നത്. സപ്ലൈകോ, നെല്ല് സംഭരണം തുടങ്ങിയ ഇനങ്ങളിൽ ഏകദേശം ആയിരത്തി ഇരുന്നൂറോളം കോടിരൂപയാണ് കിട്ടാനുള്ളത്. ഹെൽത്ത് ഗ്രാന്റായി 725 കോടി രൂപയും ലഭിക്കാനുണ്ട്. ഞാനെല്ലാം ഓരോന്നോരോന്നായി അവതരിപ്പിക്കുകയല്ല. ഉച്ചഭക്ഷണപദ്ധതിയുടെ കാശുപോലും കേന്ദ്രസർക്കാർ തരുന്നില്ല. കേന്ദ്രം നൽകാനുള്ള പണം തരണമെന്ന് പറയാനും കേരളത്തിന്റെ അവകാശത്തിനുംവേണ്ടി ശബ്ദിക്കാനുള്ള ബാധ്യത പ്രതിപക്ഷത്തിനില്ലേ; ആ ബാധ്യതയാണോ നിറവേറ്റിക്കൊണ്ടിരിക്കുന്നത്; പകരം പ്രതിപക്ഷം എന്താണ് ഇവിടെ ചെയ്യുന്നത്? കാര്യങ്ങളെ ഊതിപ്പെരുപ്പിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

എട്ടുവർഷം കൊണ്ട് എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്?

മി.സ്പീക്കർ: പ്ലീസ്.. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ നിയോജകമണ്ഡലത്തിലും എത്ര കോടിരൂപയുടെ വികസനമാണ് ഉണ്ടായിട്ടുള്ളത്; നിലവിൽ എന്തുമാത്രം വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്; ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും ക്ഷേമ പ്രവർത്തനങ്ങളിലും കേരളം മുന്നോട്ടുപോകുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ടത് നൽകാതിരിക്കുന്ന കേന്ദ്രനയത്തിനെതിരെ ഒന്നിച്ചുനിൽക്കാൻ ഇനിയെങ്കിലും നിങ്ങൾ തയ്യാറാകണം. അതുമാത്രമാണ് എനിക്ക് നിങ്ങളോട് അഭ്യർഥിക്കാനുള്ളത്. ഒരിക്കൽക്കൂടി ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, അഗ്നിപരീക്ഷകളെ അതിജീവിച്ച സംസ്ഥാനമാണ് കേരളം. ഇന്ത്യയുടെ രാഷ്ട്രീയ നഭസ്സിൽ തിളങ്ങിയും ഉയർന്നും

നിൽക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായത് നിശ്ചയദാർഢ്യമുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് കേരളം ഭരിക്കുന്നതുകൊണ്ടുതന്നെയാണ്. ഈ കാലയളവിൽ തനതുവരുമാനം വർധിപ്പിച്ചും സാമ്പത്തിക കടന്നാക്രമണങ്ങളെയും ഉപരോധങ്ങളെയും അതിജീവിച്ചും മുന്നോട്ടുപോകാൻ കഴിയുന്നതിൽ ധനകാര്യവകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽ പ്രതിപക്ഷം എത്ര മോഹിച്ചിട്ടും നിങ്ങൾക്കുവേണ്ടി ചില മാധ്യമങ്ങൾ അച്ചുനിരത്തിയും സന്ധ്യാവിലാപം നടത്തിയും ആക്രോശിച്ചിട്ടും ഒരുദിവസംപോലും ഈ കാലയളവിൽ കേരളത്തിൽ ട്രഷറി പൂട്ടിയിട്ടില്ല; ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടില്ല. ഒരുപാട് പ്രയാസങ്ങൾ അനുഭവിച്ചിട്ടും കൃത്യതയോടെ, ശരിയായ സാമ്പത്തിക ക്രമീകരണത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കേരളത്തിന് കഴിഞ്ഞു. ഇത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. 2021-22-ലെ തനതുനികുതി വരുമാന വർദ്ധന 22.41 ശതമാനമാണ്. കഴിഞ്ഞ വർഷം അത് 23.36 ശതമാനമായി വർധിക്കുകയാണുണ്ടായത്. തനതുവരുമാനം കൂട്ടുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. കേരളത്തിൽ റവന്യൂകമ്മി ഒരുശതമാനത്തിൽ താഴെ

0.9 ശതമാനത്തിൽ വന്നത് ചരിത്രത്തിലാദ്യമാണെന്നത് പ്രതിപക്ഷം കാണണം. തനതുവരുമാന സ്രോതസ്സുകൾ വഴിയാണ് ചെലവുകളുടെ മുഖ്യപങ്കും ഈ കേരളത്തിൽ നിർവഹിച്ചുവരുന്നത്. കേരളത്തിന്റെ ജി.എസ്.ടി. ഭരണ നിർവഹണത്തിൽ നിങ്ങൾ പല ആക്ഷേപങ്ങളും ചൊരിയുന്നുണ്ട്. രാജ്യത്തിന് മാതൃകയായി മാറുന്ന കേരളത്തിലെ ജി.എസ്.ടി. പരിഷ്കരണം പഠിക്കുന്നതിനുവേണ്ടി പല സംസ്ഥാനങ്ങളിൽനിന്നും ഉദ്യോഗസ്ഥർ ഇവിടെ വരുന്നുണ്ട്; അത് കാണാതെ പോകരുത്. ജി.എസ്.ടി. കൃത്യമായി പിരിക്കുന്നില്ലെന്ന പ്രചരണം തികച്ചും അവാസ്തവമാണ്. കേരളം കടക്കെണിയിലാണെന്ന പ്രചരണമാണ് നിങ്ങളുടെ ചുവടുപിടിച്ച് പല മാധ്യമങ്ങളും ഉയർത്തുന്നത്. ഇന്ത്യയുടെ കടമെത്രയാണ്; ജി.ഡി.പി.-യെ മറികടക്കുകയാണ് എന്നാണ് IMF-ന്റെ മുന്നറിയിപ്പ്. ജി.ഡി.പി.-യുടെ നൂറ് ശതമാനം കടക്കുമെന്നർത്ഥം. 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തിന്റെ മൊത്തം കടം 155.6 ലക്ഷം കോടി രൂപയാണ്. കേരളത്തിന്റെ കടം; അതുകൂടി നോക്കൂ. ജി.ഡി.പി.-യുടെ 37 ശതമാനം, 3.85 ലക്ഷം കോടി രൂപ; ആർ.ബി.ഐ.-യുടെ കണക്കാണ് ഞാൻ ഉദ്ധരിച്ചത്. IMF-ന്റെ

നിരീക്ഷണം എന്താണ്; തിരിച്ചടവിന് കഴിവുണ്ടെങ്കിൽ കടത്തിൽ ആശങ്ക വേണ്ടെന്നാണ്; അത് കേരളത്തിന് ബാധകമല്ലേ? കേരളം കടക്കെണിയിലേയ്ക്ക് എന്ന നുണപ്രചാരണങ്ങൾ നടത്തുമ്പോൾ ഈ വസ്തുത നിങ്ങൾ മറക്കരുത്. പിന്നെന്താണ് കേരളത്തിന്റെ സ്ഥിതി. സാമ്പത്തിക ഉപരോധം ഒരു യാഥാർഥ്യമല്ലേ; നിങ്ങളത് കാണുന്നില്ലേ? കേരളം മാത്രമല്ലല്ലോ; ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ അനുഭവിക്കുന്നൊരു ബദ്ധപ്പാടല്ലേ, ബുദ്ധിമുട്ടല്ലേ? അതിനെതിരെ ഒന്നിച്ചുനിന്ന് പ്രതികരിക്കേണ്ട പ്രതിപക്ഷം, കേരളത്തിൽ നിങ്ങളുടെ രാഷ്ട്രീയ വിരോധത്തെയും കക്ഷിരാഷ്ട്രീയ വിരോധത്തെയും അടിസ്ഥാനപ്പെടുത്തി ഇങ്ങനെയൊരു സമീപനം എടുക്കുന്നതു ശരിയാണോയെന്ന് ഇനിയെങ്കിലും ചിന്തിക്കണ്ടേ? വായ്പാ അനുമതിയിൽ 19000 കോടി രൂപയാണ് നിഷേധിച്ചത്. റവന്യൂ കമ്മി ഗ്രാന്റിൽ 8400 കോടി രൂപയാണ് കുറഞ്ഞത്. ജി.എസ്.ടി. നഷ്ടപരിഹാരം 12,000 കോടി രൂപ ഇല്ലാതായി. നികുതി വിഹിതം 3.58 ശതമാനത്തിൽനിന്ന് 1.925 ശതമാനമായി കുറച്ചതിലൂടെ 18000 കോടി രൂപയാണ് വരുമാന നഷ്ടം. ഇങ്ങനെയാണ് കേരളത്തിന് 57400 കോടി രൂപ നഷ്ടമായതെന്ന കണക്ക്

ഞങ്ങൾ പറഞ്ഞത്. അങ്ങനെ പറയുമ്പോഴാണ് ഓഫ് ബജറ്റിന്റെ കാര്യം വരുന്നത്. ബജറ്റിന് പുറത്ത് നിങ്ങൾ കടമെടുക്കാൻ പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് ഒരുഭാഷ്യം. കേന്ദ്രഗവൺമെന്റിന്റെ സ്ഥിതി എന്താണ്; നിങ്ങൾ അത് പരാമർശിക്കണ്ടേ, കാണാതെ പോകാമോ? കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഓഫ് ബജറ്റ് കടം എടുക്കുന്നില്ലേ. നാഷണൽ ഹൈവെ അതോറിറ്റി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളൊന്നും കേന്ദ്ര ബജറ്റിൽനിന്നും കുറയ്ക്കുന്നില്ല. ഒരു സാമ്പത്തിക ഫെഡറലിസം അംഗീകരിച്ച രാജ്യമല്ലേ ഇത്; അതിനുവിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന മാതൃക സംസ്ഥാനങ്ങൾക്ക് നിഷേധിക്കുന്നത് ശരിയാണോ? നമ്മുടെ അവകാശങ്ങൾ ആ രൂപത്തിൽ നിഷേധിക്കുമ്പോൾ അതിനെതിരെ ഒറ്റക്കെട്ടായിട്ടല്ലേ കേരളം നിൽക്കേണ്ടത്. കേരളത്തിന് കേന്ദ്രം വിഹിതം നൽകുന്നത് ഒരു ഔദാര്യമാണോ; നമ്മുടെ അവകാശമല്ലേ? അതുപയോഗിച്ച് കേരളത്തിലെ ജനങ്ങളെ സഹായിക്കുകയല്ലേ നമ്മൾ ചെയ്യുന്നത്. അക്കാര്യത്തിൽ നിങ്ങളെടുക്കുന്ന ഈ ഇരട്ടത്താപ്പ് നയം തിരുത്തണമെന്നാണ് വിനയപൂർവ്വം

കേരളത്തിലെ പ്രതിപക്ഷത്തോട് ഞങ്ങൾക്ക് പറയാനുള്ളത്. അത് ബധിരകർണ്ണങ്ങളിലാണ് പതിക്കുന്നതെന്ന് അറിയാമെങ്കിലും അഭ്യർഥിക്കാനുള്ളത്. എന്തെല്ലാം കുടിശ്ശികകളാണ്- യു.ജി.സി. ശമ്പള കുടിശ്ശിക 750 കോടി, നഗരവികസന ഗ്രാന്റ് 546.45 കോടി, ഗ്രാമവികസന ഗ്രാന്റ് 1008 കോടി, നെല്ല് സംഭരണം ഉൾപ്പെടെയുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് 790 കോടി, വിവിധ ദുരിതാശ്വാസങ്ങൾക്ക് 138 കോടി, സംസ്ഥാന ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് (SDMF) 69 കോടി, അപ്പെക്സ് 1925 കോടി, ജി.എസ്.ടി. നഷ്ടപരിഹാരം 511 കോടി ഇതെല്ലാം നമുക്ക് തരേണ്ടതാണ്. ഇതെല്ലാം പിടിച്ചുവച്ചാൽ സ്വാഭാവികമായും സാമ്പത്തിക പ്രയാസമുണ്ടാവില്ലേ; ചില പദ്ധതികളെങ്കിലും മുടങ്ങില്ലേ? ശ്രീ. ടി. സിദ്ദിഖ് പറയുന്നതുകേട്ടാൽ തോന്നും കേരളത്തിൽ സാമ്പത്തിക പ്രയാസങ്ങളും അതിന്റെ ബുദ്ധിമുട്ടുകളും ആദ്യമായിട്ടാണ് വരുന്നതെന്ന്. നിങ്ങൾ ഈ കേരളം ഭരിച്ചിട്ടുള്ളതാണ്. ഒന്നുരണ്ടു കാര്യങ്ങളിൽ ഞാൻ താരതമ്യം നടത്തി പറയാം. 2016-ൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ളയുടെ ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ

ചാണ്ടിയുടെ മറുപടി; പി.എസ്.സി. വഴി 143101 പേർക്ക് നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. പിന്നീട് ഒരു ചോദ്യത്തിന് ആ ശിപാർശകൾ മുഴുവൻ നിയമനം നടത്തിയിട്ടില്ലെന്നും അന്നത്തെ മുഖ്യമന്ത്രിക്ക് പറയേണ്ടിവന്നിട്ടുണ്ട്. ഇപ്പോൾ 2024-ൽ ശ്രീ. എം. വിജിൻ ചോദിച്ചപ്പോൾ മുഖ്യമന്ത്രി പിണറായി വിജയന്റെ മറുപടി 2016 മെയ് മുതൽ 2024 മെയ് 30-വരെ 247299 ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകി നിയമനം നടത്തി. അതാണ് വ്യത്യാസം; നിങ്ങളുടെ ഭരണവും ഈ ഭരണവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ കാണണ്ടേ? ഈ ഗവൺമെന്റിനെ ഏതെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ വച്ച് വെറുതെ കുറ്റപ്പെടുത്തിയാൽ മതിയോ? അടുത്തത്, മുൻസർക്കാരിന്റ കാലംമുതൽ നാളിതുവരെ 7371.16 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഇപ്രാവശ്യം വിതരണം ചെയ്തിട്ടുണ്ട്. 741137 പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. നിങ്ങളുടെ കാലത്തോ; അന്ന് ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് ഉമ്മൻചാണ്ടിയുടെ മറുപടി 482375 പേർക്ക് 651,23,18,033 രൂപ അനുവദിച്ചിട്ടുണ്ട് എന്നാണ്. അനുവദിച്ച തുക മുഴുവൻ കൈമാറാനായിട്ടില്ല. ഇതൊക്കെ കഴിഞ്ഞ കാലങ്ങളിൽ നടന്നതും ഇപ്പോഴും

തമ്മിലുള്ള വ്യത്യാസമാണെന്ന് കാണാൻ നിങ്ങൾക്ക് കഴിയണ്ടേ? വിവിധ രംഗങ്ങളിലെ പുരോഗതികളെക്കുറിച്ച് ഇവിടെ പരാമർശിക്കപ്പെട്ടതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇക്കഴിഞ്ഞ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവ വികാസമെന്ന് പറയുന്നത് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു; നിങ്ങൾ ജയിച്ചു എന്നതാണ്. തോറ്റ ഞങ്ങൾ എന്താണ് ചെയ്തത്; അതുസംബന്ധിച്ച് ഞങ്ങൾ നല്ല വിലയിരുത്തൽ നടത്തി. ഇടതുപക്ഷ മുന്നണിയിൽപ്പെട്ട ഓരോ പാർട്ടിയും തനതുനിലയിൽ ഞങ്ങൾക്കെന്തുകൊണ്ടാണ് പ്രതീക്ഷിക്കാത്ത തോൽവി സംഭവിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ട്. അതിന് രാഷ്ട്രീയ സാഹചര്യങ്ങളും പ്രാദേശിക ഘടകങ്ങളും കാരണമായിട്ടുണ്ട്. അതെല്ലാം ഞങ്ങൾ ചർച്ച ചെയ്യുകയാണ്. ഞങ്ങൾ ചർച്ച ചെയ്യുന്നത് ഞങ്ങൾക്ക് പറ്റിയ ഒരു പരാജയത്തിൽനിന്നും തിരുത്തി ജനങ്ങളിലേയ്ക്ക് കൂടുതൽ ഇറങ്ങുന്നതിനുവേണ്ടിയും ജനവിശ്വാസം നേടുന്നതിനുംവേണ്ടിയാണ്. അത് നിങ്ങളെല്ലാവരും പറയുന്നതുപോലെ, ഞങ്ങളുടെ എല്ലാ പാപഭാരവും കേരളത്തിലെ മുഖ്യമന്ത്രിയുടെ തലയിൽ ഏൽപ്പിച്ച് വിമർശനങ്ങൾ നടത്തുന്നുയെന്നുള്ളത് നിങ്ങളുടെ

ഭാവനാസൃഷ്ടിയാണ്. ക്രിയാത്മകമായ ചർച്ചകളാണ് ഞങ്ങൾ നടത്തുന്നത്. ആ ചർച്ച നടത്തുന്ന എല്ലാ സഖാക്കൾക്കും എൽ.ഡി.എഫ്.-ന്റെ പ്രവർത്തകർക്കും അറിയാവുന്നകാര്യമാണ്, ഈ കേരളത്തെ ശക്തമായി നയിക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്ന്. അതിലൊന്നും നിങ്ങൾ അങ്ങനെ വെറുതെ ഭാവനാവിലാസം കാണേണ്ടതില്ല. എന്നാൽ നിങ്ങളുടെ സ്ഥിതിയെന്താണ്? നിങ്ങൾ ജയിച്ചു; തീർച്ചയായും നിങ്ങൾക്ക് അനുകൂലമായ കാര്യമാണ്. നിങ്ങൾക്ക് ആഹ്ലാദിക്കാനുള്ള വകയുണ്ട്. പക്ഷേ ജയിക്കാനുള്ള സാധ്യത വന്നപ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്. അധികാരത്തിനുവേണ്ടി കൂടോത്രം നടത്തുകയല്ലേ; ആ സ്ഥിതിയിലേയ്ക്ക് അധഃപതിച്ചില്ലേ നിങ്ങൾ? ഏതെങ്കിലും അന്ധവിശ്വാസി കൂടോത്രം നടത്തുന്നതിലൊന്നും ഞാൻ അത്ഭുതപ്പെടുന്നില്ല. എന്നെ അത്ഭുതപ്പെടുത്തിയത് മറ്റൊരു കാര്യമാണ്. കോൺഗ്രസ് ജവഹർലാൽ നെഹ്റുവിന്റെ പാർട്ടിയല്ലേ. കൂടോത്രം ചെയ്താൽ കാലിന് ബലക്ഷയം ഉണ്ടാകുമോ; തലയ്ക്ക് പെരുപ്പ് ഉണ്ടാകുമോ? കൂടോത്രം ചെയ്താൽ ജീവൻ രക്ഷപ്പെട്ടുവെന്ന് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് ആശ്വസിക്കേണ്ടതുണ്ടോ? ഇവിടെ ഇപ്പോൾ ഏറ്റവും മുതിർന്ന നേതാക്കന്മാരിൽ

ഒരാളുള്ളത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തോട് എനിക്ക് വലിയ ബഹുമാനമാണ്. നിങ്ങളിലാരെങ്കിലും ഒരു പ്രസ്താവനയെങ്കിലും കൊടുത്തോ; ഒരു കൂടോത്രത്തിനും ഞങ്ങളുടെ ജീവൻ അപഹരിക്കാൻ കഴിയില്ലെന്നും ഞങ്ങളെ തകർക്കാൻ ആകില്ലെന്നും പറഞ്ഞ് നിങ്ങളുടെ ഉത്തരവാദിത്വപ്പെട്ട ആരെങ്കിലും ഒരു പ്രസ്താവന കൊടുത്തോ? ഇതിൽ അഭിരമിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന അന്ധവിശ്വാസിയായ ഒരാൾ കെ.പി.സി.സി. പ്രസിഡന്റായി തുടരുന്നത് നിങ്ങളുടെ പാർട്ടിക്ക് മാത്രമല്ല, കേരളീയ സമൂഹത്തിനും തികച്ചും അപമാനകരമാണ്. ഒരു സ്വാമി അന്ധവിശ്വാസവും മന്ത്രവാദവും നടത്തി ലക്ഷകണക്കിന് ആളുകളെ കുരുതി നൽകി. ഇന്ത്യയിൽ മുഴുവൻ വലതുപക്ഷ അന്തരീക്ഷം സൃഷ്ടിച്ചും വർഗീയത വളർത്തിയും മുതലെടുക്കുന്ന ആർ.എസ്.എസ്സ്.-ഉം നിങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. തിരുത്താൻ തയ്യാറാകണം, അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. അതുകൊണ്ടാണ് ഞങ്ങൾ ഇടതുപക്ഷവും നിങ്ങൾ വലതുപക്ഷവുമാകുന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ

അതിന്റെ ഉപക്ഷേപങ്ങളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ രണ്ടാം ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഈ സഭാ സമ്മേളന കാലയളവിൽ പ്രതിപക്ഷ ബഞ്ച് പ്രത്യേകിച്ച് മുസ്ലിംലീഗ് വല്ലാത്ത അർമാദത്തിലാണ്. യു.ഡി.എഫ്. വിജയമാണ് ഇതിന്റെ നിദാനമെന്ന് പ്രത്യക്ഷത്തിൽ നമുക്ക് തോന്നാമെങ്കിലും മുസ്ലിംലീഗിനെ സംബന്ധിച്ച് യഥാർത്ഥ കാരണം അതല്ല. ഈ ലോക് സഭാ തിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ അപമാനം കോൺഗ്രസ്സിൽനിന്ന് അവർ ഏറ്റുവാങ്ങിയിട്ടുണ്ട്. മലപ്പുറത്ത് കെ.എസ്.യു.-കാർ പച്ചകൊടി പിടിച്ച് മുസ്ലിംലീഗിനെ അവരുടെ പുറം ചെണ്ടയാക്കി. ലീഗിന്റെ തലമുതിർന്ന കാരണവന്മാരെക്കൊണ്ട് പീപ്പി വിളിപ്പിച്ചും ബലൂൺ പെരുപ്പിച്ചും തെരുവിൽ നടത്തിച്ചു. വയനാട്ടിൽ മുസ്ലിംലീഗിന്റെ പച്ച പതാക കാണാതിരിക്കാൻ ത്രിവർണ്ണ പതാകയും താഴെ വച്ചവരാണ് ഈ പ്രതിപക്ഷം. അതുകൊണ്ട് യു.ഡി.എഫ്.-ന്റെ ഈ ആഹ്ലാദ നൃത്തം കണ്ടപ്പോൾ എനിക്ക് ഓർമ്മ വരുന്നത്

എന്റെ വിദ്യാർത്ഥി കാലഘട്ടമാണ്. പഴയ കാലത്ത് ഇന്നത്തെ കാലത്തെപ്പോലെ ലൈറ്റും വെളിച്ചവും ഇല്ല. അന്ന് ഞങ്ങൾ കുട്ടികൾ രാത്രിയിൽ മദ്രസ പഠനം കഴിഞ്ഞ് ഇടുങ്ങിയ ഇടവഴികളിലൂടെ ഇരുട്ടിലാണ് വീട്ടിലേയ്ക്ക് മടങ്ങുന്നത്. എല്ലാവർക്കും പേടിയുണ്ടാകും. ആ പേടി അറിയാതിരിക്കാൻ ഓടിയും ഉറക്കെ പാട്ട് പാടിയും എങ്ങനെയെങ്കിലും വീട്ടിലെത്തും. അതുപോലെയുള്ള പാട്ടും ഓത്തുമായിട്ടാണ് പ്രതിപക്ഷത്തിന്റെ ആഹ്ലാദ പ്രകടനങ്ങൾ എനിക്ക് അനുഭവപ്പെടുന്നത്. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന് കേന്ദ്രസർക്കാരിന്റെ ജനാധിപത്യ ഫെഡറൽ മതനിരപേക്ഷ വിരുദ്ധമായ നയനിലപാടുകൾക്ക് എതിരെ എൽ.ഡി.എഫ്. ബഹുജനങ്ങളെ അണിനിരത്തി അതിശക്തമായ സമരപോരാട്ടങ്ങൾ നടത്തിയിരുന്നു. അതിന്റെ മാത്രം ഗുണഭോക്താക്കളാണ് യു.ഡി.എഫ്. എന്ന് അവർ തിരിച്ചറിയുന്നുണ്ട്. എൽ.ഡി.എഫ്. പാകപ്പെടുത്തിയ ഈ മണ്ണിൽ ഇന്ത്യാ മുന്നണിയെന്ന വിത്ത് എറിഞ്ഞാണ് 18 സീറ്റിന്റെ വിളവെടുപ്പ് യു.ഡി.എഫ്.-ന് സാധ്യമായതെന്ന് അവർക്ക് അറിയാം. ആ വിജയകാലം ഈ

ലോക് സഭാ തിരഞ്ഞെടുപ്പോടെ അവസാനിച്ചെന്ന് അവർ നന്നായി മനസ്സിലാക്കിയിട്ടുണ്ട്.

ദേശീയ പാത, ഗെയിൽ പൈപ്പ് ലൈൻ, കണ്ണൂർ വിമാനത്താവളം, ഇടമൺ-കൊച്ചി പവർ ഹൈവേ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങിയ പശ്ചാത്തല വികസന പദ്ധതികൾ വിസ്മയിക്കുന്ന വേഗതയിൽ പൂർത്തിയാക്കിയ എൽ.ഡി.എഫ്. സർക്കാർ കേരളത്തിന്റെ സാമ്പത്തിക - വ്യവസായിക – വാണിജ്യ - ടൂറിസം രംഗങ്ങളിൽ നടത്തിയ വമ്പൻ വികസനങ്ങളെക്കുറിച്ചുള്ള ചർച്ച ലോക് സഭാ തിരഞ്ഞെടുപ്പിന്റെ പ്രചരണത്തിലുണ്ടായിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളും ഏതുവിധേനയും അതിന് അന്ത്യം കുറിക്കണമെന്ന നാടിന്റെ ഏക ലക്ഷ്യവും മാത്രമായിരുന്നു ലോക് സഭാ തിരഞ്ഞെടുപ്പിന്റെ ആകെയുള്ള പ്രചരണ വിഷയം. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും ചർച്ച ചെയ്യുന്നതും വോട്ടർമാർ പരിഗണിക്കുന്നതും നേരത്തെ സൂചിപ്പിച്ച വികസന കുതിപ്പുകളായിരിക്കും. അങ്ങനെ വന്നാൽ നിശ്ചയമായും എൽ.ഡി.എഫ്. തിളങ്ങുന്ന വിജയം നേടുമെന്ന് മറ്റാരെക്കാളും അറിയാവുന്നത്

യു.ഡി.എഫ്.-നാണ്. അതുകൊണ്ട് തന്നെയാണ് യു.ഡി.എഫ്., ലോക് സഭാ തിരഞ്ഞെടുപ്പ് വിജയത്തിന്റെ ഏറ്റവും പരമപ്രധാനമായ കേന്ദ്രസർക്കാർ വിരുദ്ധ ജനവിധി എന്ന ഘടകത്തെ പൂർണ്ണമായി അവഗണിച്ച് മറ്റ് കഥകളും ആഖ്യാനങ്ങളും ചമച്ചുകൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പ് വിജയത്തെക്കുറിച്ച് ബഹുമാനപ്പെട്ട ചില ലീഗ് അംഗങ്ങൾ ഇവിടെ സംസാരിച്ചു. അവരുടെ മൊഴിയിലും ശരീര ഭാഷയിലും വല്ലാത്ത അഹന്തയുടെ ഭാഷയും ശൈലിയും കാണുന്നുണ്ട്. ലീഗിന്റെ ഉരുക്കുകോട്ടകളായിരുന്ന കുറ്റിപ്പുറം, മങ്കട, തിരൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ഇടതുപക്ഷത്തിന്റെ വിജയപതാക പാറിയിരുന്ന നാളുകൾ ഒരിക്കലും മറക്കരുത്. കുമ്പസരിച്ചും കണ്ണീർ ഒഴുക്കിയും ഹൃദയം പൊട്ടിയും നിങ്ങളിൽ പലരും നടന്ന കാലവും ആ കറുത്ത മുഖവും ആരും ഇന്നും മറന്നിട്ടില്ല. ഇന്ത്യ മുന്നണിയിലെ ഘടകകക്ഷികളുടെ പിൻബലത്തിലാണ് മൃതപ്രാണനായ കോൺഗ്രസിനെ ഇന്ന് കാണുന്ന ജീവനുള്ള അവസ്ഥയിലേയ്ക്ക് എത്തിച്ചതെന്ന യാഥാർത്ഥ്യം ഒരിക്കലും നമുക്ക് മറന്നുകൂടാ. ഇന്ന് ചില ബഹുമാന്യരായ ലീഗ് അംഗങ്ങൾ ലീഗിന്റെ മതേതര മികവിനെക്കുറിച്ച് ഇവിടെ പറയുന്നതിന്റെ ഇടയിൽ കോഴിക്കോട്

എൽ.ഡി.എഫ്. സ്ഥാനാർത്ഥി സഖാവ് എളമരം കരീമിനെ കരീം ഇക്കായെന്ന് വിശേഷിപ്പിച്ചത് എൽ.ഡി.എഫ്.-ന്റെ മുസ്ലിം പ്രീണനത്തിന്റെ വകഭേദമാണെന്ന ധ്വനിയിലാണ്. അവരോട് വിനയപൂർവ്വം പറയാനുള്ളത് അത് കോഴിക്കോടിന്റെ സ്നേഹ ഭാഷയാണെന്നാണ്. ഞങ്ങൾ ജാതി മത രാഷ്ട്രീയത്തിനപ്പുറം മുതിർന്നവരെ കരീം ഇക്ക, അഹമ്മദ് ഇക്കായെന്നും രാഘവേട്ടൻ, കേളുവേട്ടൻ എന്നും വിളിക്കും. അത് കോഴിക്കോടൻ ഹൽവ പോലെ മധുരമുള്ള കോഴിക്കോടിന്റെ സ്നേഹ വിളിയാണ്. അതിനപ്പുറം അതിന് യാതൊരു മാനങ്ങളുമില്ല. മലപ്പുറത്ത് ലീഗ് കോട്ടകളിലെ തിരഞ്ഞെടുപ്പ് ക്യാമ്പയിൻ നിരീക്ഷിക്കാൻ അവസരം ലഭിച്ചവർ മൂക്കത്ത് വിരൽ വയ്ക്കുമായിരുന്നു. പൊന്നാനിയിൽ ലീഗ് സ്ഥാനാർത്ഥിക്കായി സ്ഥാനാർത്ഥികളുടെതന്നെ രണ്ട് അഭ്യർത്ഥനകൾ ഞാൻ നേരിട്ട് കണ്ടു. ഒരേ വരികൾ, ഒരേ ആശയം, ഒന്നിൽ തൊപ്പി വച്ച സമദാനി മറ്റൊന്നിൽ തൊപ്പി വയ്ക്കാത്ത സമദാനി ഹിന്ദു വീടുകളിലും മുസ്ലിം വീടുകളിലും വിതരണം ചെയ്യാൻ ഒരേ അച്ചുകൂടത്തിൽ അടിച്ച് വിതരണം ചെയ്തതിന് നമ്മൾ നേർസാക്ഷികളാണ്. എന്നിട്ടാണ് ഇവിടെ ലീഗിന്റെ മതനിരപേക്ഷതയുടെ

പ്രഘോഷണങ്ങൾ നടത്തുന്നത്. രാഹുൽ ഗാന്ധിയുടെ പ്രസംഗം ദേശാഭിമാനിയുടെ ഒന്നാം പേജിൽ ലീഡ് നൽകിയില്ലെന്ന് പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. മണിപ്പൂരും മോദിയുടെ ജനാധിപത്യ വിരുദ്ധതയെയും ഇടതുപക്ഷ അംഗങ്ങൾ എത്രയോ തവണ പാർലമെന്റിൽ വലിച്ചുകീറിയതാണ്. ആയതിനാൽ ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗത്തിൽ അർമാദിക്കാൻ മാത്രം ഇടതുപക്ഷം അതിൽ പ്രത്യേകത കാണുന്നില്ല. എന്നാൽ കോൺഗ്രസ്, ലീഗ്, ജമാഅത്ത്, പോപ്പുലർ ഫ്രണ്ട് എന്നിവർക്ക് ആവേശപ്പെടാൻ അവകാശമുണ്ട്. കാരണം പതിറ്റാണ്ടുകൾ ലോക് സഭയിൽ സാമാജികനായ ശ്രീ. രാഹുൽ ഗാന്ധി ഒന്നും ആരോടും പറയാറുണ്ടായിരുന്നില്ല. കത്വ, ഹത്രാസ്, ഡൽഹി കലാപം, ആൾക്കൂട്ട കൊലപാതകം, ബുൾഡോസർ രാജ്, ചരിത്ര പ്രധാന പ്രദേശങ്ങളുടെ മുസ്ലിം നാമം എടുത്തു മാറ്റൽ, ഏക സിവിൽ കോഡ്, സി.എ.എ., കരിക്കുലത്തിന്റെ കാവിവൽക്കരണം, ബാബറി മസ്ജിദ്, കർഷക സമരങ്ങൾ, യു.എ.പി.എ., ഇ.ഡി., നിയമങ്ങളിലെ കൊടിയ ഫെഡറൽ ജനാധിപത്യ വിരുദ്ധത, കേരളം ഉൾപ്പെടെ പ്രതിപക്ഷ സംസ്ഥാനങ്ങളുടെ കഴുത്ത് ഞെരിച്ചുകൊണ്ട് ന്യായമായ വിഹിതം

അപഹരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെ കോൺഗ്രസ് മൃദു ഹിന്ദുത്വത്തിന്റെ തടവിലായിരുന്നു. സ്വന്തം പതാകയും ലീഗിന്റെ പതാകയും അഴിച്ച് മാറ്റുകയും ബി.ജെ.പി.-യെ ഭയന്ന് ഉടുപ്പിൽ ഒളിപ്പിക്കുകയും ചെയ്ത് തിരഞ്ഞെടുപ്പിനെ നേരിട്ട യു.ഡി.എഫ്.-ന് തീർച്ചയായും പ്രസംഗം ആഹ്ലാദമുണ്ടാക്കും. കാരണം അത്രമേൽ മൃദു ഹിന്ദുത്വത്തിന്റെ തടവറയിലായിരുന്നു അവർ. വർഷങ്ങളായി ഇന്ത്യൻ പാർലമെന്റിൽ ശ്രീ. ജോൺ ബ്രിട്ടാസ്, ശ്രീമതി മെഹുവ മൊയ്ത്ര, ശ്രീ. ബിനോയ് വിശ്വം എന്നിവർ സംഘപരിവാറിനെതിരെ നടത്തിയ പ്രഭാഷണങ്ങളും ജയ് വിളികളും കേട്ട് ആവേശംകൊണ്ട ഇടതുപക്ഷ പ്രവർത്തകർക്ക് ഇതിൽ പ്രത്യേകിച്ച് ആവേശം കാണില്ല. കാരണം ഞങ്ങളുടെ പ്രതിനിധികൾ ശ്രീ. നരേന്ദ്ര മോദിയുടെ മുഖത്തുനോക്കി പറയാത്ത ഒന്നും ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞിട്ടില്ല, എന്നാൽ പ്രതിപക്ഷ നേതാവെന്ന നിലയിൽ നടത്തിയ പ്രസംഗം കോൺഗ്രസ്, ലീഗ്, ജമാഅത്ത് ഇസ്ലാമി, എസ്.ഡി.പി.ഐ. എന്നീ സഖ്യത്തെ കോൾമയിർക്കൊള്ളിക്കുമെന്നതിൽ അത്ഭുതമില്ല. കാരണം അവർക്ക് ഇത് ആദ്യ അനുഭവമാണ്. രാജ്യത്തെതന്നെ ഏറ്റവും വലിയ പദ്ധതികളിലൊന്നായ

വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടന കർമ്മത്തിലേയ്ക്ക് നാം നീങ്ങികൊണ്ടിരിക്കുകയാണ്. അതിന് ചെലവഴിച്ച സംഖ്യകളുടെ ബില്ലുകൾ തയ്യാറാക്കി CapEx (Capital Expenditures)-ന് സമർപ്പിച്ചിട്ടുപ്പോലും മുട്ടുപോക്ക് ന്യായങ്ങൾ പറഞ്ഞ് കേന്ദ്രം നൽകേണ്ട തുക നൽകാതെയിരുന്നപ്പോൾ അതിനെതിരെ ഒരക്ഷരം പറയാൻ യു.ഡി.എഫ്. തയ്യാറായില്ലെന്ന ദുഃഖ സത്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഈ ബഡ്ജറ്റ് കാലയളവിൽ പൂർണ്ണസജ്ജമാക്കാൻ പോകുന്നത് കേരളത്തിന് മുതൽക്കൂട്ടാണ്. ലോകഭൂപടത്തിൽ കേരളത്തിന് പ്രത്യേക സ്ഥാനം ലഭിക്കാൻ പോകുന്നു. ഈ തുറമുഖത്തിന്റെ പ്രവർത്തനം നാടിന്റെ സർവ്വതല സ്പർശിയായ വികസനത്തിന് ചാലകശക്തിയാകുമെന്ന് ഉറപ്പാണ്. ഒരു വശത്ത് കേന്ദ്രസർക്കാരിന്റെ കടുത്ത അവഗണന മറുവശത്ത് ആഗോളതലത്തിലെ യുദ്ധങ്ങളും സാമ്പത്തിക മാന്ദ്യവും നമുക്ക് ഏൽപ്പിക്കുന്ന ആഘാതം, ഇവയെല്ലാം നമുക്ക് അതിജീവിക്കേണ്ടതുണ്ട്. ഓഖിയെയും പ്രളയങ്ങളെയും കോവിഡ് മഹാമാരിയെയും ഒറ്റക്കെട്ടായി കരുത്തോടെ നേരിട്ട കേരളം ഏത് പ്രതിസന്ധികളെയും അതിജീവിച്ച് പൂർവ്വാധികം ശക്തിയോടെ

മുന്നേറുമെന്ന് ഉറപ്പാണ്. ഇവിടെ അവതരിപ്പിച്ച ധനബില്ലിനെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് റൂൾ-300 പ്രകാരം സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തി. ചിലപ്പോൾ നമ്മുടെ നാട്ടിലെ ആളുകൾക്ക് പണം കടം വാങ്ങിയശേഷം സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ സമയത്തിന് തിരികെക്കൊടുക്കാൻ സാധിക്കില്ല. പണം തിരികെ ലഭിക്കേണ്ട ആളുകൾ ഒരു മധ്യസ്ഥനമായി പ്രശ്നത്തിൽ ഇടപെടുകയും തീരുമാനത്തിലെത്തുകയും ചെയ്യും. ഇവിടെ 20 മന്ത്രിമാരുടെ ധനാഭ്യർത്ഥനകളിൽ അവരുടെ കാര്യങ്ങളൊന്നും പറയാൻ സാധിക്കാത്തതുകൊണ്ട് മറുപടി നൽകാൻ ഒരു മധ്യസ്ഥനായി മുഖ്യമന്ത്രി വന്നു. ഇവിടെയുള്ള മന്ത്രിമാർ അവരവരുടെ വകുപ്പുമായി ബന്ധപ്പെട്ട പെൻഷൻ അടക്കമുള്ള കാര്യങ്ങൾ പറഞ്ഞിരുന്നെങ്കിൽ എന്തൊരു അന്തസ്സുണ്ടായിരുന്നു. ലീഗിന്റെ ഭാഷ കോഴിക്കോട് ഭാഷയാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ഞാൻ തന്നെയാണത് പറഞ്ഞത്, ഞങ്ങൾ

എല്ലായിടത്തും ഒരുപോലെയാണ് പറയുന്നത്. നിങ്ങളുടെ പാർട്ടിയായ സി.പി.ഐ.(എം.)-ന് എന്ത് സംഭവിച്ചു, ബി.ജെ.പി.-യിലെ ഒരു ക്രിമിനൽ ജയിലിൽനിന്നും വന്നപ്പോൾ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി എന്തിനാണ് സ്വീകരിക്കാൻ പോയത്, എന്തിനാണ് എല്ലാ കേസുകളും കോംപ്രമൈസ് ചെയ്യാൻ നിങ്ങൾ പോകുന്നത്? സി.പി.ഐ.(എം.) പോലെയുള്ള ഒരു പാർട്ടിക്ക് ബി.ജെ.പി.-യിലെ ഒരു ക്രിമിനലിനെ സ്വീകരിച്ച് ജയ് വിളിക്കേണ്ട ഒരു ഗതികേട് നിങ്ങൾക്ക് ഉണ്ടായല്ലോയെന്നുള്ള ഒരു സങ്കടമാണ് എനിക്കുള്ളത്. തിരുവമ്പാടിയിൽ ഒരാൾ കെ.എസ്.ഇ.ബി.-യുടെ ഓഫീസ് ആക്രമിച്ചതിന്റെ പേരിൽ അയാളുടെ പിതാവിന്റെ പേരിലുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി. അതുപോലെ നിങ്ങൾ ചെയ്ത പ്രവർത്തികൾ പരിശോധിച്ചാൽ നിങ്ങളുടെ പിതാവിന്റെ പേരിൽ എത്ര കേസുകൾ എടുക്കേണ്ടിവരും. മെഡിക്കൽ കോളേജിൽ മകൻ ചെയ്ത അക്രമത്തിന്റെ പേരിൽ അയാളുടെ പിതാവിന് ചികിത്സ ഒഴിവാക്കുമോ? റേഷൻ കട ആക്രമിച്ചിട്ടുണ്ടെങ്കിൽ അയാളുടെ പിതാവിന` നിങ്ങൾ അരി നൽകാതിരിക്കുമോ? നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? അടുത്ത കാര്യം

എസ്.എഫ്.ഐ., അവരെ നിങ്ങൾ തന്നെ നന്നാക്കിയാൽ മതി. ഞാൻ എസ്.എഫ്.ഐ. ആയതിൽ അഭിമാനം കൊള്ളുന്നുവെന്ന് നമ്മുടെ ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ പറയുകയുണ്ടായി. അത്തരത്തിലുള്ള ഒരു കാലഘട്ടം ഉണ്ടായിരുന്നു, ആ കാലഘട്ടം നിങ്ങൾ കളഞ്ഞു കുളിച്ചു. നിങ്ങൾ കെ.എസ്.യു.-വിനെക്കുറിച്ച് പറയുകയുണ്ടായി......, നിങ്ങൾ വന്നു, ഇപ്പോൾ കൗണ്ട് ഡൗൺ തുടങ്ങി, എവിടേക്ക്? അത് എവിടെ തുടങ്ങിയെന്ന് നിങ്ങൾ മനസ്സിലാക്കണം. പരിയാരം മെഡിക്കൽ കോളേജ്, നഴ്സിംഗ് കോളേജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇവിടെയൊക്ക എന്ത് സംഭവിച്ചുവെന്ന് നിങ്ങൾ ആലോചിക്കണം. ആദ്യം ക്യാമ്പസുകളിൽ 'നവാഗതർക്ക് സ്വാഗതം- എസ്.എഫ്.ഐ.' എന്നായിരുന്നു, ഇപ്പോൾ എസ്.എഫ്.ഐ. ഉള്ള ഇടങ്ങളിൽ കുട്ടികൾ വരുന്നില്ല. എസ്.എഫ്.ഐ. ഇവിടെയില്ലെന്നും അതുകൊണ്ട് കുട്ടികൾക്ക് കോളേജിലേക്ക് സ്വാഗതം എന്നുമാണ് കോളേജ് അധികൃതർ പറയുന്നത്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, നാല് വർഷത്തെ ഡിഗ്രി കോഴ്സിനെക്കുറിച്ച് എന്തെങ്കിലും ഒരു പഠനം നടത്തിയോ, ഇത്ര പെട്ടന്ന് ഇത്

നടപ്പിലാക്കിയത് എന്തിനാണ്? ഇതിന്റെ ഉദ്ദേശം എന്താണ്; ഇതിൽ ഏതെങ്കിലും ഒരു റിപ്പോർട്ട്, അടിസ്ഥാന സൗകര്യങ്ങൾ, അതിന്റെ പോസ്റ്റിംഗ്, ജോലിഭാരം അധികമായി ഉണ്ടാകുന്ന അവസ്ഥ ഇങ്ങനെയെന്തെങ്കിലും പഠനം നടത്തിയോ? 3 വർഷം കൊണ്ട് പഠിക്കേണ്ട കാര്യങ്ങൾ 4 വർഷം കൊണ്ടുപഠിക്കുകയെന്ന് മാത്രമാണോ കണ്ടെത്തിയത്. നിങ്ങൾ അതിനെപ്പറ്റി ഒരു പഠനവും നടത്തിയിട്ടില്ല. ഞാൻ പറഞ്ഞ ഇക്കാര്യം നിങ്ങൾ പോയി പാർട്ടിയിൽ ചർച്ച ചെയ്യൂ. ബഹുമാനപ്പെട്ട സ്പീക്കർ കൂടി ഇക്കാര്യം കേൾക്കണം, അങ്ങ് നന്നായി വായിക്കുന്ന ആളാണ്. പണ്ട് ഒരു കഥയുണ്ടായിരുന്നു, റഷ്യയും ചൈനയും അതായത് സി.പി.ഐ., സി.പി.ഐ.(എം.) എന്നിവർ ഒരുപോലെ ശോഭിക്കുന്ന ഒരു ഭൂതകാലം. ഇപ്പോഴത്തെയല്ല, പഴയതാണ്. ചൈനയിലെ Deng Xiaoping റഷ്യയിലെ Mikhail Gorbachev എന്നിവർ ചൈനയിലെ ഉൾനാട്ടിലൂടെ കാറിൽ യാത്ര ചെയ്യുകയായിരുന്നു. ഈ വാക്ക് ഞാൻ നോക്കി വായിക്കാൻ കാരണം തെറ്റാൻ പാടില്ലെന്ന് വിചാരിച്ചിട്ടാണ്. അപ്പോൾ Deng Xiaoping-ന്റെ വിശ്വസ്തനായ ഡ്രൈവർ മാത്രമേ കാറിലുണ്ടായിരുന്നുള്ളൂ, അയാൾ കമ്മ്യൂണിസം കലക്കിക്കുടിച്ച ഒരാളായിരുന്നു. എന്നാൽ

നേതാക്കന്മാരുടെ സംസാരത്തിലൂടനീളം കോർപ്പറേറ്റുകളെ എങ്ങനെ ആകർഷിക്കാമെന്നും സ്വകാര്യ മൂലധനം എങ്ങനെ ഇറക്കാമെന്നും തുടങ്ങിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ പദ്ധതികളായിരുന്നു ചർച്ച. ഇതുകേട്ടപ്പോൾ ഡ്രൈവർക്ക് ഹാലിളകി, പ്രത്യേക ഒരു സ്ഥലത്തെത്തിയപ്പോൾ വാഹനം നിർത്തിയിട്ട് വലതുവശത്തേക്കാണോ ഇടതുവശത്തേക്കാണോ പോകേണ്ടതെന്ന് Deng Xiaoping-നോട് ചോദിച്ചു. Deng Xiaoping പറഞ്ഞത്, സിഗ്നൽ ഇടതുവശത്തേക്കിട്ടുകൊണ്ട് വാഹനം വലതുവശത്തേക്ക് പോകുകയെന്നാണ്. നിങ്ങൾ ആലോചിക്കണം, നിങ്ങളുടെ പ്രസംഗങ്ങൾ അങ്ങനെയാണ്, നിങ്ങളുടെ പ്രവർത്തി വേറെയാണ്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. എന്താണ് നിങ്ങൾക്ക് കോമൺ സെൻസില്ലേ, കാര്യങ്ങളൊക്കെ വളരെ പെട്ടെന്ന് capture ചെയ്യണ്ടേ; ശ്രീ. പിണറായി വിജയൻ ആരാണെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. നിങ്ങൾ ആരാണെന്ന് ഞങ്ങളെ ബോധ്യപ്പെടുത്തണ്ട, ഈ സി.പി.ഐ.-ക്കാരെ ബോധ്യപ്പെടുത്തിയാൽ മതി. ആരാണ് ഏകാധിപത്യഭരണം നടത്തുന്നത്? ഒരു വ്യക്തിയുടെ കൈയിൽ മാത്രമാണ് ഭരണം നിലനിൽക്കുന്നതെന്ന് പറയുന്നു. ശ്രീ. ബിനോയ്

വിശ്വത്തിന്റെ കൈയും കാലും തല്ലി ഒടിക്കുമെന്ന് നാദാപുരത്തെ സി.പി.ഐ.(എം.) നേതാവ് പറഞ്ഞു. 1969 മുതൽ 1980 വരെ നിങ്ങൾ സി.പി.ഐ.-യ്ക്ക് കേരളത്തിൽ ഒരു അന്തസ്സുണ്ടായിരുന്നു, ഞങ്ങൾ കൂടെയുണ്ടായിരുന്നു, നിങ്ങൾ തറവാടികളാണെന്നുപറഞ്ഞ് ഞങ്ങൾ കൊണ്ടുനടന്നിരുന്നു. 1980-നുശേഷം നിങ്ങളുടെ അവസ്ഥയെന്താണ്? നിങ്ങൾ ചവിട്ടും കുത്തുമായി നടക്കുന്നു, എന്തെങ്കിലും നേട്ടം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ; മുഖ്യമന്ത്രി സ്ഥാനം ത്യജിച്ചുകൊണ്ടാണ് അവർ നിങ്ങളുടെ കൂടെവന്നത്. നിങ്ങൾക്ക് അത് പറയാൻ ബുദ്ധിമുട്ടുണ്ടാകും, എനിക്ക് അതറിയാം. ബിനോയ് വിശ്വത്തിന് ആ സ്ഥാനത്തിരിക്കാൻ യോഗ്യതയില്ലെന്ന് രാജ്യസഭാംഗമായ ശ്രീ. എ. എ. റഹീം പറയുകയാണ്. നിങ്ങളുടെ പാർട്ടിയെക്കുറിച്ച് എന്താണ് പറയുന്നതെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. നമുക്കെല്ലാവർക്കുമറിയാവുന്ന നല്ല ഒരു വ്യക്തിത്വമുള്ള ശ്രീമതി ശൈലജ ടീച്ചറെ നിങ്ങൾ ലോക്സഭാ സ്ഥാനാർത്ഥിയാക്കി. ടീച്ചർക്ക് അസംബ്ലിയിൽ പ്രസംഗിക്കാനായി 15 മിനിട്ടാണ് സമയം നൽകിയിരുന്നത്, അന്നേ ദിവസം സഭ സ്തംഭിച്ചു. എന്നാൽ കേന്ദ്ര കമ്മിറ്റി കഴിഞ്ഞുവന്നപ്പോൾ പ്രസംഗിക്കാനായി ഡോ. കെ. ടി. ജലീലിന് 15 മിനിട്ടും ടീച്ചർക്ക് 13

മിനിട്ടുമാണ് നൽകിയത്. കേന്ദ്ര കമ്മിറ്റി അംഗത്തിന് 13 മിനിട്ടും ഡോ. കെ. ടി. ജലീലിന് 15 മിനിട്ടുമാണ് നൽകിയത്. നിങ്ങളുടെ പാർട്ടി എങ്ങോട്ടാണ് പോകുന്നത്? ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ മോശമായി സംസാരിക്കാനാണ് അദ്ദേഹത്തിന് കൂടുതൽ സമയം നൽകിയത്. ഡോ. കെ. ടി. ജലീലിന്റെ പ്രസംഗവും ശ്രീ. അഹമ്മദ് ദേവർകോവിലിന്റെ പ്രസംഗവും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ഒരേപോലെ എഴുതിക്കൊടുക്കുകയാണ്. ഈ പ്രസംഗങ്ങൾ അതേപടി അവർ പറയുകയുമാണ്. അതിന്റെ ഇടയിൽ എന്തെങ്കിലും ചോദിച്ചാൽ പ്രസംഗം പോകുമോയെന്നുവിചാരിച്ചാണ് ഞാൻ ഒന്നും ചോദിക്കാത്തത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ്, എനിക്കിഷ്ടപ്പെട്ട ഒരു നല്ല പാർലമെന്റേറിയനാണ്. അതുപോലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും പക്വതയുള്ള ഒരാളാണ്. ഞങ്ങളുടെ എം.എസ്.എഫ്.-കാർ ഒരാളെ ചവിട്ടിക്കൊന്നുവെന്ന് അവർ ഇന്നലെ പറയുകയുണ്ടായി. നിങ്ങൾ ഭരിക്കുന്ന കാലഘട്ടത്തിലല്ലേ പ്രസ്തുത കേസ് ഉണ്ടായതെന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങളുടെ കെ.എസ്.ടി.എ.-യുടെ

ജില്ലാ സെക്രട്ടറിയായിരുന്ന ശങ്കരപ്പണിക്കരായിരുന്നില്ലേ അന്നത്തെ ബി.പി.ഒ. ആയിരുന്നത്. ആ കേസ് ഉണ്ടായപ്പോൾ അന്നത്തെ കൈരളി ചാനലും നിങ്ങളുടെ ഗവൺമെന്റും ശങ്കരപ്പണിക്കരും പറഞ്ഞത് യൂത്ത് ലീഗുകാർ ചവിട്ടിക്കൊന്നുവെന്നാണ്. ശങ്കരപ്പണിക്കർ ഈ കേസിൽ ഒന്നാം സാക്ഷിയായി വന്നപ്പോൾ അത്തരത്തിലുള്ള ഒരു സംഭവം കണ്ടിട്ടില്ലെന്നും ഉണ്ടായിട്ടില്ലെന്നും പറഞ്ഞതല്ലേ? എന്റെ കൈവശമുള്ള ഈ രേഖകളൊക്കെ റെക്കാർഡുകളാണ്, കോടതിമൊഴികളാണ്. ആ പോസ്റ്റുമോർട്ടം റിപ്പോർട്ട് നിങ്ങൾ വായിക്കണം, അത്യാവശ്യം ഇംഗ്ലീഷ് അറിയാമല്ലോ, ഇത് ഞാൻ തരാം. റിപ്പോർട്ടിലെ കണ്ടന്റ് വായിച്ചാൽ മരണം സംഭവിച്ചത് ഒരു ഹൃദയ സ്തംഭനംമൂലമാണെന്ന് മനസ്സിലാകും. അദ്ദേഹത്തിന്റെ അയൽവാസിയും കൂടെയുണ്ടായിരുന്ന അധ്യാപകരും.....

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ആ കേസിൽ പ്രതികൾ എങ്ങനെയാണ് വിട്ടുപോയെന്നുള്ളതാണ്. ഈ

വിഷയത്തിൽ ഏറ്റവും ആധികാരികമായി പറയാൻ സാധിക്കുന്ന ആൾ അങ്ങ് തന്നെയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, അത് നിങ്ങൾ അംഗീകരിച്ചല്ലോ, അനുമതി. അന്നത്തെ പാഠപുസ്തകത്തിലെ ' മതമില്ലാത്ത ജീവൻ' എന്ന വിഷയത്തിൽ നിന്ന് നിങ്ങൾക്ക് രക്ഷപെടാൻവേണ്ടിയും വിഷയം ഡൈവെർട്ട് ചെയ്യുന്നതിനുമായി ഞങ്ങളുടെ ആളുകളുടെ പേരിൽ കള്ളക്കേസുണ്ടാക്കി. എന്തുകൊണ്ടാണ് ഈ വിഷയത്തിൽ അപ്പീൽ നൽകാതിരുന്നത്? ധനകാര്യ വകുപ്പുമന്ത്രി രണ്ടുമൂന്ന് പുസ്തകങ്ങൾ അച്ചടിച്ചിറക്കിയിട്ടുണ്ട്. ഇത് നിങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ടാണ്, രണ്ട് പുസ്തകങ്ങളുണ്ട്. ഞാൻ ഇത് നോക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ ഏറ്റവും പുതിയ കണക്ക് പ്രകാരം സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണെന്നും റിപ്പോർട്ടിന്റെ അവസാനഭാഗത്തിൽ 23.35% വർദ്ധനയുണ്ടെന്നാണ്, പിന്നെ ഈ പണമൊക്കെ എവിടെ പോകുന്നു. നിങ്ങൾ ഇത് മുറിയിൽ പൂട്ടിവയ്ക്കാതെ വായിച്ചുപഠിച്ചിട്ട് കാര്യങ്ങൾ പറയൂ. എനിക്ക് പറയാനുള്ളത് നിങ്ങൾ നന്നാകണം, എന്നാൽ നിങ്ങൾ കോൺഗ്രസിനെയോ ശ്രീ. രാഹുൽ

ഗാന്ധിയെയോ കുറ്റം പറയരുത്. നിങ്ങൾക്ക് അവസാനത്തെ അത്താണിയായി രാഹുൽ ഗാന്ധിയല്ലാതെ വേറെ ഒരാളും ഉണ്ടാകുകയില്ല, കോൺഗ്രസല്ലാതെ വേറെയാരും ഉണ്ടാകുകയില്ല. അതുകൊണ്ട് നിങ്ങളുടെ നിലനില്പും അതിജീവനത്തിനായുള്ള പോരാട്ടവും... നിങ്ങൾ തകർന്നുതരിപ്പണമായ ബംഗാളിലും ത്രിപുരയിലും കോൺഗ്രസ്സുമായല്ലേ സഖ്യം ചേർന്നത്. ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കണമെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. എന്റെ പ്രിയ സുഹൃത്ത് ശ്രീ. പി. കെ. ബഷീർ സൂചിപ്പിച്ചതുപോലെ അദ്ദേഹം പലപ്പോഴും ഡൈവേർട്ട് ചെയ്തു പോകുകയാണ്. ഇടതുപക്ഷത്തെ യഥാർത്ഥ വിഷയങ്ങളിൽ ആക്രമിക്കാൻ കഴിയാത്തതുകൊണ്ടാണ് ആ ഡൈവേർഷൻ ഉണ്ടാകുന്നത്. ഈ നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന ജനോപകാരപ്രദമായ പ്രവർത്തനങ്ങളെ

വസ്തുതാപരമായി വിലയിരുത്താൻ കഴിയാത്തതുകൊണ്ടാണ് മറ്റുതരത്തിലേയ്ക്ക് വിഷയങ്ങളെ ഡൈവേർട്ട് ചെയ്ത് കൊണ്ടുപോകാൻ ശ്രമിക്കുന്നത്; അത് അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞുപോകുന്നതാണ്.

1956-ൽ കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം 1957-ൽ ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാർ അധികാരത്തിൽ വന്നതുമുതൽ കേരളം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു വികസനപാതയാണ് സ്വീകരിച്ചിട്ടുള്ളത്. അത് ഇപ്പോഴും അതിശക്തമായി കാലാനുസൃതമായ മാറ്റങ്ങളോടെ തുടരുകയാണ്. അതിശക്തമായ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം, വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ കേരളം സ്വീകരിച്ച നടപടികളുമെല്ലാം വ്യത്യസ്തവും പുരോഗമനപരവുമാണ്. 1957-ലെ സർക്കാർ തുടങ്ങിവച്ച ഇത്തരം പ്രവർത്തനങ്ങളാണ് മാറി വന്ന സർക്കാരുകൾ പാടേ ഉപേക്ഷിക്കാതെ മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. 2016-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരും ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ സർക്കാരും തുടർന്നുവരുന്നത് ഇതേ

നയങ്ങളുടെ കാലാനുസൃതമായി പരിഷ്കരിച്ച പതിപ്പാണ്. ഇടതുപക്ഷ നയവ്യതിയാനം എന്നെല്ലാം ഇവിടെ പലരും സംസാരിക്കുമ്പോഴും നമ്മുടെ രാജ്യം പോകുന്നത് എങ്ങോട്ടാണെന്ന് ഓർക്കണം. വലതുപക്ഷ തീവ്രനിലപാടുകളെ എങ്ങനെയാണ് കേരളം പ്രതിരോധിക്കുന്നതെന്ന് അറിയണം. അതിനെ ഉൾക്കൊള്ളാനുള്ള ശേഷിയില്ലെങ്കിൽ ഈ നാട് എവിടെച്ചെന്ന് നിൽക്കും; ആരോഗ്യ,-വിദ്യാഭ്യാസ-സാമൂഹ്യസുരക്ഷാ രംഗങ്ങളിൽ മുന്നേറ്റം കൈവരിക്കുന്നതോടൊപ്പം ദേശീയപാതാ വികസനം, വൈദ്യുതി മേഖലയിലെ പ്രസരണ ഉൽപ്പാദന വിതരണ രംഗത്തെ വികസനം, വിഴിഞ്ഞം തുറമുഖം പോലുള്ള വൻകിട പദ്ധതികളിലെല്ലാം ഈ സർക്കാർ മികച്ച സമീപനമാണ് ഏറ്റെടുക്കുന്നത്. ഇതിനെല്ലാം തുരങ്കം വയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കോൺഗ്രസ്സ് സർക്കാരുകളും 2014 മുതൽ അധികാരത്തിൽവന്ന ബി.ജെ.പി. സർക്കാരും നടത്തിക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. സർക്കാർ അത് രൂക്ഷമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സമീപനത്തിന് കൃത്യമായ രാഷ്ട്രീയ കാരണങ്ങളുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുകയാണ്. കേരളത്തിൽ നിലനിൽക്കുന്ന ഇടതുപക്ഷ മതനിരപേക്ഷ

സമീപനത്തെ തകർത്ത് ഒരു വലതുപക്ഷ സമീപനത്തിലേയ്ക്ക് കേരളത്തെ എത്തിക്കുകയെന്ന ഒരു ആസൂത്രിത നീക്കമാണ് ഇതിന്റെ പിന്നിലെന്ന് യു.ഡി.എഫ്. സർക്കാർ മനസ്സിലാക്കണം. അത് മനസ്സിലാക്കാതെ ഇടതുപക്ഷത്തെ ആക്രമിച്ച് തോൽപ്പിക്കുന്നത് നാടിന് ഗുണകരമാകില്ല. രാഷ്ട്രീയമായ ഭരണസംവിധാനത്തോടൊപ്പം അതിനേക്കാൾ ഒരുപടി മുന്നിലായി പ്രധാന്യമർഹിക്കുന്നതാണ് fiscal federalism. ധനപരമായ കാര്യങ്ങളിലുള്ള ഫെഡറലിസമാണ്. കേരളത്തിന്റെ ധനപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കേരള സർക്കാർ സുപ്രീം കോടതിയിൽ നടത്തിയ നിയമപോരാട്ടം നമുക്കറിയാം. ഏകദേശം 13,608 കോടി രൂപ ഉടൻ നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിടുന്ന നിലപാടിലേയ്ക്ക് എത്തേണ്ടിവന്നു. എന്തിനുവേണ്ടിയാണ് കേരളം ഈ പോരാട്ടം നടത്തിയത്; കേരളത്തിലെ സാധാരണക്കാരായ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടിയാണ്. കേരളത്തിൽ ഇപ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നു. വലതുപക്ഷം, ഇടതുപക്ഷം എന്നൊക്കെ പറയുമ്പോഴും കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ

കൊടുക്കുന്നതുപോലെ ഫലപ്രദമായ ഒരു ഇടപെടൽ ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്താണുള്ളത്; 62 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുകയാണ്. എന്തിനാണ് ഇത്രയും പേർക്ക് പെൻഷൻ കൊടുക്കുന്നതെന്നാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ചോദിക്കുന്നത്. വെറും 300 രൂപയാണ് കേന്ദ്രസർക്കാർ പെൻഷൻ വിഹിതമായി സംസ്ഥാനത്തിന് തരുന്നത്. 62 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുമ്പോൾ 6.8 ലക്ഷം പേർക്ക് ശരാശരി 300 രൂപ വീതം വിഹിതം തരുന്ന സർക്കാരാണ് കേന്ദ്രസർക്കാർ. കേരളം കടക്കെണിയിലാണ്, കേരളത്തിൽ ഒന്നും നടക്കുന്നില്ലെന്ന് പറയുമ്പോൾ, കഴിഞ്ഞ 8 വർഷത്തിനകം വിതരണം മുടക്കിയ പെൻഷൻ കുടിശ്ശികയുൾപ്പെടെ 62,400 കോടി രൂപയാണ് പെൻഷൻ ഇനത്തിൽ കേരളത്തിൽ വിതരണം ചെയ്തത്. അതിൽ യു.ഡി.എഫ്. സർക്കാർ കൊടുത്തത് 9,300 കോടി രൂപ മാത്രമാണ്. അതിൽ വെറും 2 ശതമാനം പണം മാത്രമാണ് കേന്ദ്രസർക്കാർ തരുന്നത്. അത് ഇടതുപക്ഷ സമീപനമാണ്. കേന്ദ്രസർക്കാർ വരുമാനപരിധി 25,000 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽക്കൂടുതൽ വരുമാനമുള്ളവർക്ക് പെൻഷൻ കൊടുക്കാൻ പാടില്ലെന്ന് നിയമം വന്നപ്പോൾ

ഒരു ലക്ഷം രൂപയുടെ വരുമാനപരിധി വച്ച് പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. അതും ഇടതുപക്ഷ സമീപനമാണ്. കേരളത്തിൽ വീടില്ലാത്ത ഒരാളും ഉണ്ടാകാൻ പാടില്ലെന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ പദ്ധതിയിലൂടെ 5,78,025 പേർക്ക് വീടുകൾ അനുവദിച്ചു. 4,04,529 പേർക്ക് വീട് പൂർത്തീകരിച്ചു. അതിന്റെ സ്ഥിതി എന്താണ്; കേന്ദ്രസർക്കാരിന്റെ വിഹിതം എത്രയാണ്; പി.എം.എ.വൈ (അർബൻ) പദ്ധതിപ്രകാരം 1,50,000 രൂപയും പി.എം.എ.വൈ (റൂറൽ) പദ്ധതിപ്രകാരം 72,000 രൂപയും കേന്ദ്രവിഹിതം തരുമ്പോൾ 4 ലക്ഷം രൂപയാണ് കേരളത്തിൽ കൊടുക്കുന്നത്. കേരളത്തിൽ 14,264 കോടി രൂപ ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി ചെലവാക്കുമ്പോൾ 1,489 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ വിഹിതമുള്ളത്. കേരളത്തിൽ ഗ്രാമപ്രദേശത്ത് വീട് വയ്ക്കുന്നതിന് ഒന്നര ലക്ഷം രൂപ മതിയെന്നാണ് കേന്ദ്രത്തിന്റെ കണക്ക്. ഒന്നരലക്ഷം രൂപയുടെ 60 ശതമാനമായ 72,000 രൂപ കേന്ദ്രസർക്കാർ തരുന്നു. എങ്ങനെയാണ് കേരളത്തിൽ ഒന്നര ലക്ഷം രൂപയ്ക്ക് വീട് വയ്ക്കാൻ സാധിക്കുന്നത്; ഇടതുപക്ഷ സമീപനത്തിന്റെ ഭാഗമായി പാവപ്പെട്ടവന് കയറിക്കിടക്കാൻ

ഒരിടമുണ്ടാക്കാനായി നാല് ലക്ഷം രൂപ കൊടുത്ത് ആ ബാധ്യത സർക്കാർ ഏറ്റെടുത്തു. അങ്ങനെ കേരളത്തിൽ 14,264 കോടി രൂപ ചെവഴിക്കുമ്പോൾ 1,489 കോടി രൂപ മാത്രം കേന്ദ്രസർക്കാർ വിഹിതമായി തരുന്നു. 5,78,025 പേർക്ക് വീടുകൾ അനുവദിച്ചു. ഇതിനാണ് എൽ.ഡി.എഫ്. സർക്കാർ നിലകൊള്ളുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള മുന്നണി അതിനുവേണ്ടി ഉണ്ടാക്കിയതാണ്. അല്ലാതെ വ്യക്തിപരമായ ഏതെങ്കിലും പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കേണ്ട കാര്യങ്ങളല്ല. ഈ നാടിന്റെ ക്ഷേമത്തിനുവേണ്ടിയാണ് രാഷ്ട്രീയം. ആ രാഷ്ട്രീയത്തിനുവേണ്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും നിലനിൽക്കുന്നത്. അതിനെ പരിഹസിച്ചിട്ട് കാര്യമില്ല. ഈ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയാണ് പാർട്ടി, നിലപാടുകൾ സ്വീകരിക്കുന്നത്. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ അത് പരിശോധിച്ച് പരിഹരിച്ച് മുന്നോട്ടുപോകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഇടതുപക്ഷത്തെ ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്ന നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രത്തിൽ നടക്കുന്ന തീവ്രവലതുപക്ഷ സമീപനങ്ങളെ ചെറുത്തുതോൽപ്പിക്കാനുള്ള ഒരു ഇടതുപക്ഷ

ബദൽ, ഒരു നന്മയുടെ ബദലാണ് ഉണ്ടാക്കുന്നത്. എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയായ ജൽ ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് വ്യത്യസ്തമായ രീതിയിലല്ലേ; ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിൽ അത് പറയുന്നുണ്ടല്ലോ. 55 ശതമാനം വിഹിതം സംസ്ഥാന സർക്കാരാണ് നൽകുന്നത്. പദ്ധതിയുടെ യഥാർത്ഥ വിഹിതം 45 ശതമാനം കേന്ദ്രസർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശസ്വയംഭരണ വകുപ്പും 10 ശതമാനം ഗുണഭോക്താവും എന്നിങ്ങനെയാണ് നൽകേണ്ടത്. കേന്ദ്രസർക്കാർ സാമൂഹ്യസുരക്ഷാ മേഖലയിൽനിന്ന് പുറകോട്ട് പോകുകയാണ്. പല പദ്ധതികൾക്കും ഏകദേശം 90 ശതമാനം വരെ കേന്ദ്രവിഹിതം നൽകിയിരുന്നതാണ്. 2011-ൽ ഞാൻ നിയമസഭാംഗമായി വരുമ്പോൾ 75 ശതമാനം കേന്ദ്രവിഹിതമുണ്ടായിരുന്ന പല പദ്ധതികൾക്കും ഇന്ന് 40 മുതൽ 50 ശതമാനം വരെയായി ചുരുങ്ങി. 45 ശതമാനം കേന്ദ്രം തരുമ്പോൾ ഏത് തദ്ദേശസ്വയംഭരണ വകുപ്പിനാണ് 15 ശതമാനം നൽകാൻ സാധിക്കുന്നത്. ഈ നാട്ടിലെ പാവപ്പെട്ടവർക്ക് 10 ശതമാനം വിഹിതം നൽകാൻ സാധിക്കുമോ;

ഇടതുപക്ഷ സമീപനത്തിന്റെ ഭാഗമായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ 55 ശതമാനം തുകയാണ് ജൽ ജീവൻ മിഷനുവേണ്ടി ചെലവഴിക്കുന്നത്. 42,000 കോടി രൂപയുടെ 55 ശതമാനമായ 23,100 കോടി രൂപ, കേരളത്തിലെ എല്ലാ ജനങ്ങൾക്കും വെള്ളം കൊടുക്കാൻവേണ്ടി ഈ സർക്കാർ ചെലവഴിക്കുകയാണ്. ഇത് ഇടതുപക്ഷ സമീപനമാണ്. അതിനാണ് സി.പി.എം.-ഉം സി.പി.(ഐ.)എം.-ഉം എല്ലാം ചേർന്ന് ഇടതുപക്ഷം ഉണ്ടാക്കിയിരിക്കുന്നത്. അല്ലാതെ ഏതെങ്കിലും ഫെയ്സ്ബുക്ക് പോസ്റ്റിന്റെയോ മറ്റ് പരാമർശങ്ങളുടെ പേരിൽ വികാരപരമായ പ്രതികരണമായിട്ടല്ല അതിനെ കാണേണ്ടത്. ആരോഗ്യരംഗത്ത് NHM (National Health Mission)-ന്റെ ഫണ്ട് വെട്ടിക്കുറയ്ക്കുകയാണ്. ആരോഗ്യരംഗത്തെ പശ്ചാത്തലസൗകര്യ വികസനത്തിന് പതിനായിരക്കണക്കിന് കോടി രൂപയല്ലേ ചെലവഴിച്ചത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വെറും 30 ശതമാനത്തിൽ താഴെ ആളുകൾ പൊതുജനാരോഗ്യ മേഖലയെ ആശ്രയിച്ചിരുന്നെങ്കിൽ ഇന്ന് ഏകദേശം 60 ശതമാനത്തോളം ആളുകൾ പൊതുജനാരോഗ്യ മേഖലയെ ആശ്രയിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുത്തത്

ഇടതുപക്ഷസമീപനത്തിന്റെ ഭാഗമായിട്ടാണ്. പി.എസ്.സി. നിയമനത്തിന്റെ വിഷയം പരിശോധിച്ചാൽ, ഇന്ത്യയിലെ നിയമനത്തിന്റെ സ്ഥിതിയെന്താണ്. ഇന്ന് ഇന്ത്യയിൽ നടക്കുന്ന ആകെ നിയമനത്തിന്റെ 50 ശതമാനത്തിലധികം കേരളത്തിലാണ്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള റെയിൽവേ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് ഒഴിവുകളാണുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് ജോലി കൊടുക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അത് കേരളത്തിൽ ഇടതുപക്ഷ മുന്നണി സർക്കാർ ഭരിക്കുന്നതുകൊണ്ടാണ്, അത് മനസ്സിലാക്കണം. അതിനെയാണ് ഇടതുപക്ഷ സമീപനമായി കാണേണ്ടത്. അല്ലാതെ ചൈനയിലെയും റഷ്യയിലെയും നേതാക്കന്മാരുടെ കാർ യാത്രയുടെ കണക്കും ഇൻഡിക്കേറ്ററും സ്റ്റിയറിംഗിന്റെ ബാലൻസുമല്ല പറഞ്ഞുപോകേണ്ടത്. കാർഷികം, ഭക്ഷ്യം, റവന്യൂ തുടങ്ങിയ ഏത് രംഗമെടുത്താലും വസ്തുതാപരമായി പരിശോധിക്കണം. കേന്ദ്രസർക്കാർ പാവപ്പെട്ടവരെ ഉപേക്ഷിക്കുമ്പോൾ, പാവപ്പെട്ടവന് കാലിപ്പാത്രവും കോർപ്പറേറ്റുകൾക്ക് വാരിക്കോരിയും കൊടുക്കുമ്പോൾ കേരളത്തിലെ

ഇടതുപക്ഷം പാവപ്പെട്ടവനെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അവതരിപ്പിച്ച ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, 2024-25 സാമ്പത്തികവർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. ഒരു വ്യക്തിയും ഒരു കുടുംബവുമനുഭവിക്കുന്നൊരു പ്രശ്നം സർക്കാരും അനുഭവിക്കുന്നതാണ്. കേരളത്തെ സാമ്പത്തികമായി ദുർബലപ്പെടുത്താൻ, കേരളം മാത്രമല്ല ഒരുപക്ഷെ ഇന്ത്യയുടെ ജനാധിപത്യചരിത്രത്തിൽ സംസ്ഥാനങ്ങളോട് ഇത്രയേറെ നീതിരഹിതമായ നിലപാട് സ്വീകരിച്ചൊരു സർക്കാരിനെ ഇന്ത്യാ രാജ്യം കണ്ടിട്ടുണ്ടാവില്ല. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കാൻ ശ്രമിക്കുന്ന ശ്രീ. നരേന്ദ്ര മോദിയെയും കൂട്ടരെയുമാണ് നാം കണ്ടത്. കേരളത്തോട് മാത്രമുള്ളൊരു സമീപനമല്ലിത്. എന്നാൽ, പൊതുവെ വിഭവങ്ങൾ പരിമിതമായ സംസ്ഥാനമെന്ന നിലയിൽ നാം ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോൾ അതിലൊരു വാചകമുണ്ട്, unlimited wants and limited means; പരിധിയില്ലാത്ത

ആവശ്യങ്ങളും പരിമിതമായ വിഭവങ്ങളും എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിൽ നാം അഭിമുഖീകരിക്കുന്ന ഈ പ്രശ്നങ്ങൾ രാഷ്ട്രീയമായി വേണമെങ്കിൽ സഭയ്ക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും പറയാം. പക്ഷേ, ഉത്തരവാദിത്വമുള്ളൊരു രാഷ്ട്രീയ നേതൃത്വമെന്ന നിലയിൽ യു.ഡി.എഫ്. ഇതിനോടുള്ള നിലപാട് വ്യക്തമാക്കണ്ടേ? ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിലുള്ള പിടിപ്പുകേടോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ മറ്റേതെങ്കിലും പ്രശ്നത്തിന്റെ ഭാഗമായോ അല്ല ഇങ്ങനെയൊന്നും സംഭവിക്കുന്നത്. മുമ്പ് മന്ത്രിയായിരുന്ന ആളാണ് ശരിയെന്നും ഇപ്പോഴുള്ള ആളുകൾ ശരിയല്ലെന്നുമുള്ള രീതിയിലുള്ള ചില ദുഃസൂചനകൾ കഴിഞ്ഞ രണ്ടാഴ്ചയായി സഭയിൽ നടക്കുന്ന ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. യഥാർത്ഥത്തിൽ അനിതരസാധാരണമായ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രി സമർത്ഥമായി ഈ ബജറ്റിലൂടെ അസാധാരണ പ്രതിരോധമാണ് കേരളജനതയെ സംരക്ഷിക്കാനായി തീർത്തിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ അതിശക്തമായി ബാധിക്കുന്നുണ്ടെന്ന കാര്യം എല്ലാവർക്കും

അറിയാവുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചൊരു പ്രസ്താവന നടത്തിയിരുന്നു. ആ പ്രസ്താവനയ്ക്ക് ഒരു കടലാസിന്റെ വില പോലുമില്ലെന്ന നിലയിലാണ് ബഹുമാന്യനായ ശ്രീ. പി. കെ. ബഷീർ സംസാരിച്ചത്. ഈ സർക്കാരിന്റെ എന്താണെന്ന് പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ കുറെ ദിവസങ്ങളായി ചോദിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ പ്രയോരിറ്റിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് ഈ സഭയിൽ അവതരിപ്പിച്ചത്. വെൽഫെയർ സ്റ്റേറ്റ് എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധം ആ ഗവൺമെന്റ് നടപ്പാക്കുന്ന വെൽഫെയർ സ്കീമുകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ശരിയാണ്, കേന്ദ്ര സർക്കാരിന്റെ ഉപരോധം സംസ്ഥാനത്തെ വെൽഫെയർ സ്കീമുകളെ സാരമായി ബാധിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിലൂടെ അതിന്റെ ഫലം എൽ.ഡി.എഫ്. അനുഭവിക്കേണ്ടിവന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുപോലും ക്ഷേമപദ്ധതികളുടെ കുടിശ്ശികത്തുക പൂർണ്ണമായി കൊടുത്തുതീർക്കാൻ കഴിയാത്തൊരു പ്രശ്നം സർക്കാർ

അഭിമുഖീകരിക്കുകയുണ്ടായി. ആ അവസരത്തെ ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഏറ്റവും സമർത്ഥമായി ഉപയോഗിച്ചു. സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും എൽ.ഡി.എഫ്-ന് എതിരായി തിരിയുന്നൊരു സാഹചര്യമുണ്ടായി. ഈ രണ്ട് തിരിച്ചടികളും ഈ സർക്കാർ തന്നെ ഏറ്റുവാങ്ങേണ്ടിവരികയാണ്. കേന്ദ്ര ഗവൺമെന്റ് സമർത്ഥവും അതിബുദ്ധിപരവുമായി കൊണ്ടുവന്ന സാമ്പത്തിക പ്രതിസന്ധി അതിസമർത്ഥമായി സംസ്ഥാന സർക്കാരിന്റെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടാനുള്ള ശ്രമമാണ് നടത്തിയത്. എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങളെല്ലാവരും ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളെക്കുറിച്ച് വളരെ ശക്തമായി ഇവിടെ പറഞ്ഞുകഴിഞ്ഞു. ധനകാര്യ മാനേജ്മെന്റിന്റെ പിഴവല്ല. കഴിഞ്ഞ വർഷം നികുതി വരുമാനത്തിൽ 23,000 കോടി രൂപ അധികമായി വർധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. അതിന്റെ ശതമാനത്തിലും വർധനയുണ്ടായി. കേരളം സ്വന്തമായി വിഭവങ്ങളോ വരുമാനമോ ഉള്ള സംസ്ഥാനമല്ല. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നാം അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തിൽ, ബഹുമാന്യരായ പ്രതിപക്ഷ നേതാക്കന്മാരോട്, പ്രതിപക്ഷത്തിലെ പരിണതപ്രജ്ഞരായ നേതാക്കന്മാരോട്

ഞാൻ പറയുന്നത്, നാം യോജിച്ച് നിന്നില്ലെങ്കിൽ തകരാൻ പോകുന്നൊരു സംസ്ഥാനമായി കേരളം മാറുമെന്നാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം തുടരുന്ന ഈ സാഹചര്യത്തിൽപോലും ഇക്കാര്യത്തിലുള്ള പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്ന് അതിശക്തമായി പറയണ്ടേ? ലോക്സഭ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ-ന് ഏതുഘട്ടത്തിലാണ് ഇത്രയും സീറ്റ് ലഭിച്ചിട്ടുള്ളത്. 1977-ലെ തിരഞ്ഞെടുപ്പിൽ കേരളത്തിൽ സി.പി.ഐ.(എം.)-ന് ഒരു സീറ്റുപോലും ലഭിച്ചില്ല. 1977 മുതൽ ഇങ്ങോട്ടുള്ള നടന്നിട്ടുള്ള തിരഞ്ഞെടുപ്പുകൾ ഓരോന്നായി എടുത്തുപരിശോധിച്ചാൽ 2004-ലാണ് എൽ.ഡി.എഫ്-ന് 18 സീറ്റ് ലഭിച്ചത്. അന്ന് യു.ഡി.എഫ്-ന്റെ കൂടെയുണ്ടായിരുന്ന കെ. കരുണാകരൻ കോൺഗ്രസിനെ പിളർത്തി DIC രൂപീകരിച്ചപ്പോൾ, ശ്രീ. കെ. മുരളീധരനടക്കം ഒരുപക്ഷം ഞങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ച 2004-ലെ ഇലക്ഷനിൽ മാത്രമാണ് എൽ.ഡി.എഫ്.-ന് 18 സീറ്റ് ലഭിച്ചത്. പിന്നീടുള്ള ഇലക്ഷനുകളിൽ ചില പ്രത്യേക സാഹചര്യത്തിൽ പരമാവധി എൽ.ഡി.എഫ്-ന് ലഭിച്ചത് 10

സീറ്റുകൾ മാത്രമാണ്. ലോക്സഭാ ഇലക്ഷന്റെ ഭാഗമായി ഞങ്ങൾ രാഷ്ട്രീയമായി തകർന്നിരിക്കുകയാണ്.....

ശ്രീ. പി. കെ. ബഷീർ: സർ, ................ 1998-ൽ കെ. കരുണാകരൻ തൃശ്ശൂരിൽനിന്നും തോറ്റ ഇലക്ഷനാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഞങ്ങളുടെ മുന്നണിയുടെ ഭാഗമായി കരുണാകരൻ ഉണ്ടായെന്നല്ല ഞാൻ പറഞ്ഞത്. അന്ന് കെ. കരുണാകരന്റെ കൂടെയുണ്ടായിരുന്നവർ സ്വീകരിച്ചൊരു രാഷ്ട്രീയ നിലപാടുണ്ട്. ആ നിലപാടിന്റെ ഭാഗമായി, ടി.വി. കാണണമെന്ന് കെ. കരുണാകരൻ പറഞ്ഞുകൊണ്ടിരുന്നൊരു കാലമാണത്. അതിനെ തുടർന്നുണ്ടായൊരു സാഹചര്യമുണ്ട്. ആ സാഹചര്യത്തിന്റെ ഭാഗമായാണ് ഞങ്ങൾക്ക് അന്ന് അത്ര വലിയൊരു വിജയത്തിലേയ്ക്ക് വരാൻ കഴിഞ്ഞത്. ഞാൻ പറഞ്ഞത്, രാഷ്ട്രീയമായി ലോക്സഭ തിരഞ്ഞെടുപ്പിൽ എക്കാലത്തും ഇടതുപക്ഷത്തിന് കേരളത്തിൽ വന്നുചേരുന്ന ഒരു സാഹചര്യമുണ്ട്. എൽ.ഡി.എഫ്. തകർന്ന് ഇല്ലാതായെന്ന മട്ടിലാണ് ഇവിടെ ഓരോരുത്തരും പറയുന്നത്. ലോക്സഭ തിരഞ്ഞെടുപ്പോടുകൂടി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഇല്ലാതാകുന്നുവെന്ന പ്രതിപക്ഷത്തിന്റെ വിമർശനം അടിസ്ഥാനരഹിതമാണെന്ന് തിരഞ്ഞെടുപ്പിന്റെ സവിശേഷതകൾ മുൻനിർത്തി ചർച്ച ചെയ്താൽ മനസ്സിലാകും. നിങ്ങളുടെ കണ്ടെത്തലിൽ അതിന്റെ കാരണക്കാരൻ ആരാണ്? കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിന്റെ ഭാഗമായിട്ടുള്ള നിലപാടുകളുമാണെന്ന് എന്തെല്ലാം വാദഗതികൾ നിരത്തി സമർത്ഥിക്കാനാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ ശ്രമിക്കുന്നത്; ഏതെല്ലാം അർത്ഥതലങ്ങളിലേയ്ക്കാണ് അതിനെ കൊണ്ടുപോകാൻ ശ്രമിക്കുന്നത്? എല്ലാ പാർട്ടിയിലും ചർച്ചകൾ നടക്കുന്നില്ലേ. പാർട്ടിയിൽ നടക്കുന്ന ചർച്ചകളുടെ യഥാർത്ഥ വിവരങ്ങളാണോ മാധ്യമങ്ങളിൽ വരുന്നത്. ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ കഴിയും, 2016 മുതൽ 2024 വരെയുള്ള പ്രതികൂല സാമ്പത്തിക സ്ഥിതിയിൽപോലും കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഏറ്റവും നന്നായി മനസ്സിലാക്കി അവരുടെ കൂടെ നിൽക്കാനും എല്ലാ അർത്ഥത്തിലും അവരെ സംരക്ഷിക്കാനും കേരളജനതയെ ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാനും ആർജ്ജവമുള്ള നിലപാട് സ്വീകരിച്ച രാഷ്ട്രീയ കേരളം കണ്ട പ്രതിഭാധനനായ ഭരണാധികാരിയാണ് ശ്രീ.

പിണറായി വിജയൻ. ഇങ്ങനെയുള്ള ദുഷ്പ്രചരണങ്ങൾ നടത്തുന്നതിന്റെ ലക്ഷ്യമെന്താണെന്ന് ഞങ്ങൾക്ക് നന്നായറിയാം. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ ഡീമോറലൈസ് ചെയ്യുകയെന്നതാണ് ഇതിന്റെയൊക്കെ ലക്ഷ്യം. എൽ.ഡി.എഫ്. നേതാക്കന്മാരെല്ലാം മോശമാണ്; ശ്രീ. പിണറായി വിജയൻ മോശമാണ് എന്നൊക്കെയാണ് ഇവിടെ പ്രചരിപ്പിക്കുന്നത്. ഏതാണ്ട് 10500-ഓളം ചെറുഗ്രൂപ്പുകൾ ഇവിടെ പ്രവർത്തിക്കുകയാണെന്നും അതിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കോർണർ ചെയ്തുകൊണ്ട് വൻതോതിലുള്ള പ്രചരണമാണ് നടത്തുന്നതെന്നുമാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആ പ്രചരണത്തിന്റെ ഭാഗമായി കേരളത്തിലെ മീഡിയ സ്വീകരിക്കുന്ന നിലപാടുണ്ട്. അത് എന്താണെന്ന് അറിയാമോ? എത്രമാത്രം തുല്യതയില്ലായ്മയാണത്. ഒരു തുല്യനീതി നൽകാൻ തയ്യാറാകണ്ടേ? ഇത്രമാത്രം പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നൊരു മാധ്യമ സംവിധാനത്തിന്റെ പിന്തുണയോടുകൂടിയാണ് ഇത്ര വലിയ നിലയിൽ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ യു.ഡി.എഫ്-ന് കഴിഞ്ഞത്. നിങ്ങൾ അത് മനസ്സിലാക്കണം. അപകടമുണ്ട്, എൽ.ഡി.എഫ്. തോറ്റു. പക്ഷേ, ബി.ജെ.പി. ജയിച്ചു. ബി.ജെ.പി.-യുടെ

വോട്ടിൽ വർധനയുണ്ടായിട്ടുണ്ട്. ബി.ജെ.പി.ക്ക് 9 ശതമാനം വോട്ട് വർധിക്കുന്ന സാഹചര്യമുണ്ടായി. ഇത് അപകടകരമായ സ്ഥിതിയുണ്ടാക്കും. SDPI, വെൽഫെയർ പാർട്ടി തുടങ്ങിയ സംഘടനകളുടെ ഭാഗമായുള്ള ഇടപെടലുകളുണ്ട്. ഈ ലോക്സഭ തിരഞ്ഞെടുപ്പിൽ കേരളമെന്ന മതനിരപേക്ഷ ജനാധിപത്യ സംസ്കാരത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന അപകടകരമായൊരു നില ഈ നാട്ടിലുണ്ടായി, അതിനെ പ്രതിരോധിക്കണ്ടേ? അതുകൊണ്ട് ആ അർത്ഥത്തിലുള്ള വിശാലമായ പ്രതിരോധമാണ് ഇവിടെ ഉയർത്തേണ്ടത്. പാർലമെന്റിൽ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാരുണ്ട്. അതിലൊരാൾ നിരന്തരമായി നമുക്കെതിരാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും ഉപനേതാവിനോടുമൊക്കെ ഞാനൊരു കാര്യം സൂചിപ്പിക്കുകയാണ്, കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ നേരത്തെയുള്ള സ്ട്രാറ്റജിയിൽനിന്നും വ്യത്യസ്തമായൊരു സമീപനം സ്വീകരിക്കാൻ കഴിയണ്ടേ? അങ്ങനെയൊരു നിലപാട് സ്വീകരിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കേരളത്തിൽ എസ്.എഫ്.ഐ. സംഘടന കാലയവനികകൾക്കുള്ളിൽ അപ്രത്യക്ഷമായെന്ന് ശ്രീ. പി. കെ. ബഷീർ പറയുകയുണ്ടായി. ഞങ്ങളെല്ലാം

എസ്.എഫ്.ഐ.-ക്കാർ ആയിരുന്നവരാണ്. ദേവപാലൻ മുതൽ ധീരജ് വരെയുള്ള 35 പേർ രക്തസാക്ഷിത്വം വരിച്ച വിദ്യാർത്ഥി പ്രസ്ഥാനമായ എസ്.എഫ്.ഐ. കേരളത്തിന് നൽകിയിട്ടുള്ള മൂല്യവത്തായ സംഭാവനയുണ്ട്. കെ.എസ്.യു.-ന്റെ ക്യാമ്പിൽ സംഭവിക്കാൻ പാടില്ലാത്തൊരു കാര്യം സംഭവിച്ചതായി നിങ്ങളുടെ ശ്രദ്ധയിലുണ്ടല്ലോ, ഞാൻ പരിഹസിക്കാനോ കുറ്റപ്പെടുത്താനോയില്ല. പുതിയ തലമുറയിൽപ്പെട്ട ചിലരിൽ ചില അരാജക സ്വഭാവം രൂപപ്പെടുന്നുണ്ട്. എസ്.എഫ്.ഐ. എന്ന സംഘടനയിലെ ആരെങ്കിലുമൊരാൾ ചെയ്ത തെറ്റിന്റെ പേരിൽ ആ സംഘടനയെ നശിപ്പിച്ച് ഇല്ലാതാക്കണോ; ആ അർത്ഥത്തിൽ അതിനെ വ്യാഖ്യാനിക്കണോ? ഇടിമുറിയിൽ വളർന്ന പ്രസ്ഥാനമല്ല എസ്.എഫ്.ഐ., കേരളത്തിന്റെ തെരുവോരങ്ങളിൽ നടന്നിട്ടുള്ള പ്രക്ഷോഭങ്ങളിലും സമരങ്ങളിലും പോരാട്ടങ്ങളിലും അതിശക്തമായി ഇടപെട്ടതിന്റെ ഭാഗമായി പീഡനങ്ങൾ ഏറ്റുവാങ്ങി വളർന്നുവന്ന വിദ്യാർഥി പ്രസ്ഥാനമാണ് എസ്.എഫ്.ഐ. യാത്രാവകാശ സംരക്ഷണത്തിനാണ് ദേവപാലനും കെ. സി. രാജേഷും കൊലചെയ്യപ്പെടുന്നതെങ്കിൽ അടിയന്തരാവസ്ഥകാലത്താണ് മണ്ണാർക്കാട്

എം.ഇ.എസ്. കോളേജിലെ മുഹമ്മദ് മുസ്തഫ എന്ന വിദ്യാർത്ഥി നേതാവ് രക്തസാക്ഷിത്വം വരിച്ചത്. റാഗിംഗിനെതിരായുള്ള പോരാട്ടത്തിലാണ് സഖാവ് സെയ്താലി പട്ടാമ്പി സംസ്കൃത കോളേജിൽ കൊല ചെയ്യപ്പെടുന്നത്. കുട്ടനെല്ലൂർ ഗവൺമെന്റ് കോളേജിലെ ജനറൽ സെക്രട്ടറിയായിരുന്ന ആർ. കെ. കൊച്ചനിയൻ ഒരു കലോത്സവത്തിന്റെ ഭാഗമായി പാസ് വാങ്ങാൻ സ്റ്റേജിന്റെ പുറകിലേയ്ക്ക് പോയപ്പോഴാണ് ഒരു കത്തി മുനയിൽ ജീവിതം അവസാനിച്ചത്. ഇതുപോലുള്ള എന്തെല്ലാം സംഭവങ്ങളുണ്ടായി. അതിന്റെ ഭാഗമായി 35 പേരുടെ ജീവൻ നഷ്ടപ്പെട്ടു. കേരളത്തിലെ വിദ്യാർഥികൾ സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്ന് ആലേഖനം ചെയ്ത പതാകയുമായി സർഗ്ഗാത്മക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുവേണ്ടി ഈ നാട്ടിൽ നടത്തിയ അത്യുജ്ജ്വല ഇടപെടലുകളില്ലേ ഈ വിദ്യാർഥി പ്രസ്ഥാനം നടത്തിയിട്ടുള്ളത്. ആ എസ്.എഫ്.ഐ.-യെ തകർക്കാൻ/ഇല്ലാതാക്കാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ അനിയന്മാരായ അവരെ സംരക്ഷിക്കാൻ ഞങ്ങളുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പോരായ്മകളുണ്ടെങ്കിൽ അവർ തിരുത്തും; പോരായ്മകൾ തിരുത്തി മാത്രമേ

മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. എന്നാൽ കേരളത്തിൽ ശരിയായ വിദ്യാഭ്യാസ കാഴ്ചപ്പാട് അതിശക്തമായി ഉയർത്തിപ്പിടിക്കുകയും അഭിമാനകരമായ പോരാട്ട പാരമ്പര്യമുള്ളതും ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെ ഈ മന്ത്രിസഭയിലെ പ്രഗത്ഭരായ രാഷ്ട്രീയ നേതാക്കളെയും വിവിധ മേഖലകളിലെ പ്രതിഭാശാലികളെയും സംഭാവന ചെയ്യാൻ കഴിഞ്ഞൊരു വിദ്യാർഥി പ്രസ്ഥാനമാണ് എസ്.എഫ്.ഐ. ചെറുവണ്ണൂരിലുള്ള സ്റ്റീൽ കോംപ്ലക്സുമായി ബന്ധപ്പെട്ട ഒരു കാര്യം ബഹുമാന്യനായ ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഓഹരി സംസ്ഥാന ഗവൺമെന്റിനും (49.26 ശതമാനം) കേന്ദ്ര ഗവൺമെന്റിനുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന ആ സ്ഥാപനത്തിനെതിരെ അങ്ങനെ ദുഃസൂചനയോടുകൂടിയുള്ള ആരോപണം ഉന്നയിക്കേണ്ടതായ സാഹചര്യമുണ്ടായിരുന്നോ? കോടതിയിൽ ഇടപെട്ട് അതിന് സ്റ്റേയുണ്ടായി, ഛത്തീസ്ഗഢിലെ ഒരു കമ്പനി അത് ഏറ്റെടുത്തു. ആ കമ്പനിയെ സഹായിക്കാനാണ് അങ്ങനെയൊരു ആരോപണം ഉയർന്നുവെന്നുള്ള വിമർശനം വന്നാലോ; കേരളത്തിലെ എൽ.ഡി.എഫ്.

ഗവൺമെന്റോ, ബന്ധപ്പെട്ട വകുപ്പുമന്ത്രിയോ ഏതെങ്കിലും അർത്ഥത്തിൽ അങ്ങനെയൊരു അഴിമതിയുടെ ഭാഗമായി പോകില്ലെന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്. നവരത്ന കമ്പനികളുടെ ലിസ്റ്റിയിലുൾപ്പെട്ട ടി കമ്പനി സാഹചര്യത്തിന്റെയും കാലഘട്ടത്തിന്റെയും ഭാഗമായി അത് ദുർബലപ്പെടുന്ന സാഹചര്യമുണ്ടായി. അക്കാര്യത്തിൽ ദുഃസൂചനാപരമായ ഇടപെടൽ നടത്തിയത് ശരിയായില്ലെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ശക്തിയായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നത്തെ മറുപടിയിൽ പറയേണ്ടിയിരുന്ന ചില കാര്യങ്ങളാണ് ബഹുമാന്യനായ മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിലൂടെ രാവിലെ അവതരിപ്പിച്ചത്. ഞാൻ ചട്ടം 300 അനുസരിച്ചുള്ള ആ സ്റ്റേറ്റ്മെന്റ് മുഴുവനും വായിച്ചുനോക്കിയിരുന്നു. പ്രതിപക്ഷം കഴിഞ്ഞ മൂന്ന് വർഷമായി പറഞ്ഞ കാര്യങ്ങൾക്ക്, ആവശ്യപ്പെട്ട കാര്യങ്ങൾക്ക്, ഈ സർക്കാരിനെ വിമർശിച്ച

കാര്യങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിനെ കാണുന്നത്. ഞങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ സ്റ്റേറ്റ്മെന്റിലൂടെ അടിവരയിടുകയാണ്. 55 ലക്ഷം പേർക്ക് സാമൂഹ്യസുരക്ഷാപെൻഷൻ, 45 ലക്ഷം പേർക്ക് ക്ഷേമനിധി പെൻഷൻ, ഖാദി ഇൻകം സപ്പോർട്ട് സ്കീം, ആരോഗ്യമേഖലയിലുള്ള വലിയ കുടിശ്ശിക, സപ്ലൈകോ തകരാറിലായത്, കരാറുകാർക്കുള്ള കുടിശ്ശിക, പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് കൊടുക്കാത്തത്, മറ്റ് ധനസഹായങ്ങൾ കൊടുക്കാത്തത്, ലൈഫ് മിഷൻ നേരിടുന്ന പ്രതിസന്ധി, പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക, ഡി.ആർ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക തുടങ്ങിയ നിരവധി കാര്യങ്ങളാണ്. കൂടാതെ വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകളുടെ കൂട്ടത്തിൽ തീരദേശ പാക്കേജുകൂടി ഉൾപ്പെടുത്തണമായിരുന്നു. ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം, ജൽ ജീവൻ മിഷൻ തുടങ്ങിയ പദ്ധതികളുൾപ്പെടെ എല്ലാകാര്യങ്ങളും കഴിഞ്ഞ മൂന്ന് വർഷമായി ഞങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നവയാണ്. ഈ സംസ്ഥാനം നേരിടുന്ന രൂക്ഷമായ

ധനപ്രതിസന്ധി, അഞ്ച് പൈസപോലും വകുപ്പുകൾക്ക് കൊടുക്കാനില്ലാത്ത സ്ഥിതി, ഓരോ വകുപ്പുമന്ത്രിമാർക്കും ഞങ്ങൾ അവരുടെ വകുപ്പിലെ വിഷയങ്ങൾ ഉന്നയിക്കുമ്പോൾ അവരുടെ ഉള്ളിൽ സന്തോഷമായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് ഞങ്ങൾ പറയുമ്പോൾ അവരുടെ ഉള്ളിൽ സന്തോഷമാണ്. കാരണം എന്താണ്? പ്രതിപക്ഷം പറഞ്ഞിട്ടെങ്കിലും ഞങ്ങൾക്ക് അഞ്ച് പൈസ ലഭിക്കട്ടെയെന്നുള്ള ധാരണയിലായിരുന്നു മന്ത്രിമാരെല്ലാം. ഇതെല്ലാം ഈ സർക്കാരിന്റെ ബാധ്യതകളാണ്; ഈ രണ്ടുമൂന്ന് വർഷംകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് പതിനായിരക്കണക്കിന് കോടി രൂപയാണ് കൊടുക്കാനുള്ളത്. അതുപോലെയാണ് പ്രതിപക്ഷ ഉപനേതാവ് ഉയർത്തിയ ചോദ്യമെന്തായിരുന്നു; ഇതൊക്കെ പരിഹരിക്കുന്നതിനുള്ള സോഴ്സ് എവിടെ നിന്നാണെന്നാണ്? ഏതാണ് നിങ്ങളുടെ റിസോഴ്സ്. ഈ പതിനായിരക്കണക്കിന് കോടി രൂപ നൽകുമെന്നുള്ള പ്രഖ്യാപനമല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സർക്കാരിന്റെ കൈയിൽ മോശയുടെ വടിയോ, അലാവുദ്ദീന്റെ അത്ഭുത വിളക്കോ ഒന്നുമില്ലല്ലോ; പണം വേണ്ടേ; നിങ്ങളുടെ സോഴ്സ് ഏതാണ്? Mr.

Finance Minister, you don't even have a revenue estimate. നിങ്ങൾക്ക് റവന്യൂ എസ്റ്റിമേറ്റില്ല. ഇത്രയും പണം കൊടുക്കണമെങ്കിൽ സ്വാഭാവികമായും അടുത്ത വർഷത്തേയ്ക്കുള്ള എക്സ്പെൻഡിച്ചറും റവന്യൂ വരുമാനവും എസ്റ്റിമേറ്റിൽ കാണിച്ചിരിക്കണം. എന്നാൽ അത്തരമൊരു എസ്റ്റിമേറ്റുപോലും ഈ സർക്കാരിന്റെ പക്കലില്ല. പതിനായിരക്കണക്കിന് കോടി രൂപ നിങ്ങൾക്ക് കൊടുക്കാൻ കഴിയുന്നില്ല. പിരിച്ചാൽ എസ്റ്റിമേറ്റിന്റെ അത്രയുംവരില്ല, പിന്നെ എങ്ങനെയാണ്, ആരെയാണ് നിങ്ങൾ കബളിപ്പിക്കുന്നത്? ഒരു വർഷം കഴിയുമ്പോൾ ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റുവച്ച് ഈ സർക്കാരിനെ കേരളത്തിലെ പൊതുസമൂഹം വിചാരണ ചെയ്യുമെന്ന് മാത്രം ഈ അവസരത്തിൽ ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

ഈ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇന്നലത്തെ ഒരു സ്റ്റേറ്റ്മെന്റ് കണ്ട് ഞാൻ ഞെട്ടിപ്പോയി. ഞാൻ വീട്ടിൽ പോയി ആ സ്റ്റേറ്റ്മെന്റിലെ കണക്കുകൾ കൂട്ടിയും കിഴിച്ചും നോക്കി. കാരണം, കേരളത്തിലെ നികുതി വരുമാനം വർധിക്കുകയാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. നികുതി

വരുമാനം 65 ശതമാനം വർധിച്ചിരിക്കുന്നു. നികുതി വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ നമ്പർ വൺ സ്റ്റേറ്റാണ് കേരളമെന്നാണ് അദ്ദേഹം പറഞ്ഞത്. നമ്മളെല്ലാം തെറ്റായിട്ടാണോ ധരിച്ചുവച്ചിരിക്കുന്നത് എന്നുപോലും ഞാൻ വിചാരിച്ചു? ഈ കണക്കുകൾ എന്നുമുതലാണ് കംപയർ ചെയ്തിരിക്കുന്നതെന്ന് അറിയാമോ? ഇത് എഴുതി നൽകിയ ഉദ്യോഗസ്ഥരെ ഞാൻ സമ്മതിച്ചിരിക്കുന്നു. 2020-21 കോവിഡ് കാലത്തെ തനത് വരുമാനം 36,362 കോടി രൂപയാണ്. അതിൽനിന്നാണ് ഈ കണക്കുകൾ എഴുതി വച്ചിരിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ അന്ന് എല്ലാ സംസ്ഥാനങ്ങളുടെയും തനത് വരുമാനം താഴോട്ടുപോയി. 2021-22 സാമ്പത്തിക വർഷത്തിൽ തനത് വരുമാനം 53000 കോടി രൂപയായി. അത് സ്വാഭാവികമായിട്ടുള്ള മാറ്റമാണ്. 2022-23 സാമ്പത്തികവർഷത്തിൽ കൂടിയത് എത്രയാണ്? 6000 കോടി രൂപ. ശ്രീ. കെ. വി. സുമേഷ് ഇവിടെ തെറ്റായിട്ടാണ് പറഞ്ഞത്. കഴിഞ്ഞ വർഷത്തെക്കാൾ 2023-24-ലെ നികുതി വ്യത്യാസം എത്രയാണ്? 0.02 ശതമാനമാണ് തനത് നികുതി വരുമാന വർധനവ്. എല്ലാവരും ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കണം. കഴിഞ്ഞ വർഷം 59,106 കോടി രൂപ തനത്

വരുമാനമുണ്ടായിരുന്നെങ്കിൽ തൊട്ടടുത്ത സാമ്പത്തികവർഷമായപ്പോൾ 59,278 കോടി രൂപയായി വർധിച്ചു. തനത് വരുമാനത്തിൽ 172 കോടി രൂപയുടെ വർധനവാണുണ്ടായിരിക്കുന്നത്. എന്താണിത്? പതിനഞ്ച് ശതമാനത്തിൽ കൂടുതൽ നാച്വറൽ ഗ്രോത്ത് ഉണ്ടായിരിക്കണം. എല്ലാവർഷവുമുള്ള നാച്വറൽ ടാക്സ് ഗ്രോത്ത് റേറ്റിൽ കേരളം പ്രതീക്ഷിച്ചത് 20 ശതമാനമാണ്. നാച്വറൽ ടാക്സ് ഗ്രോത്ത് റേറ്റിൽ 0.02% ഗ്രോത്താണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്തിന്റെ ഈ ധനകാര്യ വകുപ്പുമന്ത്രിക്കല്ലാതെ ആർക്കാണ് നിയമസഭയിൽ വന്ന് 65 ശതമാനം വർധനവുണ്ടാക്കിയ സർക്കാരാണ് എൽ.ഡി.എഫ്. എന്ന് പറയാൻ കഴിയുന്നത്? കഴിഞ്ഞ സാമ്പത്തികവർഷത്തിൽ എസ്.ജി.എസ്.ടി. (State Goods and Services Tax)-യുടെ വളർച്ച 13 ശതമാനമാണ്. അതായത് റവന്യൂ ന്യൂട്രൽ റേറ്റായി കണക്കാക്കിയിരിക്കുന്ന 14 ശതമാനത്തിനും താഴെയാണ്. എസ്.ജി.എസ്.ടി.-യുടെ ഒന്നര ഇരട്ടിയാണ് ഐ.ജി.എസ്.ടി. (Integrated Goods and Services Tax)-ക്ക് ലഭിക്കേണ്ടത്. അത് ഏഴ് ശതമാനം മാത്രമെയുള്ളൂ. മറ്റ് സംസ്ഥാനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്.

തമിഴ്നാടിൽ അവർ IIT (Indian Institute of Technology) ഹൈദരാബാദുമായി ചേർന്ന് ഒരു ടാക്സ് റിസർച്ച് യൂണിറ്റുണ്ടാക്കി. ഞങ്ങളല്ലേ ഈ നിയമസഭയിൽ ആദ്യമായി ഇക്കാര്യങ്ങളെപ്പറ്റി പറഞ്ഞത്. 25,000 കോടി രൂപ ഈ സർക്കാർ ഐ.ജി.എസ്.ടി.-ൽ നഷ്ടപ്പെടുത്തി. ഇപ്പോൾ അത് 30000-35000 കോടി രൂപയായി. അവർ ഐ.ഐ.ടി. ഹൈദരാബാദുമായി ചേർന്ന് ബിഗ് ഡാറ്റ അടക്കമുള്ള ആധുനിക സംവിധാനങ്ങൾ, ടാക്സ് റിസർച്ച് യൂണിറ്റുകൾ എന്നിവ ആരംഭിച്ച് അവരുടെ ഐ.ജി.എസ്.ടി. വിഹിതം കേന്ദ്രത്തിൽനിന്ന് വാങ്ങിച്ചെടുക്കാനുള്ള ഏറ്റവും ആധുനികമായ സങ്കേതങ്ങളുമായാണ് പ്രവർത്തിക്കുന്നത്. പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾ ഇക്കാര്യം എത്ര പ്രാവശ്യം ഈ സർക്കാരിനോട് കെഞ്ചി പറഞ്ഞു, സംസ്ഥാനത്തിന്റെ താൽപ്പര്യമല്ലേ ഞങ്ങൾ പറഞ്ഞത്. അത് വാങ്ങിച്ചെടുക്കേണ്ടത് ആയിരുന്നില്ലേ. അത് വാങ്ങിയെടുക്കാൻ ഈ സർക്കാരിന് പ്രോപ്പറായിട്ടുള്ളൊരു പ്രൊസീജ്യൃവറുണ്ടോ? ഒന്നരവർഷം മുമ്പ് ഞങ്ങൾ ഉന്നയിച്ചൊരാക്ഷേപമല്ലേ; നിങ്ങളത് ശരിയാക്കിയോ? ഐ.ജി.എസ്.ടി.-യിൽ ഒന്നരവർഷം കൊണ്ട് എന്ത് വളർച്ചയാണ്

ഉണ്ടാക്കിയിരിക്കുന്നത്? സ്വർണ്ണത്തിന്റെ നികുതിയെക്കുറിച്ച് ഞങ്ങൾ പറഞ്ഞു. കഴിഞ്ഞ ദിവസം മന്ത്രിയുടെ ഒരു ഉത്തരം കണ്ട് ഞാൻ ഞെട്ടിപ്പോയി. എന്താണെന്ന് അറിയാമോ? കേരളത്തിൽ എത്ര ടൺ സ്വർണ്ണം പ്രതിവർഷം വിൽക്കുന്നുണ്ടെന്നുള്ള കണക്കുപോലും ഈ സർക്കാരിന്റെ കൈയ്യിലില്ല. ഏറ്റവും വലിയ നികുതി സോഴ്സാണത്. അവിടെയാണ് ഏറ്റവും വലിയ വെട്ടിപ്പ് നടക്കുന്നത്. സ്വർണ്ണത്തിന് ആയിരക്കണക്കിന് കോടി രൂപയുടെ വെട്ടിപ്പ് നടക്കുകയാണ്. എത്ര ടൺ സ്വർണ്ണം വിൽക്കുന്നുണ്ടെന്ന് അറിയാൻ പാടില്ലാത്ത ജി.എസ്.ടി.-യാണെങ്കിൽ എന്തിനാണ് ഇങ്ങനെയൊരു ജി.എസ്.ടി. വകുപ്പ്? ഇവിടെ എന്തെങ്കിലുമൊരു കോ-ഓർഡിനേഷനുണ്ടോ? കെ.എഫ്.സി.-യിൽ പെൻഷൻ ഫണ്ടിന്റെ 7.75 ശതമാനം പലിശയാണ്. ഇപ്പോൾ കെ.എഫ്.സി. അത് 9 ശതമാനമായി വർധിപ്പിച്ചു. സർക്കാരിന്റെ സ്ഥാപനം തന്നെയാണ്, പലിശ കൂട്ടുകയാണ്. നിങ്ങൾ എന്താണ് ആർഭാടമെന്ന് ചോദിച്ചു? അങ്ങ് തന്നെ മറുപടി പറഞ്ഞിരുന്നല്ലോ; കിഫ്ബി കേരളീയത്തിന് 15 കോടി രൂപയുടെ ധനാനുമതി കൊടുത്തുവെന്നുള്ളത്. വേറെ ചില കാര്യങ്ങൾക്കുവേണ്ടി രണ്ടുമൂന്ന് കോടി രൂപ ചെലവാക്കി. അഞ്ചരക്കോടി രൂപ മീഡിയ കാര്യങ്ങൾക്കുവേണ്ടി

ചെലവാക്കി. കിഫ്ബിയുടെ ജോലി എന്താണ്, മീഡിയയുടെ കാര്യത്തിൽ കിഫ്ബിയുടെ റോൾ എന്താണ്? കിഫ്ബിയാണോ കേരളീയം നടത്തുന്നത്; കിഫ്ബിയാണോ മീഡിയ ക്യാമ്പയിൻ നടത്തുന്നത്. ഈ പണം എവിടെ നിന്നാണ്; കടം വാങ്ങിച്ച പൈസയല്ലേ? കടം വാങ്ങിച്ച പൈസയാണ്. 2150 കോടി രൂപ 9.72 ശതമാനത്തിന് മസാല ബോണ്ട് വാങ്ങിച്ചിട്ട് രണ്ടുമൂന്ന് വർഷം കഴിഞ്ഞപ്പോൾ മൂവായിരത്തി ഒരുന്നൂറ് കോടി രൂപ കൊടുത്തു. ആയിരം കോടി രൂപ പലിശയായി കൊടുത്തു. ആ പലിശയ്ക്ക് വാങ്ങിച്ച തുകയിൽനിന്നാണ് കേരളീയത്തിന്റെ ധൂർത്ത്. ഈ എൽ.ഡി.എഫ്. സർക്കാരിനല്ലാതെ വേറെ ആർക്ക് ഇങ്ങനെ ചെയ്യാൻ കഴിയും? ഇക്കാര്യങ്ങളെല്ലാം നാമോരോരുത്തരും മനസ്സിലാക്കണം; കാരണം, അത്രമാത്രം പ്രശ്നങ്ങളാണ് ഈ സംസ്ഥാനം നേരിടുന്നത്. നിങ്ങൾക്ക് ഏകദേശം പതിമൂന്നായിരം കോടി രൂപ ഔട്ട്ഡേറ്റായിട്ടുള്ള വാറ്റിൽനിന്ന് പിരിഞ്ഞുകിട്ടാനുണ്ട്. അതിനുവേണ്ടി ഈ സർക്കാർ ആറ് ആംനസ്റ്റി സ്കീമുകൾ കൊണ്ടുവന്നു. ഓരോ സ്കീമുകളും ഈ നിയമസഭയിൽ കൊണ്ടുവന്നപ്പോൾ അതൊക്കെ പൊളിയുമെന്ന് ഞങ്ങൾ ഈ നിയമസഭയിൽ പറഞ്ഞു. അങ്ങനെ

നിങ്ങൾ ഞങ്ങളെ പരിഹസിക്കുകയൊന്നും വേണ്ട ആംനസ്റ്റി പൊളിയുകയൊന്നുമില്ലെന്ന് പറഞ്ഞു. കാരണം, വേണ്ടത്ര തയ്യാറെടുപ്പില്ലാതെയാണ് ആംനസ്റ്റി സ്കീം കൊണ്ടുവന്നത്. അതുമായി ബന്ധപ്പെട്ട് എല്ലാപ്രാവശ്യവും സംസാരിച്ചയാളാണ് ഞാൻ. ഈ ഓരോ ആംനസ്റ്റി സ്കീമുകൾ കൊണ്ടുവന്നപ്പോഴും അതൊന്നും ഫിറ്റല്ലെന്നും ഇത് പൊളിഞ്ഞു പോകുമെന്ന് ഞങ്ങൾ പറഞ്ഞു. ആറ് പ്രാവശ്യം ആംനസ്റ്റി സ്കീം കൊണ്ടുവന്ന് പതിമൂന്നായിരം കോടി രൂപ പിരിയ്ക്കേണ്ട സ്ഥലത്ത് ഇതുവരെ പിരിച്ചത് 744 കോടി രൂപയാണ്. നാളിതുവരെ മുഴുവൻ തുകയും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഞങ്ങൾ ഇക്കാര്യം പറഞ്ഞപ്പോൾ ഈ സർക്കാരിനത് വലിയ പ്രയാസവും ഞങ്ങളോടുള്ള പരിഹാസവുമൊക്കെയായി മാറിയെന്നുള്ള കാര്യം മറക്കണ്ട. അതുപോലെതന്നെ ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാനുണ്ട്. ഞങ്ങളിവിടെ ബാർകോഴയെ കുറിച്ചൊരാരോപണമുന്നയിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പണം നൽകിയെന്ന് ഒരു ബാറുടമ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ

നൽകിയ പരാതിയിന്മേൽ കേസെടുത്തു. ഇപ്പോഴും ഒരു ബാറുടമ തന്നെയാണ് സർക്കാരിന് പണം നൽകണമെന്നുള്ള വെളിപ്പെടുത്തൽ നടത്തിയത്. പ്രതിപക്ഷനേതാവെന്ന നിലയിൽ ഞാനുമൊരു പരാതി നൽകിയിരുന്നു. ആ പരാതിയിന്മേൽ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചത്? നിങ്ങൾ അത് മാറ്റിവച്ചു, കാരണം ആ പരാതിയെപ്പറ്റി അന്വേഷിച്ചാൽ നിങ്ങളുമായി ബന്ധപ്പെട്ട ആളുകൾ അതിൽ പ്രതികളായി വരുമെന്ന് സർക്കാരിന് ഉറപ്പുണ്ട്. പി.എസ്.സി. അംഗത്വത്തെ സംബന്ധിച്ച് ഇന്നലെ ഇവിടെ പരാമർശമുണ്ടായി. പബ്ലിക് സർവീസ് കമ്മീഷന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെടുത്തിയില്ലേ; ഇടതുപക്ഷ കക്ഷികളെല്ലാവരും ചേർന്ന് പി.എസ്.സി. അംഗത്തെ വിൽപ്പനയ്ക്ക് വച്ചിരിക്കുകയല്ലേ. പ്ലസ് വൺ അഡ്മിഷന്റെ കാര്യത്തിൽ ഇപ്പോഴെങ്കിലുമൊരു തീരുമാനമെടുക്കാതെ അത് വലിച്ചുനീട്ടി കൊണ്ടുപോകുകയല്ലേ. പതിനായിരം സീറ്റുകൾ ബാക്കിവരുമെന്നാണ് ഈ സഭയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. പിന്നെന്തിനാണ് 30 ശതമാനം മാർജിനൽ ഇൻക്രീസ് കൊടുത്തത്. നിങ്ങൾ എന്താണ് തീരുമാനം എടുക്കാത്ത ഗവൺമെന്റാകുന്നത്. കുട്ടികൾ പ്ലസ്-ടുവിന് കയറിയ ശേഷമാണോ അ പ്ലസ്വണ്ണിലേയ്ക്ക് അഡ്മിഷൻ

കൊടുക്കുന്നത്. എത്ര ദിവസമായി, ഈ സഭ സമ്മേളനം തുടങ്ങിയ അന്നുതന്നെ ഞങ്ങൾ കൊണ്ടുവന്ന വിഷയമല്ലേ, എന്തുകൊണ്ട് ഈ സർക്കാരിന് തീരുമാനങ്ങളെടുക്കാൻ കഴിയുന്നില്ല. സർക്കാർ എന്തുകൊണ്ട് കൂടിയാലോചനകൾ നടത്തുന്നില്ല. കുട്ടികളെയും രക്ഷാകർത്താക്കളെയും ബാധിക്കുന്ന ഗൗരവമായ വിഷയങ്ങളിന്മേൽ എന്തുകൊണ്ട് തീരുമാനങ്ങളെടുക്കുന്നില്ല. ക്ഷേമപെൻഷനുകൾ 2500/- രൂപയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നവരാണ് എൽ.ഡി.എഫ്. സർക്കാർ. എന്നിട്ട് അതേ സർക്കാർ തന്നെയല്ലേ പതിനായിരക്കണക്കിന് കോടി രൂപയുടെ കുടിശ്ശിക മുഴുവൻ വരുത്തിയിരിക്കുന്നത്. ലോക്കൽ ബോഡിയിലെ കാര്യം ഞങ്ങൾ പറഞ്ഞില്ലേ. ലോക്കൽ ബോഡിക്ക് പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കതിനെ കഴുത്ത് ഞെരിച്ചിട്ടിരിക്കുകയാണ്. ക്യാരിഓവറിന്റെ കാര്യത്തിൽ ഈ സർക്കാർ തീരുമാനമെടുത്തോ; എന്താണ് ഈ വർഷത്തെ ഫണ്ട് കൊടുക്കുമോ; കഴിഞ്ഞവർഷം ചെലവാക്കാതിരുന്ന തുക ഈ വർഷത്തെ പ്ലാനിൽ നിന്നാണോ നിങ്ങൾ കൊടുക്കാൻ പോകുന്നത്. നിങ്ങളൊരു തീരുമാനവുമെടുക്കുന്നില്ല. 'ഇൻഎഫിഷ്യൻസി'യാണ് ഈ സർക്കാരിന്റെ

മുഖമുദ്രയെന്ന കാര്യം മറക്കേണ്ട. കാർഷിക മേഖല നേരിടുന്ന വിഷയങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഗൗരവത്തോടുകൂടി ഇവിടെ അവതരിപ്പിച്ചു. ശ്രീ. മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിലും കാർഷിക മേഖലയെക്കുറിച്ച് പരാമർശമൊന്നുമില്ല. ഒരു കാര്യവുമില്ല. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലും കാലാവസ്ഥാ വ്യതിയാനമുണ്ടാക്കിയ മാറ്റങ്ങളെ അഡ്രസ്സ് ചെയ്യുന്ന കാര്യത്തിലും ഈ സർക്കാർ പരാജയപ്പെട്ടു. കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽനിന്നും വരുന്ന വാർത്തകൾ എന്താണ്? കഴിഞ്ഞദിവസം ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി ദേഷ്യപ്പെട്ടുകൊണ്ട് പറഞ്ഞു, നിങ്ങളുടെ സർക്കാരിന് ധാർഷ്ട്യമാണ് അഹങ്കാരമാണ് എന്ന് ഞങ്ങൾ പറഞ്ഞുവെന്ന്. ഞങ്ങൾ പറയും, അങ്ങ് ഞങ്ങളെ കുറെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്തു. നിങ്ങൾക്ക് വിനയമാണോ ഉള്ളത്; ഞങ്ങൾക്ക് ധാർഷ്ട്യം അല്ലേ, ധാർഷ്ട്യം അല്ലേ, എന്നുപറഞ്ഞു. നിങ്ങളുടെ കേന്ദ്ര കമ്മിറ്റി അംഗമാണ് ഡോ. ടി. എം. തോമസ് ഐസക്. അദ്ദേഹം പത്ത് വർഷം ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ സഭയിലെ മറുപടിക്കുശേഷമുള്ള

ഡോ. ടി. എം. തോമസ് ഐസകിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് കണ്ടോ, 'അഹങ്കാരത്തോടെയും ധാർഷ്ട്യത്തോടെയുമുള്ള പെരുമാറ്റം ജനങ്ങളെ പാർട്ടിയിൽനിന്ന് അകറ്റുന്നു. ഇത് പാർട്ടിയുടെ എല്ലാ തലങ്ങളിലും കാണാം. ജനങ്ങളോട് എപ്പോഴും വിനയത്തോടുകൂടി വേണം പെരുമാറാൻ'. ഞങ്ങൾ ഈ നിയമസഭയ്ക്ക് അകത്തും പുറത്തും പറഞ്ഞ വാചകങ്ങൾക്ക് അടിവരയിട്ട് തന്നതാരാണ്, നിങ്ങളുടെ കേന്ദ്ര കമ്മിറ്റി അംഗം. വേറൊരു പോളിറ്റ് ബ്യൂറോ അംഗം എന്താണ് പറഞ്ഞത്; നിങ്ങളുടെ പാർട്ടി 'പൂതലിച്ച്' പോയെന്ന്; എന്തൊരു മനോഹരമായ പ്രയോഗമാണത്. ശ്രീ. എ. വിജയരാഘവന് ഒരു സല്യൂട്ട് കൊടുത്തുവെന്ന് പറഞ്ഞേയ്ക്കൂ. വളരെ കറക്ടായിട്ടുള്ള ഡെഫനിഷനാണ് അദ്ദേഹം നൽകിയത്. നിങ്ങളുടെ പാർട്ടി 'പൂതലിച്ച്' പോയി.

അതുപോലെ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നടക്കുന്ന കാര്യങ്ങൾ ഞങ്ങൾ പറഞ്ഞു. അതെല്ലാം ഇപ്പോൾ പുറത്ത് വന്നില്ലേ; പുറത്ത് വന്നുകൊണ്ടിരിക്കുകയല്ലേ. കണ്ണൂരിൽ നിന്നും പുറത്ത് വന്ന കാര്യങ്ങൾ ഞങ്ങൾ പ്രതിപക്ഷം പറഞ്ഞ കാര്യങ്ങളാണോ നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന സ്വർണ്ണ കള്ളക്കടത്ത്, സ്വർണ്ണം പൊട്ടിക്കൽ തുടങ്ങിയ കാര്യങ്ങൾ.

കോഴിക്കോട് നടക്കുന്ന കാര്യങ്ങൾ പി.എസ്.സി. അംഗത്തിനുവേണ്ടി പണം പിരിക്കുന്നു. ഇന്നിപ്പോൾ സ്റ്റീൽ കോംപ്ലക്സ്, അത് ഗൗരവകരമായ ഒരു ആരോപണമാണ്. അതൊക്കെ നിങ്ങളുടെ കോഴിക്കോട്ടുള്ള കോക്കസാണോ; നിങ്ങളുടെ പാർട്ടിയാണ്; നിങ്ങളുടെ പാർട്ടി വളരെ അപകടകരമായ രീതിയിലേയ്ക്ക് പോകുയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ........ (മൈക്ക് ഓഫ്) .......

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങേയ്ക്ക് വഴങ്ങുന്നില്ല. ഇതുപോലെ എന്തെല്ലാം വിഷയങ്ങളാണ് ഇവിടെയുള്ളത്. കഴിഞ്ഞ ദിവസം പറഞ്ഞല്ലോ; അതായത് 12 ക്രിമിനൽ കേസിൽ പ്രതിയായ ഒരാൾ, കാപ്പ (CAPA) കേസിൽ പ്രതി. സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽവന്ന മന്ത്രി അയാളെ മാലയിട്ട് പാർട്ടിയിലേയ്ക്ക് സ്വീകരിക്കുകയാണ്. എന്ത് മെസേജാണ് ഇതിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നത്? ശ്രീ. പി. സി. വിഷ്ണുനാഥ് ഇതിനെപ്പറ്റി എനിക്കൊരു ട്രോൾ കാണിച്ചുതന്നു. എന്താണെന്നുവച്ചാൽ ഒരു ഡുണ്ടുമോൻ നടന്നുപോകുമ്പോൾ എവിടെ പോവുകയാണ് മോനേ എന്ന് ചോദിച്ചോൾ കപ്പടിച്ചവർക്ക് സ്വീകരണം കൊടുക്കാൻ പോകുകയാണെന്ന്

പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ ഡ്യൂണ്ടുമോൻ വിഷമിച്ച് വരുന്നത് കണ്ടപ്പോൾ ചോദിച്ചു. എന്ത് പറ്റി മോനേ, അത് കപ്പടിച്ചവർക്കായിരുന്നില്ല, കാപ്പ അടിച്ചവർക്കായിരുന്നു സ്വീകരണം എന്ന് പറഞ്ഞു. ഞാൻ വെറുതെ പറയുകയല്ല. ഡൽഹിയിൽ എങ്ങനെയാണെന്ന് അറിയാമോ; അഴിമതിക്കാരൻ ആണെങ്കിൽ ബി.ജെ.പി.-യിൽ ചേർന്നാൽ അഴിമതി ഇല്ലാതെയാകും. കേരളത്തിൽ എങ്ങനെയാണെന്ന് അറിയാമോ, ക്രിമിനലാണെങ്കിൽ ഇടതു ജനാധിപത്യ മുന്നണിയുടെ പാർട്ടിയിൽ ചേർന്നാൽ ക്രിമിനല്ലാതായി മാറും. ഒരു കാര്യം അങ്ങയുടെ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ മന്ത്രി മാലയിട്ട് സ്വീകരിച്ച ആ കാപ്പ കേസിലെ പ്രതിയോടൊപ്പം അറുപ്പത്തിരണ്ട് പേർ സി.പി.ഐ.(എം)-ൽ ചേർന്നിരുന്നു. അതിലൊരാളെ, മൈലാട്ടുംപാറ സ്വദേശിയെ ഇന്ന് ഉച്ചയ്ക്ക് എക്സൈസ് വകുപ്പ് കഞ്ചാവുമായി പിടിച്ചു. ബഹുമാനപ്പെട്ട മന്ത്രി മാലയിട്ട് സ്വീകരിച്ച അറുപത്തിരണ്ട് പേരിലൊരാൾ കഞ്ചാവ് കേസിലെ പ്രതിയാണ്. അവർ ക്രിമിനൽസാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടാണ് ഇതിലൂടെ വ്യക്തമാകുന്നത്. കഞ്ചാവ് കേസിൽ പ്രതികളായിട്ടുള്ളവരെയാണ് ബഹുമാനപ്പെട്ട മന്ത്രി മാലയിട്ട് സ്വീകരിച്ചത്. .....

നിങ്ങൾ അന്വേഷിക്കുക, നിങ്ങൾക്ക് ലഭിക്കുന്നതിന് മുമ്പ് ഞങ്ങൾക്ക് ഈ വിവരം ലഭിച്ചു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ഗവൺമെന്റിന് ഫിനാൻഷ്യൽ മാനേജ്മെന്റ് ഇല്ല. നിങ്ങളെന്തിനാണ് അതിന് വിഷമിക്കുന്നത്. ഒരു ഫിസ്കൽ മാനേജ്മെന്റില്ല. ഈ സർക്കാരിന് ടാക്സ് പിരിക്കാൻ കഴിയുന്നില്ല. നിങ്ങൾക്ക് ടാക്സ് കളക്ഷൻ നടത്താൻ സാധിക്കുന്നില്ല. എക്സ്പെൻഡിച്ചർ നിയന്ത്രിക്കാൻ കഴിയുന്നില്ല. ഫിനാൻഷ്യൽ സ്കൂട്ടിണി ഒരു പ്രോജക്ടിലുമില്ല. വിവിധ വകുപ്പുകൾ തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഇല്ല, ഒരു ഏകോപനവുമില്ല. എല്ലാം ഓരോരുത്തരുടെ വിധിക്ക്, പാവങ്ങളുടെ വിധിക്ക് വിട്ടുകൊണ്ടുള്ള ഒരു ഭരണമാണ്. അതുകൊണ്ട് ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ ശക്തിയായി എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, മുമ്പ് ചെലവാക്കിയ ചില തുകകളിന്മേലുള്ള ചെലവുകൾ ക്രമവൽക്കരിക്കാനും ഈ വർഷത്തെ ചില ഡിമാന്റുകളിൽ സപ്ലിമെന്ററി ഡിമാന്റുകൾ അവതരിപ്പിക്കുന്നത് റാറ്റിഫൈ ചെയ്യാനും വേണ്ടിയുള്ളൊരു ബില്ലാണിത്. 2017-18, 2018-19,

2020-21 തുടങ്ങിയ വർഷങ്ങളിലെ പി.എ.സി. പരിശോധിച്ച് കണക്കുകൾ റെഗുലറൈസ് ചെയ്യുന്നൊരു സ്കീമാണ്. പൊതുവിൽ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ധനകാര്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതെന്നതുകൊണ്ട് അതിലേയ്ക്കൊന്നും പോയിട്ടില്ല, എന്നാലും പൊതുധനകാര്യ കാര്യങ്ങളാണ് പറയുന്നത്. ഒരേ കാര്യങ്ങൾ തന്നെ വീണ്ടും ആവർത്തിച്ച് പറയുകയെന്നുള്ളത് ഒരു ഗീബത്സ്യൻ തന്ത്രമാണ്. സഭയുടെ ഒരു പ്രത്യേകത പഴയകാലത്തെ പോലെയല്ല. ഇവിടെ അങ്ങ് ഒരു കാര്യം/ആരോപണം പറയുമ്പോൾ അതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്ന് പറഞ്ഞാൽപോലും അത് പറയുമ്പോൾ തന്നെ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും പോകും. ലക്ഷക്കണക്കിന് ഗ്രൂപ്പുകളിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും പോകുന്നതിന് വേണ്ടിയിട്ടുള്ള ഒരു രീതിയാണ്. തലക്കെട്ടിനുവേണ്ടി ഇങ്ങനെ വാർത്ത പറഞ്ഞാൽ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ പോലെയൊക്കെ സീനിയറായ നേതാക്കന്മാർ അവിടെയിരുപ്പുണ്ട്. എത്രയോ കാലമായി ഈ സഭയിൽ വരുന്നതാണ്. ഇപ്പോൾ നടക്കുന്ന ശൈലി തന്നെയാണോ തുടരേണ്ടതെന്ന് അങ്ങയെപ്പോലുള്ള ആൾക്കാർ ഉൾപ്പടെ പ്രതിപക്ഷത്തിന്

ഉപദേശം കൊടുക്കണം. കാരണം എപ്പോഴും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു, എത്ര പ്രാവശ്യം വിശദീകരിച്ചുപറഞ്ഞാലും വീണ്ടും അതേ കാര്യങ്ങൾ തന്നെ ആവർത്തിക്കുകയുമാണ് ചെയ്തുവരുന്നത്. അത് ഇത്തരത്തിൽ മാധ്യമ പ്രചരണത്തിലേയ്ക്ക് പോവുകയും ചെയ്യും. മറ്റ് കാര്യങ്ങൾ സംസാരിക്കുന്നതിനുമുമ്പ് ഒരു കാര്യത്തെക്കുറിച്ച് പറയേണ്ടതുണ്ട്. അതായത്, നേരത്തെ ഇവിടെ ഒരു അഴിമതി ആരോപണത്തെക്കുറിച്ച് എഴുതിതരികയും അത് ഉന്നയിക്കുകയും ചെയ്യുകയുണ്ടായി. ബന്ധപ്പെട്ട വകുപ്പുമന്ത്രി ഇവിടെയില്ലെങ്കിലും അതുസംബന്ധിച്ച് ആ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള വിശദീകരണം ഞാനിവിടെ വായിക്കാം. കാരണം അതാണല്ലോ ഇന്നത്തെ ടാർജറ്റ് പോയിന്റ്. ഓരോ ദിവസവും ഓരോ ടാർജറ്റ് പോയിന്റാണ്. ഞാൻ ആ വിശദീകരണം പറയാം. കാരണം ഇത് രേഖയിൽ വരേണ്ടതാണ്. എന്ത് രേഖയിൽ വന്നാലും അങ്ങയുടെ കയ്യിലും ഇത് നിൽക്കില്ല. കാരണം ഇത്തരത്തിൽ പ്രചരണം നടത്തിപൊയ്ക്കൊണ്ടിരിക്കുകയാണ്. അതിനകത്ത് തർക്കമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അസംബ്ലിയിൽ വന്ന വാർത്തയാണ്. (മൈക്ക് ഓഫ്)..........

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): അസംബ്ലിയിൽ വാർത്ത വരുന്നതിന് ആർക്കും വിഷമമില്ല; കാരണം വാർത്ത വരുന്നതുകണ്ട് വിഷമിക്കുന്നവരല്ല ഇവിടെയിരിക്കുന്നത്. അക്കാര്യം പറയുമ്പോൾ അങ്ങേയ്ക്കെന്തോ ഒരു വിഷമം ഉള്ളതുപോലെ തോന്നുന്നു. വാർത്ത വരുന്നതിന്റെ രീതി ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. ഞാൻ ആ വാർത്തയെക്കുറിച്ചാണ് പറയാൻ പോകുന്നത്. വാർത്തയ്ക്കുവേണ്ടി ഒരു കാര്യം പറയുമ്പോൾ, അതിനടിസ്ഥാനമായ ചില വസ്തുതകളെങ്കിലും നമ്മുടെ മനസ്സിലുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ഇവിടെ സംസാരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. SAIL-SCL Kerala Limited (SSKL) എന്ന സ്ഥാപനത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. 30 കോടി രൂപയ്ക്ക് വിലകുറച്ച് ചുളുവിലയ്ക്ക് സെയിൽ നടത്താൻവേണ്ടി തീരുമാനിച്ചുവെന്നതും അതിന്റെ ഭാഗമായി കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 300 കോടി രൂപയിലധികം വിലമതിക്കുന്ന സ്ഥലം കേവലം 30 കോടി രൂപയ്ക്ക്

ഛത്തീസ്ഗഢിലെ ഒരു സ്വകാര്യ കമ്പനിക്ക് കൈമാറ്റം ചെയ്യപ്പെട്ട സംഭവത്തിൽ കോടികളുടെ അഴിമതി നടന്നിട്ടുണ്ടെന്നതും സംബന്ധിച്ചാണ് ശ്രീ. ടി. സിദ്ദിഖ് നോട്ടീസ് നൽകുകയും പറയുകയും ചെയ്തത്. അദ്ദേഹം ഒരു വകുപ്പിനെപ്പറ്റിയാണ് പറഞ്ഞത്, അതുസംബന്ധിച്ച് അടുത്ത ദിവസം മറുപടി പറയാമെന്ന് ഞാൻ അന്നേരം പറഞ്ഞിരുന്നു. എന്നാൽ ഇന്നുതന്നെ മറുപടി പറയേണ്ടതുണ്ട്. 1969-ൽ സ്ഥാപിതമായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചതിനെത്തുടർന്ന് ബി.ഐ.എഫ്.ആർ. (Board for Industrial & Financial Reconstruction)-ന്റെ പരിധിയിലുൾപ്പെട്ട സ്ഥാപനമായിരുന്നു. ബി.ഐ.എഫ്.ആർ. എന്താണെന്ന് എല്ലാവർക്കുമറിയാം. തകർച്ചയിലേക്കുപോയ ആ സ്ഥാപനത്തെ റീ കൺസ്ട്രക്ഷനുവേണ്ടി ഏൽപ്പിച്ചതാണ്. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2008-ൽ മഹാരത്ന കമ്പനികളിലൊന്നായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SAIL (Steel Authority of India Limited) കേരള സർക്കാരുമായി ഒരു സംയുക്ത സംരംഭത്തിനായി കരാറിലേർപ്പെടുകയും തുടർന്ന് 2010-ൽ സംയുക്ത സംരംഭം നിലവിൽവരികയും ചെയ്തു. 2013-ൽ മൂലധന നിക്ഷേപം വർധിപ്പിച്ച് അറ്റമൂല്യം

പോസിറ്റീവായതിനെത്തുടർന്ന് സ്ഥാപനം ബി.ഐ.എഫ്.ആർ.-നിന്നും ഒഴിവാകുകയും SAIL-SCL Kerala Limited (SSKL) എന്നപേരിൽ സംയുക്ത സംരംഭം നിലവിൽവരികയും ചെയ്തു. എസ്.എസ്.കെ.എൽ.-ന്റെ നിലവിലെ ഓഹരി അനുപാതം കേരള സർക്കാരിന്റേത് 49.26 ശതമാനവും കേന്ദ്ര സർക്കാരിന്റേത് 49.26 ശതമാനവുമാണ്. 2014-ൽ യന്ത്രങ്ങളുടെ പ്രവർത്തനശേഷിയിൽ സ്റ്റീൽ ബില്ലറ്റ്സിന്റെ ലാഭകരമായ ഉൽപാദനം സാധ്യമല്ലാത്ത സാഹചര്യത്തിൽ അവയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരുന്നു. 2015-ൽ 64.76 കോടി രൂപ മുതൽമുടക്കി 65000 ടി.പി.എ.-ടി.എം.ടി. ഉൽപാദനശേഷിയുള്ള റീ-റോളിംഗ് മിൽ സ്ഥാപിച്ച് വ്യാവസായികോൽപാദനം ആരംഭിച്ചെങ്കിലും ആവശ്യമായ സ്റ്റീൽ ബില്ലറ്റ്സ് SAIL-ൽനിന്നും ലഭ്യമായിരുന്നില്ല. 2016 മുതൽ ഈ സ്ഥാപനത്തിന്റെ ഉൽപാദനം പൂർണ്ണമായും നിലച്ചിരുന്നു. SAIL-ലുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തി ഉൽപാദനം പുന:സ്ഥാപിക്കുകയെന്ന ലക്ഷ്യം പ്രതീക്ഷിച്ചെങ്കിലും നിലവിലുള്ള സഹകരണം SAIL-ൽനിന്നും ലഭ്യമാകാത്തത് കാരണം അത് കൈവരിക്കാൻ സാധിച്ചിട്ടില്ല. റീ-റോളിംഗ് മിൽ

സ്ഥാപിക്കാനായി വായ്പ നൽകിയത് കാനറാ ബാങ്കായിരുന്നു. ഈ തുക തിരിച്ചടയ്ക്കാത്തതിനാൽ ബാങ്ക് അക്കൗണ്ട് എൻ.പി.എ. (Non-performing Assets) ആകുകയും ചെയ്തു. വരുമാനത്തിന്റെ അഭാവത്തിൽ എൻ.പി.എ.-ആയ കാനറാ ബാങ്കിന്റെ അക്കൗണ്ടുകൾ ക്രമപ്പെടുത്താൻ കമ്പനിക്ക് കഴിഞ്ഞില്ല. സർക്കാർതലത്തിൽ നിരവധിതവണ ബാങ്ക് അധികൃതരുൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ കേന്ദ്ര സർക്കാരിൽനിന്നുള്ള നിസ്സഹകരണം കാരണം അന്തിമ തീരുമാനമാകാത്തതിനാൽ കാനറാ ബാങ്ക് തുടർനടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. കാനറാ ബാങ്ക് നിയമപരമായ നോട്ടീസുകൾ അയച്ചതിനുശേഷം പലിശയുൾപ്പെടെയുള്ള നിലവിലുള്ള ബാധ്യതയായ 107 കോടി രൂപ തിരിച്ചുപിടിക്കുന്നതിനായി നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ (എൻ.സി.എൽ.ടി.)-നെ സമീപിക്കുകയും ചെയ്തു. തുടർന്ന് 23-03-2023-ൽ ഈ തുക കാനറാ ബാങ്കിന് തിരികെ ലഭിക്കാൻ കോർപ്പറേറ്റ് ഇൻസോൾവൻസീസ് റെസല്യൂഷൻ പ്രോസസ്സ് ആരംഭിക്കാൻ എൻ.സി.എൽ.ടി. ഉത്തരവിടുകയും പ്രസ്തുത പ്രക്രിയ പൂർത്തിയാക്കാൻ ഒരു റെസല്യൂഷൻ പ്രൊഫഷണലിനെ

നിയമിക്കുകയും ചെയ്തു. ഇപ്രകാരം റെസല്യൂഷൻ പ്രൊഫഷണലിനെ നിയമിച്ചുകൊണ്ട് തുടർനടപടികൾ തടയുന്നതിനായി സർക്കാർ നിർദേശപ്രകാരം നാഷണൽ കമ്പനി അപ്പലേറ്റ് ട്രിബ്യൂണലിനെ സമീപിക്കുകയുണ്ടായി. റെസല്യൂഷൻ പ്രൊഫഷണൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന്റെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാമെന്ന് നൽകിയിരുന്ന പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഫത്തീസ്ഗഢ് ഔട്ട്സോഴ്സിംഗ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ 29.62 കോടി രൂപയുടെ റെസല്യൂഷൻ പ്ലാൻ കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ് അംഗീകരിക്കുകയും തുടർന്ന് 02-05-2024-ൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ റെസല്യൂഷൻ പ്ലാൻ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. ബാങ്കിന്റെ ബാധ്യത ഒറ്റത്തവണ പ്രക്രിയ വഴി സെറ്റിൽമെന്റ് നടത്താൻ വിവിധ തലങ്ങളിലായി സർക്കാർ കാനറാ ബാങ്കുമായി നടത്തുന്ന ചർച്ചകൾ പുരോഗമിക്കുന്ന സാഹചര്യത്തിലാണ് സർക്കാരിന്റെ ആവശ്യം പരിഗണിക്കാതെ കുറഞ്ഞ തുകയ്ക്കുള്ള റെസല്യൂഷൻ പ്ലാൻ കാനറാ ബാങ്ക് അംഗീകരിച്ചത്. സംസ്ഥാന സർക്കാരിനെ കേൾക്കാതെയാണ് ട്രിബ്യൂണൽ വിധിയെന്ന് ചൂണ്ടിക്കാട്ടിയും 1961-ലെ സ്ഥലം

ഏറ്റെടുക്കൽ നിയമപ്രകാരം സ്റ്റീൽ കോംപ്ലക്സിന് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി സർക്കാർ നിശ്ചയിച്ച പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി അന്യാധീനപ്പെടുത്താൻ കമ്പനിക്ക് അവകാശമില്ലെന്നതിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ ഭൂമി കൈയൊഴിയാനോ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാനോ കഴിയില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി നാഷണൽ കമ്പനി ലാ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ അംഗീകരിച്ച് 02-05-2024-ലെ എൻ.സി.എൽ.ടി.-യുടെ ഉത്തരവ് നാഷണൽ കമ്പനി ലാ അപ്പലേറ്റ് ട്രിബ്യൂണൽ 13-06-2024-ൽ മരവിപ്പിച്ചു. കമ്പനിയുടെ ഭൂമി സംബന്ധമായ ഏത് തുടർനടപടിയും എൻ.സി.എൽ.ടി.-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാകണമെന്നും നാഷണൽ കമ്പനി ലാ അപ്പലേറ്റ് ട്രിബ്യൂണൽ നിഷ്കർഷിച്ചിട്ടുണ്ട്. റെസല്യൂഷൻ പ്ലാൻ സമർപ്പിച്ച ഛത്തീസ്ഗഢ് ആസ്ഥാനമായ കമ്പനി വസ്തുതകൾ മറച്ചുവച്ചുകൊണ്ട് എൻ.സി.എൽ.ടി.-യുടെ ഉത്തരവ് നടപ്പിലാക്കുന്നതിനും അതുപ്രകാരം കമ്പനിയുടെ വസ്തുവകകൾ ഏറ്റെടുക്കുന്നതിനുമായി പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട്

ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് പോലീസ് സംരക്ഷണം നേടുകയുണ്ടായി. അതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ബന്ധപ്പെട്ട വസ്തുതകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബോധ്യപ്പെടുത്തിയതിനെത്തുടർന്ന് മേൽപ്രകാരം പോലീസ് സംരക്ഷണം നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയിരുന്നു. അതുകാരണം കമ്പനിയുടെ യാതൊരു സ്ഥാവരജംഗമ വസ്തുക്കളും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതാണ്. കേന്ദ്ര സർക്കാരുമായുള്ള സംയുക്ത സംരംഭമായ SAIL-SCL എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം സാധ്യമാകുന്ന തരത്തിലാണ് സർക്കാർ ഓരോ ഘട്ടത്തിലും ഇടപെട്ടിട്ടുള്ളത്. കാനറാ ബാങ്ക് എൻ.സി.എൽ.ടി. മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസിൽ എൻ.സി.എൽ.ടി.-യുടെ ഉത്തരവ് സർക്കാർ നിശ്ചയിച്ച ഭൂമിയുടെ പാട്ടവ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സർക്കാരിന്റെ ഭാഗം കേൾക്കാതെയാണ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചതെന്നുമുള്ള ഗൗരവമായ വിഷയമുയർത്തിക്കൊണ്ട് സംസ്ഥാന അഡ്വക്കേറ്റ് ജനറൽ നേരിട്ട് ചെന്നൈയിലെ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ഹാജരായി അപ്പീൽ

ഫയൽ ചെയ്യുകയും ഭൂമിയുമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങൾ തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാനറാ ബാങ്ക് ഉദ്യോഗസ്ഥരുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച ചെയ്യുകയും എൻ.സി.എൽ.ടി. അവാർഡ് ചെയ്ത തുക ഈടാക്കിക്കൊണ്ട് കാനറാ ബാങ്ക് കേസ് പിൻവലിക്കുന്നതിനുള്ള ശ്രമങ്ങളും സർക്കാർതലത്തിൽ നടത്തിവരികയും ചെയ്യുന്നു. യു.ഡി.എഫ്. ഭരണകാലത്ത് കാനറാ ബാങ്കിൽനിന്നും വായ്പയെടുത്ത തുക തിരികെ ലഭിക്കാത്തതുകാരണം പ്രസ്തുത ബാങ്ക് എൻ.സി.എൽ.ടി. മുമ്പാകെ ഫയൽ ചെയ്ത കേസിലുണ്ടായ വിധിപ്രകാരമാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി പ്രവർത്തിപ്പിച്ചുവരുന്ന SAIL-SCL എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ഭൂമിയും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും കൈമാറുന്നതിന് ഉത്തരവായിട്ടുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറുന്നത് നിയമവിരുദ്ധമാണെന്ന നിലപാട് സർക്കാർ എല്ലാഘട്ടത്തിലും ഉയർത്തിയിട്ടുള്ളതും ഇപ്പോൾ അപ്പലേറ്റ് ട്രിബ്യൂണലിനുമുമ്പാകെ അത് തുടർന്നുവരുന്നതും അപ്പലേറ്റ് ട്രിബ്യൂണൽ പരിഗണിച്ച് ഭൂമി സംബന്ധമായ തുടർനടപടികൾ നിർത്തിവച്ചിട്ടുള്ളതുമാണ്. കമ്പനി കൈമാറുന്നതിനുള്ള

തീരുമാനം കമ്പനി ലാ ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ളതും അത് സർക്കാരുമായി ബന്ധമില്ലാത്തതുമാണ്. ബഹുമാനപ്പെട്ട അംഗമുയർത്തിയ അഴിമതിയാരോപണങ്ങൾ വസ്തുതകളുമായി ഒരു ബന്ധമില്ലാത്തതും നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയെ അടിസ്ഥാനമാക്കിയുള്ളതുമാണെന്ന് വ്യക്തമാക്കുന്നു. പല മെമ്പർമാരും എങ്ങനെ സഭയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെന്നതിന്റെ ഒരു ഉദാഹരണമാണിത്. നമ്മൾ സഭയ്ക്കകത്ത് പറയുന്ന കാര്യം സഭയ്ക്കകത്തുതന്നെ നിൽക്കുകയാണ്. പലപ്പോഴും ഹെഡിംഗുണ്ടാക്കുകയെന്ന് പറയുന്ന തരത്തിലേക്ക് അല്ലെങ്കിൽ അപവാദപ്രചരണം എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞങ്ങൾ അഭ്യർഥിക്കുന്നു, അതോടൊപ്പം പ്രതിപക്ഷ ഉപനേതാവിനോട് പറയാനുള്ളത്, ഈ സഭയിൽ അങ്ങോട്ടുമിങ്ങോട്ടും കാണിക്കേണ്ട മര്യാദകളുണ്ട്; മര്യാദയുണ്ടാകേണ്ടതുമാണ്. ആ തരത്തിലാണോ ഇവിടെ പെരുമാറുന്നത്; ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന ആരെയും....... രാവിലെ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം സംബന്ധിച്ച കാര്യം ചർച്ച ചെയ്തപ്പോൾ

പ്രതിപക്ഷത്തിരിക്കുന്ന രണ്ട് മെമ്പർമാർ കാപ്പ കേസിലുൾപ്പെട്ട ഒരു പ്രതിയുമായി ബന്ധപ്പെട്ട കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. അതിനുള്ള വിശദീകരണം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകുകയും ചെയ്തിരുന്നു. (ബഹളം)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.. അങ്ങ് സംസാരിച്ചോളൂ.... ഒരു ഫിനാൻസ് ബില്ലുകൂടി പരിഗണിക്കാനുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: ഇവിടെ ഉന്നയിച്ച ആരോപണം സംബന്ധിച്ച വിശദീകരണം ഞാൻ നൽകിക്കഴിഞ്ഞു. ഞാൻ പറഞ്ഞതിനുപുറമെ ഇനി എന്തെങ്കിലുമുണ്ടെങ്കിൽ പിന്നീട് അങ്ങേയ്ക്ക് ഉന്നയിക്കാം. ഞാൻ പറഞ്ഞത്......

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാരിനുവേണ്ടിയാണ് അങ്ങ് മറുപടി പറഞ്ഞത്. നാഷണൽ കമ്പനി ലാ ട്രിബ്യൂണലിൽ ഇങ്ങനെയൊരു വിധി വന്നത് സർക്കാരിന് അറിയില്ലായിരുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന് മുമ്പിൽ ഈ കമ്പനിയുടെ ഉടമസ്ഥർ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരള സർക്കാരിന്റെ നേതൃത്വത്തിലുള്ള

സ്റ്റീൽ കോംപ്ലക്സുമാണ്. അവരെല്ലാം ഈ പ്രോസസ്സ് മുഴുവൻ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ചെയർപേഴ്സൺ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയാണ്. സർക്കാർ എല്ലാ കാര്യങ്ങളും അറിഞ്ഞിട്ട് അവസാനം 300 കോടി രൂപയുടെ ഭൂമി കേവലം 30 കോടി രൂപയ്ക്ക് പോകുകയും ചെയ്തു. അത് സെറ്റിൽ ചെയ്യാനോ നെഗോഷിയേറ്റ് ചെയ്യാനോ ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. ഒടുവിൽ അവിടെ വലിയ സമരം നടന്നപ്പോഴാണ് സർക്കാർ അപ്പീൽ പോയതെന്നുള്ള യാഥാർഥ്യം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയൊരു ധാരണ അങ്ങേയ്ക്കുണ്ടെങ്കിൽ അത് പൂർണ്ണമായും ......

ശ്രീ. ടി. സിദ്ദിഖ്: 23 കോടി രൂപയുണ്ടായിരുന്ന ഡ്യൂസ് കേവലം 15 ലക്ഷം രൂപയ്ക്ക് സർക്കാർ സെറ്റിൽ ചെയ്തുകൊടുക്കുകയാണ് ചെയ്തത്. ഇങ്ങനെ സെറ്റിൽ ചെയ്യാനുള്ള അംഗീകാരം നൽകിയപ്പോൾ സർക്കാർ അറിഞ്ഞിട്ടില്ല. എൻ.സി.എൽ.ടി.-യുടെ പ്രോസസ്സ് ഒരു നീണ്ട പ്രോസസ്സാണ്. ഈ പ്രോസസ് ഓരോന്നായി, ആർ.പി. (റെസല്യൂഷൻ പ്രൊഫഷണൽ)-യെ

നിയമിച്ചതുൾപ്പെടെ നടന്നപ്പോൾ സർക്കാർ അറിഞ്ഞിട്ടില്ലായെന്ന മന്ത്രിയുടെ വാദമാണ് ഞാൻ ഇന്നുപറഞ്ഞ പ്രധാനപ്പെട്ട കാര്യം. അതിനുള്ള മറുപടി പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വളരെ വിശദമായി ഈ സഭയിൽ പറഞ്ഞത് എല്ലാവർക്കും മനസ്സിലായി. അങ്ങേയ്ക്ക് അത് മനസിലാക്കാനുള്ള മനസില്ലാത്തതുകൊണ്ടാണ് മനസിലാകാത്തത്. ബാക്കിയെല്ലാവർക്കും മനസിലായിട്ടുണ്ട്. സാധാരണ ഗതിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും അത് മനസിലാകേണ്ട കാര്യമില്ല; കാരണം അദ്ദേഹത്തിന് മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ നമ്മുടെ നാട്ടിൽ പ്രതിപക്ഷനേതാവായിരുന്നിട്ട് കാര്യമില്ല. (.....ബഹളം....) അങ്ങേയ്ക്ക് ദേഷ്യം വന്നിട്ട് എന്താണ് കാര്യം? അങ്ങ് പറയുമ്പോൾ നമ്മളൊന്നും പറയുന്നില്ലല്ലോ; അങ്ങ് ദേഷ്യപ്പെടുന്നതിന്റെ കാര്യമെന്താണ്; ഇങ്ങനൊരുകാര്യം.......

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലൊരു നേതാവ് അദ്ദേഹത്തിന്റെ ചെയറിലിരുന്നു പറയാവുന്നതാണോയിത്. അദ്ദേഹം എപ്പോൾ എഴുന്നേറ്റ് നിന്നാലും

ബഹുമാനപ്പെട്ട ചെയർ മൈക്ക് നൽകുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുന്ന സമയത്ത് അദ്ദേഹം ഇങ്ങനെയൊരു പ്രതികരണം നടത്തുന്നതും കമന്റ് പറയുന്നതും...... പിൻ ബഞ്ചിലിരിക്കുന്നവർക്ക് എന്തുമാകാം. അങ്ങയെപ്പോലെ ഒരാൾ അങ്ങനെ ചെയ്യാമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പാർലമെന്ററി നടപടിക്രമങ്ങൾക്ക് മാതൃക കാട്ടിക്കൊടുക്കേണ്ടയാളാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി. ഞാൻ ഇവിടെ സംസാരിക്കുന്ന സമയം ഞാൻ അനുമതി നൽകാതെ നാലുംഅഞ്ചും പ്രാവശ്യമാണ് എഴുന്നേറ്റുനിന്ന് സംസാരിച്ചുകൊണ്ടിരുന്നത്. ദയവുചെയ്ത് അങ്ങ് എനിക്ക് മാതൃക കാണിച്ച് തരേണ്ടതില്ല.

<u>മി. സ്പീക്കർ:</u> പ്ലീസ്... പ്ലീസ്....

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അങ്ങ് വഴങ്ങുകയാണെങ്കിൽ മാത്രമേ ഞാൻ സംസാരിക്കാറുള്ളൂ. അതും പാർലമെന്ററി നടപടിക്രമമാണ്. അങ്ങയെ ഞാൻ തടസ്സപ്പെടുത്താറില്ല; ഞാൻ എഴുന്നേറ്റുനിന്ന് വഴങ്ങുമോയെന്ന് അങ്ങയോട് ചോദിക്കാറുണ്ട്. അങ്ങ് വഴങ്ങുകയാണെങ്കിൽമാത്രം ഞാൻ

സംസാരിക്കും. സാധാരണഗതിയിൽ അങ്ങ് വഴങ്ങാറില്ല. ഞങ്ങൾ പരസ്പര മര്യാദകൾ പാലിക്കാറുണ്ട്.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട മന്ത്രിമാരും പരസ്പരം വഴങ്ങുന്നതാണ് നല്ലത്. സംസാരിക്കുമ്പോൾ പരസ്പരം ബഹുമാനം നൽകി സംസാരിച്ചാൽ ബുദ്ധിമുട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വഴങ്ങി. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിമാർ ആവശ്യപ്പെടുമ്പോൾ പ്രതിപക്ഷവും വഴങ്ങണം. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പലപ്പോഴും വഴങ്ങാറില്ല. ഒരു ഹെൽത്തി ഡെമോക്രസിക്ക് പരസ്പരം വഴങ്ങുന്നത് നല്ലതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാളല്ല മുഴുവൻ ആളുകളും എഴുന്നേറ്റുനിന്ന് ഭീഷണിപ്പെടുത്തി വഴങ്ങിപ്പിക്കാൻ നോക്കുകയാണ്. അതിന് ഞാൻ വഴങ്ങില്ല. അത് എന്നിൽനിന്നും പ്രതീക്ഷിക്കുകയും വേണ്ട.

മി.സ്പീക്കർ : പ്ലീസ്.....പ്ലീസ്....

ഡോ. മാത്യു കുഴൽനാടൻ: സർ, എന്റെ അഭിപ്രായത്തിൽ പാർലമെന്ററികാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ഒരു മന്ത്രിയുടെ ഭാഗത്തുനിന്നും ഒരിക്കലുമുണ്ടാകാൻ പാടില്ലാത്ത ഒരു പരാമർശമാണ് അദ്ദേഹം നടത്തിയത്. ബാക്ക് ബഞ്ചിൽ ഇരിക്കുന്നവർക്ക് എന്തുമാകാമെന്ന് അദ്ദേഹം നടത്തിയ പരാമർശത്തിനെതിരെ എന്തുകൊണ്ടാണ് ചെയർ ഇടപെടൽ നടത്താതിരുന്നത്; ബാക്ക് ബഞ്ചിലിരിക്കുന്ന ഞങ്ങളെല്ലാവരും മോശക്കാരാണെന്നാണോ അതിന്റെ അർഥം; എല്ലാവർക്കും ഒരേ അവകാശങ്ങളും അധികാരങ്ങളുമല്ലേയുള്ളത്?

മി. സ്പീക്കർ: സർ, ശക്തമായ ജനാധിപത്യ വ്യവസ്ഥിതിയിൽ അംഗങ്ങൾ പരസ്പരം ബഹുമാനിക്കേണ്ടതായിട്ടുണ്ട്. ചെയർ ഹൗസിനുള്ളിൽ വരുമ്പോൾ അംഗങ്ങൾ പരസ്പരം ബഹുമാനിച്ചുകൊണ്ട് സംസാരിക്കുന്ന കീഴ്വഴക്കമാണ് കണ്ടിട്ടുള്ളത്. പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ ഭരണപക്ഷത്തുള്ള അംഗങ്ങളും ഭരണപക്ഷത്തുള്ള അംഗങ്ങൾ സംസാരിക്കുമ്പോൾ പ്രതിപക്ഷവും പരസ്പരം ബഹുമാനത്തോടെ സംസാരിക്കണമെന്നതാണ് ചെയറിന്റെ അഭിപ്രായം. ഈ രീതി പിന്തുടരുന്നതാണ് നമ്മളെപ്പോലെ മഹത്തായ

പാർലമെന്ററി പ്രൊസീഡിംഗ്സ് ഫോളോ ചെയ്യുന്നൊരു സഭയ്ക്ക് ചേർന്നത്. ഈ രീതി പ്രാവർത്തികമാക്കാൻ രണ്ട് വിഭാഗങ്ങളും പ്രവർത്തിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമ്മൾ പൊതുവിൽ ഈ കാര്യത്തിൽ എടുക്കുന്ന നിലപാട്, കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി പ്രതിപക്ഷവും ഭരണപക്ഷവും സഹകരിച്ച് സംസാരിക്കണമെന്നതാണ്. ഇപ്പോൾ ഈ രീതി ആരുംതന്നെ പിന്തുടരുന്നില്ലെന്നാണ് മനസ്സിലാകുന്നത്. വിമർശനം ആർക്കും നടത്താം വിമർശിക്കുന്നതുകൊണ്ട് എന്താണ് പ്രശ്നം? ഭരണപക്ഷത്തെ നല്ലപോലെ വിമർശിക്കാനും കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുമുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിനും പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ തെറ്റുകൾ ചൂണ്ടിക്കാണിക്കാനും വിമർശിക്കാനുമുള്ള ഉത്തരവാദിത്വം ഭരണ കക്ഷിക്കുമുണ്ട്. കേരളത്തിലുണ്ടായ നന്മകളെപ്പറ്റിയേ അല്ല ഇവിടെ സംസാരിക്കുന്നത്. കേരളത്തെ സംബന്ധിച്ച് നെഗറ്റീവായിട്ടുള്ള കാര്യങ്ങൾ മാത്രം പറയുന്ന രീതി മാറ്റണമെന്നാണ് ഞാൻ പറയുന്നത്. ഇനിയും ഇത്തരം കാര്യങ്ങൾ

പരിശോധിക്കുന്നതിന് നമുക്ക് സമയമുണ്ട്. കേരളത്തിൽ ഒരു വികസനവുമുണ്ടാകുന്നില്ല, കേരളമാകെ തകർന്നുവെന്നൊക്കെ നിങ്ങൾ പറയാൻ ശ്രമിക്കുമ്പോൾ ജനങ്ങൾ വാസ്തവമെന്താണെന്ന് മനസ്സിലാക്കുന്നുണ്ട്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ, ഇവിടെ എന്തോ ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിച്ചു, പക്ഷെ ഒന്നും ലഭിക്കില്ലെന്ന് മനസ്സിലായി, where is the revenue resources എന്നൊക്കെ വളരെ പരിചയ സമ്പന്നനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെയുള്ളവർ പറഞ്ഞു. ഒരു കാര്യം ഞങ്ങൾ വ്യക്തമാക്കാം. പ്രയോരിറ്റീസിനെപ്പറ്റിയെല്ലാം പറയണം, പ്രയോരിറ്റീസ് എന്താണെന്നൊക്കെ നേരത്തെ ഇവിടെ ചോദിച്ചു. ഞങ്ങളുടെ പ്രയോരിറ്റീസാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അവതരിപ്പിച്ചുകൊണ്ട് ഇവിടെ പറഞ്ഞത്. റൂൾ 300 അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ നൽകേണ്ട ആനുകൂല്യങ്ങളൊക്കെ നൽകും ബാധ്യതകൾ തീർക്കും എല്ലാം നടക്കുമെന്നുതന്നെയാണ്. അത് നടക്കാതിരിക്കുകയാണെങ്കിൽ മാത്രം അതിനെപ്പറ്റി പറഞ്ഞാൽ മതി. ഏറ്റവും ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരുന്ന സമയത്താണ് ഈ സർക്കാർ

അധികാരത്തിൽവന്നത്. ബി.ജെ.പി. സർക്കാർ സംസ്ഥാനങ്ങളുടെ എല്ലാ അവകാശങ്ങളിലും കടന്നുകയറി ഞെരുക്കുന്ന ഒരു ഘട്ടത്തിലാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നത്. ഇപ്പോൾ മൂന്നാം മോദി ഗവൺമെന്റ് അധികാരത്തിൽ വന്നെങ്കിലും ആ സർക്കാരിന്റെ പ്രവർത്തനത്തിൽ വ്യത്യാസമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ സർക്കാരിന് പഴയതുപോലുള്ള ബലമുണ്ടാകില്ലെന്ന കാര്യം നമുക്കൊക്കെ അറിയാം. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്ന സമയത്ത് സംസ്ഥാനങ്ങളുടെ എല്ലാ അവകാശങ്ങളും പിടിച്ചെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകുകയായിരുന്നു. നമ്മൾ ഭയന്നത് ഇതുമാത്രമല്ല, ഇനി വലിയ അപകടമുണ്ടാകില്ലെന്ന് കരുതുന്നു. കാരണം ഈ തരത്തിലാണെങ്കിൽ ഇന്ത്യൻ പാർലമെന്റിലെ നമ്പരുൾപ്പെടെ പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ റീ ഡെസിഗ്നേറ്റ് ചെയ്യുന്ന തരത്തിലേയ്ക്ക് പോകുമായിരുന്നു. ഇങ്ങനെ ധാരാളം അപകടങ്ങളുണ്ട്. അതുകൊണ്ടുതന്നെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് കേന്ദ്രഗവൺമെന്റ് കാണിച്ച നിലപാട് അത്രമോശമായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള പ്രതികൂല

സമീപനങ്ങൾ നിലനിൽക്കുന്ന സമയത്താണ് ഇതുപോലുള്ള കാര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചത്. നിങ്ങളിങ്ങനെ കടം കുറയ്ക്കുന്നുവെന്ന് പറഞ്ഞിട്ടെന്ത് കാര്യമെന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചിരുന്നു. ആ സമയത്ത് ഞാൻ ചില കണക്കുകൾ വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ, 2020-21-ൽ 4.5 ശതമാനം കടമെടുക്കാമായിരുന്നു. ആ കാലയളവ് മുതൽ ഇങ്ങോട്ട് വലിയ തോതിലുള്ള വെട്ടിക്കുറവുകളാണ് വരുത്തിയിട്ടുള്ളത്. ഒരു ശതമാനം കുറച്ചുവെന്ന് പറഞ്ഞാൽ പതിനായിരം/പതിനൊന്നായിരം കോടി രൂപയുടെ കുറവാണ് കടമെടുപ്പ് കാര്യത്തിൽ സംസ്ഥാനത്തിനുണ്ടാകുന്നത്. പവർ സെക്ടറുൾപ്പെടെയുള്ള മേഖലകളുടെ ആവശ്യത്തിനായി 3.5 ശതമാനം കടമെടുക്കാമെന്ന് പറഞ്ഞ സ്ഥാനത്ത് 2.44 ശതമാനം മാത്രമേ അനുവദിക്കുവെന്ന് പറഞ്ഞപ്പോൾ അതിലൂടെ ആ വർഷം എടുക്കാൻ കഴിയുമായിരുന്ന പന്ത്രണ്ടായിരം കോടി രൂപ നഷ്ടമാകുകയാണ് ചെയ്തത്. ഇങ്ങനെ ഓരോ വർഷങ്ങളിലും വെട്ടിക്കുറവുകൾ വരുത്തി. അങ്ങനെ കുറവുവരുത്തിയ തുക നിങ്ങൾ എന്തുകൊണ്ട് എടുത്ത് ചെലവാക്കിയില്ലെന്ന്

ചോദിച്ചു. സംസ്ഥാനത്തിന് കടമെടുക്കാനുള്ള അവകാശമുണ്ട്, പക്ഷെ കേന്ദ്ര ഗവൺമെന്റ് എടുക്കാൻ അനുവദിക്കുന്നില്ല. കൂടാതെ കഴിഞ്ഞ മൂന്ന് വർഷം മാത്രം 24,000-ത്തിലധികം കോടി രൂപയുടെ കുറവുവരുത്തുകയും ചെയ്തു. ഇത്രയും തുക കേന്ദ്രഗവൺമെന്റ് അനുവദിക്കാതിരുന്നിട്ടും എല്ലാം മാനേജ് ചെയ്തുപോയി. ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പറഞ്ഞതുപോലെ, ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ നിന്നുപോകാതെ മുന്നോട്ടുകൊണ്ടുപോയി. ഇത് വീണ്ടും മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കൊടുത്തുതീർക്കാൻ കഴിയാത്ത ഭീമമായ ഒരു കാര്യവും മുഖ്യമന്ത്രി പറഞ്ഞില്ല. കൊടുത്തുതീർക്കാനുള്ളതിൽ ഏറ്റവും വലിയ തുക എന്നത് അഞ്ച് ഗഡു ക്ഷേമ പെൻഷനാണ്. ബാക്കിയെല്ലാം ചെറിയ തുകകളാണ്. കഴിഞ്ഞ മാർച്ച് മാസത്തിൽ 700 കോടി രൂപ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി, നൽകാനുള്ള ബാക്കി തുകകൂടി നൽകി സിവിൽ സപ്ലൈസ് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും നന്നാക്കാൻ സാധിക്കും. കെ.ടി.ഡി.എഫ്.സി.-യിൽനിന്നുമെടുത്ത വർഷങ്ങളായുള്ള വായ്പാക്കുടിശ്ശികയും സംസ്ഥാന സഹകരണ ബാങ്കിൽനിന്നുമെടുത്ത വായ്പാക്കുടിശ്ശികയും തീർക്കുന്നതിനായി

കെ.എസ്.ആർ.ടി.സി.-ക്ക് 650 കോടി രൂപ അനുവദിക്കുകയുണ്ടായി. കേരള ബാങ്കിന് ഇരുന്നൂറ്റി ചില്ല്വാനം രൂപയുടെ ലാഭമുണ്ടാക്കാൻ സാധിച്ചുവെന്ന് സഹകരണ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞിരുന്നു. കാരണം ഏകദേശം 1,400 കോടി രൂപ കഴിഞ്ഞ മാർച്ച് മാസത്തിൽ നൽകി. കെ.എസ്.ആർ.ടി.സി.-ക്ക് ബജറ്റിൽ സാധാരണ അനുവദിക്കാറുള്ളതിന്റെ ഇരട്ടിയിലധികം തുകയാണ് അനുവദിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും കെ.എസ്.ആർ.ടി.സി. ഇവിടെയുണ്ടായിരുന്നല്ലോ; അന്ന് ശമ്പളവും പെൻഷനും കൃത്യമായി നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന കാര്യം നിങ്ങൾ ചിന്തിക്കണം. ഇതൊന്നും മറക്കാൻ പാടില്ല. നിങ്ങൾ ഘട്ടം ഘട്ടമായി കൊടുത്തുവെന്നാണ് പറയുന്നത്. പഴയ പത്രമാധ്യമങ്ങൾ പരിശോധിച്ചാൽ അക്കാര്യം ബോധ്യപ്പെടും. ആ പെൻഷൻ കൊടുത്തുതീർക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു പദ്ധതിയുണ്ടാക്കി ഓരോ മാസവും 70 കോടി രൂപ അതിനായി അനുവദിക്കുകയാണ് ചെയ്തത്. പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി ഭാവിയിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. കുറച്ചുകൂടി സ്ട്രീംലൈൻ ചെയ്യുന്ന കാര്യം ചർച്ച ചെയ്യാതെ പോകാൻ കഴിയുമെന്ന

കാര്യത്തിൽ എനിക്കും ധാരണയില്ല, ഇത് സിസ്റ്റമാറ്റിക്കാകേണ്ടതായിട്ടുണ്ട്. സീരിയസ്സായി ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ പൂർണ്ണമായും കൊട്ടുത്തുതീർക്കാൻ സാധിക്കുന്നുണ്ട്. പക്ഷെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഒരു മാസം 80 കോടി രൂപയാണ് ശമ്പളയിനത്തിൽ നൽകുന്നത്. അതിൽ 50 കോടി രൂപയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. ഇങ്ങനെ ശമ്പളവും പെൻഷനും കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നു. ശമ്പളം നൽകാൻ തുടങ്ങിയത് ഈ സർക്കാരിന്റെ കാലത്താണ്. കോവിഡ് സമയത്ത് എല്ലാം അടച്ചുപൂട്ടിയ കാരണത്താൽ സംസ്ഥാന സർക്കാർ കുറച്ച് സാമ്പത്തിക സഹായം നൽകിത്തുടങ്ങി. 2021 മേയ് മാസം 20-ാം തീയതി അധികാരമേറ്റ ഈ മന്ത്രിസഭയുടെ കാലംമുതൽ എല്ലാ മാസവും കെ.എസ്.ആർ.ടി.സി.-ക്ക് ശമ്പളം നൽകുന്നുണ്ട്. എല്ലാം നമുക്ക് അങ്ങനെ കൊടുക്കാൻ കഴിയുമോ? പക്ഷെ കൊടുക്കുന്നുണ്ട്. മറ്റ് പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകുന്നുണ്ട്. അവയ്ക്കെല്ലാം എങ്ങനെയാണ് നൽകാൻ സാധിക്കുന്നത്, എന്നാലും ഇത്രയും ബുദ്ധിമുട്ടുകൾക്കിടയിലും നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക്

നൽകുന്നതിനോടൊപ്പംതന്നെ മറ്റെല്ലാ മേഖലകളിലും പണം നൽകുന്ന കാര്യമാണ് പറയുന്നത്. പരമ്പരാഗത വ്യവസായ മേഖലയിലൂൾപ്പെടെ പണം നൽകുന്നത് ഖാദി, കശുവണ്ടി, കയർ മേഖലയിലെ തൊഴിലാളികൾക്ക് കൃത്യമായി ആനുകൂല്യങ്ങളും ബാക്കി കാര്യങ്ങളുമെല്ലാം നൽകുന്നതിനുവേണ്ടിയാണ്. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞ ഒരു കാര്യമുണ്ട്. ആ സ്റ്റേറ്റ്മെന്റ് എല്ലാവരുടെയും കൈയിലുണ്ട്. 2024 മേയ് വരെ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പെൻഷൻ ഒഴികെ മറ്റെല്ലാ ക്ഷേമ പെൻഷനും നൽകി. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിൽ പറഞ്ഞത് വലിയ കുടിശ്ശിക നൽകാനുണ്ടെന്നാണ്. ആ കുടിശ്ശികയെപ്പറ്റിയുള്ള സ്റ്റേറ്റ്മെന്റാണ് മുഖ്യമന്ത്രി വായിച്ചത്. മേയ് മാസംവരെയുള്ള ആനുകൂല്യങ്ങൾ നൽകി, ഇനി അഞ്ച് മാസത്തെ കുടിശ്ശിക മാത്രമാണ് ബാക്കിയുള്ളത്. കേരളത്തിൽ അങ്ങനെ എടുത്തുപറയത്തക്ക നേട്ടമുണ്ടായെന്നാണ് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ചോദിച്ചത്. ചെയ്ത കാര്യങ്ങൾ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ

സഞ്ചരിക്കുന്ന അങ്ങേയ്ക്ക് ഇവിടെ എന്ത് മാറ്റമുണ്ടായെന്ന് മനസ്സിലാകുന്നില്ലെങ്കിൽ പിന്നെ ഒന്നും പറഞ്ഞിട്ട് കാര്യമില്ല. നാഷണൽ ഹൈവേയിൽക്കൂടി വരുമ്പോൾ വഴി നീളെ റോഡ് വീതി കൂട്ടുന്ന പ്രവൃത്തി നടക്കുന്നതിനാൽ ഇപ്പോൾ കുറച്ച് തടസ്സങ്ങളൊക്കെയുണ്ടാകും, എന്നാൽ അടുത്ത ഒരു വർഷം കഴിയുമ്പോൾ അങ്ങേയ്ക്ക് അവിടെനിന്നും തിരുവനന്തപുരത്തേയ്ക്ക് യാത്രതിരിച്ചാൽ 'വന്ദേഭാരത്' ട്രെയിനിൽ എത്തുന്നതിനേക്കാൾ വേഗത്തിൽ റോഡ് മാർഗ്ഗം എത്താൻ സാധിക്കും. മലപ്പുറം ജില്ലയിൽ മാത്രം ആറായിരത്തിലധികം കോടി രൂപ ലാൻഡ് അക്വിസിഷനുവേണ്ടിമാത്രം നൽകിയിട്ടുണ്ട്. അവിടെ റോഡ് വീതികൂട്ടാൻ പറ്റില്ലെന്ന് അന്ന് പറഞ്ഞിരുന്നു, കേരളത്തിൽ നാഷണൽ ഹൈവേയ്ക്ക് 30 മീറ്ററിൽ കൂടുതൽ വീതി കൂട്ടുന്നത് സാധ്യമല്ലെന്ന് പറഞ്ഞ് അങ്ങുകൂടി ഉൾപ്പെടുന്ന മന്ത്രിസഭയിൽ ഉമ്മൻചാണ്ടി സാർ ഉൾപ്പെടെ തീരുമാനിച്ച് ഫയൽ അടച്ചുവച്ചു, നിങ്ങൾ അങ്ങനെയുള്ളവരാണ്, ശരിയല്ലേ, അങ്ങനെയല്ലേ? ഇതിനൊക്കെ രേഖയുണ്ടല്ലോ; എൻ.എച്ച്. വീതി കൂട്ടുന്നത് സംബന്ധിച്ച് ശ്രീ. വി. എസ്.

അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയ ചർച്ചകളാണ്, അന്ന് തുടങ്ങിയതാണ്.....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഏതാണ്ട് ചൈനീസ് വൻമതിൽ പോലെയുള്ള ഒരു സാധനമാണ് നാഷണൽ ഹൈവേ എന്നുപറഞ്ഞ് ഇപ്പോൾ കെട്ടിവച്ചിരിക്കുന്നത്. എനിക്ക് ഇക്കാര്യം വളരെ നന്നായി പറയാൻ കഴിയും, ഇത്രയൊന്നും കെട്ടിപ്പൊക്കാതെതന്നെ, ഇപ്പോഴത്തെ നാലുവരിപാതയുടെ അതേതരത്തിൽ എക്സ്പ്രസ് ഹൈവേ എന്ന ഒരു പ്രോജക്ട് ഞങ്ങളുടെ ഭരണകാലത്ത് കൊണ്ടുവരാൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്ന് റോഡിന്റെ അപ്പുറവും ഇപ്പുറവും സ്വൽപ്പം കടക്കുന്ന കാര്യം പറഞ്ഞും, പശുവിനെ അപ്പുറത്തെ പറമ്പിൽനിന്നും ഇപ്പുറത്തേയ്ക്ക് കൊണ്ടുവരാൻ കഴിയില്ല എന്നൊക്കെ പറഞ്ഞും ഈ കേരളത്തിൽ സമരം നടത്തിയത് നിങ്ങളായിരുന്നില്ലേ? അന്ന് ആ പ്രോജക്ട് യാഥാർത്ഥ്യമായിരുന്നെങ്കിൽ ഇതിന്റെ പകുതിപോലും ചെലവ് വരില്ലായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് പറയുന്നത് മറ്റൊരു വിഷയമാണ്, ആ കാര്യത്തിൽ അന്ന് സംഭവിച്ചത് എന്താണെന്ന് ഏതായാലും

എനിക്ക് മനസിലാകുന്നില്ല. ഇപ്പോൾ വന്നിരിക്കുന്ന റോഡ്, റോഡ് അല്ലെന്ന് വേണമെങ്കിൽ അങ്ങ് പറഞ്ഞാലും നാട്ടുകാർ വിശ്വസിക്കില്ല. ഇപ്പോൾ വന്നിരിക്കുന്നത് നാഷണൽ ഹൈവേയല്ല, ഞങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചതായിരുന്നു നാഷണൽ ഹൈവേ എന്നുപറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അങ്ങ് അന്ന് ഉദ്ദേശിച്ച എക്സ്പ്രസ് ഹൈവേ ഇതായിരുന്നില്ല. അതുപോലെതന്നെ കെ-റെയിൽ എന്ന പേരിലല്ലെങ്കിലും അതിവേഗപാത എന്ന് പറഞ്ഞ ഒരു നിർദേശം ശ്രീ. ബെന്നി ബെഹനാൻ ഈ ഹൗസിൽ ഒരു പ്രമേയമോ സബ്മിഷനോ ആയി അവതരിപ്പിച്ചതിന് ഉമ്മൻചാണ്ടി സാർ പറഞ്ഞ മറുപടി എന്റെ കൈവശമുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അന്ന് മറുപടിയിൽ പറഞ്ഞിരുന്നു. എക്സ്പ്രസ് ഹൈവേ ആണോ അല്ലയോ എന്നതായിരുന്നു അന്നത്തെ പ്രശ്നം. വലിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഉയരം കൂടുന്നതടക്കമുള്ള പ്രായോഗിക പ്രശ്നങ്ങളുണ്ടാകും. ആ പ്രവൃത്തികളെല്ലാം ചെയ്യുന്നത് NHAI-യുടെ നേതൃത്വത്തിലാണ്. കാസർഗോഡ്-തിരുവനന്തപുരം റോഡിൽ ഞങ്ങൾ നിരന്തരമായി യാത്രചെയ്യുന്നതാണ്, ഇപ്പോഴത്തെ ട്രാഫിക് ബുദ്ധിമുട്ടുകൾ മാറ്റിവച്ച്

ചിന്തിച്ചാൽ റോഡ് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ 6-7 മണിക്കൂർ കൊണ്ട് തിരുവനന്തപുരത്ത് എത്താൻ സാധിക്കും. പണ്ട് പ്രസംഗിക്കുന്നത് ഓർമ്മയില്ലേ, "ഗൾഫിൽ പോയിനോക്കൂ..., യൂറോപ്പിൽ പോയി നോക്കൂ..., അമേരിക്കയിൽ പോകൂ..." എന്നെല്ലാമായിരുന്നില്ലേ പറഞ്ഞുകൊണ്ടിരുന്നത്; അവിടെയുള്ള തരത്തിൽ ഒരു റോഡ് ഇവിടെയും യാഥാർത്ഥ്യമാകുമ്പോൾ, അത് അത്രയും നല്ല റോഡാണെന്നത് ഒരു നേട്ടമല്ലേ; അത് അംഗീകരിക്കണ്ടേ; ആരാണ് വയൽകിളികളെ പറപ്പിച്ചുവിട്ടത്; മലപ്പുറത്തുണ്ടായ സമരത്തെക്കുറിച്ചെല്ലാം ഇപ്പോൾ പറയണോ? ഒന്നാം പിണറായി ഗവൺമെന്റിന്റെ ആദ്യകാലത്ത് മലപ്പുറത്ത് ഉൾപ്പെടെ നടന്ന കാര്യങ്ങൾ നിങ്ങൾക്കെല്ലാം ഓർമ്മയുണ്ടാകുമല്ലോ, ഏത് പ്രോജക്ടുകൾക്കും അത്തരം തടസ്സങ്ങളുണ്ടാകും, എന്നിരുന്നാലും ആ റോഡും ഗെയിൽ പൈപ്പ്ലൈനും തുടങ്ങി അത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ യാഥാർത്ഥ്യമായില്ലേ? വിഴിഞ്ഞം പോർട്ടിന്റെ കാര്യംതന്നെ നോക്കൂ. എല്ലാ ഐഡിയയും ഞങ്ങളുടേതാണെന്നാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറയുന്നത്, ഐഡിയ സാധാരണഗതിയിൽ വളരെ നല്ലതുതന്നെയാണ്. എല്ലാം

ഞങ്ങളുണ്ടാക്കിയതാണ്, കൊച്ചി മെട്രോയുടെയും വിഴിഞ്ഞത്തിന്റെയും കാര്യത്തിലൊക്കെ "ഞങ്ങൾ" ഐഡിയ ഉണ്ടാക്കി, പക്ഷെ നടപ്പാക്കാൻ അവസരം ലഭിച്ചത് "നിങ്ങൾക്കാണ്" എന്നാണ് പറയുന്നത്, അങ്ങനെ ധാരാളം ഐഡിയകൾ ഉണ്ടായിരുന്നു! ശരി അംഗീകരിച്ചിരിക്കുന്നു, നിങ്ങളുടേത് നല്ല ഐഡിയകളായിരുന്നു, അത് അങ്ങനെതന്നെ സ്വീകരിച്ച് ഞങ്ങൾ നടപ്പാക്കിയല്ലോ; വിഴിഞ്ഞം പദ്ധതി പ്രയോഗത്തിൽ വന്നത് എങ്ങനെയാണ്? ഈ വിഷയത്തിൽ രാവിലെ മറുപടി പറയുമ്പോൾ ഒരു കാര്യം പറഞ്ഞത് ഓർക്കുമല്ലോ...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, യു.ഡി.എഫ്. സർക്കാരാണ്...

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അതെ യു.ഡി.എഫ്. സർക്കാർ, വിഴിഞ്ഞത്തിന്റെ ഒരു ചരിത്രംകൂടെ അതോടെ ശ്രീ. എൻ. ഷംസുദ്ദീൻ അങ്ങനെ ഓർക്കുകയാണ്..., വിഴിഞ്ഞത്തിന് 2006-11-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്ത് " ZOOM DEVELOPERS" എന്ന ഒരു കമ്പനിയുമായി കോൺട്രാക്ട് ഫൈനലാക്കാൻ തീരുമാനിച്ചിരുന്നു. ആ കമ്പനിയുടെ ഒരു പാർട്ണർ, അതായത് പ്രസ്തുത

കമ്പനിക്ക് പോർട്ട് ഡെവലപ്മെന്റിനുള്ള സാങ്കേതിക സഹായം നൽകുന്നത് ഒരു ചൈനീസ് കമ്പനിയായിരുന്നു. അക്കാലത്ത് കേന്ദ്രത്തിൽ പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു, നരസിംഹ റാവു ഗവൺമെന്റ് ഇതിന്റെ ഫയൽ ചർച്ചചെയ്തശേഷം അട്ടത്തുവച്ചു, ചൈനീസ് കമ്പനി ഉണ്ടെങ്കിൽ പറ്റില്ലെന്ന് പറഞ്ഞു, തെറ്റിപ്പോയി, നരസിംഹറാവു അല്ല ശ്രീ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റാണ്...

ശ്രീ. എം. വിൻസെന്റ്: സർ,..

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്.. ഒരു ബില്ലുകൂടിയുള്ളതാണ്, വേഗം തീർക്കണം..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇവർ എഴുന്നേൽക്കുമ്പോൾ ഞാൻ വഴങ്ങിയാൽ വീണ്ടും സമയമെടുക്കും, ഒരു ബില്ലുകൂടി സഭയിൽ വരാനുണ്ട്, അതിന് 3 മണിക്കൂർ സമയമെടുക്കുന്നതാണ്..

മി. സ്പീക്കർ: ശ്രീ. വിൻസെന്റാണ്... വലിയ പ്രസംഗം ആയിരിക്കും.. ഒരു മിനിട്ടുകൊണ്ടൊന്നും തീർക്കില്ല.. അതാണ് പ്രശ്നം... യെസ്..

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടിയിലേയ്ക്ക് നിങ്ങൾ കടക്കുമ്പോൾ, അതുവരെയുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാർ, സാമൂഹ്യാഘാത പഠനം നടത്തി അതിനാവശ്യമായ ഭൂമി മുഴുവൻ ഏറ്റെടുക്കുകയും ആവശ്യമായ എല്ലാ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിക്കഴിയുകയും ചെയ്തിരുന്നു. അതിനുശേഷമാണ് നിങ്ങൾ ടെണ്ടർ ചെയ്യുന്നത്. എന്നാൽ ഭൂമി ഏറ്റെടുത്തതിനുശേഷം അവിടെ സാമൂഹ്യാഘാത പഠനം നട<u>ത്തു</u>കയോ പദ്ധതിക്കാവശ്യമായ മുന്നൊരുക്കങ്ങൾ ഏതെങ്കിലും നട<u>ത്തു</u>കയോ ചെയ്തതിനുശേഷമാണോ നിങ്ങൾ " ZOOM DEVELOPERS" എന്ന ഒരു കമ്പനിയുമായി കോൺട്രാക്ട് ഒപ്പിടാൻ പോയത്; ആ കാര്യം അങ്ങേയ്ക്ക് വ്യക്തമാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ആദ്യത്തെ പോയിന്റ് പറഞ്ഞാൽ നിലനിൽക്കില്ലെന്നറിഞ്ഞുകൊണ്ട് അങ്ങ് രണ്ടാമത്തെ പോയിന്റ് പറയുകയാണ്. " ZOOM DEVELOPERS" -ന്റെ കാര്യത്തിൽ, ഞാൻ ഇക്കാര്യം പറയാൻ കാരണം, അന്ന് ശ്രീ. വി. എസ് അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ സെക്രട്ടറി

ഞാനായിരുന്നു എന്നതുകൊണ്ടാണ്. അദ്ദേഹം പ്രധാനമന്ത്രിയെ കാണാൻ പോയപ്പോഴും മന്ത്രിമാരെ കാണാൻ പോകുമ്പോഴും അതുമായി സഹകരിക്കാൻ കഴിഞ്ഞ, ഇതിന്റെ കാര്യങ്ങളെക്കുറിച്ച് കുറച്ച് കാര്യങ്ങൾ അറിവുള്ള ആളെന്ന നിലയ്ക്കാണ് പറയുന്നത്. അങ്ങനെ കാണാൻ പോയ രണ്ട് പ്രോജക്ടുകളുണ്ട്, അതിൽ ഒന്ന് കൊച്ചിമെട്രോ - ആണ്, അതിനായി ഭൂമി ഏറ്റെടുക്കുന്നതടക്കമുള്ള എല്ലാ കാര്യങ്ങൾക്കും മുൻകൈയെടുത്തത് ആ സർക്കാരാണ്. രണ്ട് പദ്ധതികളും, ഇപ്പോൾ പ്രതിപക്ഷം പറയുന്നതുപോലെയാണെങ്കിൽ, കുറേക്കൂടി സൗകര്യമുണ്ടല്ലോ, കേന്ദ്രം ഭരിച്ചിരുന്നത് മൻമോഹൻ സിംഗ് ഗവൺമെന്റ് ആയിരുന്നല്ലോ; ആ പദ്ധതികളെ നിങ്ങൾ "scuttle" ചെയ്ത് തടസ്സമുണ്ടാക്കിയതുകൊണ്ടാണ് അന്നത് "Take off" ചെയ്യാതിരുന്നതെന്ന് ഞാൻ പറയുന്നു. " ZOOM DEVELOPERS" ഒരു ഇന്ത്യൻ കമ്പനിയാണ്, അവരുടെ ക്രെഡിബിലിറ്റി എത്രത്തോളമെന്നതായിരുന്നില്ല പ്രശ്നം, അന്ന് ആ കമ്പനിയോടൊപ്പം ചൈനീസ് കമ്പനി ഉൾപ്പെട്ടതുകൊണ്ട്, ചൈനയുടെ പങ്കാളിത്തമുണ്ടെങ്കിൽ പ്രതിരോധപരമായ കാര്യങ്ങളിൽ കുഴപ്പമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് ആ പദ്ധതി കേന്ദ്രം മാറ്റി വച്ചത്. എന്നാൽ

'കാവ്യനീതിപോലെ' സംഭവിച്ച കാര്യമെന്താണ്? ആ പോർട്ടിലേയ്ക്ക് സാധനങ്ങളുമായി ആദ്യത്തെ കപ്പൽ വരുന്നത് ചൈനയിൽനിന്നാണ്, ചൈനയിൽനിന്നുള്ള ഉപകരണങ്ങളും കൊണ്ടാണ് വന്നിരിക്കുന്നത്. ചൈനയുടെ കമ്പനി കൂടെ ഉണ്ടെന്നതായിരുന്നില്ല അന്നത്തെ പ്രശ്നം...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രതിപക്ഷനേതാവ് വഴങ്ങാൻ ചോദിച്ചാൽ ഞാൻ എങ്ങനെ വഴങ്ങാതിരിക്കും?

മി. സ്പീക്കർ: .. യെസ്,...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇങ്ങനെ പറയരുത്, യഥാർഥത്തിൽ സംഭവം എന്താണ്? ചൈനയും ഇന്ത്യയുമായി ധാരാളം പ്രതിരോധ പ്രശ്നങ്ങളുണ്ട്. സമീപ രാജ്യങ്ങൾ, അതായത് ശ്രീലങ്ക ഉൾപ്പെടെയുള്ള അയൽ രാജ്യങ്ങളുടെ തുറമുഖങ്ങൾ കൈയിലെടുത്തുകൊണ്ട് തന്ത്രപ്രധാനമായ സ്ഥലങ്ങൾ മുഴുവൻ ചൈന കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്നു. മിലിറ്ററി ഇന്റലിജൻസിന്റെ റിപ്പോർട്ടുപ്രകാരം ഒരുകാരണവശാലും ഇന്ത്യയിൽ ഒരു തുറമുഖത്തിന് ചൈനയ്ക്ക് അനുമതി കൊടുക്കരുത് എന്നുള്ള

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിരോധപരമായ കാര്യങ്ങളുള്ളതുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് അനുമതി നിഷേധിച്ചത്. അത് തുറമുഖത്ത് ഒരു കപ്പൽ വരുന്നതുപോലെ നിസ്സാരമായ കാര്യമാണോ? പോർട്ട് അവരുടെ നിയന്ത്രണത്തിലായിരിക്കും, ഇപ്പോൾ ശ്രീലങ്കൻ പോർട്ട് അവരുടെ കൈയിലായിക്കഴിഞ്ഞു. അത്തരം ഒരു സാഹചര്യമുണ്ടാകാതിരിക്കാനുള്ള പ്രതിരോധപരമായ പ്രധാന കാര്യങ്ങൾ അതിന്റെ പുറകിലുണ്ടെന്നത് അങ്ങേയ്ക്ക് അറിയാമായിരുന്നിട്ടും ഇങ്ങനെ തെറ്റിദ്ധാരണയുണ്ടാക്കുന്ന സംസാരം നടത്തുന്നത് എന്തിനാണ്?

മി. സ്പീക്കർ: ശരി...പ്ലീസ്.. ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കു...പ്ലീസ്..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങേയ്ക്ക് ആ പ്രതിരോധപരമായ കാര്യങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നിരിക്കും, എന്നാൽ, കേരള ഗവൺമെന്റിനോ മുഖ്യമന്ത്രിക്കോ അറിയുമായിരുന്നില്ല, അന്ന് പാർലമെന്റിൽപ്പോലും ഇക്കാര്യം പറഞ്ഞിരുന്നില്ല. കോൺഗ്രസ് ഗവൺമെന്റുമായതിനാൽ അങ്ങേയ്ക്ക് ഒരുപക്ഷെ അക്കാര്യം അടുത്തറിയാൻ സാധിച്ചിട്ടുണ്ടാകാം, അത്തരം കാര്യങ്ങളൊന്നും

ബോധ്യപ്പെടുത്തിയതിനുശേഷമല്ല അത് നിഷേധിച്ചത്, പല കാര്യങ്ങൾ പറഞ്ഞും അനുമതി നൽകാതിരുന്നതാണ്. പഴയ ചരിത്രം പറയേണ്ടതുണ്ട് എന്നതുകൊണ്ടാണ് ഞാൻ ഇതെല്ലാം പറഞ്ഞത്. വിഴിഞ്ഞം പദ്ധതി അന്നേ ആരംഭിച്ചു, ലാൻഡ് എടുത്തുതുടങ്ങിയ കാര്യങ്ങൾ ശ്രീ. എം. വിൻസെന്റ് ചോദിച്ചല്ലോ; പദ്ധതിക്കായി 1500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനമുണ്ടായപ്പോൾ പ്രാദേശികമായ എതിർപ്പുണ്ടായത് ഇവിടെ ഇരിക്കുന്ന നേതാക്കന്മാർക്കെല്ലാം അറിയാവുന്നതാണല്ലോ; സമരക്കാരുടെ ആവശ്യങ്ങളെപ്പറ്റി പഠിക്കുന്നതിന് അന്നത്തെ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അത് ലിമിറ്റ് ചെയ്ത് അഞ്ഞൂറ്-അറുനൂറ് ഏക്കറിൽ കൂടുതൽ, യഥാർത്ഥത്തിൽ എത്ര ഏക്കർ എന്ന് കൃത്യമായി ഞാൻ ഓർക്കുന്നില്ല, സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചു. അന്ന് സ്ഥലം ഏറ്റെടുക്കുമ്പോൾ നിങ്ങളുണ്ടാക്കിയ സമരം കാരണമാണ് ആവശ്യത്തിന് സ്ഥലം ഇന്നില്ലാത്തത് എന്നതാണ് വാസ്തവം. ആ കാര്യങ്ങളെല്ലാം വിട്ടുകളയാം, വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിനുള്ള പ്രക്രിയ അന്നേ തുടങ്ങിയതാണ്, എന്തായാലും വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായല്ലോ; എന്നാൽ പ്രായോഗികമായി അതിന്റെ

പ്രവൃത്തികൾ തുടങ്ങിയത് പിണറായി സർക്കാരിന്റെ സമയത്താണെന്നതിൽ തർക്കമൊന്നുമില്ലല്ലോ; എന്നാൽ ഇതിൽ നിങ്ങൾ ഉൾപ്പെടെ എല്ലാവർക്കും പങ്കുണ്ട്, ഞങ്ങൾ അതൊന്നും തള്ളിക്കളയുന്നില്ല. ഇതുപോലെതന്നെയാണ് "ഇ. ശ്രീധരനെ" വി. എസ്. ഗവൺമെന്റിന്റെ കാലയളവിൽ മുഖ്യമന്ത്രിതന്നെ നേരിട്ട് വിളിക്കുകയും ഇങ്ങോട്ട് ക്ഷണിക്കുകയും ചെയ്തിരുന്നു, കാണാൻ അനുവാദം ചോദിച്ചിരുന്നു, അപ്പോഴും ഇതുപോലുള്ള ടെക്നിക്കൽ തടസ്സം ഉന്നയിക്കുകയാണുണ്ടായത്. സർക്കാരിന്റെ കാപ്പിറ്റൽതന്നെ മെട്രോ പദ്ധതിക്ക് ആവശ്യമാണെന്നും പി.പി.പി. (Public - private partnership) മോഡൽ പറ്റില്ലെന്നും നമ്മൾ പറഞ്ഞു. എന്നാൽ പി.പി.പി. മോഡൽ വേണമെന്നതായിരുന്നു കേന്ദ്രനയം. അവസാനം ചെയ്തത് പി.പി.പി. മോഡലിൽ അല്ലല്ലോ; ആ അഞ്ച് വർഷക്കാലം പദ്ധതി തടഞ്ഞുവച്ചു. കേന്ദ്ര ഗവൺമെന്റ് അനുവാദം തരാൻ താമസിക്കുന്നതുകൊണ്ട് ബജറ്റിനകത്ത് പണം വയ്ക്കാൻ ഞങ്ങൾ തീരുമാനിച്ചു. ശ്രീ. ഇ. ശ്രീധരൻ പ്രസ്തുത ടെക്നോളജിയിൽ അഗ്രഗണ്യനാണ്, ഇപ്പോഴത്ത കലൂരിലെ ഓവർബ്രിഡ്ജ് അടക്കമുള്ളവയുടെ മുകളിൽക്കൂടിയുള്ള Enabling Work-കൾ അദ്ദേഹത്തിന്റെ നിർദേശങ്ങൾകൂടി

കണക്കിലെടുത്ത് മെട്രോയുടെ പണി ആരംഭിക്കുന്നതിനുമുമ്പുതന്നെ ചെയ്തിരുന്നു. ഞാൻ പറഞ്ഞുവന്നത് ഇടതുപക്ഷം ഇത്തരം വികസന കാര്യങ്ങളിൽ എടുത്തുവരുന്ന സമീപനത്തെക്കുറിച്ചാണ്. ഞാൻ നേരത്തെ ഇവിടെ അവതരിപ്പിച്ച വ്യവസായ വകുപ്പിന്റേതുൾപ്പെടെയുള്ള കാര്യങ്ങളുണ്ടല്ലോ, വെള്ളൂർ ന്യൂസ് പ്രിന്റ് അടക്കമുള്ളവയുടെ സ്ഥലം കേന്ദ്രഗവൺമെന്റ് വിൽക്കാൻ ആലോചിച്ചപ്പോൾ, അത് സംസ്ഥാനം ഏറ്റെടുക്കാമെന്നും മറ്റാർക്കും വിൽക്കാൻ പറ്റില്ലെന്നും നമുക്ക് അത് വിട്ടുതരണമെന്നും പറഞ്ഞുകൊണ്ട് പണം നൽകി നമ്മൾ അത് ഏറ്റെടുത്തില്ലേ; പാലക്കാട് സ്ഥിതിചെയ്യുന്ന ചില ഫാക്ടറികളുടെ സ്ഥലം ഇതുപോലെ നമ്മൾതന്നെ ഏറ്റെടുത്തില്ലേ? പല പ്രധാനപ്പെട്ട കേന്ദ്രഗവൺമെന്റ് പദ്ധതികൾക്കും സ്ഥലമേറ്റെടുത്ത് നൽകിയത് സംസ്ഥാന സർക്കാരാണ്, അവയെല്ലാം കേന്ദ്രം വിറ്റുതുലയ്ക്കാൻ പോകുമ്പോൾ അവയൊന്നും വിൽക്കാൻ സമ്മതിക്കാതെ ഏറ്റെടുക്കുന്ന സർക്കാരാണിത്. അങ്ങനെ എത്രയെത്ര കാര്യങ്ങൾ കേരളത്തിൽ വന്നിട്ടുണ്ട്. ഐ.ബി.എം.-ന്റെ നേതൃത്വത്തിലുള്ള വലിയ പ്രവർത്തനം നാളെ എറണാകുളത്ത് നടക്കാൻ പോകുകയാണ്.

ടെക്നോപാർക്കിനെക്കുറിച്ച് സംസാരിച്ചപ്പോൾ അതിന്റെ ആശയം കൊണ്ടുവന്നത് കെ. ആർ. ഗൗരിയമ്മയും ഇടതുപക്ഷ സർക്കാരാണെന്നും അങ്ങ് പറഞ്ഞില്ല. സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന സമയത്ത് വിദേശത്തുപോയപ്പോൾ (സിലിക്കൺവാലി) അവിടെനിന്നുള്ള ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ടെക്നോപാർക്ക് വന്നത്. ആ സമയത്ത് ഞാൻ കോളേജ് വിദ്യാർഥിയും യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സിൻഡിക്കേറ്റ് മെമ്പറുമായിരുന്നു. ഇതിനുവേണ്ടി 50 ഏക്കർ സ്ഥലം വിട്ടുകൊടുക്കാൻ ആദ്യം തീരുമാനിക്കുന്നത് കേരള സർവകലാശാലയാണ്. അന്ന് സർവകലാശാലയുടെ സ്ഥലം വിട്ടുകൊടുക്കുന്ന കാര്യത്തിലൊരു തർക്കം വന്നു. ഞങ്ങൾ എസ്.എഫ്.ഐ. പ്രവർത്തകരാണ്. സർവകലാശാലയുടെ സ്ഥലമായാലും 50 ഏക്കർ വിട്ടുകൊടുക്കണമായിരുന്നു. ആ സമയത്ത് ഇ. കെ. നായനാർ മുഖ്യമന്ത്രിയും കെ. ആർ. ഗൗരിയമ്മ വ്യവസായ വകുപ്പുമന്ത്രിയുമായിരുന്നു. അവരെല്ലാം ചർച്ച നടത്തിയതിന്റെ ഫലമായി കേരള സർവ്വകലാശാലയ്ക്കുകീഴിൽ കഴക്കൂട്ടത്ത് വിട്ടുകൊടുത്ത സ്ഥലത്താണ് ടെക്നോപാർക്ക് വന്നത്. അതിന്റെ അടുത്തഘട്ടത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി വരുമ്പോൾ

അതിൽ പങ്കില്ലെന്ന് ആരും പറയുന്നില്ല. അതിന്റെ ബാക്കി കാര്യങ്ങൾ യു.ഡി.എഫ്. സർക്കാർ ആയിരിക്കും ചെയ്തത്. പക്ഷേ ആ സ്ഥലം വിട്ടുകൊടുത്തത് ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ്. അന്നത്തെ സിൻഡിക്കേറ്റിലും സെനറ്റിലുമുണ്ടായിരുന്ന ആൾ എന്ന നിലയിൽ അഭിമാനത്തോടുകൂടി അക്കാര്യം ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. പിന്നീട് ടെക്നോപാർക്ക് ഉൾപ്പെടെ ധാരാളം കെട്ടിടങ്ങൾ വന്നു. നിലവിൽ ടെക്നോപാർക്കിന് ഫേസ് 2-ഉം ഫേസ്-3 യും ഉണ്ട്. ഫേസ്-3 യ്ക്കുവേണ്ടി ഏകദേശം 500 ഏക്കർ സ്ഥലം ഏറ്റെടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കോഴിക്കോട് സൈബർ പാർക്ക് പോലുള്ള പല പാർക്കുകളും ഈ ഘട്ടത്തിൽ വന്നു. മാത്രമല്ല ചെറിയ ചെറിയ പാർക്കുകൾ ഓരോ പ്രദേശങ്ങളിലും വരികയാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് പ്രതീക്ഷ കൊടുക്കാവുന്ന തരത്തിൽ കൂടുതൽ കാര്യങ്ങൾ ചെയ്യണം. അത് രണ്ട് മുന്നണികളും ചെയ്യേണ്ടതാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ടെക്നോസിറ്റിക്കുവേണ്ടി 450 ഏക്കർ സ്ഥലമാണ് ഏറ്റെടുത്തത്. KSITIL (Kerala State Information Technology Infrastructure Ltd) എന്ന കമ്പനിവഴിയാണ് നമ്മൾ അക്കാര്യം

ചെയ്തത്. ഇൻഫോസിസിനും യു.എസ്. ടെക്നോളജിക്കുമായി 50 ഏക്കർ സ്ഥലം വീതം കൊടുക്കുന്നതുവരെ അത് വെറുതെ കിടക്കുകയായിരുന്നു. ആ സ്ഥലത്തെല്ലാം ഇൻഫോസിസ്, യു.എസ്. ടെക്നോളജി അടക്കമുള്ള.... ടെക്നോപാർക്കിന്റെയും മറ്റ് മേഖലയുടെയും ചരിത്രം പറയാനുണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ ഇന്റർനാഷണൽ ടെർമിനൽ പ്രവർത്തിക്കുന്ന സ്ഥലം എന്നാണ് ഏറ്റെടുത്തത്? ഇപ്പോഴത്തെ ഇലക്ഷൻ കമ്മീഷണർ ശ്രീ. അമിതാഭ് കാന്തായിരുന്നു അന്നത്തെ ഇതിന്റെ സ്പെഷ്യൽ ഓഫീസർ. എത്ര പണം കൊടുത്തിട്ടാണ് ചാക്ക ഭാഗത്തുള്ള സ്ഥലം ഏറ്റെടുത്തത്? കോഴിക്കോട് എയർപോർട്ട് ഇല്ലാതാക്കാനായി കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുമ്പോൾ ലാൻഡും വഴിയുമെല്ലാം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ പണം കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളിൽ എല്ലാസ്ഥലത്തും അങ്ങനെ ചെയ്യുന്നതാണ്. എന്താണ് കേരളത്തിലുള്ളതെന്ന് അങ്ങയെപ്പോലെ പരിണതപ്രജ്ഞരായ ആളുകൾ ചോദിച്ചതുകൊണ്ട് ഞാൻ പറഞ്ഞെന്നേയുള്ളൂ.

'അരിമണിയൊട്ടു കൊറിക്കാനില്ല തരിവളയിട്ട് കിലുക്കാൻ മോഹം' എന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഇവിടെ അരിമണി ഇഷ്ടംപോലെ കൊറിക്കാനുമുണ്ട്. തരിവളയുണ്ട്, ഇതൊക്കെ ഇട്ടുകൊണ്ട് നടക്കാവുന്ന തരത്തിൽത്തന്നെ കേരളത്തിലെ കാര്യങ്ങൾ ഈ സർക്കാർ കൊണ്ടുപോകും. അങ്ങേയ്ക്കും അത് സന്തോഷത്തോടുകൂടി  കാണാൻ സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. എങ്ങനെ വരുമാനം വർധിപ്പിക്കുമെന്നത് സംബന്ധിച്ചായിരുന്നു മറ്റൊരു ആരോപണം. വരുമാനം വർധിപ്പിക്കാനുള്ള കാര്യങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ നടത്താനും കൊടുക്കാനും കഴിയുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. മാച്ചിംഗ് ഗ്രാന്റില്ലാത്തത് മാത്രമല്ല കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തെ പ്രശ്നം. നമുക്ക് കിട്ടേണ്ട പണമുണ്ട് എന്നത് കൂടാതെ മാച്ചിംഗ് ഗ്രാന്റിന്റെ കാര്യത്തിൽ നമുക്കെതിരായി ചെയ്യുന്ന കാര്യവും പരിഹരിക്കേണ്ടതുണ്ട്.

കിഫ്ബിയുടെ കാര്യത്തിൽ വലിയതോതിൽ പലിശ അടയ്ക്കേണ്ടി വന്നകാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ഇവിടെ പറയുകയുണ്ടായി. 9.25 ശതമാനം പലിശയ്ക്കെടുത്ത പണത്തിന് പലിശ

അടയ്ക്കേണ്ടതാണ്. മസാല ബോണ്ടെന്ന പേര് സൂചിപ്പിക്കുന്നത് എന്താണ്? ഇന്ത്യൻ റുപ്പികയിൽ നിന്നെടുത്ത് ഇന്ത്യൻ റുപ്പികയിൽത്തന്നെ പലിശ കണക്കുകൂട്ടാം. എന്നാൽ എക്സ്റ്റേർണലി എയ്ഡഡ് പ്രോജക്ട് (ഇ.എ.പി.)-കളാണെങ്കിൽ യൂറോയ്ക്കുകത്ത് വ്യത്യാസം വന്നാൽ നമുക്ക് നഷ്ടം സംഭവിക്കും. പലപ്പോഴും നമുക്ക് നഷ്ടം വരാറുണ്ട്. അതുകൊണ്ടാണ് മസാലബോണ്ടെന്ന് പേരിട്ട് ഇന്ത്യൻ രൂപയിൽത്തന്നെ കൊടുക്കാൻ തീരുമാനിച്ചത്. അതിൽ പറഞ്ഞിട്ടുള്ള പലിശ കൊടുത്തിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് അത് ഫിനാൻഷ്യൽ സ്റ്റാറ്റസിന്റെ അംഗീകാരം കൂടിയാണ്. അല്ലാതെ വിദേശത്തെ എക്സ്ചേഞ്ചിൽ പോയി ആരെയെങ്കിലും മണിയടിച്ചതുകൊണ്ടൊന്നും പണം ലഭിക്കില്ല. അതുകൊണ്ട് പലിശ കൊടുത്തത് വലിയൊരുകാര്യമായി പറയുന്നത് ശരിയല്ല.

ഇവിടെ പറഞ്ഞ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ശ്രീ. പി. കെ. ബഷീർ സ്വതസിദ്ധമായ ശൈലിയിൽ ഇക്കാര്യങ്ങളെല്ലാം പറഞ്ഞു. ഞാൻ ഇന്നലെ ഇവിടെ പറഞ്ഞത് സംബന്ധിച്ചുള്ള വിവാദങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ പറഞ്ഞത് അന്നുണ്ടായ

കേസ്....അന്നത്തെ പത്രങ്ങളിൽ വലിയരീതിയിൽ വന്ന വാർത്ത വേണമെങ്കിൽ അങ്ങേയ്ക്ക് ലഭ്യമാക്കാം. അങ്ങേയ്ക്ക് വിഷമമുണ്ടാക്കാനും വിവാദമുണ്ടാക്കാനും ഒന്നും പറയുന്നില്ല. അന്നത്തെ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ പോയിട്ടുള്ളവരാണല്ലോ നിങ്ങൾ! ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ജോബി ആൻഡ്രൂസ് എന്ന താമരശ്ശേരിക്കാരനായ വിദ്യാർഥിയെ കാമ്പസിനകത്തിട്ട് കൊലപ്പെടുത്തിയത് ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. ഞാൻ വിദ്യാർഥി സംഘടനാ പ്രവർത്തകനായിരുന്നപ്പോഴാണ് പ്രീഡിഗ്രിക്ക് പത്തനാപുരം കോളേജിൽ പഠിച്ചിരുന്ന ജോബി ആൻഡ്രൂസ്, എസ്.എഫ്.ഐ.-യുടെ കോഴിക്കോട് ജില്ലാ പ്രചരണജാഥയ്ക്ക് താമരശേരി ഹൈസ്കൂളിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുമ്പോഴാണ്

ജോബി ആൻഡ്രൂസ് ആക്രമിക്കപ്പെട്ടത്. കൊലപാതകം കൊലപാതകമാണെന്നും രക്തസാക്ഷി രക്തസാക്ഷിയാണെന്നും വിചാരിക്കുന്ന അപ്പുറത്തെ ആളുകൾ ഈ രക്തസാക്ഷിത്വത്തിനൊന്നും വിലയില്ലെന്ന് പറഞ്ഞ് ഇരിക്കുന്നുണ്ടാകും. ഇതും രക്തസാക്ഷിത്വം തന്നെയാണ്. 17 വയസ്സുള്ള ഒരു

കുട്ടിയെ കൊലപ്പെടുത്തിയ സംഭവം ഉൾപ്പെടെ അന്നുണ്ടായിട്ടുണ്ട്. സാധാരണഗതിയിൽ താമരശ്ശേരി പോലുള്ള, എസ്.എഫ്.ഐ.-ക്ക് കടന്നുചെല്ലാൻ കഴിയാത്ത സ്ഥലത്ത് പോയപ്പോൾ ആ വിദ്യാർഥിയെ ആക്രമിച്ചതാണ്. ആ സംഭവങ്ങളൊന്നും ഞങ്ങളെക്കൊണ്ട് പറയിപ്പിക്കേണ്ട. ഇന്നലെ അങ്ങ് ക്ഷുഭിതനായതുകൊണ്ടും ആ കേസും അതുമായി ബന്ധപ്പെട്ട പേപ്പറുമെല്ലാം ഉള്ളതുകൊണ്ടുതന്നെയാണ് ഞാൻ ഇത് പറഞ്ഞതാണ്.

നേരത്തെ ശ്രീ. പി. ബാലചന്ദ്രൻ പ്രസംഗം ആരംഭിച്ചപ്പോൾ നൈനാ സാഹനിക്ക് സംഭവിച്ച വിഷയം സൂചിപ്പിക്കുകയുണ്ടായി. അതൊക്കെ പഴയ സംഭവങ്ങളാണ്. Under the table രാഷ്ട്രീയം വേണ്ട. ഇതുപോലെയുള്ള കാര്യം പറയുന്നതിലല്ല, ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിച്ച് അതിന്റെ പേരിൽ നമ്മൾ ക്രാഷ് ചെയ്യാൻ ശ്രമിക്കരുത്. ഇവിടെ ആരോപണങ്ങളുടെ പെരുമഴയായിരുന്നു. ബിരിയാണി ചെമ്പിനകത്ത് കൊണ്ടുവന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ അസംബ്ലി, ലോക്സഭാ തിരഞ്ഞെടുപ്പുകളുടെ സമയങ്ങളിൽ നിങ്ങൾ എത്രയെത്ര കഥാപാത്രങ്ങളെ അവതരിപ്പിച്ചു? നിങ്ങൾ സെറ്റിൽ ചെയ്യാൻ ഓടിയതിന്റെ കഥ നമ്മൾ സാധാരണ പറയാറില്ല. ഇനി പറയേണ്ടി വരും.

ഞാൻ പ്രതിപക്ഷത്തിരിക്കുന്ന രണ്ടോ മൂന്നോ മെമ്പർമാരുടെ പേരെടുത്ത് പറയാത്തത് ആ മാന്യത കൊണ്ടാണ്. എത്ര കഥകളാണ് ഉണ്ടാക്കിയത്? കേരളത്തിലെ രാഷ്ട്രീയത്തിന് നേരത്തെയുണ്ടായിരുന്നൊരു ഗുണമുണ്ട്, ഇല്ലാത്ത കഥകൾ പറഞ്ഞ് പ്രചരിപ്പിക്കുന്ന രീതി ഞങ്ങൾക്കെതിരെ മാത്രമാണെന്ന് ഞാൻ കരുതുന്നില്ല. ഈ അടുത്ത ദിവസം കൂടോത്രത്തിന്റെ കഥ കേട്ടു. കൂടോത്രവുമായി ബന്ധപ്പെട്ട സംഭവം മുമ്പുണ്ടായതാണെന്നാണ് പറഞ്ഞത്. അത് ശരിയാണോയെന്ന് എനിക്കറിയില്ല. ഒന്നര-രണ്ട് വർഷം മുമ്പുണ്ടായ സംഭവം ഇപ്പോൾ എതോ ചില ചാനലുകളിൽക്കൂടി പുറത്തുവിട്ടതാണെന്ന് പറയുന്നു. ഇടതുപക്ഷത്തിന് നേരെ മാത്രമല്ല ഈ ആക്രമണമുള്ളത്. സ്വന്തം പാർട്ടിക്കകത്തും ഇത്തരം കാര്യങ്ങൾ ഉപയോഗിക്കുന്ന രീതിയാണുള്ളത്. ആവശ്യമില്ലാത്ത ആരോപണങ്ങളും തെറ്റായ കാര്യങ്ങളും ഇല്ലാത്ത കഥകൾ പറഞ്ഞുണ്ടാക്കുന്ന രീതിയും ശരിയല്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ പോരായ്മ എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞുകഴിഞ്ഞാൽ അത് നമുക്ക് ചർച്ച ചെയ്ത് പരിഹരിക്കാം. വികസനകാര്യങ്ങളിൽ ഏതെങ്കിലുമൊരു സ്ഥലത്ത് ഇടതുപക്ഷത്തിന് മാത്രമായി മുൻതൂക്കം നൽകുന്നുണ്ടോ? കിഫ്ബിയുടെ

ഫണ്ടുൾപ്പെടെ പരിശോധിച്ചാൽ മതി. എൽ.ഡി.എഫ്.-ന്റെ പല മണ്ഡലങ്ങളിലും കൊടുക്കുന്നതിനേക്കാൾ എത്രയോ അധികമാണ് യു.ഡി.എഫ്.-ന്റെ മണ്ഡലങ്ങളിൽ കൊടുക്കുന്നുണ്ട്. ഇക്കാര്യങ്ങളിലൊക്കെ ഞങ്ങൾ രാഷ്ട്രീയം നോക്കാറില്ല. പക്ഷേ ഇല്ലാത്ത കാര്യം പറയുന്നത് ശരിയല്ല.

ജി.എസ്.ടി.യുടെ കാര്യം കഴിഞ്ഞദിവസം ഇവിടെ സംസാരിച്ചതാണ്. ഒരു ബില്ലുകൂടി സഭയിൽ എടുക്കാനുള്ളതുകൊണ്ട് ജി.എസ്.ടി.യുടെ വിഷയത്തിൽ ഞാൻ അധികസമയമെടുക്കുന്നില്ലെങ്കിലും കുറച്ച് കാര്യങ്ങൾ സൂചിപ്പിക്കാം. തമിഴ്നാട് ജി.എസ്.ടി-യുടെ കാര്യത്തിൽ ഐ.ഐ.ടി.യുടെ സഹായം സ്വീകരിച്ചുവെന്ന് പറഞ്ഞു. ഞാൻ അവരുടെ നല്ല കാര്യങ്ങളെയൊന്നും കുറച്ചുകാണുന്നില്ല. ഹിന്ദു പത്രത്തിൽ വന്ന വാർത്തയിൽ കേന്ദ്ര ധനകാര്യമന്ത്രി തന്നെ പറഞ്ഞ പരാമർശമുണ്ട്. 1500 കോടി രൂപ അവരുടെ ഇടപെടലിന്റെ ഭാഗമായി റിവേഴ്സൽ വഴി കുറച്ച് പണം കിട്ടി. ഇക്കാര്യം നേരത്തെ ഇവിടെ സംസാരിച്ചിട്ടുണ്ട്. റിവേഴ്സൽ എന്നുപറഞ്ഞാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ടാക്സ് അടയ്ക്കേണ്ട. കെ.എസ്.ഇ.ബി.എൽ. 700 കോടി രൂപയുടെ സാധനം വാങ്ങിച്ചാൽ അതിന് അവർക്ക് ഇവിടെ ടാക്സ്

അടയ്ക്കേണ്ട. വി.എസ്.എസ്.സി. കേരളത്തിലാണ് പ്രവർത്തിക്കുന്നത്. അവർ വാങ്ങുന്ന 1000 കോടി രൂപയുടെ എക്യൂപ്മെന്റുകൾക്ക് അവർക്ക് ഇവിടെ ടാക്സ് അടയ്ക്കണ്ട. അവർ ഈ സാധനം വിൽക്കാൻ കൊണ്ടുവന്നതല്ല. പക്ഷേ ഇവിടെ ആ ബിൽ പ്രോപ്പറായി റിക്കാർഡ് ചെയ്തില്ലെങ്കിൽ അവിടെ അവർ അടച്ച ടാക്സ് നമുക്ക് കിട്ടില്ല. ഇതാണ് റിവേഴ്സൽ. ഈ റിവേഴ്സൽ നമ്മൾ ആദ്യമേതന്നെ നടപ്പിലാക്കി. ഇതുവഴി നമ്മൾ 1700 കോടിയോളം രൂപ നമ്മൾ വാങ്ങിച്ചിട്ടുണ്ട്. നമുക്കിനിയും റിസർച്ചും മറ്റും വേണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഓൺലൈൻ സിനിമ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ടാക്സ് വരുത്തുന്ന കാര്യം ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ കറക്ട് ചെയ്യേണ്ടതുണ്ട്. നമുക്ക് അർഹമായ പണം കുറേ കിട്ടാനുണ്ടെന്ന് ഞങ്ങളും അവിടെ പറയുന്നതാണ്. ജി.എസ്.ടി. സമ്പ്രദായത്തിന്റെ പല പോരായ്മകളും മാറ്റിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാനപരമായി നമ്മൾ ജി.എസ്.ടി.യെ എതിർത്തിട്ടുള്ള ആളുകൾ തന്നെയാണ്. അതുകൊണ്ട് അക്കാര്യം ഞങ്ങൾ കറക്ട് ചെയ്യാൻവേണ്ടി ശ്രമിക്കുന്നുണ്ട്. വിദ്യാർത്ഥി സംഘടനയുടെ കാര്യം

ഇന്നലെ പറഞ്ഞതാണ്. അതുസംബന്ധിച്ച് നേരത്തെ ഇവിടെ ശ്രീ. കെ. വി. സുമേഷ് സംസാരിച്ചതുതന്നെയാണ് എനിക്കും പറയാനുള്ളത്. വിദ്യാർത്ഥി സംഘടനയെന്ന നിലയിൽ എസ്.എഫ്.ഐ.-യ്ക്ക് എസ്.എഫ്.ഐ.-യുടേതായ വലിയ റോളുണ്ട് എന്ന കാര്യം ഞങ്ങൾക്ക് അഭിമാനത്തോടെ പറയാതിരിക്കാൻ കഴിയില്ല. ഇന്ത്യയിൽ രാഷ്ട്രീയമായി സി.പി.ഐ.(എം.)-നോ ഇടതുപക്ഷത്തിനോ ശക്തിയില്ലാത്ത സ്ഥലങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട വിദ്യാർത്ഥി സംഘടനയായി എസ്.എഫ്.ഐ.-യുണ്ട്. അവിടെയെല്ലാം എല്ലാ കാര്യങ്ങളും കൃത്യമായി ഉന്നയിക്കുന്നതിനും മുന്നോട്ടുകൊണ്ടുപോകാനും ശ്രമിക്കുന്ന സംഘടനതന്നെയാണ് എസ്.എഫ്.ഐ. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ എത്രയോ നേട്ടങ്ങളിൽ ആ വിദ്യാർത്ഥി സംഘടന ഉൾപ്പെട്ടിട്ടുണ്ട്. ഏതെങ്കിലുമൊരു കോൺഗ്രസ് പ്രവർത്തകൻ എന്തെങ്കിലുമൊരു തെറ്റുകാണിച്ചാൽ കോൺഗ്രസ് പാർട്ടി ആകെ തെറ്റാണെന്ന് പറയേണ്ടതില്ല. അതുപോലെതന്നെ, ഏതെങ്കിലുമൊരു എസ്.എഫ്.ഐ. പ്രവർത്തകൻ അബദ്ധത്തിൽ ഏതെങ്കിലും പ്രശ്നത്തിൽ ചെന്നുചാടിയാൽ അവരെ കറക്ട് ചെയ്യാമെന്നല്ലാതെ വേറെ കാര്യമില്ല. ആ സംഘടനയുടെ

പ്രത്യേകതകൾ കാരണമാണത്. ഇവിടെയൊരു പ്രശ്നംകൂടിയുണ്ട്. അതുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നീറ്റ് ഉൾപ്പെടെയുള്ള പരീക്ഷകളുടെ കാര്യങ്ങൾ നിലവിൽ ചർച്ച ചെയ്യപ്പെടുകയാണ്. വാസ്തവത്തിൽ ഈ നീറ്റ് പരീക്ഷയുടെ റിസൾട്ട് നേരത്തെ പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരില്ലായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. നീറ്റ് ഉൾപ്പെടെയുള്ള എൻട്രൻസ് പരീക്ഷകളുടെ കാര്യത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തെ അത്തരത്തിൽ നോക്കിക്കാണുന്നവർ എങ്ങനെയാണ് സർവകലാശാലകളുടെ ഭരണത്തെ കാണുന്നത്? സർവകലാശാലകളിലെ വൈസ് ചാൻസലർമാരെ നിശ്ചയിക്കാൻ രണ്ടോ മൂന്നോ പേരടങ്ങുന്ന സെർച്ച് കമ്മിറ്റിയെ ഗവർണർ നിയോഗിക്കുകയാണ്. ഇത് ഇടതുപക്ഷത്തിന്റെ മാത്രം പ്രശ്നമാണോ? നീറ്റ് പ്രവേശന പരീക്ഷയുൾപ്പെടെയുള്ളവ ഈ രീതിയിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുമ്പോൾ, കേരളത്തിലെ വിദ്യാഭ്യാസം അത്തരത്തിൽ മോശമായിട്ടുണ്ടോ? ഇവിടെ നാലുവർഷ ഡിഗ്രി കോഴ്സിനെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ പ്രമുഖ

സർവകലാശാലകളിൽ പ്രവർത്തിക്കുന്ന അക്കാദമിക് പണ്ഡിതന്മാരും വൈസ് ചാൻസലർമാരും ഉൾപ്പെടെയുള്ള കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തിയശേഷമാണ് അത് നടപ്പിലാക്കുന്നത്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അത് കൂടുതൽ മെച്ചപ്പെടുത്തണം. സർവകലാശാലകൾ വളരെ സ്വതന്ത്ര സ്വഭാവമുള്ളവയാണ്. ഏത് സർവകലാശാലയിലും ആ സർവകലാശാലയുടെ ഭരണ സമിതിയെയും വൈസ് ചാൻസലർമാരെയും വരെ തീരുമാനിക്കുന്നതിന്......... നാം ഫെഡറലിസത്തിന്റെ പ്രശ്നം പറയുന്നുണ്ടല്ലോ. പണത്തിന്റെ കാര്യം മാത്രമല്ല ഫെഡറലിസം. നിയമങ്ങളുടെ കാര്യത്തിലെല്ലാം ഫെഡറലിസം ബാധകമാണ്. നമ്മുടെ അക്കാദമിക് ഫെഡറലിസത്തെയും അക്കാദമിക് രംഗത്തെ മറ്റ് വിഷയങ്ങളെയും ഉൾപ്പെടെ ബാധിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുമ്പോൾ, ദൗർഭാഗ്യവശാൽ ഇതൊന്നും ചർച്ച ചെയ്യാൻ കഴിയുന്നില്ല. ഗവർണറോ മറ്റാരെങ്കിലുമോ ഇങ്ങനെയൊരു തീരുമാനമെടുത്താൽ, അത്തരം കാര്യങ്ങളിൽ അക്കാദമിക് ചർച്ചകൾ വരുന്നില്ലെന്നതുകൊണ്ടാണ് ഞാൻ പറഞ്ഞത്. രാഷ്ട്രീയ കാര്യങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും കണക്ക് തീർക്കാൻ മാത്രമല്ല, കേരളത്തിന്റെ നേട്ടങ്ങൾ

സംരക്ഷിക്കാനുംകൂടിയാണ് പൊതുകാര്യങ്ങളിലുള്ള ചർച്ച നടത്തുന്നത്. കേരളത്തെ വളരെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻതന്നെയാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ ധനപരമായ കാര്യങ്ങളെ സഹായിക്കാനായി അവതരിപ്പിച്ച രണ്ട് രേഖകളെയും പിന്തുണയ്ക്കണമെന്നും അംഗീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നേരത്തെ ഒരു തർക്കമുണ്ടായപ്പോൾ, പിൻബഞ്ചിലിരിക്കുന്നവർക്ക് XXXXXXX[1] എന്നൊരു പരാമർശം നടത്തുകയുണ്ടായി. അത് ഉചിതമായില്ല. പിൻബഞ്ചിലുള്ളവരെ മോശക്കാരായി കണ്ടിട്ടല്ല അങ്ങനെ പറഞ്ഞത്. മുന്നിലിരിക്കുന്നവരെന്നോ പിന്നിലിരിക്കുന്നവരെന്നോ ഉള്ള വ്യത്യാസം സഭയിലില്ല. അങ്ങനെ വ്യത്യാസം കാണിക്കാറുമില്ല. ആ പരാമർശം പിൻവലിക്കുന്നു. ആ പരാമർശം രേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇത് പരസ്പരം അനുകരിക്കാൻ കഴിയുന്നൊരു മാതൃകയാണ്. ചില സമയങ്ങളിൽ ഫ്ലോറിൽ വാശിപ്പുറത്ത് അങ്ങോട്ടുമിങ്ങോട്ടും എന്തെങ്കിലും

1 ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത പരാമർശം പിൻവലിച്ചു.

പരാമർശങ്ങൾ നടത്തുമ്പോൾ അതിൽ ഉറച്ചുനിൽക്കേണ്ടതില്ല. പരാമർശങ്ങൾ പിൻവലിക്കുന്നത് ഫാൾസ് പ്രസ്റ്റീജായി കാണേണ്ടതില്ല. ചില ഘട്ടങ്ങളിൽ ഈ മാതൃക നമുക്ക് സ്വീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു (നെന്മാറ)
8. ശ്രീ. കെ. എൻ. ബാലഗോപാൽ
9. ഡോ. ആർ. ബിന്ദു
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീ. പി. പി. ചിത്തരഞ്ജൻ
12. ശ്രീമതി ദെലീമ
13. ശ്രീ. സി. കെ. ഹരീന്ദ്രൻ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീമതി കാനത്തിൽ ജമീല
16. ശ്രീ. ജി. എസ്. ജയലാൽ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ജോബ് മൈക്കിൾ
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. ലിന്റോ ജോസഫ്
25. ശ്രീ. പി. മമ്മിക്കുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു. ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. കെ. പി. മോഹനൻ

30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. സി. സി. മുകുന്ദൻ
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. പ്രമോദ് നാരായൺ
35. ശ്രീ. പി. പ്രസാദ്
36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ
39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. എം. ബി. രാജേഷ്
44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. ടി. പി. രാമകൃഷ്ണൻ
46. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
47. ശ്രീ. കെ. എം. സച്ചിൻദേവ്
48. ശ്രീ. സജി ചെറിയാൻ
49. ശ്രീ. എച്ച്. സലാം
50. ശ്രീമതി ശാന്തകുമാരി കെ.
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. ഐ. ബി. സതീഷ്

53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. ജി. സ്റ്റീഫൻ
57. ഡോ. സുജിത് വിജയൻപിള്ള
58. ശ്രീ. കെ. വി. സുമേഷ്
59. ശ്രീ. പി. പി. സുമോദ്
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
62. ശ്രീ. തോമസ് കെ. തോമസ്
63. ശ്രീ. വി. എൻ. വാസവൻ
64. ശ്രീമതി വീണാ ജോർജ്
65. ശ്രീ. എം. വിജിൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ചാണ്ടി ഉമ്മൻ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. സി. ആർ. മഹേഷ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീമതി കെ. കെ. രമ
23. ശ്രീ. സജീവ് ജോസഫ്
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സനീഷ്കുമാർ ജോസഫ്
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ടി. സിദ്ദിഖ്
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീമതി ഉമ തോമസ്
31. ശ്രീ. എം. വിൻസെന്റ്

32. ശ്രീ. ടി. ജെ. വിനോദ്

33. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ

2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു (നെന്മാറ)
8. ശ്രീ. കെ. എൻ. ബാലഗോപാൽ
9. ഡോ. ആർ. ബിന്ദു
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീ. പി. പി. ചിത്തരഞ്ജൻ
12. ശ്രീമതി ദെലീമ
13. ശ്രീ. സി. കെ. ഹരീന്ദ്രൻ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീമതി കാനത്തിൽ ജമീല
16. ശ്രീ. ജി. എസ്. ജയലാൽ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ജോബ് മൈക്കിൾ
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. ലിന്റോ ജോസഫ്

25. ശ്രീ. പി. മമ്മിക്കുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു. ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. സി. സി. മുകുന്ദൻ
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. പ്രമോദ് നാരായൺ
35. ശ്രീ. പി. പ്രസാദ്
36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ
39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. എം. ബി. രാജേഷ്
44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. ടി. പി. രാമകൃഷ്ണൻ
46. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
47. ശ്രീ. കെ. എം. സച്ചിൻദേവ്

48. ശ്രീ. സജി ചെറിയാൻ
49. ശ്രീ. എച്ച്. സലാം
50. ശ്രീമതി ശാന്തകുമാരി കെ.
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. ജി. സ്റ്റീഫൻ
57. ഡോ. സുജിത് വിജയൻപിള്ള
58. ശ്രീ. കെ. വി. സുമേഷ്
59. ശ്രീ. പി. പി. സുമോദ്
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
62. ശ്രീ. തോമസ് കെ. തോമസ്
63. ശ്രീ. വി. എൻ. വാസവൻ
64. ശ്രീമതി വീണാ ജോർജ്
65. ശ്രീ. എം. വിജിൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. സി. ആർ. മഹേഷ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീമതി കെ. കെ. രമ
23. ശ്രീ. സജീവ് ജോസഫ്
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സനീഷ്കുമാർ ജോസഫ്
26. ശ്രീ. വി. ഡി. സതീശൻ

27. ശ്രീ. ടി. സിദ്ദിഖ്
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീമതി ഉമ തോമസ്
31. ശ്രീ. എം. വിൻസെന്റ്
32. ശ്രീ. ടി. ജെ. വിനോദ്
33. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു (നെന്മാറ)
8. ശ്രീ. കെ. എൻ. ബാലഗോപാൽ
9. ഡോ. ആർ. ബിന്ദു
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീ. പി. പി. ചിത്തരഞ്ജൻ
12. ശ്രീമതി ദെലീമ
13. ശ്രീ. സി. കെ. ഹരീന്ദ്രൻ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീമതി കാനത്തിൽ ജമീല
16. ശ്രീ. ജി. എസ്. ജയലാൽ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ജോബ് മൈക്കിൾ
20. ശ്രീ. ഒ. ആർ. കേളു

21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. ലിന്റോ ജോസഫ്
25. ശ്രീ. പി. മമ്മിക്കുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു. ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. സി. സി. മുകുന്ദൻ
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. പ്രമോദ് നാരായൺ
35. ശ്രീ. പി. പ്രസാദ്
36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ
39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. എം. ബി. രാജേഷ്

44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. ടി. പി. രാമകൃഷ്ണൻ
46. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
47. ശ്രീ. കെ. എം. സച്ചിൻദേവ്
48. ശ്രീ. സജി ചെറിയാൻ
49. ശ്രീ. എച്ച്. സലാം
50. ശ്രീമതി ശാന്തകുമാരി കെ.
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. ജി. സ്റ്റീഫൻ
57. ഡോ. സുജിത് വിജയൻപിള്ള
58. ശ്രീ. കെ. വി. സുമേഷ്
59. ശ്രീ. പി. പി. സുമോദ്
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
62. ശ്രീ. തോമസ് കെ. തോമസ്
63. ശ്രീ. വി. എൻ. വാസവൻ
64. ശ്രീമതി വീണാ ജോർജ്
65. ശ്രീ. എം. വിജിൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. സി. ആർ. മഹേഷ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മോയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീമതി കെ. കെ. രമ

23. ശ്രീ. സജീവ് ജോസഫ്
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സനീഷ്കുമാർ ജോസഫ്
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ടി. സിദ്ദിഖ്
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീമതി ഉമ തോമസ്
31. ശ്രീ. എം. വിൻസെന്റ്
32. ശ്രീ. ടി. ജെ. വിനോദ്
33. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു (നെന്മാറ)
8. ശ്രീ. കെ. എൻ. ബാലഗോപാൽ
9. ഡോ. ആർ. ബിന്ദു
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീ. പി. പി. ചിത്തരഞ്ജൻ
12. ശ്രീമതി ദെലീമ
13. ശ്രീ. സി. കെ. ഹരീന്ദ്രൻ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീമതി കാനത്തിൽ ജമീല
16. ശ്രീ. ജി. എസ്. ജയലാൽ
17. ഡോ. എൻ. ജയരാജ്

18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ജോബ് മൈക്കിൾ
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. ലിന്റോ ജോസഫ്
25. ശ്രീ. പി. മമ്മിക്കുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു. ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. സി. സി. മുകുന്ദൻ
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. പ്രമോദ് നാരായൺ
35. ശ്രീ. പി. പ്രസാദ്
36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ
39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം

41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. എം. ബി. രാജേഷ്
44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. ടി. പി. രാമകൃഷ്ണൻ
46. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
47. ശ്രീ. കെ. എം. സച്ചിൻദേവ്
48. ശ്രീ. സജി ചെറിയാൻ
49. ശ്രീ. എച്ച്. സലാം
50. ശ്രീമതി ശാന്തകുമാരി കെ.
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. ജി. സ്റ്റീഫൻ
57. ഡോ. സുജിത് വിജയൻപിള്ള
58. ശ്രീ. കെ. വി. സുമേഷ്
59. ശ്രീ. പി. പി. സുമോദ്
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
62. ശ്രീ. തോമസ് കെ. തോമസ്
63. ശ്രീ. വി. എൻ. വാസവൻ

64. ശ്രീമതി വീണാ ജോർജ്
65. ശ്രീ. എം. വിജിൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. സി. ആർ. മഹേഷ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീമതി കെ. കെ. രമ
23. ശ്രീ. സജീവ് ജോസഫ്
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സനീഷ്കുമാർ ജോസഫ്
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ടി. സിദ്ദിഖ്
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീമതി ഉമ തോമസ്
31. ശ്രീ. എം. വിൻസെന്റ്
32. ശ്രീ. ടി. ജെ. വിനോദ്
33. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു (നെന്മാറ)
8. ശ്രീ. കെ. എൻ. ബാലഗോപാൽ
9. ഡോ. ആർ. ബിന്ദു
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീ. പി. പി. ചിത്തരഞ്ജൻ
12. ശ്രീമതി ദലീമ
13. ശ്രീ. സി. കെ. ഹരീന്ദ്രൻ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീമതി കാനത്തിൽ ജമീല

16. ശ്രീ. ജി. എസ്. ജയലാൽ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ജോബ് മൈക്കിൾ
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. ലിന്റോ ജോസഫ്
25. ശ്രീ. പി. മമ്മിക്കുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യൂ. ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. സി. സി. മുകുന്ദൻ
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. പ്രമോദ് നാരായൺ
35. ശ്രീ. പി. പ്രസാദ്
36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ

39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. എം. ബി. രാജേഷ്
44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. ടി. പി. രാമകൃഷ്ണൻ
46. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
47. ശ്രീ. കെ. എം. സച്ചിൻദേവ്
48. ശ്രീ. സജി ചെറിയാൻ
49. ശ്രീ. എച്ച്. സലാം
50. ശ്രീമതി ശാന്തകുമാരി കെ.
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. ജി. സ്റ്റീഫൻ
57. ഡോ. സുജിത് വിജയൻപിള്ള
58. ശ്രീ. കെ. വി. സുമേഷ്
59. ശ്രീ. പി. പി. സുമോദ്
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

62. ശ്രീ. തോമസ് കെ. തോമസ്
63. ശ്രീ. വി. എൻ. വാസവൻ
64. ശ്രീമതി വീണാ ജോർജ്
65. ശ്രീ. എം. വിജിൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. സി. ആർ. മഹേഷ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീമതി കെ. കെ. രമ
23. ശ്രീ. സജീവ് ജോസഫ്
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സനീഷ്കുമാർ ജോസഫ്
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ടി. സിദ്ദിഖ്
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീമതി ഉമ തോമസ്
31. ശ്രീ. എം. വിൻസെന്റ്
32. ശ്രീ. ടി. ജെ. വിനോദ്
33. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു (നെന്മാറ)
8. ശ്രീ. കെ. എൻ. ബാലഗോപാൽ
9. ഡോ. ആർ. ബിന്ദു
10. ശ്രീമതി ജെ. ചിഞ്ചുറാണി
11. ശ്രീ. പി. പി. ചിത്തരഞ്ജൻ
12. ശ്രീമതി ദെലീമ

13. ശ്രീ. സി. കെ. ഹരീന്ദ്രൻ
14. ഡോ. കെ. ടി. ജലീൽ
15. ശ്രീമതി കാനത്തിൽ ജമീല
16. ശ്രീ. ജി. എസ്. ജയലാൽ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. യു. ജനീഷ് കുമാർ
19. ശ്രീ. ജോബ് മൈക്കിൾ
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. കെ. കൃഷ്ണൻകുട്ടി
22. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. ലിന്റോ ജോസഫ്
25. ശ്രീ. പി. മമ്മിക്കുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു. ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. സി. സി. മുകുന്ദൻ
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. പ്രമോദ് നാരായൺ
35. ശ്രീ. പി. പ്രസാദ്

36. ശ്രീ. വി. കെ. പ്രശാന്ത്
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ
39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. എം. ബി. രാജേഷ്
44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. ടി. പി. രാമകൃഷ്ണൻ
46. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
47. ശ്രീ. കെ. എം. സച്ചിൻദേവ്
48. ശ്രീ. സജി ചെറിയാൻ
49. ശ്രീ. എച്ച്. സലാം
50. ശ്രീമതി ശാന്തകുമാരി കെ.
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. ജി. സ്റ്റീഫൻ
57. ഡോ. സുജിത് വിജയൻപിള്ള
58. ശ്രീ. കെ. വി. സുമേഷ്

59. ശ്രീ. പി. പി. സുമോദ്
